# പരാതികളില്ലാത്ത ജീവിതം

ഫാ: ജോസഫ്
പുതിയാപറമ്പിൽ. B.A

9·22
T



ഗ്രന്ഥകാരന്റെ

ആദ്ധ്യാത്മികപിതാവ്



മാർ ജോസഫ് പവ്വത്തിൽ

# പരാതികളില്ലാത്ത ജീവിതം

★

ഗ്രന്ഥകർത്താവ്:—

ഫാ. ജോസഫ് പുതിയാപറമ്പിൽ ബി. എ.
നെടുങ്കുന്നം

ACHARYA PALACKAL JEEVASS KENDRAM
LIBRARY
16432

**Parathikallillatha Jeevitham**

പരാതികളില്ലാത്ത ജീവിതം

By Fr. Joseph Puthiaparampil B. A.

M/20322
PUT

Copies 2000

Published by the nephews of the author

Printed at the

St. Joseph's Orphanage Press
Changanacherry

Copy Right Reserved

Price Rs. 5/-

Nedumkunnam

3—7—1978.

# അവതാരിക

ഫാ. ജോസഫ് ന്യൂഫീൽഡ് എന്ന അപരനാമത്താൽ അറിയപ്പെടുന്ന ബ. ജോസഫ് പുതിയാപറമ്പിൽ എഴുതിയ 'പരാതികളില്ലാത്ത ജീവിതം' എന്ന ഗ്രന്ഥം സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിനു് അനല്പമായ സന്തോഷമാണുള്ളതു്. ഇതിനകം അനേകം ഗ്രന്ഥങ്ങൾ രചിച്ചു പ്രസിദ്ധപ്പെടുത്തി പ്രസിദ്ധനായിത്തീർന്നിരിക്കുന്ന പുതിയാപറമ്പിൽ ജോസഫ് അച്ചന്റെ ഈ ഗ്രന്ഥത്തിനു് അവതാരിക എഴുതുവാൻ അദ്ദേഹത്തോടൊപ്പമെങ്കിലും സാഹിത്യവാസനയും വിജ്ഞാനവ്യാപ്തിയുമുള്ള ഒരാളെ ചുമതലപ്പെടുത്തേണ്ടതായിരുന്നുവെന്നു് എനിക്കു് അഭിപ്രായമുണ്ടു്.

ഈ ഗ്രന്ഥത്തിനു മൂന്നു ഭാഗങ്ങളാണുള്ളതു്. കുടുംബചരിത്രം, ആത്മകഥ, സഞ്ചാരവൃത്താന്തം എന്നിവയാണവ. ഇവയൊന്നും ഗ്രന്ഥലോകത്തിൽ പുതുമയുള്ളതല്ലാത്തതുമൂലം സഹൃദയലോകം ഈ ഗ്രന്ഥത്തെ എപ്രകാരമായിരിക്കും സ്വീകരിക്കുകയെന്ന ശങ്ക എന്നെ ആദ്യം അലട്ടിയ ഒരു പ്രശ്നമായിരുന്നു. എന്നാൽ മുൻവിധി കൂടാതെ ക്ഷമാപൂർവ്വം ഈ ഗ്രന്ഥം വായിക്കുന്നവർക്കു് ചിന്തിക്കാനും രസിക്കുവാനും വക ഇതിലുണ്ടെന്നു് അചിരേണ മനസ്സിലാകുന്നതാണു്.

സമൂഹചരിത്രത്തിന്റെ ഒരുഭാഗം തന്നെയാണു് കുടുംബചരിത്രം. കുടുംബങ്ങൾ കൂടുന്നതാണല്ലോ സമൂഹം. എല്ലാ കുടുംബങ്ങൾക്കും ചരിത്രമുണ്ടു്. എന്നാൽ ഓരോന്നിന്റേയും ആഴവും പരപ്പും വ്യത്യാസപ്പെട്ടിരിക്കുമെന്നേയുള്ളു. കുടുംബങ്ങളുടെ സംസ്ക്കാരത്തിന്റെ ആകെത്തുകയായിരിക്കും സമൂഹത്തിന്റെ സംസ്ക്കാരവും.

അതിനാൽ കുടുംബചരിത്രങ്ങൾക്ക് ചരിത്രരംഗത്തുള്ള സ്ഥാനം അവഗണിക്കാനാവുന്നതല്ല. ഇന്നു പല കുടുംബങ്ങളും അവയുടെ ചരിത്രനിർമ്മാണതാല്പര്യം കാണിക്കുന്നുണ്ട്. കാലക്രമത്തിൽ കുടുംബചരിത്രങ്ങൾ ചരിത്രത്തിൻെറ മാത്രമല്ല, സാഹിത്യത്തിൻെറതന്നെ ഒരു പോഷകഘടകമായിത്തീരാവുന്നതാണ്.

കുലശ്രേഷ്ഠത ഇന്നും പ്രവൃത്തിയിൽനിന്നു തീർത്തും മാഞ്ഞുപോകാത്ത, അനേകം കർഷകരും ഉദ്യോഗസ്ഥരും വൈദികരും കന്യാസ്ത്രീകളും അഭിഭാഷകരും മററും ഉൾക്കൊള്ളുന്ന സംസ്ക്കാരസമ്പന്നമായ, ഒരു പുരാതന സിറിയൻ കത്തോലിക്കാകുടുംബമാണ് പുതിയാപറമ്പിൽ കുടുംബമെന്ന ആ കുടുംബത്തോട് കുറെയൊക്കെ അടുത്തു പരിചയമുള്ള എനിക്കു പറയാൻ കഴിയും. ഒരുപക്ഷേ വല്ലവരും ചോദിച്ചേക്കാം ആ കുടുംബാംഗങ്ങൾക്ക് അല്ലാതെ ഈ കുടുംബചരിത്രത്തിൽ മററാക്കാണ് താല്പര്യമുണ്ടാകുകയെന്ന്. ചരിത്രം ആരുടേയോ എന്തിൻേറയോ ആകട്ടെ, അതു വായിക്കുവാൻ ചരിത്രതല്പരരുണ്ടാകാതിരിക്കുകയില്ല. ആവശ്യം എന്തെങ്കിലുമുണ്ടാകും. ചരിത്രരചന വസ്തുനിഷ്ഠവും നിഷ്പക്ഷവുമായിരിക്കണമെന്നുള്ളതു് ചരിത്രരചനയുടെ അടിസ്ഥാനതത്വങ്ങളാണ്. അല്ലാതെപോയാൽ തെററുകൾ തലമുറകളിലൂടെ കൈമാറിപ്പോകും. ഇതു സമൂഹത്തോടു ചെയ്യുന്ന ഒരു ദ്രോഹമായിരിക്കും. ഈ കുടുംബചരിത്രരചനയിൽ അല്പസ്വല്പപിഴകൾ ഗ്രന്ഥകാരനു പററിയിട്ടുണ്ടെങ്കിൽ മാന്യവായനക്കാർ ക്ഷമിക്കണം.

ആത്മകഥയാണല്ലോ അടുത്ത ഭാഗം. വീരസാഹസിക പ്രവർത്തനങ്ങളോ അത്യാശ്ചര്യകരങ്ങളായ നേട്ടങ്ങളോ ഒന്നുമില്ലാത്ത ശുദ്ധനായ ഒരു സാധാരണ വൈദികൻെറ

ആത്മകഥ വായിക്കുവാൻ അദ്ദേഹത്തോടു ബന്ധപ്പെട്ട വർക്കല്ലാതെ മററാക്കും താല്പര്യം ഉണ്ടാകാനിടയില്ലെന്ന ഒരഭിപ്രായം ഉണ്ടാകാവുന്നതാണു്. എന്നാൽ ഒരു സാധാരണ വൈദികൻെറ കഴിവുകളും ധനവുമെല്ലാം അജപാലനരംഗത്തും സാമൂഹ്യസേവനരംഗത്തും എപ്രകാരം ആത്മാത്ഥതയോടുകൂടി അർപ്പിക്കപ്പെട്ടുവെന്ന ശ്രദ്ധാർഹവും അനുകരണീയവുമായ വസ്തുത ഈ കഥനത്തിൽ കാണാവുന്നതാണു്.

അകാലത്തിൽത്തന്നെ ആരോഗ്യവും പൈതൃകസ്വത്തുമെല്ലാം നഷ്ടപ്പെട്ടിട്ടും പരാതികൂടാതെ ആത്മവിശ്വാസത്തോടും അടിയുറച്ച ഈശ്വരഭക്തിയോടുംകൂടി കുതിച്ചും കിതച്ചും മുന്നോട്ടുതന്നെ നീങ്ങുന്ന ഒരു വൈദികൻെറ തണുക്കാത്തതും തളരാത്തതുമായ ജീവിതകഥയാണു് ഇതിലുള്ളതു്. ഈഭാഗം വായിച്ചപ്പോശം എൻെറ മനസ്സിൽ മികച്ചുയർന്നുവന്നതു് മറെറാരു വസ്തുതയാണു്. വലിയ വിദ്യാഭ്യാസമൊന്നുമില്ലാതെ അദ്ധ്വാനവും ഈശ്വരവിശ്വാസവും കൈമുതലായി ആദ്യന്തം സൂക്ഷിച്ചു പോന്ന ധനികനായ ഒരു കർഷകൻെറ സന്താനമാണു് ഗ്രന്ഥകാരൻ. പൈതൃകമായി ലഭിച്ച വിശ്വാസദാർഢ്യത്തിൽക്കവിഞ്ഞു് അച്ഛനു മതപരമായി വലിയ വിജ്ഞാനമൊന്നും സിദ്ധിച്ചിരുന്നില്ല. അമ്മയുടെ കാര്യവും അങ്ങനെതന്നെ. ഈ പശ്ചാത്തലത്തിലാണു് ഗ്രന്ഥകാരൻെറ ജനനം. പിറന്നുവീണതിൻെറ നാല്പതാംദിവസം മാതൃനഷ്ടം നേരിട്ട ഔസേപ്പച്ചനു് ബാല്യത്തിൽത്തന്നെ ലഭിച്ച വൈദികത്വത്തിലേയ്ക്കുള്ള 'വിളി'യെന്ന ഭദ്രദീപം ജീവിതയാത്രയിലെ കാററിലും കോളിലും പെട്ടു് കെടാതെയും മങ്ങാതെയും ലക്ഷ്യത്തിലെത്തിച്ച നിർവൃതിനേടുന്ന അനുകരണീയമായ ദൈവവിളിയുടെ കഥയാണു് ഗ്രന്ഥത്തിൻെറ ഈ ഭാഗത്തു് എൻെറ ശ്രദ്ധ

പിടിച്ചുപററുന്നതു്. മററു നേട്ടങ്ങളിലൊന്നും അസാധാരണത്വം ദർശിക്കാനില്ലായിരിക്കാം.

ബ.അച്ചൻെറ വിദേശയാത്രാവിവരണമാണു് ഗ്രന്ഥത്തിൻെറ അവസാനഭാഗം. എത്രയോ സഞ്ചാരകഥകളാണിന്നു് പ്രതിവർഷം മലയാളസാഹിത്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. അമേരിക്കയിലും യൂറോപ്പിലും സഞ്ചരിക്കുന്നവർ ഇന്നു് അനേകമുണ്ടു്. അവരുടെ അനുഭവങ്ങളെല്ലാം എഴുതാനറിയാവുന്നവർ പത്രപംക്തികളിലൂടെയും ഗ്രന്ഥരൂപേണയും പ്രസിദ്ധപ്പെടുത്തുന്നുമുണ്ടു്. വണ്ടിച്ചക്രം ഉരുണ്ടചാലിൽക്കൂടിത്തന്നെ വീണ്ടും ഉരുണ്ടാൽ അതിൽ പ്രത്യേകതയൊന്നും കാണാനാവില്ലെന്നും തോന്നാം. എന്നാൽ സഞ്ചാരികളുടെ കഥ അതുപോലെയല്ല. ഓരോരുത്തരുടേയും അനുഭവങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. അവതരണവും വ്യത്യസ്തരീതിയിലും ശൈലിയിലുമായിരിക്കും. ഫാദർ പുതിയാപറമ്പിലിൻെറ അമേരിക്കൻ പര്യടനവും യൂറോപ്പുയാത്രയുമെല്ലാം ഹ്രസ്വമായിരുന്നുവെങ്കിലും ആ നാടുകളിൽ അനേകവർഷങ്ങൾ വസിച്ചു് അവിടങ്ങളിലെ ജനങ്ങളുമായി ഇടപഴകി അവരുടെ ജീവിതരീതികൾ ശ്രദ്ധാപൂർവ്വം പഠിച്ച ഒരു സൂക്ഷ്മനിരീക്ഷണശാലിയെപ്പോലെ അദ്ദേഹം ആ നാടുകളിലെ ജനങ്ങളുടെ ജീവിതത്തിൻെറ പ്രത്യേകതകളും മററും അനുവാചകർക്കു് വ്യക്തമായും രസകരമായും സ്വതസ്സിദ്ധമായ ലളിതഭാഷയിൽ വരച്ചു കാണിക്കുന്നുണ്ടു്. ഗ്രന്ഥകാരൻ സഞ്ചരിച്ച നാടുകളിലെ മതം, രാഷ്ട്രം, വിദ്യാഭ്യാസം, സാമൂഹ്യജീവിതം, വികസനപദ്ധതികൾ തുടങ്ങിയ വിഷയങ്ങൾ ഈ ഗ്രന്ഥത്തിൽ ഭംഗിയായി കൈകാര്യം ചെയ്തിരിക്കുന്നു. അതോടൊപ്പം അവിടങ്ങളിലെ ജനങ്ങളുടെ അദ്ധ്വാനതല്പരതയും അക്രമപ്രവണതയും ചൂണ്ടിക്കാണിക്കാനും മറന്നുപോയിട്ടില്ല. യുവതലമുറ, വിശേഷിച്ചു് വൈദികലോകം

വിരസമെന്നും അരോചകമെന്നും പറഞ്ഞു് അവജ്ഞയോടെ പലപ്പോഴും തള്ളാറുള്ള മുഴുവൻകൊന്ത, കുരിശിന്റെ വഴി എന്നീ ഭക്തകൃത്യങ്ങൾ തന്റെ പെററിസെമ്മിനാരി ജീവിതം മുതൽ ഇന്നുവരെയുള്ള നീണ്ട കാലയളവിൽ മുടക്കാൻ ഇടയാക്കിയിട്ടില്ലെന്നുള്ള ഗ്രന്ഥകാരന്റെ പ്രസ്താവന പ്രസംഗവേദിയിൽനിന്നുള്ള സുവിശേഷപ്രഘോഷണത്തേക്കാൾ എത്രയോപ്രചോദനാത്മകമായിരിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ ചരിത്രം പുതുമയുള്ളതല്ലെങ്കിലും ഈ യാത്രാവിവരണം വായിക്കുന്ന വിദ്യാർത്ഥികൾക്കും അല്ലാത്തവർക്കും പ്രയോജകീഭവിക്കത്തക്കവിധം ആ സംഘടനയുടെ ചരിത്രം വിശദമായി വിവരിച്ചിട്ടുണ്ടു്.

ഗ്രന്ഥകാരന്റെ ഭാഷയും ശൈലിയും അദ്ദേഹത്തിന്റെ ജീവിതം പോലെതന്നെ ലളിതവും പ്രസന്നവുമാകയാൽ വായിച്ചു മനസ്സിലാക്കുവാൻ ആർക്കും വിഷമമുണ്ടാകുകയില്ല. ഓരോ അനുഭവങ്ങൾക്കും, യോജ്യവും അവസരോചിതവുമായ ദാവീദു് ദീർഘദർശിയുടെ സങ്കീർത്തനശകലങ്ങളും മഹദ്വാക്യങ്ങളും കണ്ടുപിടിച്ചു് പ്രതിപാദനത്തിനിടയിൽ ചേർത്തിരിക്കുന്നതു് തികച്ചും ഉചിതവും ഉപകാരപ്രദവുമായിരിക്കുന്നു. ''വിദ്യാഭ്യാസപരമായി സാധാരണനിലവാരത്തിൽ വർത്തിക്കുന്നവരെ'' മുഖ്യമായി ഉദ്ദേശിച്ചുകൊണ്ടാണു് ഈ ഗ്രന്ഥം തയാറാക്കിയിട്ടുള്ളതെന്നു് ഗ്രന്ഥകാരൻ ആമുഖമായി പ്രസ്താവിച്ചിട്ടുണ്ടു്. ഗ്രന്ഥകാരന്റെ ഉദ്ദേശ്യം തീർച്ചയായും സാധിതമാകണമെന്ന ഉറച്ച വിശ്വാസത്തോടുകൂടി ഈ ഗ്രന്ഥം ഞാൻ സവിനയം സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. 'പരാതികളില്ലാത്തജീവിത'ത്തിനു പ്രചുരപ്രചാരം ഉണ്ടാകട്ടെയെന്നു് ആശംസിക്കുന്നു.

പെരുന്ന, ജോസഫ് കൂട്ടുമ്മേൽ
ചങ്ങനാശേരി
3-7-1978

# ആമുഖം

"മരിച്ചശേഷവും ഓർമ്മിക്കപ്പെടണമെങ്കിൽ വായിക്കത്തക്ക എന്തെങ്കിലും എഴുതുകയോ എഴുതത്തക്ക എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യണം" (ഫ്റാങ്ക്ളിൻ)

1950_ൽ ഞാൻ നടത്തിയ യൂറോപ്യൻപര്യടനത്തിൻേറയും 1974_ലെ അമേരിക്കൻയാത്രയുടേയും അറുപത്തിമൂന്നുവയസ്സ് പിന്നിട്ട എൻെറ ജീവിതയാത്രയുടേയും ചുരുങ്ങിയ ചിത്രീകരണമാണ് ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കം. ലോകം കണ്ടിട്ടുള്ള മലയാളികൾ പലരുണ്ട്. നൂറു വയസ്സുവരെ ജീവിതയാത്ര നടത്തിയവരും വിരളമല്ല. പക്ഷേ, ലോകത്തേയും തങ്ങളുടെ ജീവിതത്തേയും മററുള്ളവർക്കു കാണിച്ചുകൊടുത്തിട്ടുള്ളവർ ചുരുക്കമത്രേ. ഇതാണ് ഈ ഗ്രന്ഥരചനയ്ക്കു പ്രേരണ നൽകിയതു്. വിദേശയാത്രകളിൽ ഭൂമിയുടെ മുക്കാൽ ഭാഗം ഞാൻ ചുററിസഞ്ചരിച്ചതുപോലെ ജീവിതയാത്രയുടെ മുക്കാൽ ഭാഗവും പിന്നിട്ടു കഴിഞ്ഞിരിക്കുന്നു.

''ജീവിതത്തെ വെറുക്കുകയും വേണ്ടാ സ്നേഹിക്കുകയും വേണ്ടാ. ജീവിക്കുന്നിടത്തോളം ശരിയായി ജീവിക്കുക. എത്രനാളത്തേയ്ക്കെന്നതു് ജീവിതദാതാവിനുവിടുക'' (മിൽട്ടൺ)

ജീവിതം ഒരു യാത്രയാണ്. ക്ലോക്കിൻെറ സൂചികറം നാം നോക്കുന്നപക്ഷം അവ നീങ്ങിക്കൊണ്ടിരിക്കുന്നതായി അനുഭവപ്പെടുന്നില്ല. എങ്കിലും അവ സദാ നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നതു് ഒരു പരമാത്ഥമാണ്. ഇതുപോലെ നമ്മുടെ ജീവിതത്തിൻെറ ഓരോ നിമിഷവും നമ്മെ നിത്യതചത്തോടു് അടുപ്പിക്കുന്നു. ഇപ്രകാരം നിത്യതചത്തോടു് അടുത്തു കഴിഞ്ഞ ഈ ഗ്രന്ഥകാരൻ ഭാവിതലമുറയ്ക്കു് ഉപകരിക്കത്തക്കവിധം തൻെറ ജീവിതത്തിൽ എന്തെങ്കിലും നന്മചെയ്തിട്ടുണ്ടെങ്കിൽ അതു രേഖപ്പെടുത്തുന്നതിനാണ് ഈ ജീവിതയാത്രക്കുറിപ്പുകറം പൊതുജനസമക്ഷം സമർപ്പിക്കുന്നതു്.

''എൻെറ വിശ്വാസം ഞാൻ അങ്ങയെ അറിയിച്ചു.
എൻെറ കണ്ണുനീരിൻെറ ചരിത്രമെല്ലാം
അങ്ങേപുസ്തകത്തിൽ എഴുതിയിട്ടുണ്ടല്ലോ''

(സങ്കീ. 56)

ദൈവാനുഗ്രഹത്താൽ ജീവിതയാത്രയിൽ ധാരാളം നന്മകറം എനിക്കു ലഭിച്ചു. അതു പോലെ വിദേശപര്യടനവേളകളിൽ ലേശവും പ്രതീക്ഷിക്കാത്ത സ്ഥലങ്ങളിലും വിചാരിക്കാത്ത സമയത്തും ഉദ്ദേശിക്കാത്ത ആളുകളിൽ നിന്നും സ്നേഹോപചാരങ്ങളും ആതിഥ്യവും ലഭിച്ചു. വിദേശയാത്രകറംക്കിടയിലും ജീവിതയാത്രയിലും ഞാൻ പലരോടും പലകാര്യങ്ങളിൽ ഇടപെട്ടു. തദവസരങ്ങളിൽ, മനുഷ്യനിൽ മൃഗമുണ്ടെന്നും മനുഷ്യനിൽ മനുഷ്യനുണ്ടെന്നുമുള്ള വസ്തുത കാണുകയും അറിയുകയും അനുഭവപ്പെടുകയും ചെയ്തു. വീർത്തമുഖങ്ങളും സഹതാപഭാവങ്ങളും സ്നേഹമസൃണമായ പെരുമാററങ്ങളും ഞാൻ മാറിമാറിക്കണ്ടു. ഒന്നു മനസ്സിൽ വച്ചുകൊണ്ടു് മററൊന്നു സംസാരിക്കുന്നവരെ ഞാൻ കണ്ടു. പൊള്ളയായ വിപ്ളവ പോർവിളികറം, സ്വാത്ഥതയുടെ വിഷം

ഉള്ളിൽ ഒതുക്കിക്കൊണ്ടു നടത്തുന്ന മോഹനസുന്ദരവാഗ്ദാനങ്ങൾ, സേവനത്തിൻെറ മുഖംമൂടിയണിഞ്ഞ് തട്ടിപ്പുനടത്തുന്ന പ്രസ്ഥാനങ്ങൾ, മനുഷ്യൻ എന്ന പദത്തിൻെറ മഹത്വമെന്തെന്നറിയാത്ത ജനതതി എന്നിവയെയും ഞാൻ മാറിമാറിക്കണ്ടു. ആരെയും അടിച്ചിരുത്തുന്ന നാക്കും ആരുടെ മുമ്പിലും കുനിയാത്ത ശിരസ്സും വളയാത്ത നട്ടെല്ലും ജീവിതത്തുറകളിൽ പ്രമോഷൻ ഇച്ഛിക്കാത്ത മനഃസ്ഥിതിയും നിമിത്തം കാലെടുത്തുവച്ച രംഗങ്ങളെയെല്ലാം ഞാൻ അടക്കിവാഴുകതന്നെ ചെയ്തു. എതിർപ്പുകളുടെ പാറക്കെട്ടുകളിൽ എറിഞ്ഞു തീരാത്ത വാശിയോടെ ഞാൻ തമരിറക്കിയിട്ടുണ്ട്.

ജീവിതത്തിൽ ഞാൻ അറിഞ്ഞതും കണ്ടതുമായ കാര്യങ്ങളെല്ലാം എന്നെ മാത്രം സ്പർശിക്കുന്നതല്ല. ജീവിച്ചിരിക്കുന്ന ചിലരെക്കൂടി സ്പർശിക്കുന്നതാകയാൽ അവയൊന്നും ചേർക്കരുതെന്നു മനോഹരസ്മരണകൾക്കു ജന്മം നൽകുന്ന ആ സാഹിത്യകാരൻ, നെടുംകുന്നം പള്ളിസെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ആ ആത്മസുഹൃത്ത് ശ്രീ. എം. ഒ. ജോസഫ് എന്നോടു പറഞ്ഞു. തന്മൂലം, ഈ ആത്മകഥ അപൂർണ്ണമാകേണ്ടിവന്നു. യാതൊന്നിൻെറയും ജീവൻ നഷ്ടപ്പെടുത്തരുതെന്ന ഉദ്ദേശ്യത്തോടുകൂടി മാത്രമേ ഒരു ഡ്രൈവർ വാഹനം ഓടിക്കുകയുള്ളൂ. വലിയ സ്പീഡിൽ വണ്ടിപായുമ്പോൾ ഒരു പാമ്പ് കുറുകെ വരുന്നപക്ഷം ഡ്രൈവർ സഡൺബ്രേക്കിട്ടുവണ്ടി നിറുത്തുന്നു. ഇതിനു രണ്ടു കാരണങ്ങളുണ്ട്; ഒന്നാമതായി അതിൻെറ ജീവനെ രക്ഷിക്കണമെന്ന ഉദ്ദേശ്യം. രണ്ടാമതായി അതിൻെറ മീതെ കൂടി വണ്ടി കയറിയിട്ടും അതു ചാകാതിരിക്കുകയും റോഡിൽ നിന്നും ഇഴഞ്ഞു മാറുന്നതിനു് അതിനു ശക്തിയില്ലാതാവുകയും ചെയ്യുന്നപക്ഷം ആ വഴി കടന്നുപോകുന്ന മനുഷ്യനേയോ മൃഗത്തേയോ അപകടകരമായി കടിച്ചുമുറിവേല്പിക്കാൻ സാ

ദ്ധ്യതയുണ്ടു്. ഇതുപോലെ, നമ്മുടെ ശരീരമാകുന്ന വാഹനം, പഞ്ചേന്ദ്രിയങ്ങൾ, തൂലിക എന്നിവകൊണ്ടു നാം മററുള്ളവരെ വേദനിപ്പിച്ചാൽ ദൈവം നമ്മുടെ ഭാവിതലമുറയോടു പ്രതികാരം ചെയ്യുമെന്നതിനു സംശയമില്ല. അതിനാൽ നമ്മുടെ ജീവിതയാത്രയിൽ തൂലികാപ്രയോഗം വഴി മററുള്ളവരെ വേദനിപ്പിക്കാതിരിക്കേണ്ടതാണു്.

എൻെറ ആത്മകഥ അപൂർണ്ണമാക്കേണ്ടിവന്നതിനു വേറൊരു കാരണം കൂടിയുണ്ടു്. ഞാൻ ഒരു പുരോഹിതനാണല്ലോ. ആ നിലയിൽ എനിക്കു് ഉപദേശിക്കാനും തിരുത്താനും കടമയും അവകാശവുമുണ്ടു്. തന്മൂലം, ചില നിർദ്ദേശങ്ങളും ഉപദേശശകലങ്ങളും തിരുത്തലുകളും ഇതിൽ ചേർത്തിട്ടുണ്ടു്. അത്തരം ഭാഗങ്ങൾ വ്യക്തികളുടെ പേരു നിർദ്ദേശിക്കാതെ ഒളിച്ചുവച്ചുകൊണ്ടാണു് എഴുതിയിരിക്കുന്നതു്. ജാതിമതഭേദമെന്യേ ചിലർക്കെങ്കിലും ഇതു് ഉപകരിക്കുമെന്നു പ്രതീക്ഷിക്കുന്നു. തൊട്ടാവാടിയെ തൊട്ടാവാടിയെന്നും ആനച്ചുവടിയെ ആനച്ചുവടിയെന്നും മുഖം നോക്കാതെ വിളിക്കാനുള്ള തൻേറടംമൂലം ഞാൻ എഴുതിയിരിക്കുന്നതൊക്കെ മാന്യവായനക്കാരിൽ ചിലരെയെങ്കിലും തൃപ്തിപ്പെടുത്തിയില്ലെന്നു വരാം. എൻെറ ജീവിതസാഹചര്യങ്ങൾ അപ്രകാരമുള്ളവയായിരുന്നു. വികാരിയായി ഞാൻ ജോലി ചെയ്തിട്ടുള്ള മിക്ക ഇടവകകളിലെയും ജനങ്ങൾ സാധുക്കളും വിദ്യാഭ്യാസം വേണ്ട വിധം സിദ്ധിച്ചിട്ടില്ലാത്തവരുമായിരുന്നു. തന്മൂലം, സ്നേഹരഹിതമായ പെരുമാററങ്ങൾ അവരിൽ നിന്നും ഉണ്ടായിട്ടുണ്ടു്. എന്നാലും ഞാൻ ഒരു പുരോഹിതനാണല്ലോ എന്നു വിചാരിച്ചു് എല്ലാം ക്ഷമിച്ചു് ഗ്രന്ഥ രചനകൊണ്ടു ഞാൻ സമ്പാദിച്ച പണംകൊണ്ടു് അവരെ തെല്ലൊന്നു് ആശ്വ

സിപ്പിച്ചും മഴവെള്ളം ഒലിച്ചിറങ്ങിയ അവരുടെ പള്ളി ഷെഡ്ഡുകളെ മനോഹര ദേവാലയങ്ങളാക്കിത്തീർക്കുന്നതിനു്, ഇരുമ്പുകുററിപോലെയുള്ള അവരുടെ കുരിശടിയെ മനോഹരചാപ്പലാക്കിത്തീർക്കുന്നതിനു് എനിക്കു സാധിച്ചിട്ടുണ്ടു്. ഇടവകകളിൽ നിൽക്കപ്പൊറുതിയില്ലാത്ത മാനസികവും ആദ്ധ്യാത്മികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ മറുവശത്തും നിൽപ്പുണ്ടായിരുന്നു. എന്തുചെയ്യാം? ഉത്തരത്തിലിരിക്കുന്നതെടുക്കുകയും കക്ഷത്തിലിരിക്കുന്നതു നഷ്ടപ്പെടുത്താതിരിക്കുകയും ചെയ്യുക സാദ്ധ്യമല്ലല്ലോ.

ഞാൻ പിന്നിട്ട വിദേശപര്യടനങ്ങളിലേയ്ക്കും ജീവിതയാത്രയിലേയ്ക്കും ഒന്നു തിരിഞ്ഞുനോക്കുന്നതു സമ്മിശ്രവിചാരങ്ങളോടെയാണു്. ഞാൻ സഞ്ചരിച്ച വളവും പുളവുമുള്ള ആ പാത ഏഷ്യ, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലൂടെയും, ശൈശവം, ബാല്യം കൗമാരം, യൗവനം, വാർദ്ധക്യം എന്നീ ദശകളിലൂടെയും നീണ്ടുകിടക്കുന്നു. ജീവിതത്തിലെ ദുർഘടസന്ധികളായ പാറക്കെട്ടുകൾ, മുൾപ്പടർപ്പുകൾ, ആനന്ദസംതൃപ്തികളാകുന്ന പുഷ്പങ്ങൾ അരികുചേർന്നു നിൽക്കുന്ന വഴികൾ, അണച്ചും കിതച്ചും കയറേണ്ടിവന്ന കുന്നുകൾ, ചിന്തിച്ചും കരഞ്ഞും തള്ളിനീക്കിയ നിമിഷങ്ങൾ, സമാധാനപരമായ കുടുംബവിദ്യാലയാന്തരീക്ഷങ്ങളാകുന്ന പുൽത്തകിടികൾ, നിരപ്പുകൾ എന്നിവയെയെല്ലാം സ്വർഗ്ഗസ്ഥനായ പിതാവിൻെറ പരിപാലനയിലൂടെ ഞാൻ നേരിടുകയും പിന്നിടുകയും ചെയ്തു.

ധാരാളം ഗ്രന്ഥകാരന്മാർ വിദേശരാജ്യങ്ങളിലെ പട്ടണങ്ങളുടെ പൂർണ്ണവിവരണങ്ങൾ എഴുതിയിട്ടുള്ളതുകൊണ്ടു് ഈ ഗ്രന്ഥത്തിൽ അതു ചേർത്തിട്ടില്ല. ഓരോ

പട്ടണത്തിലും എനിക്കനുഭവപ്പെട്ട സംഗതികൾ മാത്രമേ കുറിച്ചിട്ടുള്ളു. വിദേശയാത്രകളിലും ജീവിതയാത്രയിലും കണ്ടുമുട്ടിയവരും എൻെറ ഹൃദയത്തിൽ കാരിരികട ത്തിവിട്ടവരും എൻെറ നയനങ്ങളിൽ നിന്നും കണ്ണുനീർ വീഴിച്ചവരുമായ എല്ലാ പഥികരേയും അവരവരുടെ തനിവേഷത്തിലും നിറത്തിലും അവതരിപ്പിക്കുന്നതിനു സാധിച്ചിട്ടില്ല. അതിനു പ്രധാനകാരണം ഞാൻ ഒരു പുരോഹിതനാണെന്നുള്ളതാണ്. ജീവിതയാത്രയിൽ എനിക്കെതിരായി സഞ്ചരിച്ചിട്ടുള്ളവരെ തുറന്ന ഹൃദയത്തോടെ സത്യം വെട്ടിത്തുറന്നു ഞാൻ തിരുത്തിയിട്ടുണ്ട്. ഉള്ളിൽ നിറഞ്ഞു തിങ്ങിയ കൃതജ്ഞതയോടെ പലരേയും ഈ ഗ്രന്ഥത്തിൽ സ്മരിച്ചിട്ടുണ്ട്. ഇതുവായിക്കുന്നവരിൽ ഭൂരിപക്ഷവും വിദ്യാഭ്യാസപരമായി സാധാരണനിലവാരത്തിൽ വർത്തിക്കുന്നവരായിരിക്കുമെന്ന ധാരണയിൽ അവർക്കു ചേരുന്ന ശൈലിയാണ് ഉപയോഗിച്ചിരിക്കുന്നതു്. ലളിതവും വിനീതവുമായ ജീവിതം നയിച്ചിട്ടുള്ളവരുടെ കാര്യങ്ങൾ, പാരമ്പര്യങ്ങൾ, ഭാവനകൾ, പഴഞ്ചൊല്ലുകൾ. ചെറുകഥകൾ, എന്നിവ ഉപയോഗിച്ചിട്ടുണ്ട്. അവ വായനക്കാരെ ആകർഷിക്കുമെന്നു് എനിക്കറിയാം.

ഇതിൽ വിവരിച്ചിരിക്കുന്ന എല്ലാ സംഗതികളും പ്രിയപ്പെട്ട വായനക്കാർക്കു ഏതെങ്കിലും പ്രകാരത്തിൽ ഉപകാരപ്രദമാകുമെന്നു പ്രതീക്ഷിക്കുന്നു. എൻെറ പൗരോഹിത്യരജതജൂബിലി, ഷഷ്ടിപൂർത്തി എന്നിവയുടെ സ്മാരകമായി ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു് ശ്രമിച്ചുവെങ്കിലും സാധിച്ചില്ല.

ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണോദ്ഘാടനം നടത്തുന്നതിനു സമ്മതിച്ച ചങ്ങനാശേരി അതിരൂപതാ

മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോക്ടർ ആൻറണി പടിയറ, വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് കേളന്തറ കൊല്ലം രൂപതയുടെ മെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് ഫെർണ്ണാണ്ടസ് എന്നീ തിരുമേനിമാരോട് എൻെറ നന്ദി പ്രകടിപ്പിക്കുന്നു.

എൻെറ എല്ലാ സാഹിത്യപരിശ്രമങ്ങളിലും ആദ്ധ്യാത്മിക ചലനങ്ങളിലും സ്വാധീനത ചെലുത്തിയിട്ടുള്ള റൈററ്. റവ. ഡോക്ടർ എൽ. ജെ. ചിററൂർ, ശ്രീ. ജോസഫ് അഞ്ചനാട്ട് എം. എ. എന്നിവർ ഈ ഗ്രന്ഥരചനയിലും എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട്. അവരോട് എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിനു പണ്ഡിതോചിതമായ അവതാരിക എഴുതിത്തന്ന ശ്രീ ജോസഫ് കുട്ടമ്മേൽ അവർകളോട് നന്ദിപ്രകാശിപ്പിച്ചു കൊണ്ട് ഈ ഗ്രന്ഥം പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താവ്

# കുടുംബചരിത്രം

നെടുങ്കുന്നത്തെ പ്രമുഖ തറവാടുകളിലൊന്നായിരുന്നു മുക്കാട്ടു കുടുംബം. അവിടത്തെ ഒരു സ്ത്രീയെ വായ്പ്പൂരിലെ പുരാതനകുടുംബമായ കറുത്തപാറയ്ക്കൽ വിവാഹം ചെയ്തയച്ചു. അവരുടെ സന്താനങ്ങളിലൊരാളായ ഇട്ടിയവിരാ നെടുങ്കുന്നത്തു വന്നു തത്തകാട്ടു് താമസം തുടങ്ങി. അദ്ദേഹത്തിനു് അഞ്ചു് ആൺമക്കൾ ജനിച്ചു. അവരിൽ ചാക്കോ, വർക്കി, കോര, തൊമ്മൻ എന്നിവർ തത്തകാട്ടു്ഭവനത്തിനു് അടുത്തുള്ള പാണ്ടികശേരിൽ, എലവുങ്കൽ, മുള്ളൻകുഴി, പുതിയാപറമ്പിൽ എന്നീ ഭവനങ്ങളിലും ഇളയമകൻ കുര്യാള തറവാടായ തത്തകാട്ടും താമസിച്ചു.

പുതിയാപറമ്പിൽ താമസമാക്കിയ തൊമ്മനു് ചാക്കോ എന്ന മകനും രണ്ടു പെൺമക്കളും ഉണ്ടായിരുന്നു. ചാക്കോ ആലപ്പുഴ കടവിൽ എന്ന വീട്ടിൽ നിന്നും ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. സഹോദരാനുഗ്രഹം കുറവായിരുന്ന അയാളെ സന്താനസമ്പത്തുകൊണ്ടു ദൈവം അനുഗ്രഹിച്ചു. ഏഴു് ആൺമക്കളും ഒരു മകളും. മകളുടെ പേരു് അന്നമ്മ. അന്നമ്മയെ വായ്പ്പൂർ കന്നാലയിൽ കെട്ടിച്ചു. ചാക്കോയുടെ മൂത്തമകൻ വിവാഹി

തനാകുന്നതിന്നു മുമ്പ് മരിച്ചു. രണ്ടാമത്തെ പുത്രൻ പൗലോസ് കൊക്കാവയലിൽ കിഴക്കേവീട്ടിലും, മൂന്നാമൻ ചാക്കോ നടക്കേവീട്ടിലും, കുര്യാള പീടികയിലും, ചാണ്ടി പുതുവീട്ടിലും, വറുഗീസ് പുതിയാപറമ്പിലും താമസമാക്കി. എടത്വാ പുത്തൻപറമ്പിൽ തൊമ്മച്ചൻെറകൂടെ സന്യാസ ജീവിതമനുഷ്ഠിച്ച് പൂന്തോപ്പിലും മററും ജീവിച്ച കോരയായിരുന്നു ഏഴാമത്തെ പുത്രൻ. സന്യാസജീവിതം നയിക്കവേ 68_ാമത്തെ വയസ്സിൽ സ്വഭവനത്തിൽ വരികയും അവിടെ ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു. ഇദ്ദേഹം ഉപയോഗിച്ചിരുന്ന കാൽപ്പെട്ടി മരിക്കുന്നതിന്നു മൂന്നു ദിവസം മുമ്പ് സഹോദരപുത്രിയും ഇന്നും ജീവിച്ചിരിക്കുന്ന ആളുമായ പായിപ്പാട്ട് വെട്ടിയാട്ട് കടവിൽ ജോസഫ് ഭാര്യ ഏലിമ്മയ്ക്കു സമ്മാനിച്ചു.

വായ്പ്പൂർ കന്നാലിൽ കെട്ടിച്ച അന്നമ്മയുടെ ഭർത്തൃകുടുംബം സാമ്പത്തികമായി ക്ഷീണിച്ചു. തന്മൂലം, തങ്ങളുടെ സഹോദരിയേയും കുടുംബാംഗങ്ങളേയും സഹോദരന്മാർ നെടുങ്കുന്നത്തുകൊണ്ടുവന്നു താമസിപ്പിച്ചു. ഇപ്പോഠ ഈ കുടുംബം മലബാറിലാണ്.

കൊക്കാവയലിൽ കിഴക്കേവീട്ടിൽ പൗലോസ് ചമ്പക്കര കോവൂക്കുന്നേൽനിന്നും നടക്കേവീട്ടിൽ ചാക്കോ ചെറുവള്ളിൽ ചിറക്കലാത്തു നിന്നും, വറുഗീസ് എളങ്ങുളത്ത് കുഴിക്കാട്ടുതാഴെ നിന്നും, കുര്യാള ചങ്ങനാശേരി വടക്കേൽ നിന്നും ചാണ്ടി മുരണിയിൽ കോഴിമണ്ണിൽ നിന്നും വിവാഹം കഴിച്ചു.

കൊക്കാവയലിൽ കിഴക്കേവീട്ടിൽ പൗലോസിന്ന് രണ്ടു പുത്രന്മാരും രണ്ടു പുത്രികളും. മൂത്തമകൻ ചാക്കോ, രണ്ടാമൻ മത്തായി. ഇരുവരും കുറുമ്പനാടത്തു കലേംകണ്ട

ത്തിൽ നിന്നും വിവാഹം കഴിച്ചു. ചാക്കോ കൊക്കാവയലിൽ കരോട്ടെ വീട്ടിലും, മത്തായി കൊക്കാവയലിൽ താഴത്തെ വീട്ടിലും താമസമാക്കി. ഒരു ചെറിയ ഇടപ്പറമ്പാണു് ഇവരുടെ താമസസ്ഥലങ്ങളെ വേർതിരിച്ചതു്. ചാക്കോയ്ക്കും മത്തായിക്കും രണ്ടു സഹോദരികൾ. അവരിൽ ത്രേസ്യാമ്മയെ തൂക്കൊടിത്താനത്തു വലിയവീട്ടിലും, ഏലിമ്മയെ കാഞ്ഞിരപ്പള്ളിൽ എളപ്പുപാറക്കലും കെട്ടിച്ചയച്ചു.

കുഞ്ഞുതൊമ്മൻെറ മകൻ ചാക്കോ വറുഗീസിനു് അഞ്ചു് ആൺമക്കളും രണ്ടു പെൺമക്കളും. ആൺമക്കൾ വറുഗീസു് ചാക്കോ പുതിയാപറമ്പിൻ പടിഞ്ഞാറെ വീട്ടിൽ (ഇദ്ദേഹത്തിൻെറ പൗത്രനാണു് പരേതനായ ആഭ്യന്തരമന്ത്രി പി. റ്റി. ചാക്കോ.) റവ. ഫാ. ഫ്റാൻസീസ് സാലസു് സി , എം. ഐ., വറുഗീസ്, വറുഗീസം പുതിയാപറമ്പിൽ (ചേലക്കൊമ്പു്) (ഇദ്ദേഹത്തിൻെറ പൗത്രനാണു് റവ. ഫാ. അലോഷ്യസ് M. A. C.M.I.) വറുഗീസ് യൗസേപ്പു് പുതിയാപറമ്പിൽ ബി. എ, (മാതൃകുടുംബം) (ഇദ്ദേഹത്തിൻെറ പൗത്രനാണു് റവ ഫാ. ചാക്കോ B.Sc.) വറുഗീസ് മത്തായി മാന്നാനം കൊവേന്തയിൽ ശെമ്മാശനായിരിക്കവേ മരണമടഞ്ഞു. പെൺമക്കളിൽ മറിയാമ്മയെ ആലപ്പുഴ തെങ്ങുംമൂട്ടിൽ വറുഗീസും (അദ്ധ്യാപകൻ) ഏലിമ്മയെ പായിപ്പാട്ടു് വെട്ടിയാട്ടു് കടവിൽ ജോസഫും വിവാഹം കഴിച്ചു.

കുഞ്ഞുതൊമ്മൻെറ മകൻ ചാക്കോ. ചാക്കോയ്ക്കു് രണ്ടു് ആൺ മക്കൾമാത്രം. മൂത്തമകൻ ചാക്കോ പൊന്നോലിക്കലും രണ്ടാമൻ തോമ്മാ കുടുംബത്തിലും താമസിച്ചു. ചാക്കോയ്ക്കു് കുഞ്ഞാക്കോ, അവുത എന്ന ആൺ മക്കളും മൂന്നുപെൺമക്കളും.

ചാക്കോയുടെ രണ്ടാമത്തെ മകൻ തോമ്മാ കറുകച്ചാൽ പുത്തൻപുരയിൽ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. അവർക്കു് നാലു് ആൺമക്കളും മൂന്നുപെൺമക്കളും. മൂത്തമകൻ ചാക്കോ ചങ്ങനാശ്ശേരി എസ്. ബി. ഹൈസ്കൂളിൽ പഠിക്കവേ മരിച്ചു. രണ്ടാമത്തെ മകൻ ദേവസ്യാ 1900 ൽ ജനിച്ചു. 1956 ആഗസ്റ്റ് 26_ാം തീയതി മരിച്ചു. മൂന്നാമൻ മത്തായി പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചതിൻെറ പിറേറദിവസം മരിച്ചു, നാലാമൻ ജോസഫ് 1915 സെപ്റ്റംബർ 8_ാം തീയതി ജനിച്ചു. 1949 മാർച്ച് 16 _ാം തീയതി വൈദികനായി, ഫാ. ജോസഫ് പുതിയാപറമ്പിൽ ഫാ. ജെ. ന്യൂഫീൽഡ് ബി. എ; ഫാ. പി. ററി. ജോസഫ് എന്നീ പേരുകളിൽ അറിയപ്പെടുന്നു.

തോമ്മാച്ചൻെറ മൂത്തമകൾ കുട്ടിയമ്മയെ കുറുമ്പനാടത്തു പവ്വത്തിൽ സ്കറിയാച്ചനും, രണ്ടാമത്തെ മകൾ ഏലിമ്മയെ ഇടിഞ്ഞിലത്തു കളരിക്കൽ മത്തായിച്ചനും, മൂന്നാമത്തെ മകൾ അന്നമ്മയെ കിടങ്ങറ പട്ടണത്തുശ്ശേരിൽ കുഞ്ചെറിയായും വിവാഹം കഴിച്ചു.

ദേവസ്യാച്ചൻ മലയാളം ഏഴാം ക്ലാസ്സ് പാസ്സായശേഷം ചങ്ങനാശേരി, തോട്ടാശ്ശേരിൽ ദേവസ്സിക്കുട്ടിയുടെ മകൾ ചാച്ചിയമ്മയെ വിവാഹം കഴിച്ചു. അവർക്കു് ആറു് ആൺമക്കളും ഒരു മകളും. തോമസ്സ്, ദേവസ്യാ ബി. കോം. ജോസഫ്, ഡോമിനിക്ക് എം. ഏ, ജയിക്കബ്ബ്, പി. എസ്. ജോൺ ബി. ഏ. ബി. എൽ മൂത്തമകൻ തോമ്മാച്ചൻ മാന്നാനത്തു പെരുമാലിൽ ലൂക്കാച്ചൻെറ മകൾ കുഞ്ഞുമറിയാമ്മയേയും, ദേവസ്യാ(കുഞ്ഞച്ചൻ) കൈനകരി കളപ്പുരയ്ക്കൽ ജോസഫ് മകൾ മേരിമ്മയേയും, ജോസഫ് നെടുമണ്ണിൽ ഷീലിയനേിയ്ക്കൽ

തോമ്മസ് മകരം അന്നമ്മയേയും, ഡോമിനിക്ക് ഭരണ ങ്ങാനത്തു് പാററയിൽ ജോസഫ് മകരം മേഴ്സിയേയും, ജേക്കബ് (അപ്പിച്ചൻ) കാഞ്ഞിരമററത്തു ആലക്കൽ ചാക്കോച്ചൻെറ മകരം കുഞ്ഞമ്മയേയും, പി. എസ്. ജോൺ (കുറുവച്ചൻ) കാവാലത്തു കാരിക്കഴിയിൽ ജോസഫ് മകരം മറിയക്കുട്ടിയേയും (കോട്ടയം ബി. സി. എം. കോളേജ് പ്രൊഫസ്സർ) വിവാഹം കഴിച്ചു. ദേവസ്യാച്ചൻെറ ഏക മകരം ലിസ്സമ്മയെ കിടങ്ങാ കുത്തപ്പള്ളിൽ കെ. കെ. മാത്യൂ എം. എ. (എസ്. ബി. കോളേജ് ലക്ചററർ) വിവാഹം കഴിച്ചു.

കുറുമ്പനാടത്തു പവ്വത്തിൽ സ്കറിയാച്ചനും കുട്ടിയമ്മയ്ക്കും മൂന്നു ആൺമക്കളൊണുള്ളതു്. മൂത്തമകൻ പി. എസ്. ജോൺ ബി. ഏ. (കുഞ്ഞച്ചൻ). ഞാനും കുഞ്ഞച്ചനും തമ്മിൽ നാലു വയസ്സിൻെറ വ്യത്യാസമുണ്ടെങ്കിലും മലയാളം പ്രൈമറി സ്കൂരം മുതൽ കോളേജ് പഠനം പൂർത്തിയാകുന്നതുവരെ ഒരു വർഷത്തെ വ്യത്യാസത്തിൽ ജൂണിയറും സീനിയറുമായിരുന്നു. നെടുങ്കുന്നം പ്രൈമറിസ്കൂളിൽ നാലാം ക്ലാസ്സുപാസ്സാകുന്നതുവരെ കുഞ്ഞച്ചൻ മാതൃഭവനമായ പുതിയാപറമ്പിൽ താമസിച്ചു. നാലാം ക്ലാസ്സ് പാസ്സായ ശേഷം ഞാൻ കറുകച്ചാൽ എൻ. എസ്. എസ്. സ്കൂളിലെ പ്രിപ്പായററി ക്ലാസ്സിൽ ചേർന്നു. കുഞ്ഞച്ചൻ നാലാം ക്ലാസ്സ പാസ്സായശേഷം കുറുമ്പനാടം സെ. പീറേറഴ്സ് മിഡിൽ സ്കൂളിൽ ചേർന്നു പഠിച്ചു. ഞാൻ തേഡ്ഫോറം പാസ്സായശേഷം ചങ്ങനാശേരി എസ്. ബി. ഹൈസ്കൂളിൽ പഠനം തുടങ്ങി. ഞാൻ അഞ്ചാം ഫോറത്തിൽ എത്തിയപ്പോരം കുഞ്ഞച്ചൻ നാലാം ഫോറത്തിലും വന്നു ചേർന്നു. ഹൈസ്കൂരം പഠനം പൂർത്തിയാക്കി ഞാൻ എസ്. ബി. കോളേജിൽ ചേർന്നു. നാലുവർഷത്തെ എൻെറ

കോളേജ് പഠനം തീർന്നശേഷം ഞാൻ കോട്ടയം സെൻറ് തോമ്മസ് പെററി സെമ്മിനാരിയിൽ ചേർന്നു. പെററി സെമ്മിനാരിയിൽ രണ്ടാം വർഷപഠനം ഞാൻ നടത്തുമ്പോഠം കുഞ്ഞച്ചൻ ബി. ഏ.യും പാസ്സായി വിവാഹം കഴിച്ചു. ഞങ്ങഠം തമ്മിലുള്ള ബന്ധവും മലയാളം പ്രൈമറിസ്കൂഠം മുതൽ കോളേജ് പഠനം കഴിയുന്നതുവരെയുള്ള കൂട്ടുകെട്ടും പരിഗണിച്ച് കുഞ്ഞച്ചൻെറ വിവാഹച്ചടങ്ങുകളിൽ സംബന്ധിക്കുന്നതിനു, പെ. ബ. റെക്ടറച്ചൻ, എന്നെ അനുവദിച്ചു. (സെമ്മിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുന്ന വിദ്യാർത്ഥികഠംക്ക് അക്കാലത്തു വിവാഹച്ചടങ്ങുകളിൽ സംബന്ധിക്കുന്നതിനു് അനുവാദമില്ലായിരുന്നു)

കുഞ്ഞച്ചൻ വിവാഹം കഴിച്ചതു് പുല്ലാംകുളത്തിൽ ശ്രീ. പി. ജെ. സെബാസ്റ്റ്യൻ ബി.ഏ.ബി എൽ.ൻെറ മകഠം തങ്കമ്മയെയാണു്. അസാമാന്യകഴിവുള്ള സ്ത്രീ. ഉത്തമഗൃഹനായികയും നല്ല സാമൂഹിക പ്രവൎത്തകയും ഭക്തസംഘടനകഠം കാര്യമായി നടത്തുന്നതിൽ ഉത്സാഹമുള്ളവളുമാണു്.'

സ്കറിയാച്ചൻെറയും കുട്ടിയമ്മയുടേയും രണ്ടാമത്തെ മകൻ തോമ്മസ് (കുഞ്ചാച്ചൻ) ചമ്പക്കുളം മാപ്പിളശ്ശേരിൽ മേരിമ്മയെ വിവാഹം കഴിച്ചു. കുഞ്ചാച്ചൻ നല്ല കൃഷിക്കാരനും പൊതുജനസമ്മതനുമാണു്. കുടുംബകാര്യങ്ങളിൽ നല്ല കഴിവുള്ളവളാണു് മേരിമ്മ. മാപ്പിളശ്ശേരിൽ കുടുംബവുമായുള്ള ഈ ബന്ധം വിജയകരമായിത്തീൎന്നതിനാൽ പിന്നീടുള്ള കാലങ്ങളിൽ പവ്വത്തിൽ മാപ്പിളശ്ശേരിൽ കുടുംബങ്ങഠം തമ്മിൽ പല വിവാഹങ്ങഠം നടന്നു.

സ്കറിയാച്ചൻെറയും കുട്ടിയമ്മയുടേയും മൂന്നാമത്തെ മകൻ ജോസഫ് (പാപ്പച്ചൻ) നെടുംങ്കുന്നത്തു ചെമ്പന്തൂർ കുട്ടിച്ചൻെറ മകൾ ഡേയിസിക്കുട്ടിയെ വിവാഹം കഴിച്ചു. പാപ്പച്ചൻ ശാന്തശീലനും ഏവർക്കും പ്രിയംകരനുമാണ്; പാപ്പച്ചൻെറ പിതാമഹൻ പവ്വത്തിൽകുഞ്ഞാപ്പിച്ചേട്ടൻെറ സഹോദരിയെ വർഷങ്ങൾക്കു മുമ്പ് നെടുങ്കുന്നത്തു ചെമ്പന്തൂർ കെട്ടിച്ചയച്ചു. ആ വിവാഹം എല്ലാം പ്രകാരത്തിലും ഒരു വിജയമായിരുന്നു. തന്മൂലം, ഈ കുടുംബങ്ങൾ തമ്മിലുള്ള സ്നേഹവും സൗഹൃദവും നിലനിറുത്തുന്നതിനു വേണ്ടിയാണ് പാപ്പച്ചൻ ഡേയ്സിക്കുട്ടിയെ വിവാഹം കഴിക്കുന്നതിനുള്ള സാഹചര്യം സ്കറിയാച്ചൻ ഉണ്ടാക്കിയതു്.

എൻെറ രണ്ടാമത്തെ സഹോദരിയായ ഏലിമ്മയെ വിവാഹം കഴിച്ച ഇടിഞ്ഞിലത്തു കളരിക്കൽ മത്തായിച്ചൻ അസാമാന്യകഴിവുള്ള കൃഷിക്കാരനും അതേ സമയം വ്യാപാരിയുമാണ്. പൊതുജനങ്ങളുമായി സ്നേഹപൂർവ്വം ഇടപെടുന്നതിന് ഒരു പ്രത്യേക ചാതുര്യം അദ്ദേഹത്തിനുണ്ടു. വിവിധക്ലേശങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും അവയെയെല്ലാം സമചിത്തതയോടെ അഭിമുഖീകരിച്ചു. എന്നാലും ഭാര്യയുടെ ദീർഘകാലത്തെ രോഗം അദ്ദേഹത്തെ അലട്ടി, വിഷമിപ്പിച്ചു. അവർക്കു നാലു പെൺമക്കൾ മാത്രമേയുണ്ടായിരുന്നുള്ളു. മൂത്തമകളായ കുഞ്ഞമ്മയ്ക്കു വിവാഹപ്രായമാകുന്നതിനുമുമ്പ് ഏലിമ്മ മരിച്ചു. വീട്ടുകാര്യങ്ങൾ ശരിയായി നടത്തുന്നതിന് ആളില്ലാത്തതിനാൽ മത്തായിച്ചൻ രണ്ടാം വിവാഹം നടത്തി. ഭാര്യ ചേർപ്പുങ്കൽ കൊളപ്രത്താഴെ ഏലിക്കുട്ടി. അവർ പ്രസവത്തോടുകൂടി മരിച്ചു. ശിശു ജീവിച്ചു. കുഞ്ഞിനു ജായിമ്മ എന്നു പേരിട്ടു. വീട്ടുകാര്യങ്ങളെല്ലാം പിന്നെയും കുഴപ്പത്തിലായി. തന്മൂലം, മകൾ കുഞ്ഞമ്മയെ വിവാഹം

LIBRARY
16432



കഴിപ്പിക്കുന്നതിനും അവളേയും ഭർത്താവിനേയും തൻെറ വീട്ടിൽ താമസിപ്പിക്കുന്നതിനും മത്തായിച്ചൻ നിശ്ചയിച്ചു. ചമ്പക്കുളത്തു കവലക്കൽ ജോസഫ് മകൻ ചാക്കോ (ചാക്കമ്മെ) കുഞ്ഞമ്മയെ വിവാഹം കഴിച്ചു കളരിക്കൽ താമസമാക്കി.

മത്തായിച്ചൻെറയും ഏലിമ്മയുടെയും രണ്ടാമത്തെ മകൾ ത്രേസ്യാമ്മയെ കാവാലത്തു തറയിൽ തങ്കപ്പൻ വിവാഹം കഴിച്ചു. അതിഥിസൽക്കാരം, സാധുക്കളോടുള്ള അനുകമ്പ, അയൽവാസികളോടുള്ള നല്ല പെരുമാററം എന്നീ കാര്യങ്ങളിൽ കുഞ്ഞമ്മയും ത്രേസ്യാമ്മയും നല്ല മാതൃക കാണിച്ചു് തങ്ങളുടെ അമ്മയായ ഏലിമ്മയെ അനുകരിച്ചിരുന്നു. മത്തായിച്ചൻേറയും ഏലിമ്മയുടേയും മൂന്നാമത്തെ മകൾ ഏലമ്മയെ ഭരണങ്ങാനത്തു പാറയിൽ മാത്തുണ്ണി മകൻ പാപ്പച്ചനും നാലാമത്തെ മകൾ അമ്മിണിയെ കാഞ്ഞിരപ്പള്ളി അഞ്ചേവീട്ടിൽ യൗസേപ്പച്ചൻെറ മകൻ പാപ്പച്ചിയും വിവാഹം കഴിച്ചു. ഈ യുവാക്കന്മാർ നാലുപേരും സൽസ്വഭാവികളും വലിയ ധനികരുമാണു്.

കിടങ്ങറ പട്ടണത്തുശ്ശേരിൽ കുഞ്ചെറിയായ്ക്കും അന്നമ്മയ്ക്കും ഏഴു് ആൺമക്കളും മൂന്നു പെൺമക്കളുമാണുള്ളതു്. ആൺ മക്കളിൽ ഏററവും ഇളയവൻ പത്താമത്തെ വയസ്സിൽ മരിച്ചു. മൂത്തമകൻ ജോസഫ് (കുഞ്ഞൂഞ്ഞപ്പൻ) നാഗപ്പൂർഅലുമിനിയം ഫാക്ടറിയിൽ ഉയർന്ന ഉദ്യോഗസ്ഥനാണു്. രണ്ടാമൻ തോമ്മാച്ചൻ കൃഷിക്കാരനും ഇൻഷ്വറൻസ് ഏജൻറുമാണു്. മൂന്നാമൻ ബേബി മദ്ധ്യപ്രദേശത്തു് കോർബാ എന്ന സ്ഥലത്തുള്ള എലക്ട്രിസിററി ഓഫീസിൽ ഉദ്യോഗസ്ഥനാണു്, മററു മൂന്നു മക്കൾ സ്റ്റീഫൻ,(ഈപ്പൻ) ജോർജ്ജ്കുട്ടി, ആൻറണി (രാജൻ) എന്നിവർ ബോംബായിൽ ഉയർന്ന ഉദ്യോഗസ്ഥന്മാരാണു്.

പെൺമക്കളിൽ മൂത്തവളായ അമ്മിണിയെ മുണ്ടിയേപ്പള്ളി തൈപ്പറമ്പിൽ ഈപ്പൻ (അച്ചൻകുഞ്ഞ്) വിവാഹം കഴിച്ചു. ഇരുവരും ജബൽപ്പൂരിൽ ഉദ്യോഗസ്ഥരാണ്. രണ്ടാമത്തെ മകൾ അച്ചാമ്മയെ വാഴൂർസ്വദേശി വള്ളിയിൽ കുര്യൻ (തങ്കച്ചൻ) വിവാഹം കഴിച്ചു. ഇരുവരും അമേരിക്കയിൽ ജോലി നോക്കുന്നു. ഏററവും ഇളയ മകൾ ലിസ്സിയമ്മയെ കടേനിക്കാട്ട് പന്നാപാറ ജോസഫ് (അപ്പച്ചൻ) വിവാഹം കഴിച്ചു. അദ്ദേഹം ബോംബെയിൽ സെൻട്രൽ എക്സൈസ് ഇൻസ്പെക്ടറാണ്. കുടുംബസമേതം അദ്ദേഹം ബോംബെയിൽ താമസിക്കുന്നു.

## മാതൃഗൃഹം

എൻെറ അമ്മയുടെ ജന്മദേശം കറുകച്ചാൽ. വീട്ടുപേര് പുത്തൻപുരയിൽ. അമ്മയുടെ മാതാപിതാക്കന്മാർക്ക് 5 ആൺമക്കളും 4 പെൺമക്കളുമാണുണ്ടായിരുന്നത്. മൂത്ത മകൻ കുഞ്ഞാഗസ്തി ഇത്തിത്താനത്തു ചാലക്കൽനിന്ന് വിവാഹം കഴിച്ചു. മക്കളുണ്ടാകുന്നതിനു മുമ്പ് ഭാര്യ മരിച്ചു. ഒരു വർഷം കഴിഞ്ഞ് കുഞ്ഞാഗസ്തിയും ചരമമടഞ്ഞു. രണ്ടാമൻ കൊച്ചുമത്തായി തോട്ടാശ്ശേരിൽ മറിയാമ്മയെ വിവാഹം കഴിച്ചു. അവക്കു മക്കളില്ലായിരുന്നു. തന്മൂലം, അവരിരുവരുടേയും മരണശേഷം സഹോദരനായ കുഞ്ഞച്ചൻ അവിടെ താമസം തുടങ്ങി. കുഞ്ഞച്ചൻെറ മരണശേഷം മകൻ ജോർജ്ജുകുട്ടിയാണ് ഇപ്പോൾ അവിടെ താമസിക്കുന്നത്. മൂന്നാമത്തെ മകൻ ചാലിൽ ജോൺ (കുട്ടിച്ചൻ) നെടുങ്കുന്നം പുതുപ്പള്ളി മററത്തിൽ റോസമ്മയെ വിവാഹം കഴിച്ചു. അദ്ദേഹത്തിനു രണ്ടു ആൺമക്കളും മൂന്നു പെൺമക്കളും. ആൺമക്ക

ളിൽ മൂത്തമകനായ കുഞ്ഞപ്പി കൃഷിക്കാരനും ശാന്തശീലനുമാണ്. അദ്ദേഹത്തിൻെറ ഏകമകൻ ജോൺ സെബാസ്റ്റ്യൻ ബാങ്ക്ളൂർ ഡെയറിഫാമിൽ ഉയർന്ന ഉദ്യോഗസ്ഥനാണ്. കുട്ടിച്ചൻെറ രണ്ടാമത്തെ മകൻ മത്തായി (കുട്ടപ്പൻ) എൻെറ സഹപാഠിയും നല്ല കൃഷിക്കാരനുമാണ്. അദ്ദേഹത്തിൻെറ ഏകമകൻ തങ്കച്ചൻ കാത്തലിക്ക് സിറിയൻ ബാങ്കിൽ ഉദ്യോഗസ്ഥനാണ്.

കുട്ടിച്ചൻെറ മൂത്തമകൾ മറിയക്കുട്ടിയെ മണിമല പുളിക്കൽ കെട്ടിച്ചു. മക്കൾ ഉണ്ടാകുന്നതിനുമുമ്പ് അവൾ മരിച്ചു. രണ്ടാമത്തെ മകൾ ഏലിക്കുട്ടിയെ മണിമല വയലിൽ ചെറിയാൻ കല്യാണം കഴിച്ചു. മൂന്നാമത്തെ മകൾ ത്രേസ്യാമ്മയെ കറുകച്ചാൽ പാലാക്കുന്നേൽ ജോബ് ബി. ഏ. വിവാഹം കഴിച്ചു. ശ്രീ ജോബ് ധനവാനും മാതൃകാകർഷകനുമാണ്. ത്രേസ്യാമ്മ അസാധാരണ കഴിവുള്ള ഗൃഹനായികയും പൊതുകാര്യപ്രസക്തയുമാണ്. മക്കളെല്ലാവരും അഭ്യസ്തവിദ്യരും ഉയർന്നഉദ്യോഗസ്ഥരുമാകുന്നു.

എൻെറ അമ്മയുടെ നാലാമത്തെ സഹോദരൻ പത്തൻപുരയിൽ വെട്ടിക്കാവുങ്കൽ ജോസഫ് (പാപ്പി) ഇത്തിത്താനത്തു ചാലക്കൽ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. അവർക്ക് രണ്ട് ആൺമക്കളും ഒരു മകളും. മൂത്തമകൻ സെബാസ്റ്റ്യൻ (കൊച്ചുകുട്ടി). രണ്ടാമൻ കുഞ്ഞുമത്തായി. ഇരുവരും കൃഷിക്കാരാണ്. ഇവരുടെ ഏകസഹോദരി ഏലിക്കുട്ടിയെ പമ്പാടി തുരുത്തിപ്പറമ്പിൽ കുഞ്ഞച്ചൻ വിവാഹം കഴിച്ചു.

അമ്മയുടെ അഞ്ചാമത്തെ സഹോദരൻ സെബാസ്റ്റ്യൻ (കുഞ്ഞച്ചൻ) കാവാലത്തു പുളിമൂട്ടിൽ മറിയാമ്മ ചേച്ചമ്മ) യെ കല്യാണം കഴിച്ചു. അവർക്ക് 4 ആൺ

മക്കളും 4 പെൺമക്കളും. മൂത്തമകൻ കുഞ്ഞപ്പി കൃഷിക്കാരൻ. മലബാറിൽ കുടുംബസമേതം താമസിക്കുന്നു. രണ്ടാമൻ അവുസേപ്പച്ചൻ. സെമൻറ് ഓട്ട് ഇരുമ്പ് കച്ചവടം. മൂന്നാമൻ തോമ്മാച്ചൻ ഉയർന്ന ഉദ്യോഗസ്ഥനാണ്. നാലാമൻ മാത്തപ്പി. മലബാറിൽ ഹെൽത്ത് ഡോക്ടർ. കാരണവർ കുഞ്ഞച്ചനു 42 വയസ്സുള്ളപ്പോൾ ഭാര്യ മരിച്ചു. അക്കാലത്ത് മക്കളെല്ലാവരും പഠിക്കുകയായിരുന്നു. ആൺമക്കൾ പഠനം പൂർത്തിയാക്കി ജോലി പ്രമാണിച്ച് ഓരോ സ്ഥലത്തേയ്ക്കു പോയി. പെൺമക്കളെ കെട്ടിച്ചയച്ചു. തന്മൂലം, വീട്ടുകാര്യങ്ങൾ നടത്തുന്നതിനു് ആളില്ലാഞ്ഞതിനാൽ കുഞ്ഞച്ചൻ പുനർവ്വിവാഹം നടത്തി. ഒരു മകനും മൂന്നു പെൺമക്കളും ഉണ്ടായി. കുഞ്ഞച്ചൻ 84 ാമത്തെ വയസ്സിൽ 1976 ഡിസമ്പർ 23 ാം തീയതി മരിച്ചു.

എൻെറ അമ്മയ്ക്കു് മൂന്നു സഹോദരികൾ. മൂത്ത സഹോദരി അന്നമ്മയെ (അച്ചാമ്മ) പെരുന്നയിൽ പോരുട്ടയിലും, മറിയാമ്മയെ പൊൻകുന്നത്തു പുല്ലുവേലിലും ഏലിമ്മയെ കുമരംകരിയിൽ കറുകക്കളത്തിലും വിവാഹം ചെയ്തു. ഏലിമ്മയുടെ ഭർത്താവു് ചാക്കോ. ഇവർക്കു് മൂന്നു ആൺമക്കളും മൂന്നു പെൺമക്കളും. മൂത്തമകൻ മത്തായിച്ചൻ ഒരു ഉദ്യോഗസ്ഥനും ഭാര്യ അദ്ധ്യാപികയും. ഇരുവരും റിട്ടയർ ചെയ്തു കുത്രപ്പള്ളിൽ താമസിക്കുന്നു. രണ്ടാമത്തെ മകൻ ദേവസ്യാച്ചൻ. കൃഷിക്കാരൻ. പായിപ്പാട്ടു് താമസിക്കുന്നു. മൂന്നാമത്തെ മകനാണു് റവ. ഫാ. ബനഡിക്റ്റ്. ഇദ്ദേഹം ആർപ്പൂക്കര വൈദികമന്ദിരത്തിൽ വിശ്രമിക്കുന്നു.

കറുകക്കളത്തിൽ ചാക്കോച്ചനും ഏലിമ്മയ്ക്കും മൂന്നു പെൺമക്കളാണുള്ളതു്. മൂത്ത മകൾ മറിയാമ്മയെ ചെത്തിപ്പുഴ മണ്ണമേൽ സെബാസ്റ്റ്യനും, ത്രേസ്യാമ്മയെ തത്തം

പള്ളി നടുവിലേപ്പറമ്പിൽ തൊമ്മച്ചനും, മൂന്നാമത്തെ മകാ തങ്കമ്മയെ ചങ്ങനാശ്ശേരി തുമ്പുങ്കൽ റ്റി. എഫ്. ജോസഫും വിവാഹം കഴിച്ചു. ശ്രീ ജോസഫ് ഹൈസ്കൂളിൽ എൻെറ സഹപാഠിയായിരുന്നു. അദ്ദേഹം കോഴിക്കോട്ട് കാത്തലിക്ക് ബാങ്ക് മാനേജരായിരിക്കവേ ചരമമടഞ്ഞു. അദ്ദേഹത്തിനു മൂന്ന് ആൺമക്കാം. രണ്ടു മക്കാം ഉയർന്ന ഉദ്യോഗസ്ഥന്മാരാണ്. മൂന്നാമത്തെ മകനാണ് റവ. ഫാ. ജോസ് തുമ്പുങ്കൽ ബി. ഏ.

## അയൽവീട്ടുകാർ

അയൽവാസികാം മിക്കവരും ബന്ധത്തിൽപ്പെട്ടവരാണ്. പടിഞ്ഞാറുവശത്തുള്ളത് ചാക്കോച്ചനും കുടുംബവും. ചാക്കോച്ചൻ എൻെറ പിതൃസഹോദരനും പരേതനായ ആഭ്യന്തരമന്ത്രി പി. റ്റി. ചാക്കോയുടെ പിതാമഹനുമാണ്. എൻെറ ബാല്യപ്രായത്തിൽ അദ്ദേഹം എൻെറ വീടിൻെറ മുൻവശത്തുകൂടി പോകുമ്പോാം ''അവുതേപ്പച്ചൻമോൻ ഇവിടെയില്ലേ''? എന്നു ചോദിക്കുമായിരുന്നു. അതുകോംക്കുന്ന ഞാൻ ഇറങ്ങിച്ചെന്ന് ''പേപ്പാ, പേപ്പാ, തെയ്യപ്പോയ്യാ, അവുതേപ്പച്ചാ കൊമ്മയാ പോയ്യാ, കണ്ടോ പൊക്കോ, വേണ്ടേ, ഇത്തേ'' എന്നു പറയുമായിരുന്നു. ഈ വാചകം ആരു് എന്നെ പഠിപ്പിച്ചുവെന്നോ എന്തുഭാഷയാണെന്നോ എന്നോട് ആരെങ്കിലും ചോദിക്കുന്നപക്ഷം ഞാൻ കുഴങ്ങിപ്പോകും. അതിൻേറതായി ഞാൻ ഉദ്ദേശിച്ചിരുന്ന അർത്ഥം ''പേരപ്പാ, പേരപ്പാ, പേരപ്പൻ എവിടെപ്പോകുകയാണ് ? അവുതേപ്പച്ചനേക്കൂടി കൊണ്ടുപോവുകില്ലേ? ഇല്ലെങ്കിൽ എനിക്കു പിണക്കമാണ്. കേട്ടോ''? ഈ പേരപ്പൻെറ മൂത്തമകാം കുഞ്ഞമ്മയാണ് എൻെറ മാമ്മോദീസായിലെ തലതൊട്ടമ്മ. രണ്ടാമത്തെ മകാം മറിയാമ്മയോട്ട് ഞാൻ

പറഞ്ഞിരുന്നു ''പെങ്ങരേ, പെങ്ങരേ, പോകല്ലേ, എനിക്കു പേടിയാ; കുഞ്ഞുമോനു് വെശക്കുന്നു''. ഇതു കേൾക്കുന്ന പെങ്ങൾ എനിക്കു തിന്നുന്നതിനു് എന്തെങ്കിലും പലഹാരം കൊണ്ടുവന്നു തരും. ഈ പെങ്ങളെ എടയാടിൽ ചാക്കോച്ചൻ വിവാഹം കഴിച്ചു. 1977 ജൂൺ 23-ാം തീയതി മറിയാമ്മ മരിച്ചു.

കിഴക്കുവശത്തുള്ള വീട്ടിലെ കാരണവർ എൻെറ പിതൃസഹോദരൻ മത്തായി. ഇദ്ദേഹത്തിൻെറ ഭാര്യ കുറുമ്പനാടത്തു കലേംകണ്ടത്തിൽ ഏലിമ്മ. മത്തായിക്കു മക്കളില്ല. തന്മൂലം, എന്നെ അവരുടെ കുഞ്ഞുമകനായി കരുതിപ്പോന്നു. അവരുടെ പത്തായത്തിൽ സൂക്ഷിക്കപ്പെട്ടിരുന്ന പഴക്കുലയിലെ പഴങ്ങൾ മിക്കവാറും ഞാൻ തന്നെയാണു തിന്നുതീർത്തതു്. കോളേജ്‌വിദ്യാർത്ഥി, ശെമ്മാശ്ശൻ എന്നീ നിലകളിൽ ഞാൻ കഴിഞ്ഞിരുന്നപ്പോഴും അവിടെ പോകുകയും പഴം തിന്നുകയും പതിവായിരുന്നു. വൈദികനായ ശേഷം ഒരിക്കൽ അവിടെച്ചെന്നപ്പോൾ ആ ഇളയമ്മ നാലു പഴമെടുത്തു എനിക്കു കൊണ്ടുവന്നുതന്നു. തത്സമയം അപ്പാപ്പൻ ഇപ്രകാരം പറഞ്ഞു: ''എടീ, നീ, എന്നതാ ചെയ്യുന്നതു്? ഇപ്പോൾ അങ്ങോരു് ഒരു അച്ചനല്ലേ? ഒരു പാത്രത്തിൽ പഴം കൊണ്ടുവന്നു കൊടുക്കാൻ പാടില്ലേ?'' ഉത്തരമായി ഇളയമ്മ പറഞ്ഞു: ''അവൻ ഇപ്പോഴും എൻെറ പഴയ അവുതേപ്പച്ചനാ. അ അവൻ ഉടുപ്പിട്ടാലും എനിക്കു വെത്യാസമൊന്നുമില്ല, കേട്ടോ?''.

തെക്കുവശത്തുള്ള അയൽവീട്ടുകാർ മുൻപറഞ്ഞ പടിഞ്ഞാറേ വീട്ടിലെ ചാക്കോച്ചൻെറ മക്കളായ കുഞ്ഞപ്പി, കുറിയാക്കോ എന്നിവരാണു്. അവരുടെ മക്കളിൽ ചിലർ എൻെറ സഹപാഠികളും കളിത്തോഴരുമായിരുന്നു

ഇപ്പോഠം മക്കഠം മാത്രമേ ജീവിച്ചിരിപ്പുള്ളു. എല്ലാവരും മലബാറിലാണു്. എന്നാൽ കുറിയാക്കോച്ചൻെറ മകളായ റവ. സി. റേജീസു് ഈ അതിരൂപതയിലെ ഒരു കർമ്മലീത്താമഠത്തിൻെറ അധിപയാണു്. നെടുങ്കുന്നം കർമ്മലീത്താ മഠം വക സ്കൂളിലെ അദ്ധ്യാപികയായിരിക്കവേ അവരുടെ പെരുമാററം ഏവർക്കും ഇഷ്ടപ്പെട്ടിരുന്നു.

വടക്കുവശത്തുള്ള വീടുകളുടെ പേരു് എടമുറി, എള്ളിൽ, ചെറുശ്ശേരി എടയാടിൽ, കൊക്കാവയലിൽ എന്നിവയാണു്: എടമുറി, എള്ളിൽ എന്നീ വീടുകളിലെ ഗൃഹനായകന്മാർ സാധുക്കളും കുറുമ്പനാടം, തുരുത്തി എന്നീ സ്ഥലങ്ങളിൽനിന്നു വന്നവരുമായിരുന്നു. ഈ കുടുംബാംഗങ്ങഠം ഞങ്ങളുടെ വീട്ടിൽ പല ജോലികളും ചെയ്തിരുന്നു. എടമുറിയിൽ വറീതുചേട്ടനു് പത്രം വിതരണം ചെയ്യുന്ന ജോലിയുമുണ്ടായിരുന്നു. എള്ളിൽ വറുഗീസു്ചേട്ടൻെറ ഭാര്യ ത്രേസ്യാച്ചേടത്തിയും തെക്കേമുറിയിൽ അന്നമ്മയും എൻെറ അമ്മയുടെ സമകാലീനരായിരുന്നു. അതിനാൽ അമ്മയുടെ മരണശേഷം എനിക്കു് അവർ സ്തന്യം നൽകിയിരുന്നു. ഞാൻ ളോവയിട്ടു ശെമ്മാശ്ശനായി വീട്ടിലെത്തിയ അവസരത്തിൽ ആ വൃദ്ധമാതാക്കളുടെ സന്തോഷം കാണേണ്ടതായിരുന്നു. അവരുടെ മക്കളുടെ മക്കഠം നല്ല നിലയിൽ കഴിയുന്നു. അവരിലൊരാളാണു് റയിൽവേ ഉദ്യോഗസ്ഥനായ ശ്രീ. ഏ. വി. ചാക്കോ.

വടക്കുവശത്തു താമസിച്ചിരുന്ന വേറേ ചിലർ ധനികരായ നായർസഹോദരങ്ങളാണു്. വാഴവേലിൽ കുഞ്ചുപിള്ള, ഗോപാലപിള്ള, വേലപ്പൻപിള്ള, രാഘവൻ പിള്ള, ശ്രീധരൻപിള്ള, ശിവശങ്കരപ്പിള്ള, കളപ്പുരയ്ക്കൽ കുട്ടൻപിള്ള, ഭാസ്ക്കരൻ നായർ. ഇവരുടെ

കുടുംബങ്ങളുമായി ഞങ്ങൾ വലിയസ്നേഹത്തിലും അടുപ്പത്തിലും കഴിഞ്ഞിരുന്നു. ഇവർ മിക്കപ്പോഴും ഞങ്ങളുടെ വീട്ടിൽ വന്നിരുന്നു. ഓണസ്സദ്യയ്ക്ക് എൻെറ അപ്പനും ജ്യേഷ്ഠനുംഅവിടെ പോയിരുന്നു. അവർ തിരിച്ചു പോരുമ്പോൾ ആ വീട്ടുകാർ വേലക്കാർവശം ഞങ്ങൾക്ക് ഉപ്പേരി, അരിയുണ്ട, പായസം മുതലായവ കൊടുത്തയച്ചു. ഇതുപോലെ ഞങ്ങളുടെ വീട്ടിലെ ക്രിസ്മസ്സ്ഡിന്നറിൽ സംബന്ധിക്കുന്നതിനു പ്രായമുള്ള നായർ സഹോദരങ്ങൾ വന്നിരുന്നു. അവർ തിരിച്ചുപോകുമ്പോൾ ഞങ്ങളുടെ വേലക്കാർവശം കേക്ക്, വട്ടേപ്പം മുതലായവകൊടുത്തയച്ചു. ഞങ്ങളുടെ പീടികയ്ക്ക് അടുത്തു താമസിക്കുന്ന ചെമ്പകശ്ശേരി മാധവക്കുറുപ്പ്, നാരായണപ്പണിക്കർ, പ്രയാററു് ഭാസ്കരൻനായർ, കളപ്പുരയ്ക്കൽ കുഞ്ചുനായർ എന്നിവരും അപ്പൻെറ സ്നേഹിതന്മാരായിരുന്നു.

''സമുദായങ്ങൾ അന്യോന്യസഹായത്തിനാണ്;
അന്യോന്യം വഴക്കിനും വിഘ്നത്തിനുമല്ല''
(സ്വാമി വിവേകാനന്ദൻ)

എൻെറ അപ്പൻ സുഖക്കേടായിക്കിടന്ന അവസരത്തിൽ വാഴവേലിൽ കുഞ്ചുപിള്ളയും കളപ്പുരക്കൽ കുട്ടൻപിള്ളയും വന്നു. രോഗം ഗുരുതരമാണെന്നു് അവർക്കു മനസ്സിലായി. അവരിരുവരും അപ്പനെ കെട്ടിപ്പിടിച്ചു് കരഞ്ഞു. അപ്പോൾ ശെമ്മാശനായ ഞാൻ അപ്പൻെറ കട്ടിലിനു സമീപം ഇരിപ്പുണ്ടു്. ളോവയിട്ടവരെല്ലാം പുരോഹിതന്മാരാണെന്നാണു്. അക്രൈസ്തവരുടെ ധാരണ. തന്മൂലം, ആ നായർസഹോദരന്മാർ എന്നെ ചൂണ്ടിക്കാണിച്ചു കൊണ്ടു് ഇപ്രകാരം പറഞ്ഞു. 'തോമ്മാപ്പിളേ, നിങ്ങളുടെ പുരയിടങ്ങളേക്കാളും പണത്തേക്കാളും വലിയ സമ്പത്തു് ഈ കത്തനാരാണു്. അതു് തോമ്മാപ്പിളയുടെ

നല്ല വളർത്തലിൻെറ ഫലമാണ്. ഈ കത്തനാർ ഹൈസ്കൂളിലും കോളേജിലും പഠിക്കുമ്പോൾ കച്ചവടം നടത്തുന്നതിൻ്റെ പീടികയിൽ വരുമായിരുന്നു. അപ്പോഴേ ഞങ്ങൾ വിചാരിച്ചു ഇദ്ദേഹം പുരോഹിതനാകുമെന്ന്. കാരണം, അന്നത്തെ ഇദ്ദേഹത്തിൻെറ എളിയ വസ്ത്രധാരണം (മുണ്ടും തോർത്തും മാത്രം), സാമാനങ്ങൾ വാങ്ങിക്കാൻ എത്തുന്ന സാധുക്കളോടുള്ള അനുകമ്പ എന്നിവ ഞങ്ങളുടെ ശ്രദ്ധയ്ക്കു വിഷയമായിത്തീർന്നിട്ടുണ്ട്.'

''സന്യാസിയെ സന്യാസിയാക്കുന്നതു വേഷം
തന്നെയല്ലാ, ജീവിതസമ്പ്രദായം കൂടിയാകുന്നു''
(വിശുദ്ധ ഫ്രാൻസീസ് സാലസ്)

എൻെറ ബാല്യംമുതൽ ഇന്നുവരെ ഞാൻ രോഗിയായിരുന്നുവെന്ന വസ്തുത മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങനെയുള്ള എനിക്കു വേണ്ട ചികിത്സനടത്തി സേവനം ചെയ്ത വൈദ്യന്മാരെ മറക്കുന്നതു് നന്ദികേടാണ്. ആയുർവേദവൈദ്യന്മാരായ ചെറുകരമുട്ടത്തു കോര, ഐക്കരത്തുണ്ടിയിൽ മാധവൻ നായർ, പുത്തൻപുരക്കൽ കൃഷ്ണൻ നായർ, പുത്തൻപുരയ്ക്കൽ നാരായണൻ നായർ, ആനിക്കുഴിയിൽ ചെറിയാൻ എന്നിവർ നാടിനും നാട്ടുകാർക്കും പ്രിയപ്പെട്ടവരാണ്. സ്വന്തം പ്രയത്നംകൊണ്ടു അലോപ്പതിച്ചികിത്സയിൽ എം. ബി. ബി. എസ്. ഡോക്ടറന്മാരേപ്പോലെ (ഡിഗ്രി ഒന്നുമില്ലാതെ) സേവനമനുഷ്ഠിക്കുന്ന ജനസമ്മതനായ ഒരു കൊച്ചുമിടുക്കനാണു കുറുമ്പനാടം സ്വദേശിയും നെടുങ്കുന്നത്തു സ്ഥിരതാമസക്കാരനുമായ ഡോക്ടർ തോമ്മസ് ചെത്തിപ്പുഴ. അദ്ദേഹത്തിൻെറ പുഞ്ചിരിയും സംസാരവും മനുഷ്യഹൃദയങ്ങളെ ആകർഷിക്കുന്നതും ജോലിക്കു ചേർന്നതുമായ കഴിവുകളാണ്.

വിവിധ മേജർഓപ്പറേഷനുകൾക്കു വിധേയനായ ഞാൻ പൂർണ്ണ ആരോഗ്യവാനായിരിക്കുന്നതിന്റെ കാരണം പരേതനായ ഡോക്ടർ സോമർവെൽ, ബാംഗളൂർ സെൻറു മർത്താസ് ഹോസ്പ്പിററലിലെ ചീഫ്സർജൻ ഡോക്ടർ മാമ്മൻ, ചെത്തിപ്പുഴ മിഷൻ ഹോസ്പിററലിലെ ചീഫ് സർജൻ ഡോക്ടർ എ എം. ജോസഫ്, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഹോസ്പ്പിററലിലെ സർജൻ ഡോക ടർ പി. എം. അബ്രാഹം, എന്റെ അനന്തരവൻ ഡോക്ടർ കെ.എം.ഡോമിനിക്കു് എന്നിവരുടെ ചികിത്സയും പരിചരണവുമാണു്.

## ഗ്രന്ഥകാരന്റെ ജനനം

1915-ൽ എന്റെ സീമന്തസഹോദരൻ ചാക്കോച്ചൻ എസ്.ബി. ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കവേ, ഒരിക്കൽ കൂട്ടുകാരുമൊത്തുചെത്തിപ്പുഴ കൊവേന്തപ്പറമ്പിലുള്ള കപ്പിലുമാവിൽ കയറി. കപ്പിലുമാങ്ങാ പറിച്ചുകൊണ്ടിരുന്നപ്പോൾ വൃക്ഷത്തിന്റെ ശിഖരം അടന്നു, പാറമേൽ നെഞ്ചടിച്ചു വീണു. തുടന്നു് അവനെ ടൈഫോയിഡ് ബാധിച്ചു. ഒരാഴ്ച കിടന്ന ശേഷം ആഗസ്റ്റ് എട്ടാം തീയതി മരിച്ചു. ചങ്ങനാശ്ശേരിയിൽ നിന്നും ഒരാൾ വന്നു് അച്ചനെ (അപ്പനെ ഞങ്ങൾ അപ്രകാരമാണു വിളിച്ചിരുന്നതു്) വിവരമറിയിച്ചു. അമ്മയോടുപറയാതെ അച്ചൻ പത്തുമൈൽ നടന്നു ചങ്ങനാശ്ശേരിയിലെത്തി. അന്നു് അമ്മ എന്നെ വഹിച്ചു് പൂർണ്ണഗർഭിണിയായിക്കഴിയുകയായിരുന്നു. അമ്മ ഇറയത്തു കിടക്കവേ, ചാക്കോച്ചന്റെ മൃതദേഹം ശവമഞ്ചലിൽ വഹിച്ചുകൊണ്ടു ചിലർ വീട്ടിലെത്തി. അതു കണ്ടയുടനെ 'എന്റെ മോനേ' എന്നു് വിളിച്ചുകൊണ്ടു് എഴുന്നേററ അമ്മ ബോധരഹിതയായി തിണ്ണയിലേക്കു്

വീണു. അവിടെ നിന്നു് വീടിന്റെ മുററത്തിട്ടിരുന്ന കല്ലിന്മേലും. അതിനു ശേഷം വേദനയനുഭവിച്ചു് അമ്മ ഏതാനും ദിവസങ്ങൾ ചെലവഴിച്ചു.

1915 സെപ്ററംബർ 8. കൊല്ലവർഷം 1091 ചിങ്ങമാസം 23. കേരളീയരെ ആനന്ദചിത്തരാക്കിയ ദിനം. മാവേലിമന്നനെ സ്വീകരിക്കുന്നതിനു കേരളത്തിലെ ഓരോ വീടും, ജാതിമതഭേദമെന്യേ ഒരുങ്ങിനില്ക്കുന്ന ദിവസം; തിരുവോണം. അന്നാണു് എന്റെ ജനനം. അന്നു കേരളീയർ മാവേലിമന്നനു കൊടുത്ത സ്വീകരണം പോലെ തന്നെ, അന്നു ജന്മമെടുത്ത എനിക്കും എന്റെ കുടുംബാംഗങ്ങൾ സ്വീകരണം നൽകി. കാരണം, ഈ ശിശു ഭാവിയിൽ രാജാക്കളുടെ രാജാവായ മിശിഹായുടെ പ്രതിനിധിയാകേണ്ടവനാണു്. പക്ഷേ, അക്കാര്യം അവിടെ കൂടിയിരുന്നവരിലാരും തന്നെ അന്നു മനസ്സിലാക്കിയിരുന്നില്ല. എന്റെ ജനനത്തിനു് ഒരാഴ്ചമുമ്പു് അഛന്റെ ഒരുപറക്കണ്ടത്തിലെ നെൽമണികളിൽ 'തങ്കമണി' കാണപ്പെട്ടുവത്രെ. ഇതു് അപകടത്തിന്റെ സൂചനയാണെന്നു് ചിലർ പറഞ്ഞു. അപ്രകാരം സംഭവിച്ചു. എന്റെ ജനനത്തിന്റെ നാല്പതാം ദിവസം അമ്മ മരിച്ചു.

ജീവിതം വഴി മുട്ടിനിന്ന സാമ്പത്തികപശ്ചാത്തലത്തിൽ, ഇല്ലായ്മയുടെ മദ്ധ്യേയാണു ഞാൻ ജനിച്ചതു്. അന്നു് എന്റെ അഛൻ അരയേക്കർ ഭൂമി, ഒരുപറക്കണ്ടം, ഒരു കലപ്പ, രണ്ടു കാളകൾ എന്നിവയുടെ ഉടമസ്ഥനായിരുന്നു. വയൽ ഉഴുന്നതിനും വണ്ടിക്കുകെട്ടുന്നതിനും കാളകളെ ഉപയോഗിച്ചു.

'അങ്ങുന്നു ഭൂമിയെ ഒരുക്കി
മനുഷ്യർക്കു ധാന്യം നൽകി.

വിളവു് നന്നാകുവാൻ വേണ്ടി
ഭൂമിയിലെ ഉഴവുചാലുകൾ നനച്ചു''
(സങ്കി. 65)

പക്ഷേ, അക്കാലത്തെ സാധാരണരീതിയിൽ അവയെ മാത്രം ആശ്രയിച്ചു ജീവിതം മുമ്പോട്ടുകൊണ്ടുപോകാനല്ലാ ഉത്ക്കർഷേച്ഛുവായ അദ്ദേഹം തീരുമാനിച്ചതു്.

''സത്യം മാർഗ്ഗദർശിയും കർത്തവ്യനിർവ്വഹണം
ജീവിതലക്ഷ്യവുമാക്കുന്നവർക്കു്
ദൈവം നേർവഴി കാണിക്കും''
(പാസ്ക്കൽ)

ചെറിയ തോതിലെങ്കിലും ഒരു വ്യാപാരികൂടിയായി അദ്ദേഹം പ്രവർത്തിച്ചു. നെടുങ്കുന്നത്തു നിന്നും വാങ്ങിയ മലഞ്ചരക്കുകളും മററും സ്വന്തം കാളവണ്ടിയിൽ ചങ്ങനാശ്ശേരിയ്ക്കു കൊണ്ടുപോയി വിററു് അരി, പലവ്യഞ്ജനങ്ങൾ മുതലായവ വാങ്ങി ഒരു ചെറിയ കച്ചവടവും തുടങ്ങി. അതോടൊപ്പം മററുകച്ചവടക്കാർക്കു് ആവശ്യമുള്ള സാമാനങ്ങളും കൊണ്ടുവന്നു. എൻെറ അച്ഛനു്, ആ അദ്ധ്വാനശീലനു് മരിക്കുന്നകാലത്തു് ഏകദേശം നൂറേക്കർ റബർ തെങ്ങുംതോട്ടങ്ങളും രണ്ടായിരപ്പറനെല്ലു് ഉല്പാദിപ്പിക്കുന്ന പുഞ്ചനിലവും വലിയ ഒരു തുക നീക്കിയിരിപ്പും സമ്പാദ്യമായുണ്ടായിരുന്നു. ഇന്നത്തെപ്പോലെ സാട്ടാക്കച്ചവടമോ ബ്ളാക്ക്മാർക്കററോ അന്നില്ലായിരുന്നു. കൃഷിയിലും വ്യാപാരത്തിലും അദ്ദേഹം സത്യസന്ധത പാലിച്ചു.

''പ്രയത്നം ജീവിതത്തിൻെറ ജീവൻ ആണു്''
(കാർലൈൽ)

''നീ അദ്ധ്വാനിച്ച ഭക്ഷണം കഴിക്കുമ്പോൾ നീ ഭാഗ്യവാനാകുന്നു. തന്മൂലം നിനക്കു് അഭിവൃദ്ധിയുണ്ടാകും'' (സങ്കീ. 127)

അഛൻെറ സത്യസന്ധതയും അദ്ധ്വാനവുംമൂലം ഞങ്ങളുടെ കുടുംബം നൂറുവർഷങ്ങളായി സാമാന്യം നല്ല സാമ്പത്തികനിലയിൽ കഴിയുന്നുണ്ടു്.

## കുഞ്ഞിൻെറ മാമ്മോദീസാ

ഞാൻ ജനിച്ചതിൻെറ ഏഴാംദിവസം എന്നെ മാമ്മോദീസാ മുക്കുന്നതിനുവേണ്ടി പുതിയാപറമ്പിൽ പടിഞ്ഞാറെവീട്ടിൽ ചാക്കോച്ചനും മകൾ കുഞ്ഞമ്മയുംകൂടി നെടുങ്കുന്നംപള്ളിയിലേയ്ക്കു് കൊണ്ടുപോയി. മുൾപ്പടർപ്പുള്ള ഇടവഴികൾ, പാറക്കെട്ടുകൾ, (മാനങ്ങാടിപ്പാറ) ജലപ്രവാഹത്തിലൊഴുകുന്ന പാറക്കല്ലുകൾ നിറഞ്ഞതോടു് എന്നിവ കടന്നാണു് പള്ളിയിൽ എത്തേണ്ടിയിരുന്നതു് ഇന്നത്തെപ്പോലെ അന്നു് ആരും ചെരിപ്പു് ഉപയോഗിച്ചിരുന്നില്ല. തന്മൂലം, എന്നെ എടുത്തിരുന്ന കുഞ്ഞമ്മപ്പെണ്ണുങ്ങളുടെ കാലിൽ മുള്ളുകൊണ്ടു. വേദനമൂലം അവർ നെററി ചുളിച്ചു. ഇതു വീക്ഷിച്ച എൻെറ അധരങ്ങളിൽ പുഞ്ചിരി വിരിഞ്ഞു കാണും. ആ ചിരി അർത്ഥവത്തായിരുന്നു. കാരണം, ഞാൻ വൈദികനായ ശേഷം ആത്മീയകാര്യങ്ങൾ നടത്തുന്നതിനു് ഇപ്രകാരമുള്ള മുൾപ്പടപ്പു്, പാറക്കെട്ടു്, തോടു് എന്നിവയിൽക്കൂടി നടന്നു പോകുമെന്നു തലതൊട്ടമ്മയോടു പറയുകയായിരുന്നു. ശിശുവായ എന്നെയുംകൊണ്ടു് അവർ പള്ളി മുററത്തെത്തി. അനന്തരം ആനവാതിൽക്കൽനിന്നു. കാർമ്മികനായ ബ. വികാരി (കടുത്തുരുത്തി സ്വദേശി, കമ്മാത്തുരുത്തേൽ ബ. യൗസേപ്പച്ചൻ) എന്തൊക്കെയോ എന്നോടു ചോദിച്ചു.

എനിക്കു ശ്രവണശക്തിയുണ്ടെങ്കിലും മനസ്സിലാക്കാൻ കഴിവില്ലായിരുന്നുവല്ലോ. അതിനാൽ എൻെറ തലതൊട്ടവർ മറുപടി പറഞ്ഞെങ്കിലും എന്നിൽ ഭാവവ്യത്യാസമൊന്നുമുണ്ടായില്ല. പക്ഷേ, ഞാൻ കരച്ചിൽ തുടങ്ങി. അഞ്ചുമിനിട്ടു സമയത്തെ പ്രാൎത്ഥനകൾക്കു ശേഷം തലതൊട്ടപ്പനും തലതൊട്ടമ്മയും എന്നെയുംകൊണ്ടു ദേവാലയത്തിലേയ്ക്കു് കയറി. പരിശുദ്ധത്രിത്വത്തിൻെറ നാമം ചൊല്ലിക്കൊണ്ടു് കുരിശടയാളത്തിൽ കാർമ്മികൻ വെള്ളമൊഴിക്കവേ കരച്ചിലിനു് ആക്കം കൂട്ടുകയും കൈകൾ ഉയർത്തിപ്പിടിച്ചു് നിഷേധാത്മകപ്രകടനം നടത്തുകയും ചെയ്തു. അതൊന്നും വകവയ്ക്കാതെ പരിശുദ്ധാത്മാവു് അവിടുത്തെ ജോലി നിൎവ്വഹിച്ചു.

സ്വർഗ്ഗകവാടം തുറക്കപ്പെട്ടു. ജ്ഞാനസ്നാന ജലം വഴി പരിശുദ്ധാത്മാവു് എൻെറ ആത്മാവിലേയ്ക്കു് ഇറങ്ങിവന്നു. ആ ദിവ്യശക്തി എന്നെ കൈവശപ്പെടുത്തിയ വിനാഴിക മുതൽ, ഉറങ്ങുന്നതിനു ഞാൻ ഉപയോഗിച്ച തൊട്ടിൽ ദൈവത്തിൻെറ വാസസ്ഥലമായി. എന്നെ തുടരെത്തുടരെ ചുംബിച്ചിരുന്ന വത്സലമാതാവു് എൻെറ ഹൃദയത്തിൽ പള്ളികൊണ്ടിരുന്ന ദൈവത്തെയാണു് ചുംബിച്ചതു്. പാപി, സാത്താൻെറ അടിമ, ദൈവശത്രു എന്നീ നിലകളിൽ കഴിഞ്ഞിരുന്ന ഞാൻ ജ്ഞാനസ്നാന സ്വീകരണത്തിനു ശേഷം നീതിമാൻ, ദൈവത്തിൻെറ മിത്രം, ഉണ്ണിയീശോയുടെ സഹോദരൻ, പരിശുദ്ധാത്മാവിൻെറ വാസസ്ഥലം, സ്വർഗ്ഗീയപൗരൻ, നിത്യസൗഭാഗ്യാവകാശി, കത്തോലിക്കാസഭാംഗം എന്നീനിലകളിൽ എത്തിച്ചേർന്നു.

മാമ്മോദീസായുടെ 33–ാം ദിവസം എൻെറ അമ്മ മരിച്ചു. തന്മൂലം, എൻെറ സഹോദരികൾ മുലകുപ്പി

യിൽ പശുവിൻപാൽ തരുമോ, അയൽവീട്ടിലെ സ്ത്രീകൾ, പരിശുദ്ധ അമ്മയുടെ പ്രതിനിധികളായി വന്നു, എനിക്കു സ്തന്യം തരുമോ എന്നൊക്കെ വിചാരിച്ചും കരഞ്ഞും ഇരിക്കേണ്ട സന്ദർഭങ്ങൾ ധാരാളമുണ്ടായിട്ടുണ്ട്.

''തക്കസമയത്തു് ആഹാരം കിട്ടുവാൻ
അവ അങ്ങേ വരവും കാത്തിരിക്കുന്നു''

(സങ്കീ. 104)

അമ്മയുടെ മരണശേഷം, നാനാജാതി മതസ്ഥർ അമ്മയെ സ്തുതിച്ചു സംസാരിക്കുവാൻതുടങ്ങി. ഗൃഹഭരണകാര്യങ്ങളിലുള്ള അസാമാന്യകഴിവു്, സാധുക്കളോടുള്ള സ്നേഹം, അതിഥിസ്വീകരണത്തിലുള്ള താല്പര്യം എന്നീക്കാര്യങ്ങളിൽ നാട്ടിലെ സ്ത്രീകൾക്കു് അമ്മ മാതൃകയായിരുന്നു. പ്ലാവിലെ ചക്ക പറിച്ചെടുക്കുന്നതിനു സാധുക്കളെ അമ്മ അനുവദിച്ചിരുന്നതു കൂടാതെ, 'കുഞ്ഞേ, ചക്കമാത്രം കൊണ്ടുപോയാൽ കറിയാകുമോ? ഒരു തേങ്ങാക്കൂടികൊണ്ടുപോ'' എന്നു് അവരോടു പറഞ്ഞു് തേങ്ങായും കൊടുത്തിരുന്ന ഒരുപഴത്ത ചക്കപറിക്കുന്നപക്ഷം വീടിന്റെ നാലുവശങ്ങളിലുമുള്ള അയൽവീടുകളിലേയ്ക്കു് ഓരോ കഷണംകൊടുത്തയക്കുക പതിവായിരുന്നു. അങ്ങനെ പലക്കും പരോപകാരിയായിരുന്ന എന്റെ അമ്മയുടെ രൂപം ഭാവിതലമുറയ്ക്കും കാണുന്നതിനുള്ള ഘടകമായ ഫോട്ടോഗ്രഫി അന്നു് കേരളത്തിലെ ഈ സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്നില്ല. തന്മൂലം, നാട്ടുകാർക്കും എനിക്കും എന്റെ അമ്മയെ സാങ്കല്പിക ദർപ്പണത്തിലൂടെ കാണുന്നതിനുമാത്രമേ സാധിക്കുന്നുള്ളു.

അമ്മയുടെ മരണശേഷം കുടുംബകാര്യങ്ങൾ അന്വേഷിക്കുന്നതിനു് ആളില്ലാതായി. അപ്പനു കച്ചവടമുണ്ടാ

യിരുന്നതുമൂലം എൻെറ ശൈശവബാല്യദശകളിൽ എന്നെ പരിപാലിക്കുന്നതിനുള്ള ഒരു ആളിൻെറ അഭാവം അനുഭവപ്പെട്ടു. എൻെറ സഹോദരനും സഹോദരികളും ബാല്യകൗമാരദശകളിൽ കഴിയുന്നവരും സ്കൂളിൽ പോകുന്നവരുമായിരുന്നതിനാൽ എന്നെ ശുശ്രൂഷിക്കുന്നതിനു് അവർക്കു സൗകര്യപ്പെട്ടില്ല. എങ്കിലും സ്കൂളിൽ പോകുന്നതിനുമുമ്പും തിരിച്ചുവന്നശേഷവും അവർ എന്നെ കാര്യമായി ശുശ്രൂഷിച്ചു.

''എൻെറ ശൈശവം മുതൽ തന്നെ
ഞാൻ അവശനും നിസ്സഹായനുമാകുന്നു''

(സങ്കീ. 88)

അമ്മയുടെ വേർപാടു് ഞങ്ങളുടെ ഭവനത്തെ അനാഥമാക്കിയെങ്കിലും തമ്മിൽ രണ്ടു വയസ്സു മാത്രം വ്യത്യാസമുള്ള സഹോദരങ്ങളായ ഞങ്ങൾ അഞ്ചു പേരും ഒത്തൊരുമിച്ചു് ജീവിച്ചതു് അഛനു് ആശ്വാസം നൽകി.

'ഞങ്ങളുടെ അധരങ്ങളിൽ പൊട്ടിച്ചിരിയും
നാവുകളിൽ ആർപ്പുവിളികളും നിറഞ്ഞു''

(സങ്കീ. 135)

''സഹോദരങ്ങൾ ഒരുമിച്ചു വസിക്കുന്നതു്
എത്രവിശിഷ്ടവും മനോഹരവുമാകുന്നു''

(സങ്കീ. 132)

കച്ചവടംസംബന്ധിച്ച ബദ്ധപ്പാടുകളിൽ മുഴുകി ക്ഷീണിച്ചു് രാത്രിസമയം വീട്ടിലെത്തുന്ന അഛനെ മക്കളായ ഞങ്ങൾ പുഞ്ചിരിയോടും പൊട്ടിച്ചിരികളോടും

കൂടി സ്വീകരിച്ചു, പരിചരിച്ചു. എല്ലാക്ലേശങ്ങളും മറന്ന് അച്ഛനെ ഉന്മേഷഭരിതനാക്കുന്നതിന് അവ പ്രയോജനപ്പെട്ടു. കടയിൽ നിന്നും കഴിയുന്നിടത്തോളം നേരത്തേയെത്തി മക്കളുമായി സംസാരിക്കുന്നതിനും അവർക്കു സന്തോഷം പകരുന്നതിനുംഅച്ഛൻ ശ്രമിച്ചു. ഞായറാഴ്ചദിവസം പൂർണ്ണമായി മക്കളോടുകൂടി ചെലവഴിച്ചു. ആ അവസരങ്ങളിൽ അച്ഛൻ ഞങ്ങളോട് കുടുംബചരിത്രം പറയുമായിരുന്നു. ഞങ്ങളുടെ കുടുംബത്തിനു ദൈവം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ വർണ്ണിച്ചു കേൾപ്പിക്കും. ദൈവത്തിനു നന്ദിപറയുന്നതിനു ഞങ്ങളെ ഉപദേശിക്കും.

> ''തലമുറതലമുറയോട് അങ്ങേ പ്രവൃത്തികൾ
> പ്രഖ്യാപിക്കും.
> അങ്ങേ അപദാനങ്ങളും മാഹാത്മ്യവും
> അവർ വിളംബരം ചെയ്യും.
> അങ്ങേ അനുഗ്രഹങ്ങളുടെ കഥ
> അവർ വിസ്തരിച്ചു പറയും'' (സങ്കീ. 144)

മക്കളായ ഞങ്ങൾ ഉറങ്ങുന്നതിനു മുമ്പും നേരം വെളുത്തതിനു ശേഷം എഴുന്നേൽക്കുമ്പോഴും അച്ഛൻ നല്ല പ്രാർത്ഥനകൾ ഞങ്ങൾക്കു ചൊല്ലിത്തന്നു.

> ''ഉറങ്ങാൻ കിടക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും
> അവർ അവിടുത്തെ സ്തുതിക്കട്ടെ''
>
> (സങ്കീ. 49)

എന്റെ ശൈശവകാലത്ത് അച്ഛന്റെ മൂത്തസന്താനമായ കുട്ടിയമ്മയ്ക്ക് 13 വയസ്സായിരുന്നു. അക്കാലത്തു പെൺകുട്ടികളുടെ വിവാഹപ്രായം 13 ആയിരുന്നു. തന്മൂലം

കുട്ടിയമ്മയെ കുറുമ്പനാടത്തു പവ്വത്തിൽ സ്കറിയാച്ച നെക്കൊണ്ടു വിവാഹം കഴിപ്പിച്ചു. നല്ലമനുഷ്യൻ, ആർക്കും ഉപദ്രവം ചെയ്യാത്തവൻ, പരോപകാരി. ശിശു വായ എൻെറ ശോചനീയസ്ഥിതി മനസ്സിലാക്കിയ അദ്ദേഹം, കുട്ടിയമ്മ ഭർത്തൃഗൃഹത്തിൽ ചെല്ലാതെ മൂന്നു വർഷം എൻെറ വീട്ടിൽ താമസിക്കുന്നതിനു് അനുവദിച്ചു. ഇക്കാലയളവിൽ ഒരിക്കൽ പോലും കുട്ടിയമ്മ ഭർത്തൃഗൃഹത്തിൽ പോയിട്ടില്ല. തൻെറ കുഞ്ഞുസഹോദരനെ ശുശ്രൂഷിക്കുന്നതിൽ അവരം ശ്രദ്ധ പതിച്ചു. മററു സന്താനങ്ങളായ ദേവസ്യാച്ചനു് വയസ്സു് 11, ഏലിമ്മയ്ക്കു് 9, മത്തായിച്ചനു് 7, അന്നമ്മയ്ക്കു് 5 എന്നീ ക്രമത്തിലായിരുന്നു പ്രായം. പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിൻെറ പിറേറദിവസം മത്തായിച്ചൻ മരിച്ചു. കുട്ടിയമ്മ ഒഴികെയുള്ളവരെല്ലാം സ്കൂളിൽപോയിരുന്നു. എല്ലാ ദിവസവും അതിരാവിലെ അഛൻ പശുവിനെ കറക്കുന്നു. ശിശുവായ എനിക്കു കാര്യമായി പാൽകുപ്പിയിൽ പാൽകൊടുക്കണമെന്നു കുട്ടിയമ്മയെ ചുമതലപ്പെടുത്തിയിട്ടു് അഛൻ കടയിലേയ്ക്കു് പോകുന്നു. അഛൻ തിരിച്ചുവരുമ്പോഴേയ്ക്കും രാത്രി പത്തുമണിയാകുമായിരുന്നു ഓണക്കച്ചവടം പ്രമാണിച്ചുള്ള ജോലിത്തിരക്കുമൂലം ഒരു ദിവസം അഛൻ വീട്ടിലെത്തിയതു് പാതിരാത്രിയിലായിരുന്നു. കുട്ടിയമ്മ പൊന്നോലിക്കൽ പേരപ്പൻെറ വീട്ടിൽ പോയിരിക്കയായിരുന്നു. അവരം തിരിച്ചുവന്നില്ല. ബാക്കിയുള്ള മക്കളുടെ ഉറക്കത്തിനു ഭംഗംവരുത്തരുതെന്നുകരുതി അഛൻ തനിച്ചു വെള്ളം ചൂടാക്കികുളിച്ചു. ഭക്ഷണം വിളമ്പുന്നതിനു് ഏലിമ്മയെ ഉണർത്തി: ഉറക്കപ്പിച്ചുമൂലം, ചോറാണെന്നു വിചാരിച്ചു്, ഒരു പാത്രത്തിൽ അവരം ചാരം വാരി അടുക്കളയിൽ നിന്നുംകൊണ്ടുവന്നു് അഛൻെറ മുമ്പിൽവച്ചു. ഇവയെല്ലാം സംഭവിച്ചതു ഭാര്യയുടെ മരണം മൂലമാണല്ലോ എന്നു വിചാ

രിച്ച് മകളെ ശകാരിക്കാതെ അഛൻ അടുക്കളയിൽ പോയി ചോറ് വിളമ്പിക്കൊണ്ടുവന്നു കഴിച്ചു. തത്സമയം അഛൻെറ കണ്ണുകളിൽ നിന്നു് വെള്ളം ചോറിൽ വീണു. അതു കണ്ട ഏലമ്മ ചോദിച്ചു. ''അഛനെന്തിനാ കരയുന്നതു്:'' ഉത്തരമായി പറഞ്ഞു. (മകൾക്കു വേദന ഉണ്ടാകാതിരിക്കുന്നതിനു കള്ളമാണു് പറഞ്ഞതു്) "മകളേ, ഇന്നു ഞാൻ കടയിൽ പോകുന്നതിനുമുമ്പു് എനിയ്ക്കു വയറിളക്കമുണ്ടായി. ദഹനക്കേടാണെന്നു വിചാരിച്ചു് ഇഞ്ചിനീരു് കുടിച്ചു. ഈ തോറ്റുകൊണ്ടാണു് ഇഞ്ചിനീർ അരിച്ചതു്. അതു് നന്നാക്കാതെ തലയും മുഖവും തുടച്ചതുകൊണ്ടാണു് കണ്ണുനീർവന്നതും അതു ചോറിൽ വീണതും''.

''സഹനം സദ്ഗുണങ്ങളിൽ
പ്രഥമസ്ഥാനം അർഹിക്കുന്നു.
എന്നാൽ വിവേകത്തോടുകൂടിയ
സഹനം പുണ്യപ്രവൃത്തിയുമാണു്''

(ഗ്രഡ്റിച്ച്)

ആശ്ചര്യമേ, ആയിരമായിരം വർഷങ്ങൾക്കു മുമ്പു് ദാവീദ് ദീർഘദർശി തൻെറ സങ്കീർത്തനങ്ങൾ മുഖേന പറഞ്ഞ വാക്കുകൾ ഇപ്പോൾ എൻെറ അപ്പനേയും കുടുംബത്തേയും സംബന്ധിച്ച് അന്വർത്ഥമായിരിക്കുന്നു.

'അങ്ങു് അവരുടെ ആഹാരസാധനങ്ങൾ
അശ്രുക്കൾകൊണ്ടു നിറച്ചു.
അവരുടെ പാനപാത്രത്തിൽ
കണ്ണുനീരു കലർത്തുകയും ചെയ്തു''

''എൻെറ ഭക്ഷണം വെറും ചാരമാകുന്നു
അങ്ങേ ഉഗ്രമായ കോപം നിമിത്തം
എൻെറ പാനീയത്തിൽ കണ്ണീരു് കലർന്നു.

(സങ്കീ 102)

മക്കൾക്കുവേണ്ടി ചില മാതാപിതാക്കന്മാർ അനുഭവിക്കുന്ന കഷ്ടതകൾ, ബുദ്ധിമുട്ടുകൾ, ത്യാഗങ്ങൾ എന്നിവ ഓർക്കുമ്പോൾ ഞാൻ വിചാരിക്കാറുണ്ടു്, ആ മക്കൾ മാതാപിതാക്കന്മാരോടു് എത്രമാത്രം, ഭക്തി, സ്നേഹം ബഹുമാനം എന്നിവ കാണിക്കേണ്ടതാണെന്നു്. എന്നാൽ ചില മാതാപിതാക്കന്മാർക്കു് വാർദ്ധക്യകാലത്തു് നന്ദികേടും സ്നേഹരാഹിത്യവുമാണു് മക്കളിൽ നിന്നും ലഭിക്കുന്നതു്. എൻെറ അചഛൻ ക്ലേശങ്ങളിൽ ജനിച്ചു, വളൎന്നു. തന്മൂലം, ഏതു യാതനകളേയും തരണം ചെയ്യുന്നതിനുള്ള മനക്കരുത്തുണ്ടായിരുന്നു. ആരുടേയും ഭീഷണിക്കോ ലോഹ്യത്തിനോ വഴങ്ങുന്നതല്ലായിരുന്നു അദ്ദേഹത്തിൻെറ സ്വഭാവം. ഇതു് എല്ലാ മക്കളിലും പ്രത്യേകിച്ചു് എന്നിലും ഉണ്ടെന്നു ലോകം പറയുന്നു. അമ്മയില്ലാത്ത മക്കളെ എങ്ങനെയെങ്കിലും വളത്തിയാൽപ്പോരാ എന്ന മന:സ്ഥിതിയോടെ അവരുടെ ഓരോരുത്തരുടേയും ജീവിതത്തിൻെറ എല്ലാവശങ്ങളിലും അചഛൻെറ സൂക്ഷ്മ ദൃഷ്ടി എത്തിയിരുന്നു. അവർ ഉറച്ച വിശ്വാസമുള്ളവരും അദ്ധ്വാനപ്രിയരുമായി വളരണമെന്നു് അചഛനു നിർബന്ധമുണ്ടായിരുന്നു. അതനുസരിച്ചു് അദ്ദേഹം പ്രവൎത്തിച്ചു

എൻെറ ശാരീരികവും ആത്മീയവും ബുദ്ധിപരവുമായ വളർച്ചയ്ക്കു് നിദാനമായിത്തീർന്ന ഒരേ ഒരു കൈമുതൽ എൻെറ മൂന്നു സഹോദരികളുടെ ശുശ്രൂഷയും സംരക്ഷണവുമായിരുന്നു. ശിശുവായ ഞാൻ മണ്ണു വാരി

ത്തിന്നാതിരിക്കുന്നതിനു് എൻെറ സഹോദരികൾ ത ങ്ങളുടെ ബലവത്തായ കരങ്ങൾകൊണ്ടു കോട്ടയുണ്ടാക്കി എന്നെ തടഞ്ഞു. മുലപ്പാൽ കിട്ടാതെ വിങ്ങിക്കരഞ്ഞ എന്നെ ആശ്വസിപ്പിക്കുന്നതിനു് അവർ യഥാസമയം എനിക്കു ഭക്ഷണപാനീയങ്ങൾ തന്നു. രണ്ടു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഞാൻ മുററത്തു കളിച്ചുകൊണ്ടിരിക്ക വേ, പശുക്കൾക്കു കൊടുക്കുന്നതിനു തിളപ്പിച്ചുവച്ചിരുന്ന കഞ്ഞിനിറഞ്ഞ പാത്രം മറിച്ചിട്ടു. എൻെറ ശരീരം മുഴു വൻ തിളച്ച കഞ്ഞിവെള്ളം ഒഴുകി. ശിരസ്സു മുതൽ പാദം വരെ പൊള്ളലേററു. എൻെറ അവസ്ഥ ഭീതി ജനകമായി. ഉടനെ പെങ്ങൾ കുട്ടിയമ്മ എന്നെ പൊക്കി യെടുത്തു തോളിൽക്കിടത്തി ഒരു മൈൽ അകലെയുള്ള ഐക്കരെത്തുണ്ടിയിൽവൈദ്യൻെറ പക്കൽ കൊണ്ടുപോ യി. അദ്ദേഹത്തിൻെറ ചികിത്സയിൽ പൊള്ളലേററ ഭാഗമെല്ലാം കരിഞ്ഞു തുടങ്ങിയെങ്കിലും കുറെനാളത്തേയ്ക്കു് ശരീരമാസകലം കറുത്ത നിറമായിരുന്നു.

## ബാല്യകാലം

അമ്മയുടെ മുലപ്പാൽ കുടിക്കാതെയും വേണ്ട ശുശ്രൂ ഷകൾ ലഭിക്കാതെയും വളർന്നതുമൂലം ഞാൻ രോഗി യായി. വെളുത്തു വിളറിയ ശരീരം, ഒട്ടിയ കവിൾത്തട ങ്ങൾ, ഉന്തിയ വയറു്, ചൊട്ടിയ പൃഷ്ഠഭാഗം എന്നിവ എന്നെ വിരൂപനാക്കി. മിക്കവരും ഇപ്രകാരം പറഞ്ഞു. ''തള്ളയില്ലാത്ത പാവം കൊച്ചൻ, ദൈവം അവനെ നോ ക്കിക്കൊള്ളും''. ആരോഗ്യം ഒട്ടുമില്ലാതെ ചടച്ചു മെലി ഞ്ഞു, ആക്ഷം കണ്ണിൽപെടാത്ത, പിടിക്കാത്ത ഒരു ചെ ക്കനായിരുന്നു ഞാൻ എന്നു് എനിക്കു് ഓർമ്മയുണ്ടു്. ഗ്രഹ ണി പിടിച്ചു് നെഞ്ചുന്തി, പുഴപ്പല്ലനായിട്ടാണു് എൻെറ

ചെറുപ്പകാലത്തെ ഫോട്ടോയിൽ ഞാൻ കാണപ്പെട്ടന്നതു്. സഹോദരികളായ കുട്ടിയമ്മ, ഏലിമ്മ, അന്നമ്മ എന്നിവർ ഇല്ലായിരുന്നുവെങ്കിൽ ഇന്നു ഗമയോടെ നടക്കുന്ന ഈ ഞാൻ ജീവിക്കുമായിരുന്നോ എന്നു സംശയിക്കുന്നു. വീട്ടിൽവച്ചു് എൻെറ വിരലുകളിൽ പിടിച്ചു് മണലിൽ എന്നെ അവർ എഴുതിപ്പിച്ചതും, മഴ പെയ്തു പായൽ പിടിച്ച വഴുതിക്കിടന്ന മാനങ്ങാടിപ്പാറയുടെ മീതെ കൂടിപള്ളിയിലേക്കു് എന്നെ കൊണ്ടുപോയതും ഞാൻ മറന്നിട്ടില്ല. എനിക്കു നടക്കുന്നതിനു വിഷമം തോന്നിയ സമയം പാറയിൽ ഇരുന്നതും, ''ഈ തൊറപ്പനെ, കാലമാടനെ കൊണ്ടുപോരേണ്ടായെന്നു് അന്നമ്മേ, നിന്നോടു ഞാൻ പറഞ്ഞതല്ലേ''? എന്നു് പെങ്ങൾ ഏലിമ്മ പറഞ്ഞതും ഞങ്ങൾ പള്ളിയിൽ പ്രവേശിച്ചപ്പോൾ എൻെറ നെററിമേൽ ഏലിമ്മ ഹന്നാൻവെള്ളത്തിൽ കുരിശടയാളം വരച്ചതും ഇന്നും ഞാൻ മറന്നിട്ടില്ല.

എനിക്കു നാലു വയസ്സുള്ളപ്പോൾ നെടുങ്കുന്നം പള്ളി വികാരിയായി ബഹു. എമ്മാനുവേൽ മേച്ചേരിക്കുന്നേൽ ചാർജ്ജെടുത്തു. എൻെറ വീട്ടിൽ പലപ്പോഴും അദ്ദേഹം വന്നിരുന്നു. എൻെറ സഹോദരി കൊടുത്ത കാപ്പിയുടെ ഒരംശം അദ്ദേഹം എനിക്കു തന്നു. മിക്ക ദിവസങ്ങളിലും എന്നെക്കാണുന്നതിനു് വന്നതിനും കാപ്പി എനിക്കു തന്നതിനും കാരണമുണ്ടു്. ഒരാൾ വൈദികനാകുന്നപക്ഷം നാട്ടുകാരും വീട്ടുകാരും ബഹുമാനിക്കുമെന്നും അദ്ദേഹത്തെ അതിഥിയായി സ്വീകരിക്കുന്നതു് ഇടവകക്കാർക്കു് സന്തോഷകരമായ കാര്യമാണെന്നുമുള്ള ചിന്താഗതി ബാലനായ എന്നിൽ ഉളവാക്കുകയെന്നതായിരുന്നിരിക്കാം അദ്ദേഹത്തിൻെറ ഉദ്ദേശ്യം. അതു ഫലവത്താകുകയും ചെയ്തു. എന്നാൽ ഞാൻ ശെമ്മാശനായതു മുതൽ ഈ പ്രയോഗം

എൻെറ സഹോദരീസഹോദരന്മാരുടെ മക്കളുടെമേൽ പരീക്ഷിച്ചിട്ട ഫലിച്ചില്ല. ''നാലു മീററർ തുണി ഒരാളെ വൈദികനാക്കുകയില്ല'' എന്ന ചൊല്ലു് ഇത്തരുണത്തിൽ നാം സ്മരിക്കേണ്ടതാണു്.

അഞ്ചാമത്തെ വയസ്സിൽ എനിക്കു ടൈഫോയിഡു് പിടിപെട്ടു. പാമ്പാടി ആശുപത്രിയിലെ ഡോക്ടർ കൈമറം പറഞ്ഞു: ''ഈ രോഗം ചികിത്സകൊണ്ടു പൊറുപ്പിക്കാൻ പ്രയാസമാണു്. അമാനുഷികശക്തിയുടെ അനുഗ്രഹംകൊണ്ടു മാത്രമേ ഭേദമാകയുള്ളു''. ഇതു കേട്ട അടുത്ത വീട്ടിലെ പേരമ്മ, നെടുങ്കുന്നം പള്ളിയുടെ മദ്ധ്യസ്ഥനായ വിശുദ്ധ സ്നാപകയോഹന്നാൻെറ തിരുസ്വരൂപത്തിൻെറ മുമ്പിൽ മുട്ടുകുത്തി ഇപ്രകാരം നേർച്ച നടത്തി. ''എൻെറ പുണ്യവാളച്ചാ, ഈ ഭയങ്കര രോഗത്തിൽനിന്നും എൻെറ അവുതേപ്പച്ചനെ സുഖപ്പെടുത്താമെങ്കിൽ അച്ചനാകുന്നതിനു ഞാൻ അവനെ അയച്ചുകൊള്ളാം''. എങ്ങനെയെങ്കിലുമാകട്ടെ സുഖക്കേടു് ഭേദമായി. ഏഴു് ആൺമക്കളുള്ള പേരമ്മയോടു് എനിക്കു് ഇപ്രകാരം പറയാമായിരുന്നു: ''പേരമ്മയ്ക്കു് ആറേഴു് മക്കളുണ്ടല്ലോ. അവരിൽ ഒരാളെ അച്ചനാകുന്നതിനു് വിടരുതോ? എൻെറ അറിവും സമ്മതവും കൂടാതെയുള്ള പേരമ്മയുടെ നേർച്ചയ്ക്കു ഞാൻ കടപ്പെട്ടവനല്ല''. അപ്രകാരമൊന്നും പറയാതെ ഒരു നല്ല ബാലനായി ജീവിക്കാൻ ഞാൻ ശ്രമിച്ചു. അറംത്താരശുശ്രൂഷകൻെറ ജോലിചെയ്യുക, സൊഡാലിററിയിലും വിദ്യാർത്ഥിസമാജത്തിലും പാട്ടുപാടുക, വേദപാഠക്ലാസ്സിൽ ക്രമമായി സംബന്ധിക്കുക എന്നീ പ്രവൃത്തികറം മൂലം മിക്കവർക്കും എന്നെക്കുറിച്ചു് നല്ല അഭിപ്രായമുണ്ടായി എന്നു നാട്ടുകാർ പറയുന്നു.

''നല്ലവിദ്വാൻ''

എനിക്കു അഞ്ചുവയസ്സുള്ളപ്പോൾ നെടുങ്കുന്നം പള്ളിയിൽ കുട്ടികളുടെ പ്രഥമദിവ്യകാരുണ്യസ്വീകരണച്ചടങ്ങിനുള്ള ഒരുക്കങ്ങൾ. എനിക്കും ഈശോയെ കൈക്കൊള്ളണമെന്നു ആഗ്രഹമുണ്ടായി. അക്കാര്യം ബഹു. വികാരിയച്ചനോടു പറഞ്ഞു ''എൻെറമോനു് പ്രായമായില്ല, ഒരു കൊല്ലംകൂടി കഴിഞ്ഞു നടത്താം''. എന്നായിരുന്നു വികാരിയച്ചൻെറ മറുപടി. കുട്ടികളുടെ ആദ്യകുമ്പസാരം നടത്തിക്കൊടുക്കുന്നതിനു് അയൽപ്പള്ളികളിൽ നിന്നും അച്ചന്മാർ വന്നിരുന്നു. അവരിൽ ഒരാളാണു പിറേറദിവസം ദിവ്യബലി അർപ്പിച്ചതും കുട്ടികൾക്കു കുർബാന കൊടുത്തതും. അപ്പോൾ ഞാനും കുമ്പസാരിക്കാതെ കുർബാന കൈക്കൊണ്ടു. ദിവ്യകാരുണ്യം സ്വീകരിച്ച അഞ്ഞൂറോളം കുട്ടികൾക്കുള്ള കാപ്പിസൽക്കാരത്തിൽ പങ്കുകൊള്ളുന്നതിനു്, മുടിധരിക്കാതെ, തിരിപിടിക്കാതെ, പുതിയ വെന്തീഞ്ഞം ധരിക്കാതെ ഞാനും പോയിരുന്നു. അതുകണ്ട വികാരിയച്ചൻ എന്നെ അടുക്കൽ വിളിച്ചു് ഇപ്രകാരം പറഞ്ഞു. ''എടാ വിദ്വാനേ, കുർബാന കൈക്കൊണ്ട കുട്ടികൾക്കു മാത്രമേ കാപ്പിയുള്ളു. അതിനാൽ ഒന്നു പിരിയാമോ?'' ഞാൻ ഒട്ടും വിട്ടുകൊടുക്കാതെ മറുപടി പറഞ്ഞു. ''ഞാൻ ഈശോയെ കൈക്കൊണ്ടില്ലെന്നു് ആരു്പറഞ്ഞു? കൊച്ചച്ചൻ എനിക്കു കുർബാന തന്നു. അതിനാൽ എനിക്കും കാപ്പി വേണം''. ''കൊച്ചച്ചാ, ഇവൻ കുർബാന കൈക്കൊണ്ടോ''? 'ഉവ്വ്'' ''മുടി, തിരി, വെന്തീഞ്ഞം എന്നിവ ഇല്ലാത്തവനു് അച്ചൻ എന്തു കാരണത്താലാണു് കുർബാന കൊടുത്തതു്''? ''എല്ലാ കുട്ടികളും സ്വന്തചെലവിൽ അവയെല്ലാം വാങ്ങിയ കണക്കിനു് ഇവൻ പാവപ്പെട്ടവനായതുകൊണ്ടായിരിക്കാം അവയൊന്നുംകൂടാതെ വന്നതെന്നു്

ഞാൻ വിചാരിച്ചു''. ''എൻെറ അച്ചാ, ഇവൻെറ അപ്പൻ ഇവിടത്തെ നമ്പർവൺ പുള്ളിയാണു്, സ്വത്തുകാരനാണു്. ഇവൻെറ എളിയ വസ്ത്രധാരണവും ക്ഷീണിച്ച ശരീരവുംമൂലമാണു് അച്ചനു മനസ്സിലാക്കാൻ സാധിക്കാഞ്ഞതു്''. ഇപ്രകാരം പറഞ്ഞതിനുശേഷം വികാരിയച്ചൻ എന്നെ അടുക്കൽ വിളിച്ചു് നിറുത്തി. എന്നെ അടിക്കുമെന്നു വിചാരിച്ചു് ഞാൻ ഏങ്ങലടിച്ചുകരഞ്ഞു. ആ നല്ല അച്ചൻ എന്നെ തലോടിക്കൊണ്ടുപറഞ്ഞു ''എൻെറ മോൻ കരയണ്ടാ, അറിയാതെ ചെയ്ത തെററായതിനാൽ ഈശോ ക്ഷമിക്കും. പക്ഷേ അതിനു് നിനക്കൊരു ശിക്ഷ തരാതിരിക്കാൻ നിവൃത്തിയില്ല'' ഇതുകേട്ട ഞാൻ അയ്യോ എന്നു വാവിട്ടുകരഞ്ഞു. ''എടാ, പൊട്ടാ, നിന്നെ അടിച്ചുശിക്ഷിക്കാനല്ലാ ഉദ്ദേശിക്കുന്നതു്. പിന്നെയോ, നീ വൈദികനാകുമ്പോഠം ഇതിനു പരിഹാരമായി പ്രഥമ ദിവ്യകാരുണ്യസ്വീകരണ ദിവസം കുമ്പസാരിക്കാതെ കുർബാന കൈക്കൊള്ളാൻവരുന്ന കൊച്ചുകള്ളന്മാരേയും കള്ളികളേയും കണ്ടുപിടിച്ചുകൊള്ളണം''. ഞാൻ വിടുമോ? ''കുമ്പസാരിച്ചവരും കുമ്പസാരിക്കാത്തവരുമായ കുട്ടികളെ കണ്ടുമനസ്സിലാക്കുന്നതിനു് പുറമേ വല്ല അടയാളവുമുണ്ടോ''? ''എടാ, മുടി, തിരി, വെന്തീഞ്ഞം എന്നിവയില്ലാതെവരുന്ന കുട്ടികഠം കുമ്പസാരിച്ചവരല്ലെന്നു മനസ്സിലാക്കിക്കൊള്ളണം, മനസ്സിലായോ''? 'ഉവ്വ്' ''എന്നാൽ പോയി കാപ്പികുടിച്ചുകൊള്ളുക''. കാപ്പികുടിച്ചുകൊണ്ടിരുന്നപ്പോഠം ഞാൻ നിശ്ചയിച്ചു ഒരു വൈദികനാകണമെന്നു്.

### അഛൻകളി

എനിക്കു് അഞ്ചുവയസ്സുള്ളപ്പോഠം അഛൻ പലപ്പോഴും ചൂട്ടുകററയിൽ തീകൊളുത്തി അടുക്കളപ്പുരയിലെ

ചിതൽ കരിയ്ക്കുന്നതു കണ്ടിട്ടുണ്ടു്. അച്ഛൻ പീടിക യിൽ ആയിരുന്ന അവസരത്തിൽ ഞാനും ഈ പരിപാടി ഒരിക്കൽ നടപ്പിലാക്കി. പക്ഷേ, ഓലമേഞ്ഞ അടുക്കളപ്പുരയ്ക്കു് തീപിടിച്ചു. ഊതിക്കെടുത്തുന്നതിനും തല്ലിക്കെടുത്തുന്നതിനും ചെയ്ത വേലകളെല്ലാം വിഫലമായി. തന്മൂലം, ആരെയും അറിയിക്കാതെ, അതിൽനിന്നു വിട്ടുനിന്ന പ്രധാന കെട്ടിടത്തിൻെറ മുറിയിൽ ഒളിച്ചിരുന്നു. തീ പടർന്നുപിടിച്ചു. പെണ്ണുങ്ങളുടെ കരച്ചിൽ കേട്ടു് അയൽവാസികരം ഓടിയെത്തിയപ്പോഴേയ്ക്കു് അടുക്കളപ്പുര ചാമ്പലായിക്കഴിഞ്ഞിരുന്നു. എല്ലാവരും അവുതേപ്പച്ചനെ അന്വേഷണമായി. അന്വേഷിച്ചു, കണ്ടെത്തിയില്ല. കതകിൽമുട്ടിയിട്ടു തുറക്കപ്പെട്ടില്ല, വിളിച്ചിട്ടു മറുപടികിട്ടിയുമില്ല. കള്ളനായ അവുതേപ്പച്ചൻ ഒരു വിദ്യപ്രയോഗിച്ചു. പുറവാതിലിൽക്കൂടി വെളിയിലിറങ്ങി, മുൻവശത്തേ കതകിനു് അകത്തുനിന്നു സാക്ഷായിട്ടശേഷം, അന്തരീക്ഷമെല്ലാം ശാന്തമായതോടെ അകലെ കെട്ടിയിരുന്ന ആടിനേയും പിടിച്ചുകൊണ്ടുവന്നു. ''ഏതപ്പാ കോതമംഗലം'' ''ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ'' എന്ന മട്ടിൽ. അവിടെയുണ്ടായിരുന്നവരെല്ലാം തിരക്കിട്ടു അന്വേഷണമായി. അഗ്നിബാധയ്ക്കു് ഹേതുവായ സംഗതി കണ്ടുപിടിക്കുന്നതിനു്.

എനിക്കു് ആറുവയസ്സായി. പാട്ടിനും പ്രസംഗത്തിനും സാമാന്യം കഴിവുള്ള ഞാൻ വീടിൻെറ മുററത്തിരുന്നു പാടുകയും ബാലന്മാരുടെ സമാജങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു.

''ഞാൻ പാടാനായി വന്ന പാട്ടു്
ഇതുവരെയും ഞാൻ പാടിയില്ല.

എൻെറ വീണയുടെ തന്ത്രികാം
കെട്ടിയും അഴിച്ചും എൻെറ
കാലമെല്ലാം കഴിഞ്ഞുപോയി.
ശരിയായ സമയം വന്നിട്ടില്ല.
പാട്ടും വേണ്ടപോലെയുള്ള
പദങ്ങാം ചേൎന്നതായിരുന്നില്ല.''

(ടാഗോർ)

ഇതറിഞ്ഞ ബ. വികാരിയച്ചൻ എന്നെ പുതിയ പാട്ടുകാം പഠിപ്പിച്ചു. ഒരു ദിവസം എൻെറ വീടിൻെറ അടുത്തുള്ള ഒരു മാവിൻെറ ചുവട്ടിൽ നിന്നുകൊണ്ടു് ഞാൻ ''കന്തീശാ ആലാഹാ, കന്തീശാ ഹൈൽസാനാ'' പാടുകയായിരുന്നു. അപ്പോാം വികാരിയച്ചൻ ആ വഴി വന്നു. പാട്ടുകേട്ടു് അദ്ദേഹം പറഞ്ഞു. ''പാടിക്കോ പാടിക്കോ, ഇരുപതുകൊല്ലംകഴിഞ്ഞു് നീ വൈദികനാകുന്നതിനും അപ്പോാം നന്നായി പാടുന്നതിനുമുള്ള കഴിവു് തരണമെന്നു ഇപ്പോാം ഈശോയോടു പ്രാൎത്ഥിക്കുക. ഈശോ നിൻെറ അപേക്ഷ കോംക്കാതിരിക്കയില്ല.

''എൻെറ ഹൃദയം ഒരുങ്ങി നിൽക്കുന്നു
ദൈവമേ, എൻെറ ഹൃദയം ഒരുങ്ങി.
ഞാൻ പാട്ടുപാടുകയും കീൎത്തനം
ആലപിക്കുകയും ചെയ്തു'' (സങ്കീ.57)

പാട്ടുപാടിക്കൊണ്ടിരുന്നപ്പോാം ഒരു മാമ്പഴം വീണു. ഇതുകണ്ടുനിന്ന എൻെറ സഹോദരപുത്രനും സഹപാഠിയും കൂട്ടുകാരനും കളിത്തോഴനുമായ പാപ്പച്ചൻ (പരേതനായ ആഭ്യന്തരമന്ത്രി പി.ററി.ചാക്കോ) ഓടിവന്നു മാങ്ങായെടുത്തു രണ്ടു കമ്മിയപ്പോഴേയ്ക്കു് മാങ്ങാഅണ്ടി മാത്രം ശേഷിച്ചു. ''അവുതേപ്പച്ചാ'' എന്നു് ആ കൂട്ടുകാരൻ വിളിച്ചു, 'എു' എന്നു ഞാൻ മറുപടിയും കൊടുത്തു. അപ്പോാം പാപ്പച്ചൻ ''അവുതേപ്പച്ചാ, അണ്ടികള

ക്കുട്ട പോ തൊണ്ടിൽച്ചെന്നു് വാ പൊളിയ്ക്കു്,'' എന്നു പറഞ്ഞു മാങ്ങാഅണ്ടി ഇടവഴിയിലേയ്ക്കു് എറിഞ്ഞു കഴിഞ്ഞു. അരിശവും അതോടൊപ്പം കൊതിയും പൂണ്ട ഞാൻ പറഞ്ഞു. ''എടാ മരപ്പട്ടിത്തലയാ, മരപ്പട്ടിയാടാ മാങ്ങാഅണ്ടി തിന്നുന്നതു്. നീ ഒരു മരപ്പട്ടിയാടാ''

ഒരു ഞായറാഴ്ചദിവസം അത്താഴം കഴിഞ്ഞു് അച്ഛനും മക്കളായ ഞങ്ങളും ഉല്ലസിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ ഒരു പാട്ടു് പാടുന്നതിനു് അച്ഛൻ ആവശ്യപ്പെട്ടു.

''സെഹിയോനിലെ ചില പാട്ടുകൾ പാടുവിൻ എന്നു് അവർ ആവശ്യപ്പെട്ടു.'' (സങ്കീ. 136)

''വികാരിയച്ചൻ കുർബാനയ്ക്കു പാടിയ സുറിയാനിപ്പാട്ടു് ഞാൻ പാടാം'' എന്നു പറഞ്ഞു പാടി. അച്ഛനു വളരെ ഇഷ്ടപ്പെട്ടു. ഞാനും അച്ഛനും തമ്മിൽ നടത്തിയ സംഭാഷണവും എൻെറ പാട്ടും ഏതാനുംവാര മാത്രം അകലെ സ്ഥിതിചെയ്തിരുന്ന പാപ്പച്ചൻെറ വീട്ടിൽ കേൾക്കാമായിരുന്നു. ഇതുകേട്ട പാപ്പച്ചൻെറ പിതാമഹൻ പാപ്പച്ചനോടു ഇപ്രകാരം പറഞ്ഞു. ''എടാ മോനേ, പാപ്പച്ചാ, നീ കേട്ടോ അങ്ങേ വീട്ടിലെ അവുതേപ്പച്ചൻ വികാരിയച്ചൻെറ പാട്ടുകുർബാനയിലെ പാട്ടുപാടുന്നതു്. വികാരിയച്ചൻെറ പ്രസംഗം എൻെറ മോൻ ഒന്നു പ്രസംഗിച്ചേ'' വള്ളിക്കും പുള്ളിക്കും വ്യത്യാസം വരുത്താതെ പാപ്പച്ചൻ പ്രസംഗിച്ചു. പിതാമഹൻ സന്തോഷിച്ചു, പാപ്പച്ചനു സമ്മാനവും കൊടുത്തു.

എൻെറ അഞ്ചാമത്തെ വയസ്സിൽ സഹോദരൻ ദേവസ്യാച്ചൻ ചങ്ങനാശ്ശേരി തോട്ടാശ്ശേരിൽ ദേവസിക്കുട്ടി

യുടെ മകശം ചാച്ചിയമ്മയെ വിവാഹം ചെയ്തു. ചെറുപ്പം മുതൽ ദേവസ്യാച്ചൻ വളരെയധികം ക്ലേശമനുഭവിച്ച് സ്വപ്രയത്നവും അദ്ധ്വാനവുംകൊണ്ടു സാമ്പത്തികമായും മററു പ്രകാരത്തിലും ഉയൻവന്ന വ്യക്തിയാണ്.

''നീ അദ്ധ്വാനിച്ച ഭക്ഷണം കഴിക്കുമ്പോശം
നീ ഭാഗ്യവാനാകുന്നു. തന്മൂലം
നിനക്കു് അഭിവൃദ്ധിയുണ്ടാകും''

(സങ്കീ. 127)

നാഷണൽ കോൺഗ്രസ്സിന്റെ സജീവപ്രവൎത്തകനായി പേരും പെരുമയും സമാർജ്ജിച്ച ബഹുമാന്യനും ജനസമ്മതനുമായ ഒരു അസാധാരണ മനുഷ്യനായിരുന്നു അദ്ദേഹം. വാഴൂർ നിയോജക മണ്ഡലത്തിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികശം വിജയിച്ചിരുന്നതു ദേവസ്യാച്ചന്റെ സാമ്പത്തിക സഹായവും സഹകരണവും കൊണ്ടായിരുന്നു. മലയാളം ഏഴാം ക്ലാസ്സ് വരെ മാത്രം പഠിച്ച അദ്ദേഹം ഒന്നാംതരം പ്രസംഗകനും നടനുമായിരുന്നു. സംഗീതത്തിലും ഇംഗ്ലീഷ്സംസാരിക്കുന്നതിലും വലിയ കഴിവില്ലായിരുന്നുവെന്നു മാത്രം. ഇടവകയിലെ ലീജിയൻ ഓഫ് മേരിയുടെ പ്രസിഡണ്ടു്, വിൻസൻറുഡിപോശം സംഘം പ്രസിഡണ്ടു്, കത്തോലിക്കാ കോൺഗ്രസ്സ് പ്രാദേശിക പ്രസിഡണ്ടു്, സഹകരണസംഘം പ്രസിഡണ്ടു്, വേദപാഠാധ്യാപകൻ എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചു. അദ്ദേഹത്തെപ്പോലെ ഇത്രയും ജോലികശം ഒരുമിച്ചോ, ഒന്നു തനിച്ചോ ഏറെറടുത്തു നടത്തുന്നതിനു് ഇന്നു് അദ്ദേഹത്തിന്റെ മക്കളിൽ ചിലരെങ്കിലും ഉണ്ടെന്നുള്ളതു് ചാരിതാൎത്ഥ്യജനകമത്രേ.

ചാച്ചിയമ്മയുടെ പെരുമാററം എന്നോടു് ഉണ്ടാകാൻ പോകുന്നതു് ഒരു രണ്ടാനമ്മയുടേതുപോലെയായി

രിക്കുമെന്നു നാട്ടുകാർ സംശയിച്ചു. അവർ സ്ക്കൂൾഫൈഫ നൽ ക്ലാസ്സിൻെറ താഴത്തെ ക്ലാസ്സുവരെ പഠനം നടത്തിയവരും ബുദ്ധിമതിയുമായിരുന്നു: ആഭിജാത്യമുള്ള ഒരു സ്ത്രീയേപ്പോലെ അവർ എന്നോടു വാത്സല്യപൂർവ്വം പെരുമാറി. എന്നാലും ഇളംപ്രായത്തിൽത്തന്നെ അമ്മ നഷ്ടപ്പെട്ട എന്നെ രണ്ടാനമ്മയോ ഏതെങ്കിലും ബന്ധുവോ എത്ര കാര്യമായി അന്വേഷിച്ചാലും ആ പരിചരണവും സംരക്ഷണവും മററും എനിക്കു ശരിയായ മാനസിക സംതൃപ്തി നൽകുകയില്ലല്ലോ. (മാത്രമല്ല, എൻെറ പ്രിയപ്പെട്ട സഹോദരികൾ എന്നെ താലോലിച്ചു വളർത്തിക്കൊണ്ടു വന്ന അവസരത്തിലാണു് ചാച്ചിയമ്മയുടെ ആഗമനം.) അല്ലാത്തപക്ഷം അതുപോലെ ഹൃദയവിശാലതയും മാനസികപക്വതയും ഉദാത്തമായ വീക്ഷണഗതിയും അവബോധവും ചാച്ചിയമ്മയ്ക്കു് ഉണ്ടായിരിക്കണം. വെറും പതിന്നാലുവയസ്സു മാത്രം പ്രായമുള്ള ചാച്ചിയമ്മയിൽ നിന്നും കിട്ടിയ അനുഭവം അപര്യാപ്തമായിരുന്നുവെന്നു് എനിക്കു തോന്നിയിട്ടുണ്ടെങ്കിൽ അതിനു് ആരെയും പഴിക്കേണ്ട ആവശ്യമില്ല. ഏതോ നിസ്സാരകാര്യത്തിനു ചാച്ചിയമ്മയുമായി ഞാൻ പിണങ്ങി. ഭർത്തൃഗൃഹത്തിലായിരുന്ന എൻെറ സഹോദരി കുട്ടിയമ്മയെ ഞാൻ വിവരമറിയിച്ചു. തൽക്കാലത്തേയ്ക്കു് ക്ഷമിക്കണമെന്നും, അതുകഴിഞ്ഞു് ക്രിസ്മസ്സ് മധ്യവേനൽ അവധി ദിവസങ്ങളിൽ എന്നെ പവ്വത്തിലേക്കു് കൊണ്ടുപോകുന്നതിനു സ്കറിയാച്ചനെ അയക്കാമെന്നും കാണിച്ചു് കുട്ടിയമ്മയുടെ എഴുത്തുകിട്ടി. ക്രിസ്മസ്സ് അവധിക്കാലത്തു സ്കറിയാച്ചൻ വന്നു് എന്നെ പവ്വത്തിലേയ്ക്കു് കൊണ്ടുപോയി. അന്നുമുതൽ എനിക്കു പതിനഞ്ചു വയസ്സാകുന്നതുവരെ അവധിക്കാലം ഞാൻ പവ്വത്തിൽ ചെലവഴിച്ചു. അനന്തരം ഹൈസ്ക്കൂൾ പഠനത്തിനു ചങ്ങനാ

ശ്ശേരിക്കു പോയി. സ്കറിയാച്ചൻെറ അപ്പൻ കുഞ്ഞാപ്പിച്ചേട്ടൻ, അമ്മ ഏലിമ്മ എന്നിവർ വളരെ നല്ലവർ. ഇരുവർക്കും പാട്ട് ഇഷ്ടമാണ്. തന്മൂലം, എന്നെക്കൊണ്ടു പാടിച്ചു. അവധികഴിഞ്ഞു് വീട്ടിലേക്കു് ഞാൻ തിരിച്ചു പോയപ്പോൾ കസവുമുണ്ടു്, പട്ടുനേരിയതു്, ഷർട്ടു് എന്നിവ സമ്മാനമായിത്തന്നു.

എനിക്കു 13 വയസ്സുള്ളപ്പോഴാണ് പവ്വത്തിൽ പാപ്പച്ചൻ (മാർ ജോസഫ് പവ്വത്തിൽ മെത്രാൻ) ജാതനായതു്. ശിശുവായ പാപ്പച്ചനെ എടുത്തു താലോലിക്കുന്നതു് എനിക്കു ഹോബിയായിരുന്നു. കാരണം, അപ്രകാരം വളർത്തുന്നതിനു് എനിക്കു് ഒരു കൊച്ചനുജനില്ലായിരുന്നല്ലോ. അന്നു് ആ പാപ്പച്ചൻ എന്നെ ജ്യേഷ്ഠസഹോദരനായിക്കരുതി പെരുമാറിയതുപോലെ ഇപ്പോൾ (അദ്ദേഹം ആദ്ധ്യാത്മികപിതാവായിത്തീർന്നപ്പോൾ) എന്നെ വലിയ മകനായിക്കരുതി അപ്പനെപ്പോലെ പ്രവത്തിക്കുന്നുവെന്നതു ചാരിതാത്ഥ്യജനകമത്രേ.

## പാചകക്കാരൻ

ഏഴുവയസ്സുള്ളപ്പോൾ ഞാൻ നെടുംകുന്നം ഗവർമെൻറു് സ്കൂളിലെ ഒന്നാം ക്ലാസ്സിൽ ചേർന്നു. അവധിദിവസങ്ങളിലും മററു സമയങ്ങളിലും അടുക്കളജോലിയിൽ അമ്മാമ്മയെ (ജ്യേഷ്ഠത്തിയെ അപ്രകാരമാണു ഞാൻ വിളിച്ചിരുന്നതു്) സഹായിച്ചു. അന്നു പഠിച്ച പാചകവൃത്തി വൈദികനായശേഷം വേലക്കാരനില്ലാതിരുന്ന അവസരങ്ങളിൽ പലപ്പോഴും ഉപകാരപ്രദമായി അനുഭവപ്പെട്ടു. അമേരിക്കൻപര്യടന വേളയിൽ

ഈ സാമത്ഥ്യം ന്യൂയോക്ക് പള്ളിയിലെ കുശിനിയിൽ പ്രകടിപ്പിച്ചതു് വികാരി മോൺ. വിൻസൻറു് ജൂലിയനും സഹപ്രവത്തകരായ വൈദികർക്കും ആശ്ചര്യമുളവാക്കി.

## 'നീ ഒരു മണ്ടനാ'

ഞാൻ ബാലനായിരിക്കവേ, അഛൻെറ കൂടെ കൃഷിപ്പണിയിലും മററും ഏർപ്പെടുക പതിവായിരുന്നു. പക്ഷേ, അഛനു് എൻെറ പണികൾ ഇഷ്ടപ്പെട്ടില്ല. ഒരിക്കൽ ആ നല്ല അഛൻ, അപ്പൻേറയും അമ്മയുടേയും സ്ഥാനം വഹിക്കുന്ന ആ പിതാവു് എന്നോടിപ്രകാരം പറഞ്ഞു. 'എൻെറ മോനെ, നിൻെറ കാര്യമോർത്തു മാത്രമേ എനിക്കു വിഷമമുള്ളു. നിന്നെക്കൊണ്ടു ഒന്നിനും കൊള്ളുകയില്ല. നീ ഒരു മണ്ടനാ. നിൻെറ ഭാവിയോർത്തു ഞാൻ ഭയപ്പെടുന്നു.'' ഞാൻ ചുട്ടമറുപടി കൊടുത്തു. 'അഛനു് എൻെറ പ്രായമുണ്ടായിരുന്നപ്പോൾ അഛൻെറ അപ്പൻ അഛനെപ്പററിയും ഇപ്രകാരം പറഞ്ഞിട്ടില്ലേ? അതുകൊണ്ടു് അഛനെപ്പോലെ ഒരു മണ്ടനായിരുന്നാൽ മതിയെന്നാണു് എൻെറ ആഗ്രഹം'' കാലത്തിൻെറ മറിച്ചിലുകളിലൂടെ, തിരിച്ചിലുകളിലൂടെ അപ്പനെപ്പോലെ ഞാൻ 'മണ്ട'നായി. ദൈവാനുഗ്രഹത്താൽ എനിക്കറിയാൻ പാടില്ലാത്ത ജോലികൾ വളരെ ചുരുക്കമാണു്. കുശിനിജോലി മുതൽ ഗ്രന്ഥരചനവരെയും അവിടം മുതൽ അൾത്താരവരെയുമുള്ള ഏതൊരു ജോലിക്കും ഞാൻ ഒരുവിധം പ്രാപ്തനാണു്. എന്നാൽ സത്യവും നീതിയും തീണ്ടിയിട്ടില്ലാത്തവരേയും അതുപോലെയുള്ള സാഹചര്യങ്ങളേയും ഞാൻ വകവയ്ക്കുകില്ല. തന്മൂലം, ജനപ്രീതി സമ്പാദിക്കാനും അധികാരവലയിലെ ഇഷ്ടപ്പെട്ട മത്സ്യമാകാനും തദ്വാരാ ഉന്നതനിലയിൽ എത്തിച്ചേരാനും എനിക്കു

സാധിച്ചിട്ടില്ല. അപ്രകാരമുള്ള സ്ഥാനങ്ങൾ ഞാൻ വലു തായിക്കരുതുന്നില്ല. ഉദാഹരണമായി, വൈദികനായ വർഷം നെടുങ്കുന്നത്തു ഹൈസ്കൂൾ തുടങ്ങി. അവിടെ ഹെഡ്മാസ്റ്ററോ ടീച്ചറോ ആയി ജോലിചെയ്യുന്നതിനു് അഭിവന്ദ്യ കാളാശേരി മെത്രാൻ ആവശ്യപ്പെട്ടു. ഞാൻ സമ്മതിച്ചില്ല. കോളേജ്ഹോസ്റ്റലിന്റെ വാർഡൻ ബിരുദധാരി ആയിരുന്നാൽ മാത്രമേ ഹോസ്റ്റലിനു ഗവർമെൻറിൽ നിന്നും ഗ്രാൻറു് ലഭിക്കുകയുള്ളു. അക്കാലത്തു് ബിരുദമുള്ള വൈദികരെല്ലാം അദ്ധ്യാപകവൃത്തി ഇഷ്ടപ്പെട്ടിരുന്നതിനാൽ വാർഡനാകുന്നതിനു രണ്ടു പ്രാവശ്യം എന്നോടാവശ്യപ്പെട്ടു. ഞാൻ സമ്മതിച്ചില്ല. വലിയ പള്ളിയിൽ ജോലിചെയ്യുന്നതിനു മെത്രാനച്ചൻ ആവശ്യപ്പെട്ടെങ്കിലും ഞാൻ സമ്മതിച്ചില്ല. ചെറിയ ഇടവകകളും സാമ്പത്തികകഴിവില്ലാത്ത വിശ്വാസികളുമാണു നല്ലതെന്നു് എനിക്കഭിപ്രായമുണ്ടായിരുന്നതുകൊണ്ടു് ചെറിയ ഇടവകകളിൽ മാത്രമേ ഞാൻ വികാരിയായി ജോലിചെയ്തിട്ടുള്ളു.

ഞാൻ ബാലനായിരിക്കവേ എന്റെ വീട്ടിൽ ജോലിക്കാരായി പ്രവർത്തിച്ചുപോന്ന ഈഴവരായ കൊച്ചുകുട്ടി, രാമൻ, പാപ്പൻ, ഗോപാലൻ, മാധവൻ എന്നിവരും കറുകച്ചാൽ തോമ്മാ, എടമുറി വറുഗീസ്, ഉരുപ്പക്കാട്ടു അപ്പ എന്നിവരും നല്ലവരും യജമാനസ്നേഹമുള്ളവരുമായിരുന്നു. അവരുമായിട്ടുള്ള എന്റെ സമ്പർക്കമാണു് ഭാവിജീവിതത്തിൽ സാധുക്കളോടുള്ള സ്നേഹത്തിനും വിവിധ മതസ്ഥരോടുള്ള ഐക്യമേനിക്കൽ സമീപനത്തിനും വഴിതെളിച്ചതു്. നമ്മുടെ ജീവിതയാത്രയിൽ പരിചയപ്പെടാനിടയാകുന്ന ആളുകളും അവരിൽ നിന്നുണ്ടാകുന്ന അനുഭവങ്ങളും നാമറിയാതെതന്നെ നമ്മുടെ മനസ്സിൽ പതിയുന്നു. അനുകരണഭ്രമം, അതെല്ലാവരി

ലുമുള്ള നൈസർഗ്ഗിക ഗുണമാണു്. ഒരാൾ ചെയ്യുന്നതു് നന്നെന്നുകണ്ടാൽ. 'എനിക്കും അതു ചെയ്യാലെന്നു്' എന്നു തോന്നും. അതു വളർച്ചയുടെ ലക്ഷണമാണു്. ബാല്യകാലത്തു് ഈ നല്ല സുഖക്കേടു് ബാധിച്ചതു മൂലമാണു് ചിലർ നല്ല നടരും ഗായകരും കവികളും ശാസ്ത്രജ്ഞന്മാരുമൊക്കെയായിത്തീർന്നതു്.

ഈ സ്വഭാവമാണു്, മാവിൻചുവട്ടിൽ ഞാൻ മാമ്പഴം പെറുക്കിക്കൊണ്ടു നില്ക്കവേ, വികാരിയച്ചന്റെ പാട്ടുകുർബാനയിലെ പാട്ടുകൾ പാടുന്നതിനു പ്രേരണ നൽകിയതു്. ഈ അനുകരണഭ്രമമാണു് പതിമമൂന്നു ഗ്രന്ഥങ്ങൾ രചിക്കുന്നതിനു് എനിക്കവസരമുണ്ടാക്കിയതു്. ഞാൻ തേഡ്ഫോമിൽ പഠിക്കുമ്പോൾ കോട്ടയം തിരുഹൃദയക്കുന്നിൽ ഒരു ദു:ഖവെള്ളിയാഴ്ച അഭിവന്ദ്യ ചൂളപ്പറമ്പിൽ മെത്രാൻ ജറുസലത്തെപ്പററിയുള്ള വിവരങ്ങൾ നൽകിക്കൊണ്ടു പ്രസംഗിക്കുന്നതുകേട്ടു. അതാണു് എനിക്കു് യൂറോപ്യൻ പര്യടനം നടത്തുന്നതിനും പൗരോഹിത്യസ്വീകരണസ്മാരകമായി നെടുംകുന്നംപള്ളിയുടെ മുൻവശത്തു സ്ലീവാപ്പാതരൂപങ്ങൾ സ്ഥാപിക്കുന്നതിനും പ്രേരകമായിത്തീർന്നതു്.

## പ്രഥമദിവ്യകാരുണ്യ സ്വീകരണം

ഏഴാമത്തെ വയസ്സിലായിരുന്നു എന്റെ പ്രഥമദിവ്യകാരുണ്യസ്വീകരണവും സ്ഥൈര്യലേപനവും നടന്നതു്. രണ്ടും നൽകിയതു് അഭിവന്ദ്യകുര്യാളശ്ശേരിൽ തോമ്മാമെത്രാൻ തിരുമനസ്സുകൊണ്ടാണു്. അദ്ദേഹം വിസീത്തയ്ക്കു വരുന്നതിനു് ഒരാഴ്ച മുമ്പുതന്നെ വികാരിയച്ചൻ അഞ്ഞൂറു കുട്ടികളെ ഒരുക്കി. ഇന്നത്തെപ്പോലെ റോഡുകളോ ബസ്സ്സർവീസ്സോ അന്നു് നെടുങ്കുന്നത്തിനും

ചങ്ങനാശ്ശേരിക്കുമിടയ്ക്കില്ലായിരുന്നു. കുന്നും കുഴിയും ചെളിയും പിടിച്ച റോഡ്; കാളവണ്ടികൾ വളരെ വിഷമിച്ചു പോകാമെന്നു മാത്രം. ഇപ്രകാരമുള്ള സാഹചര്യത്തിൽ ഒരു വില്ലുവണ്ടിയിലാണ് തിരുമേനി നെടുങ്കുന്നത്ത് എത്തിയത്. കുരിശടിയിൽ സജ്ജീകരിക്കപ്പെട്ടിരുന്ന പൂപ്പന്തലിൽ അദ്ദേഹം ആസനസ്ഥനായി. അന്നത്തെ പാട്ടുകാർ ഞാനും എൻെറ വത്സലപിതാവുമായിരുന്നു. അപ്പൻ ഫിഡിൽ വായിച്ചു. ഞാൻ തമ്പേറും തിരിയാംകോലും ഉപയോഗിച്ചു. തിരുക്കർമ്മങ്ങളെല്ലാം കഴിഞ്ഞു തിരുമേനി കാപ്പികുടിക്കവേ, വികാരിയച്ചനോടിപ്രകാരം പറഞ്ഞു. ''പൂപ്പന്തലിൽ ഫിഡിൽ വായിച്ച ആളിനേയും അയാളുടെകൂടെ പാട്ടുപാടിയ ബാലനേയും എൻെറ പക്കൽ കൊണ്ടുവരിക'' അതനുസരിച്ച് ഞങ്ങൾ തിരുമേനിയുടെ അടുക്കലെത്തി. വൈദികനാകുന്നതിനുള്ള സാഹചര്യങ്ങൾ എനിക്കു ഉണ്ടാക്കിക്കൊടുക്കണമെന്ന് എൻെറ അപ്പനോടു തിരുമേനി പറഞ്ഞു. ''വൈദികനാകാൻ അവൻ ഇഷ്ടപ്പെടുന്നെങ്കിൽ പൊയ്ക്കൊള്ളട്ടെ'' എന്ന് അപ്പൻ മറുപടിയും കൊടുത്തു. അനന്തരം തിരുമേനി എൻെറ ശിരസ്സിൽ കൈവച്ചനുഗ്രഹിച്ചു. ആ അനുഗ്രഹമായിരിക്കണം 26 വർഷങ്ങൾക്കുശേഷം ഞാൻ വൈദികനാകുന്നതിനു വഴിതെളിച്ചത്. ഗുരുപ്പട്ടസ്വീകരണ സമയം അഭിവന്ദ്യ കാളാശ്ശേരി മെത്രാൻ എൻെറ ശിരസ്സിൽ കൈവച്ച് എന്നെ അഭിഷേചിച്ചപ്പോൾ ബാലനായ എൻെറ ശിരസ്സിൽ കുര്യാളശ്ശേരിത്തിരുമേനി കൈവച്ചനുഗ്രഹിച്ച സംഭവം ഞാൻ ഓർത്തു.

പ്രഥമദിവ്യകാരുണ്യസ്വീകരണം വഴി സ്നേഹത്തിൻെറ കൂദാശ ഞാൻ സ്വീകരിച്ചു. ഇത് ഈശോയുമായുള്ള സംയോജനത്തിൻെറ കൂദാശയാണല്ലോ. എന്നെ

ഈശോയുടെ മിത്രമാക്കിത്തീർത്ത കൂദാശയാണിതു്. ഇതു വഴി ഞാൻ മിശിഹായുടെ ശരീരവും രക്തവും സ്വീകരിച്ചെന്നുമാത്രമല്ല മിശിഹാ വസിക്കുന്ന കുസ്തോദിയുമായി ത്തീർന്നു.

''സ്വർഗ്ഗദൂതന്മാർ വീക്ഷിക്കുന്നതിനു കൂടെയും
ശങ്കിക്കുന്ന ആ കർത്താവിനോടുകൂടി
നാം ഏകബന്ധമായിത്തീരുന്നു.
അയാളിൽ ഒരു മാംസവും രക്തവുമായി
നാം രൂപാന്തരപ്പെടുകയും ചെയ്യുന്നു''

(വിശുദ്ധ ക്രിസോസ്റ്റോം)

ജസേബേലിൻെറ കോപം മൂലം ക്ഷീണിച്ച ഏലീജായ്ക്കു് ചൂടുപിടിച്ച കല്ലിന്മേൽ പൊരിച്ചെടുക്കപ്പെട്ട അപ്പം ശക്തിയും ഉന്മേഷവും നൽകിയതുപോലെ പൈശാചികപ്രലോഭനങ്ങളുടെ ആക്രമണം മൂലം ക്ഷീണിതമായ എൻെറ ആത്മാവു് ദിവ്യകാരുണ്യസ്വീകരണം വഴി ശക്തിപ്രാപിച്ചു. പട്ടണത്തെ ആക്രമിക്കാനെത്തിയ സാരസൻസൈന്യത്തെ അസീസിക്കുന്നിൻെറ മുകളിൽ നിന്നുകൊണ്ടു് വിശുദ്ധ ക്ലാര തൻെറ കരങ്ങളിൽ ഉയർത്തിയ തിരുവോസ്തി മുഖേന ഓടിച്ചതുപോലെ, പിശാചിൻെറ ആക്രമണത്തെ ചെറുത്തു നിൽക്കുന്നതിനു വിശുദ്ധ കുർബാന മനുഷ്യാത്മാവിനെ ശക്തമാക്കുന്നു. അസ്സീസിയിലെ കത്തീഡ്രൽ ദേവാലയഭിത്തിയിൽ ചിഹ്നങ്ങൾവഴി വിശുദ്ധ കുർബാന രേഖപ്പെടുത്തിയിട്ടുണ്ടു്. ആ ചിഹ്നത്തിൻെറ മുമ്പിൽ ഒരു കഴുകൻെറയും സിംഹത്തിൻേറയും ചിത്രങ്ങളുണ്ടു്. കഴുകൻെറപറക്കലും സിംഹത്തിൻെറ ശക്തിയും വിശുദ്ധ കുർബാനയുടെ സ്വീകരണം വഴി ലഭിക്കുന്ന വരങ്ങളാണെന്നാണു് അതിൻെറ സൂചന.

എൻെറ ഈശോയേ, നിന്നെ ഞാൻ ആദ്യമായി സ്വീകരിച്ച ദിവസവും വിനാഴികയും എത്ര ശ്രേഷ്ഠം! അതോർക്കുമ്പോഠം എൻെറ ഹൃദയം സന്തോഷവും നന്ദിയും മൂലം നിറയുന്നു. അതിനുശേഷം പലപ്രാവശ്യവും ഞാൻ നിന്നെ സ്വീകരിച്ചു. ഞാൻ വൈദീകനായ ശേഷം ഞാൻ തന്നെ കുദാശചെയ്തു് അപ്പത്തേയും വീഞ്ഞിനേയും നിൻെറ തിരുശരീരവും തിരുരക്തവുമായി രൂപാന്തരപ്പെടുത്തുന്നു. എൻെറ കരങ്ങഠംകൊണ്ടുതന്നെ എടുത്തു് എല്ലാദിവസവും നിന്നെ ഞാൻ സ്വീകരിക്കുന്നു. ഞാൻ ബാലനും വൈദികവിദ്യാർത്ഥിയുമായിരിക്കവേ കുർബാനസ്വീകരണത്തിൽ എനിക്കുണ്ടായിരുന്ന ഭക്തിയും തീക്ഷ്ണതയും ഇപ്പോഴില്ലെങ്കിൽ എൻെറ സ്ഥിതി എത്ര പരിതാപകരം! ദിവസംതോറും ഞാൻ എൻെറ സ്നേഹിതനെ കാണുകയും അദ്ദേഹത്തിൻെറ ആതിഥേയനായി വർത്തിക്കുകയും ചെയ്യുന്നതുമൂലം അദ്ദേഹവുമായുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെ എൻെറ ബലിയർപ്പണവും ദിവ്യകാരുണ്യസ്വീകരണവും വഴി നിന്നോടുള്ള സ്നേഹം വർദ്ധിക്കേണ്ടതല്ലേ? അതിനാൽ കൂടുതൽ ഭക്തിയോടെ നിന്നെ സ്വീകരിക്കുന്നതിനു് എന്നെയും എനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളെയും യോഗ്യരാക്കണമേ.

## സ്ഥൈര്യലേപനസ്വീകരണം

''ആത്മാവു് പവിത്രീകരിക്കപ്പെടുന്നതിനു വേണ്ടി മാംസം തൈലത്താൽ പൂശപ്പെടുന്നു. ആത്മാവു് ബലപ്പെടുന്നതിനു വേണ്ടി മാംസം അടയാളപ്പെടുത്തുന്നു. പരിശുദ്ധാത്മാവിനാൽ ആത്മാവു് പരിഷ്ക്കരിക്കപ്പെടുന്നതിനു വേണ്ടി മാംസം, കൈകഠം വയ്ക്കുന്നതിനാൽ, നിഴലിക്കപ്പെടുന്നു.''

(തെർത്തുലിയൻ)

സ്ഥൈര്യലേപനം വഴി പരിശുദ്ധാരൂപിയെ പൂർണ്ണമായി ഞാൻ സ്വീകരിച്ചു. ഒരു മനുഷ്യൻെറ കഴിവുകളും ബുദ്ധിയും ശിശുവായിരിക്കുന്ന കാലംമുതൽ അവനിലുണ്ടു്. പക്ഷേ, അവ വികസനം പ്രാപിക്കുന്നതു് പ്രായമാകുമ്പോഴാണു്. ഒരുവനിലെ അമാനുഷികശക്തി മാമ്മോദീസാവഴി അവനിൽ പ്രവേശിക്കുമെങ്കിലും സ്ഥൈര്യലേപനം വഴി മാത്രമേ വികസനവും അഭിവൃദ്ധിയും പ്രാപിക്കയുള്ളു.

ചിലതരത്തിൽപ്പെട്ട എണ്ണകൾ ശരീരത്തിനു കുളിർമ പ്രദാനം ചെയ്യുന്നു. മുറിവുകൾ ഭേദമാക്കുന്നു. ഇപ്രകാരം സാധാരണ എണ്ണ വിവിധതരത്തിൽ ഉപകാരപ്രദമാകുമെങ്കിൽ സ്ഥൈര്യലേപനത്തിനു് ഉപയോഗിക്കുന്ന ഒലിവെണ്ണ ആത്മാവിനു നൽകുന്ന ഗുണങ്ങൾ അനവധിയത്രേ. പരിശുദ്ധറൂഹാ പ്രകാശത്തിൻെറ അരൂപിയാണു്. കൂടാതെ ബുദ്ധി ജ്ഞാനം എന്നിവ പരിശുദ്ധാരൂപിവഴി വികസിക്കുന്നു. സ്ഥൈര്യലേപനം സ്വീകരിക്കുന്ന ആളിൻെറ വലതുചെകിടിൽ കാർമ്മികൻ ചെറുതായി അടിക്കുന്നു. ഇതു പുരാതനമായ ആചാരമാണു്. (മധ്യശതകങ്ങളിൽ ചക്രവർത്തി തൻെറ പ്രജകളിലൊരാളെ മാടമ്പി(Knight)യായി വാഴിക്കുന്ന അവസരത്തിൽ അയാളുടെ ചെകിടിൽ വാൾകൊണ്ടു സ്പർശിക്കുക പതിവായിരുന്നു.) സ്ഥൈര്യലേപനം സ്വീകരിക്കുന്ന വ്യക്തി ദൈവപുത്രൻ മാത്രമല്ലാ ക്രിസ്തുവിൻെറ പടയാളികൂടിയാണെന്നു് ഈ ആചാരം സൂചിപ്പിക്കുന്നു.

> ''മിശിഹായിൽ നിങ്ങളോടുകൂടെ ഞങ്ങളെ സ്ഥിരീകരിക്കുന്നതും അഭിഷേകം ചെയ്തിരിക്കുന്നതും ദൈവമാകുന്നു. അവിടുന്നു് നമ്മിൽ തൻെറ ആത്മാവിനെ പകരുകയും ചെയ്തിരിക്കുന്നു''
>
> (2. കൊറി. 1:21)

# വിദ്യാഭ്യാസം

ഞാൻ ഏഴാമത്തെ വയസ്സിൽ നെടുംകുന്നം ഗവർമെൻറു പ്രൈമറി സ്കൂളിൽ ഒന്നാം ക്ലാസ്സിൽ ചേർന്നു പഠനം തുടങ്ങി. അന്നത്തെ അദ്ധ്യാപകനായിരുന്ന കാട്ടൂർ ചാക്കോസാർ. എന്നെ സമർത്ഥനാക്കിത്തീർക്കുന്നതിനു വളരെ ശ്രദ്ധപതിച്ചു. അക്കാലത്തു് ഒരു ക്ലാസ്സിലെ എല്ലാ വിഷയങ്ങളും പഠിപ്പിച്ചിരുന്നതു് ഒരാരം തന്നെയാണു്. ഓരോ അദ്ധ്യാപകനും ഒന്നാംക്ലാസ്സു മുതൽനാലാം ക്ലാസ്സു വരെ പഠിപ്പിച്ചശേഷം വീണ്ടും ഒന്നാംക്ലാസ്സിൽ തുടങ്ങുന്നു. ഞാൻ ഒന്നാം ക്ലാസ്സിൽ ചേർന്നപ്പോരം ചാക്കോസാർ ഒന്നാം ക്ലാസ്സിലാണു പഠിപ്പിച്ചിരുന്നതു്. തന്മൂലം, നാലാം ക്ലാസ്സുവരെ അദ്ദേഹം തന്നെയായിരുന്നു എൻെറ അദ്ധ്യാപകൻ. അദ്ദേഹം കുട്ടികളെ ശിക്ഷിച്ചിരുന്നതു് അവരുടെ പാദത്തിൽ അടിച്ചുകൊണ്ടാണു്. ശരിയായി പഠിക്കാതെ ക്ലാസ്സിൽ വരികയോ മററുകുററങ്ങരം കാണിക്കയോ ചെയ്യുന്ന കുട്ടികരം അവരുടെ മുട്ടിനുതാഴെ തന്നെത്താൻ അടിക്കണമെന്നായിരുന്നു സാറിൻെറ നിയമം. കാൽപ്പാദത്തിൽ അടിക്കുന്നതിനു പകരം കുസൃതിക്കുട്ടികരം മുട്ടിനുമീതെയുള്ള മുണ്ടിന്മേൽ അടിച്ചിരുന്നു. ഇതു മനസ്സിലാക്കിയ ചാക്കോസാർ വടിവാങ്ങിച്ചു് ശരിയായി പ്രയോഗിച്ചു. കണക്കിൽ (Arithmetic) പിന്നോക്കമായിരുന്ന ഞാൻ പലപ്പോഴും സാറിൻെറ അടിവാങ്ങിച്ചു. അതു വാങ്ങിക്കാതിരിക്കുന്നതിനു ഞാൻ പലപ്പോഴും ഒരു സൂത്രംപ്രയോഗിച്ചു. ഞങ്ങളുടെ പീടികയിൽ ശമ്പളക്കാരായിരുന്ന മുട്ടത്തു യോഹന്നാൻ ചേട്ടനോടും തത്തകാട്ടു കുട്ടിച്ചായനോടും എലവുങ്കൽ കൊച്ചപ്പിച്ചായനോടും അച്ഛനറിയാതെ, ഗാലിപ്പുകയില, കൽക്കണ്ടം, മുന്തിരിങ്ങ എന്നിവ വാങ്ങി ഞാൻ സാറിനു കൊടുത്തു. അതു കൊടുത്തിരുന്ന ദിവസം എന്നെ കൂടുതലായി സാർ അടി

ച്ചു. എൻെറ സൽസ്വഭാവവും കഴിവും മനസ്സിലാക്കിയ ചാക്കോസാർ ഭാവിയിൽ എന്നെ കൂടുതൽ സമർത്ഥനാക്കുന്നതിനും നല്ല നിലയിലെത്തിക്കുന്നതിനും വേണ്ടിയാണു് അപ്രകാരം ശിക്ഷിച്ചിരുന്നതെന്നു് എനിക്കു പിന്നീടു് മനസ്സിലായി.

## പൊതുക്കാര്യപ്രസക്തൻ

ബാലനായ ഞാൻ പുസ്തകപ്പുഴുവായിരുന്നില്ല. അക്കാലത്തു് വിദ്യാർത്ഥിസമാജം എന്നപേരിൽ ഒരു സംഘടന നെടുങ്കുന്നം ഇടവകയിൽ ജന്മമെടുത്തു. അതിൻെറ ആരംഭകാലത്തെ പ്രവർത്തകർ ശ്രീ. പി. സി. ജോൺ ബി. എ, പരേതനായ ശ്രീ. കെ. ജെ. സിറിയക്കു് എം. എ. ബി. എൽ എന്നിവരായിരുന്നു. അനന്തരം അതു സി. ഏ. സി. ആയി രൂപാന്തരപ്പെട്ടു. അപ്പോ‍ാംമുതൽ ശ്രീ. പി. ജെ. ജോൺ ബി. ഏ. എൽ. റ്റി, പി. ജെ. മാമ്മൻ, എം. ഒ. ജോസഫ്, ജോസഫ് കാരുവേലി, എം. കെ. ചെറിയാൻ, ആലുങ്കൽ മത്തായി എന്നിവരും സജീവാംഗങ്ങളായി. സംഘടനയുടെ കീഴിലുള്ള വായനശാലയുടേയും ലൈബ്രറിയുടേയും ഉന്നമനത്തിനു വേണ്ടി ഇടവകമുഴുവൻ നടന്നു പണപ്പിരിവു് നടത്തണമെന്നു് സംഘാംഗങ്ങൾ നിശ്ചയിച്ചു. പാൽ കറന്നെടുത്ത പശുവിൻെറ അകിടിൽനിന്നും കൂടുതൽ പാൽ ലഭിക്കുന്നതിനു സംഗീതപ്രയോഗം മൂലം കഴിയുമെന്നു ബുദ്ധിശാലിനിയായ ഗൃഹനായിക മനസ്സിലാക്കുന്നു. തന്മൂലം, മക്കളെ തൊഴുത്തിനു സമീപം നിറുത്തി അവർ ചിലപ്പോൾ പാടിക്കാറുണ്ടു്. ആ പ്രയോഗംതന്നെ സംഗീതത്തിനു കഴിവില്ലാതിരുന്ന സംഘടനാംഗങ്ങളിൽ ചിലരും പ്രാവർത്തികമാക്കി. പക്ഷേ, അവരുടെ പാട്ടു് ഇടവകക്കാരെ വശീകരിക്കാൻ പ്രാപ്തമായില്ല. തന്മൂലം,

എന്നെയും തെങ്ങോലി ചെറിയാച്ചനേയും അവർ ക്ഷണിച്ചു. ഞങ്ങാം ക്ഷണം സ്വീകരിച്ചു. പാട്ടുപാടി ഇടവക ക്കാരെ സന്തോഷിപ്പിച്ചു. കൂടുതൽ ധനസഹായം ലഭിച്ചു. അതിനുവേണ്ട ഗാനം രചിച്ചു തന്നതു് കാട്ടൂർ ചാക്കോസാർ ആയിരുന്നു. അതിപ്രകാരമായിരുന്നു:

''മംഗലശീലരാം മാന്യരേ, വന്ദനം
ഞങ്ങാം ഇന്നെന്തിനു വന്നെന്നറിയാമോ?
നന്മയോടീമിസ്സും വാണുവിളങ്ങിയ
നമ്മുടെ താതനാം മാർത്തോമ്മാമെത്രാന്റെ
നിമ്മലജൂബിലിസ്മാരകമായഹോ
ബാലകരാം ഞങ്ങാംമുന്നമേറുന്നതിൽ
ചേലോടുസ്ഥാപിച്ച വായനശാലയ്ക്കു
കാലോചിതമായ പുഷ്ടിവരുത്തുവാൻ
ആകയാലൊത്താശ ഞങ്ങാംക്കുതാങ്കളും
ആകവോളം ചെയ്തുതന്നീട വേണമേ''.

## മിഡിൽസ്കൂൾ

പതിനൊന്നാമത്തെ വയസ്സിൽ ഞാൻ കറുകച്ചാൽ എൻ. എസ്. എസ്. മിഡിൽസ്കൂളിലെ പ്രിപ്പയാററി ക്ലാസ്സിൽ ചേർന്നു. സഹപാഠികളിൽ ചിലർ പി. ററി. ചാക്കോ, പി. വി. പോഠം, ററി. വി. സേവ്യർ, അറയ്ക്കൽ വാസുദേവൻനായർ, സി. ഔസേപ്പ്, ഡി മത്തായി, പി. ജെ. ചെറിയാൻ എന്നിവരാണു്. ഞങ്ങളുടെ ഹെഡ്മാസ്റ്റർ കൈനിക്കര ശ്രീ. പത്മനാഭപിള്ള ബി. ഏ. എൽ. ററി.; അദ്ദേഹത്തിന്റെ കണ്ണുകളിലെ തീക്ഷ്ണപ്രകാശവും കരുത്തുററ ആ ശബ്ദത്തിന്റെ ഗാംഭീര്യവും മേൽമീശയും ഖദർവസ്ത്രവും മങ്ങൽതട്ടാതെ ഇന്നും

ഞ്ഞാൻ കൺമുമ്പിൽ കാണുന്നു. ഞാൻ അദ്ദേഹത്തിന്റെ ഏററംപ്രിയപ്പെട്ട ശിഷ്യനായിരുന്നു. തന്മൂലം, എന്നിലുള്ള മൃഗീയത അദ്ദേഹം തപ്പിയെടുത്തു ദൂരെയെറിഞ്ഞു. എന്നിലുള്ള മനുഷ്യത്വത്തിന്റെ കഷണങ്ങളാം പെറുക്കിയെടുത്തു് അദ്ദേഹത്തെപോലെ നടൻ, പന്തുകളിക്കാരൻ, പ്രസംഗകൻ, ഗായകൻ, ഗ്രന്ഥകാരൻ എന്നീ നിലകളിൽ എന്നെ എത്തിച്ചു. താൻ പഠിപ്പിച്ചിരുന്ന വിഷയങ്ങളിലുള്ള അഗാധനൈപുണ്യം, അദ്ധ്യാപനപാടവം, വിദ്യാർത്ഥികളോടുള്ള സ്നേഹം, കൃത്യനിഷ്ഠ, കുട്ടികളുടെ നല്ലവളർച്ചയ്ക്കു് ഉതകുന്ന പെരുമാററം എന്നിവകൊണ്ടു ശ്രീ. പത്മനാഭപിള്ള സർവ്വർക്കും ആരാധ്യനായിരുന്നു. വാതരോഗിയായി തളർന്നു തിരുവനന്തപുരം പേട്ടയിലുള്ള വസതിയിൽ കഴിയവേ ഞാൻ പോയിക്കണ്ടു. ''അച്ചാ, അങ്ങയെ ഇപ്രകാരം വിളിക്കുന്നതിനു് എനിക്കവസരമുണ്ടാകുമെന്നു് അങ്ങു് കറുകച്ചാൽ സ്കൂളിൽ എന്റെ ശിഷ്യനായി പഠിച്ചിരുന്നപ്പോഴേ ഞാൻ നിശ്ചയിച്ചതാണു്''. ഇതുകേട്ട ഞാൻ സ്നേഹം തുളുമ്പുന്ന ആ മുഖത്തു ചുംബിച്ചു. തത്സമയം അദ്ദേഹം പറഞ്ഞു: ''എന്റെ മേൽമീശ അച്ചനെ വേദനപ്പെടുത്തിയോ?''

കറുകച്ചാൽ മിഡിൽ സ്കൂളിലെ എന്റെ അദ്ധ്യാപകർ തെങ്ങുംമൂട്ടിൽ വറുഗീസ്, വാഴവേലിൻ വേലുക്കുട്ടൻ നായർ, തടത്തിൽ ഗോവിന്ദപ്പിള്ള, അറക്കൽ മാധവൻ നായർ, ചമ്പക്കര ശങ്കരപ്പിള്ള, വഞ്ചിയൂർ കൃഷ്ണപിള്ള എന്നിവരായിരുന്നു. ഇവരിൽ അവസാനത്തെ മൂന്നുപേർ മാത്രമേ ജീവിച്ചിരിപ്പുള്ളു. ശരിയായി പഠിപ്പിക്കുന്നതിലും അച്ചടക്കം പാലിക്കുന്നതിലും എല്ലാ അദ്ധ്യാപകരും ശ്രദ്ധപതിച്ചിരുന്നു.

പ്രിപ്പയാററററി ക്ലാസ്സിൽ ഞാൻ പഠിക്കുമ്പോൾ എൻെറ സഹോദരി ഏലിമ്മയെ ഇടിഞ്ഞില്ലത്തു കളരിക്കൽ മത്തായിച്ചൻ വിവാഹം കഴിച്ചു. ഏലിമ്മയുടെ വിവാഹത്തിനുമുമ്പ് മത്തായിച്ചൻെറ മാതാപിതാക്കന്മാർ മരിച്ചുപോയി. സീമന്ത സഹോദരൻ ശ്രീ. കെ.കെ. ഫിലിപ്പ് ബി.ഏ.ബി.എൽ കുടുംബസമേതം കോട്ടയത്തു താമസമായിരുന്നു. അനുജന്മാർ രണ്ടുപേരും തൃശ്ശിനാപ്പള്ളി കോളേജിൽ പഠിക്കയായിരുന്നു. തന്മൂലം വീട്ടുകാര്യങ്ങൾ നോക്കുന്നതിനു മത്തായിച്ചൻ മാത്രമേയുണ്ടായിരുന്നുള്ളു. അതിനാൽ മധുവിധു കഴിഞ്ഞ ദിവസം മുതൽ ഏലിമ്മ കളരിക്കൽ സ്ഥിരതാമസമായി. എന്നെക്കാൾ നാലുവയസ്സു മാത്രം കൂടുതലുള്ള സഹോദരി അന്നമ്മ എൻെറ കൂട്ടുകാരിയായിത്തീർന്നു. കുട്ടിയമ്മയും ഏലിമ്മയും എനിക്കു് അമ്മമാരായിരുന്നുവെങ്കിൽ അന്നമ്മ വെറും കൂട്ടുകാരി മാത്രമായിരുന്നു. കാരണം,, ഞാൻ ഒന്നാം ക്ലാസ്സിലായിരിക്കവേ, അവൾ അഞ്ചാം ക്ലാസ്സിലായിരുന്നു. ഗൃഹകാര്യങ്ങളിൽ അമ്മാമ്മ(ചാച്ചിയമ്മ) യെ സഹായിക്കുന്നതിനു് ആളില്ലാഞ്ഞതുമൂലം ആറാംക്ലാസ്സു് പാസ്സായതോടെ അന്നമ്മ പഠനം നിറുത്തി. ഞാനും അന്നമ്മയും തമ്മിൽ ചിലപ്പോഴൊക്കെ വഴക്കുണ്ടാക്കുമായിരുന്നെങ്കിലും ഞങ്ങൾക്കിരുവർക്കും അറിയാമായിരുന്നു വെള്ളത്തേക്കാൾ രക്തത്തിനു കട്ടിയുണ്ടെന്നു്. അതിനാൽ അമ്മാമ്മയുമായി ഏതെങ്കിലും കാര്യത്തിനു് ഉടക്കേണ്ടിവന്ന സന്ദർഭങ്ങളിൽ ചെയിനിലെ കണ്ണികൾ പോലെ ഞാനും അന്നമ്മയും പെരുമാറി. ആ സ്നേഹം ഇന്നും നിലനിൽക്കുന്നു.

''കത്തുന്ന മെഴുകുതിരി കാററുകൊണ്ടു കെടുന്നു
കാററു മൂലം വലിയ തീ ആളിക്കത്തുന്നു.

അ്പസ്നേഹം, വിരോധം വരുമ്പോൾ ഇ
ല്ലാതാകുന്നു വലിയ സ്നേഹം വിരോധങ്ങൾ
മൂലം വർദ്ധിക്കുന്നു.''

(വിശുദ്ധ ത്രേസ്യാ)

ഞാൻ തേഡ്ഫോറം പരീക്ഷയ്ക്കിരുന്നു. പാസ്സായ വിവരം മെയ്മാസത്തിൽ അറിഞ്ഞു. അപ്പോൾ വലിയ നോമ്പും കഴിഞ്ഞു. താമസിയാതെതന്നെ അന്നമ്മയ്ക്കു കല്യാണമുറച്ചു. കിടങ്ങറായിൽ പട്ടണത്തുശ്ശേരിൽ കുഞ്ചറിയ വിവാഹം കഴിച്ചു. കുറുകച്ചാൽ സ്കൂളിലെ നാലുവർഷത്തെ പഠനത്തിനിടയിൽ മൂന്നുവർഷം ഏററവും മൂത്ത കാരണവർ മത്തായിച്ചൻെറ വീട്ടിലും നാലാം വർഷം പുത്തൻപുര വെട്ടിക്കാവുങ്കൽ കാരണവരുടെ വീട്ടിലും ഉച്ചഭക്ഷണം കഴിച്ചു. ഇതിനു ഞാൻ എന്നും നന്ദിയുള്ളവനും കടപ്പെട്ടവനുമാണ്.

കുറുകച്ചാൽസ്കൂളിലെ പഠനത്തിനുശേഷം ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്കൂളിൽ ഫോർത്തുഫോമിൽ ചേർന്നു. ഹെഡ്മാസ്റ്റർ കാവാലം കെ.എം. ഫിലിപ്പ് ബി.ഏ.എൽ.ററി; അച്ചടക്കം പാലിക്കുന്നതിൽ ഇതുപോലെ കഴിവുള്ള ഹെഡ്മാസ്റ്ററന്മാർ ചുരുക്കമൊണ്. അവരിൽപ്പെട്ടതാണ് പരേതനായ കൈനിക്കര പത്മനാഭ പിള്ളയും, ശ്രീ. പി.എസ്. മാത്യുവും. (എസ്.ബി. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ) പല താക്കോലുകൾ ഘടിപ്പിച്ചിട്ടുള്ള താക്കോൽവളയം കൈവിരലിൽ ഇട്ടു കറക്കി കോറിഡോറിൽക്കൂടി, ക്ലാസ്സുകൾ തുടങ്ങുന്നതിനുമുമ്പും ക്ലാസ്സുസമയത്തും ഫിലിപ്പുസാർ കടന്നുപോകും. ആ ശബ്ദം കേട്ടാൽ മതി പൂർണ്ണനിശ്ശബ്ദത സ്കൂളിലും പരിസരങ്ങളിലും വ്യാപിക്കാൻ. മററുള്ള അദ്ധ്യാപകർ കെ.ഈ. ജോബ് എം.

ഏ.എൽ.ററി, ഹരിശർമ്മ ബി.ഏ.എൽ.ററി, കെ.എം. ഡോമിനിക് ബി.ഏ എൽ.ററി, മലയാളം മുൻഷി ശ്രീ. സുബ്രമണ്യം, റവ. ഫാദർ എബ്രാഹം മൂങ്ങാമാക്കൽ ബി.ഏ.എൽ.ററി. തുടങ്ങിയവർ. ഫാദർ എബ്രാഹം ഒഴികെ മററുള്ളവർ ആരും ജീവിച്ചിരിപ്പില്ല.

## വ്യാപാരി

ഹൈസ്കൂളിലും കോളേജിലും പഠിച്ചിരുന്ന കാലത്ത് അവധിദിവസങ്ങളിൽ പീടികയിലെ ജോലികളിൽ അഛനേയും ജ്യേഷ്ഠനേയും സഹായിച്ചിരുന്നു. ഇന്നത്തെപ്പോലെ പരിഷ്ക്കാരമില്ലാതിരുന്ന അക്കാലത്ത് മുണ്ടും തോർത്തും മാത്രം ധരിച്ചാണ് ഞാൻ പീടികയിൽ പോയിരുന്നത്. സാധുക്കൾ പീടികയിൽ വന്നാൽ അവർ തന്ന പണമനുസരിച്ചല്ലാ ഞാൻ സാമാനങ്ങൾ കൊടുത്തിരുന്നത്. സാധുജനസേവനം മുൻനിറുത്തിയും കുടുംബത്തിൻെറ നിലനില്പിനു സാധുസംരക്ഷണം നല്ലതാണെന്നുള്ള വിചാരത്താലും സാധനങ്ങൾ കൂടുതൽ കൊടുത്തു. ജീവകാരുണ്യപരമായി വ്യാപാരം നടത്തുന്നതിനുള്ള കാരണക്കാർ പായിക്കാട്ട് ശ്രീ. ഗീവറുഗീസ് ദേവസ്യാ, കരിങ്ങട മത്തായിച്ചൻ, കാളിശേരി ചാക്കോ, ഒളശയിൽ ഒ.എസ്. ചാണ്ടി എന്നീ വ്യാപാരികളാണെന്ന വസ്തുത നന്ദിപൂർവ്വം സ്മരിക്കുന്നു.

> ''ദയ, മതതീക്ഷ്ണതയേയും വാഗ്മിതയേയും
> അപേക്ഷിച്ച് അധികം ആത്മാക്കളെ മാന
> സാന്തരപ്പെടുത്തിയിട്ടുണ്ട്.'' (ഫാബർ)

കൂടുതലായി ഞാൻ സാധനങ്ങൾ കൊടുക്കുന്നുണ്ടെന്ന് അഛൻ അറിഞ്ഞു. ഇതുമനസ്സിലാക്കിയ

അദ്ദേഹം പറഞ്ഞു. ''എൻെറ മോനേ, നിന്നെക്കൊണ്ട കച്ചവടം ചെയ്യിച്ചാൽ മുതലാകുകയില്ല. അരച്ചക്രത്തിൻെറ പുകയില നീ കൊടുക്കുന്നതു് കുറഞ്ഞപക്ഷം രണ്ട ചക്രത്തിൻേറതാണു്. അതിനാൽ എൻെറ മോൻ പുകയില ഒഴികെയുള്ള സാമാനങ്ങൾ കൊടുത്താൽ മതി.'' അരി, മണ്ണെണ്ണ, ഉപ്പു് എന്നിവയും കൂടുതലായി ഞാൻ കൊടുത്തു. പക്ഷേ, ഇക്കാര്യത്തിൽ അഛൻെറ കല്പന ഞാൻ അനുസരിക്കാതിരുന്നിട്ടുണ്ടു്.

## ദൈവവിളി; തടസ്സങ്ങൾ

അഛനും ജ്യേഷ്ഠനും പീടികയിൽ ഇല്ലാതിരുന്ന അവസരങ്ങളിൽ ഞാൻ പീടികയിൽ ജോലി ചെയ്തിരുന്നു. തത്സമയം ഇരുമ്പുസേഫിൻെറ താക്കോൽ എന്നെ ഏല്പിക്കുന്നതിനു് ജ്യേഷ്ഠൻ മുതിന്നു. ഞാൻ വാങ്ങിയില്ല. ഒരു ദിവസം അവരിരുവരും പീടികയിൽ ഇല്ലാതിരുന്ന സമയത്തു രണ്ട നൂറുരൂപാ നോട്ടുകൾ മാറി ബാലൻസു് കൊടുക്കേണ്ട ഗതികേട വന്നു. അവിടെയെല്ലാം അന്വേഷിച്ചിട്ട കിട്ടിയില്ല. ഈ അനുഭവംമൂലം ഇരുമ്പുസേഫിൻെറ താക്കോൽ ഞാൻ വാങ്ങിച്ചു. ആദ്യത്തെ പ്രാവശ്യം താക്കോൽ വാങ്ങിക്കാതിരുന്നതിനു കാരണമുണ്ടു്. ആയിരക്കണക്കിനു രൂപയും സ്വർണ്ണ ഉരുപ്പടികളും ഉൾക്കൊള്ളുന്ന പെട്ടി ഞാൻ കൈകാര്യം ചെയ്യുന്നപക്ഷം എൻെറ ദൈവവിളി നഷ്ടപ്പെടാൻ ഇടയുണ്ടെന്നു ഞാൻ വിചാരിച്ചു.

''കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം'' എന്നു കുഞ്ചൻ നമ്പ്യാർ പാടിയെങ്കിലും പുത്തൻ പീടികയി

ലെ സേഫിന്ന സാധിച്ചില്ല, വൈദികനാകുന്നതിന്നുള്ള എൻെറ ആഗ്രഹത്തിന്ന തടസ്സം സൃഷ്ടിക്കുന്നതിന്ന്.

"ധനത്തോടും സ്വജ്ഞന്നത്തോടുമുള്ള വിരക്തി
ദൈവത്തോടുള്ള സ്നേഹം സമ്പാദിക്കാൻ
പരമപ്രധാനമായ മാർഗ്ഗമാണ്."

(വിശുദ്ധ അൽഫോൻസസ്)

ഞാൻ സീനിയർ ബി.ഏ. ക്ലാസ്സിൽ പഠിക്കുമ്പോഠം, അന്നത്തെ ഉയന്ന ഉദ്യോഗസ്ഥനായിരുന്ന ഒരു മാന്യവ്യക്തി തൻെറ മകളെക്കൊണ്ടു് എന്നെ വിവാഹം കഴിപ്പിക്കുന്നതിന്ന് ഒരുമ്പെട്ടു. അഭികാമ്യമായ സ്ത്രീധനവും സെക്രട്ടറിയേററിൽ ഉദ്യോഗവും വാഗ്ദാനം ചെയ്തു. അതു ഞാൻ തള്ളിക്കളഞ്ഞു.

1934 മാർച്ച്മാസത്തിൽ ഞാൻ ഹൈസ്ക്കൂഠം പഠനം പൂർത്തിയാക്കി. ആ വർഷം എൻെറ ജീവിതത്തിൽ മാത്രമല്ലാ, ലോകചരിത്രത്തിലും ഒരു വഴിത്തിരിവിൻെറ കാലമായിരുന്നു. അക്കാലത്തു് ചങ്ങനാശ്ശേരി രൂപതയിൽനിന്നും ഒരു വൈദികനാകുന്നതിന്നാഗ്രഹിക്കുന്ന ഏതൊരു വിദ്യാത്ഥിയും ഇൻറർമീഡിയററ് പാസ്സാകണമെന്ന നിയമമുണ്ടായിരുന്നു. എന്നാൽ ഞാൻ ഇൻറർമീഡിയററ് പാസ്സാകാതെ വരികയും, പാസ്സായാൽത്തന്നെ കോളേജ്പഠനത്തിൽ ദൈവവിളി നഷ്ടപ്പെടാൻ ഇടവരികയും ചെയ്യുങ്കിലോ എന്നു സംശയിച്ചു. എൻെറ പിതൃസഹോദരൻ റവ. ഫാ. ഫ്രാൻസീസ് സാലസ് സി.എം.ഐ. (സീനിയർ) കൊവേന്തയിലുണ്ടായിരുന്നതുമൂലം ഞാൻ കൊവേന്തക്കാർക്കു വിലപ്പിടിപ്പുള്ള സാധനമായി. കൂടാതെ തിരുവല്ലാ രൂപതയിൽപ്പെട്ട മോൺ. തോമ്മസ് വടശ്ശേരി എന്നോടിപ്രകാരം പറഞ്ഞു. "കുഞ്ഞേ നിൻെറ അപ്പന്ന് സാ

മ്പത്തിക കഴിവുണ്ടല്ലോ. റോമ്മാവരെയുള്ള നിൻെറ കപ്പൽ യാത്രച്ചെലവു് വഹിക്കുന്നതിനു് അപ്പൻ തയ്യാറാണെങ്കിൽ തിരുവല്ലാ രൂപതയിൽനിന്നും നിന്നെ വൈദികപഠനത്തിന റോമിലേയ്ക്കു് അയക്കാം'' ഇതിൽ ഞാൻ വീണുപോകുമെന്നു് ഭയപ്പെട്ടു് ജ്യേഷ്ഠൻ എന്നോടിപ്രകാരം പറഞ്ഞു. ''എൻെറ അവുതേപ്പച്ചാ, നീ വൈദികനാകുന്നപക്ഷം ആരാണു് എനിക്കു സഹായത്തിനുള്ളതു്? നമ്മുടെ അഛൻ വൃദ്ധനും രോഗിയുമായി. എൻെറ മൂത്തമകനു പത്തുവയസ്സു മാത്രമേപ്രായമുള്ളു. ഈ സാഹചര്യത്തിൽ കച്ചവടവും കൃഷിയും എന്നെക്കൊണ്ടു തന്നെ നടത്തുന്നതിനു സാധിക്കുമോ? അതിനാൽ എൻെറ പൊന്നനുജൻ സെമിനാരിയിൽ പഠിക്കാൻ പോകണ്ടാ.'' ഈ സംസാരം ആത്മാത്ഥമാണെന്നു് ജ്യേഷ്ഠൻെറ അനന്തരനടപടികാം തെളിയിച്ചു.

## കോളജ് വിദ്യാർത്ഥി.

ഇൻറർമിഡിയററു് പാസ്സായശേഷം ഇടവകപ്പട്ടത്തിനു പഠിയ്ക്കാൻ പൊയ്ക്കൊള്ളുന്നതിനു് അഛനും ജ്യേഷ്ഠനും സമ്മതിച്ചു. അങ്ങനെ ഞാൻ എസ് ബി. കോളേജിൽ ചേർന്നു. ഇൻറർമീഡിയററു രണ്ടാംവർഷത്തിനു പഠിച്ചുകൊണ്ടിരിക്കവേ നെല്ലിക്കാവലിപ്പത്തിൽ തൊണ്ടയിൽ ഒരു മുഴകാണപ്പെട്ടു. അതു് ഓപ്പറേററു ചെയ്തു നീക്കാതെ സെമ്മിനാരിയിൽ ചേർക്കുകയില്ലെന്നു കാളാശ്ശേരിൽ തിരുമേനി പറഞ്ഞു. മാത്രമല്ലാ തുടർന്നു ബി. ഏ. ക്കു. പഠിക്കുന്നതിനും കല്പിച്ചു. കല്പനപ്രകാരം ബി. ഏ. ക്ലാസ്സിൽ ചേർന്നു പഠിച്ചു. 1938 മാർച്ചിൽ

സീനിയർ ബി. ഏ. പരീക്ഷയ്ക്കു് എഴുതിയശേഷം ഡോക്ടർ സോമർവെല്ലിനെക്കൊണ്ടു് തൊണ്ടയിലെ ഓപ്പറേഷൻ ചെയ്യിച്ചു. അതു പരിപൂർണ്ണവിജയമായിരുന്നു.

''സാധുക്കളുടെ പ്രാർത്ഥന ദൈവം
ചെവിക്കൊള്ളുന്നു'' (സങ്കീ 10)

പക്ഷേ രണ്ടുവർഷം പരിപൂർണ്ണ വിശ്രമമെടുക്കണമെന്നു ഡോക്ടർ നിർദ്ദേശിച്ചു. തന്മൂലം, 1940 ജൂൺ മാസത്തിൽ മാത്രമേ സെമ്മിനാരിയിൽ ചേരുന്നതിനു സാധിച്ചുള്ളു. 25 നും 50 നും ഇടയ്ക്കുള്ള പ്രായത്തിലാണു് ഞാൻ വലിയരോഗിയായതും വിവിധ ഓപ്പറേഷനു വിധേയനായതും.

യാത്രപകുതിയായപ്പോൾ
അവിടുന്നു് എന്നെ രോഗിയാക്കി ശക്തി കുറച്ചു.
എന്റെ ആയുസ്സു് വെട്ടിച്ചുരുക്കി''

(സങ്കീ. 102)

ഇന്റർമീഡിയററിനു പഠിക്കുമ്പോൾ രസതന്ത്രശാസ്ത്ര ക്ലാസ്സിൽ എന്റെ ട്യൂട്ടർ കെ.സി. പാപ്പു M.Sc.കളരിക്കൽ ആയിരുന്നു. അദ്ദേഹം എന്റെ പ്രായക്കാരനും എന്റെ അളിയന്റെ സഹോദരനുമായിരുന്നതിനാൽ എന്നോടു വലിയസ്നേഹത്തോടും ബഹുമാനത്തോടുംകൂടിയാണു് പെരുമാറിയതു്

ഞാൻ ഇന്റർമീഡിയററു് ക്ലാസ്സിൽ പഠിക്കവേ എസ്. ബി. കോളേജ് പ്രിൻസിപ്പാൾ ഫാദർ മാത്യു പുരക്കൽ എം. എ. ആയിരുന്നു. ബി. ഏ. യ്ക്കു പഠി



ഗ്രന്ഥകാരൻ
സ്വപിതാവിനോടുകൂടി



ക്കമ്പോ൦ പുതിയ പ്രിൻസിപ്പാളായി ഫാ. റോമയോ തോമസ് സി. എം. ഐ. നിയമിക്കപ്പെട്ടു. മലയാളം പ്രൊഫസ്സറന്മാരായ ശ്രീ. കെ. ശങ്കരപ്പിള്ള, ശ്രീ. ഉലഹന്നൻ മാപ്പിള എന്നിവരെ ഒരിക്കലും എനിക്കു മറക്കാൻ സാദ്ധ്യമല്ല. എനിക്കു മലയാളഭാഷയിലും സാഹിത്യത്തിലും ഉണ്ടായിട്ടുള്ള ചെറിയഅറിവ്, പുരോഗതി എന്നിവയ്ക്കു് ഇവരാണു് കാരണക്കാർ. ശ്രീ ഉലഹന്നൻ മാപ്പിള ഇന്നും വിവിധ തുറകളിൽ വിരാജിക്കുന്നു. പഞ്ചായത്തു പ്രസിഡണ്ടായും പൊതുക്കാര്യപ്രസക്തനായും അദ്ദേഹം ചെയ്യുന്ന സേവനം ചങ്ങനാശ്ശേരിക്കാർ ഒരിക്കലും മറക്കുകയില്ല. സാഹിത്യലോകത്തു് യശോധാവള്യം ചൊരിഞ്ഞുകൊണ്ടു് അദ്ദേഹം ഇന്നും കഴിയുന്നു. എന്റെ ഹോസ്റ്റൽ വാർഡന്മാരായ ഫാ. മാത്യു പുളിക്കപ്പറമ്പിൽ (സീനിയർ) ഫാ. ഗ്രിഗരി കരിക്കംപള്ളി മോൺ. ജോസഫ് കുരീത്തടം, ഡോക്ടർ എൽ. ജെ. ചിററൂർ, ഫാ. ഏ. സി. ഈപ്പൻ എന്നിവർ എന്റെ ദൈവവിളിക്കു് സഹായകരമായി വർത്തിച്ചിട്ടുണ്ടു്.

1940 ജൂണിൽ സെമ്മിനാരിയിൽ ചേരുന്നതിനുള്ള ഒരുക്കങ്ങ൦ തുടങ്ങി. ഇതു സംബന്ധിച്ചു് യാതൊരു ആഘോഷങ്ങളും പാടില്ലെന്നു ഞാൻ നിർബന്ധം പിടിച്ചു. എങ്കിലും എന്റെ സഹോദരിക൦ മൂന്നുപേരും വന്നുചേർന്നു. പേരപ്പന്റെ മകളായ എന്റെ സഹോദരി തുരുത്തിപ്പറമ്പിൽ മറിയാമ്മയും, കറുകക്കളത്തിൽ ദേവസ്യാച്ചനും എത്തിച്ചേർന്നു. ഞാൻ പോകുന്ന ദിവസം അഛൻ കടയിൽ പോയില്ല. അയൽവാസികളും വീട്ടിലെത്തി. എന്നാൽ അവരിൽ ചിലരുടെ സംസാരം വിചിത്രമായിരുന്നു. 'ഈ കൊച്ചൻ എന്തിനാണു പട്ടത്തിനുപോകുന്നതു്? ഇവിടെ അതിനു സുഖമായിക്കഴിയുന്നതിനുള്ള സ്വത്തില്ലേ?' എന്നായിരുന്നു ചാക്കോച്ചേട്ടന്റെ അഭി

പ്രായം. 'എടീ, ഈ കൊച്ചൻ അച്ചനാകാൻ പോകുന്നതു മൂലം ഭാവിതലമുറയ്ക്കു' ദൈവാനുഗ്രഹമുണ്ടാകും' എന്നാണു മത്തായിച്ചേട്ടൻ തൻെറ ഭാര്യയോടു പറഞ്ഞതു് ''എടീ, നിനക്കറിയാമോ ഇതിൻെറ ഉള്ളുകള്ളി.? ചേട്ടനും ചേടത്തിയും കൂടി ഇതിനെ ഉന്തിത്തള്ളിവിടുന്നതാ. എന്നാലേ ഈ കൊച്ചൻെറ സ്വത്തുകൂടി അവക്കു കിട്ടുകയുള്ളു''. എന്നു് അവിരാച്ചേട്ടൻ തട്ടിവിട്ടു. ഇതൊന്നും വകവയ്ക്കാതെ ഞാൻ യാത്രയ്ക്കൊരുങ്ങിക്കഴിഞ്ഞു. കട്ടിയുള്ള മുണ്ടു്, നിക്കർ, ബനിയൻ, കോളറില്ലാത്ത ഫുൾസ്ഷർട്ടു് എന്നിവധരിച്ചു്, ഞാൻ അഛനും മൂത്തപെങ്ങൾ കുട്ടിയമ്മയ്ക്കും ജ്യേഷ്ഠത്തിക്കും മറിയാമ്മപ്പെങ്ങൾക്കും സ്തുതിചൊല്ലിയപ്പോൾ അഛനും മറ്റെല്ലാവരും കുട്ടക്കരച്ചിൽ. എൻെറ സീമന്തസഹോദരൻ ചാക്കോച്ചൻെറയും അമ്മയുടെയും മൃതശരീരം പള്ളിയിലേയ്ക്കു് എടുക്കപ്പെട്ട അവസരങ്ങളിൽപ്പോലും ഇത്ര ബഹളമില്ലായിരുന്നുവെന്നു ചിലർ പറയുന്നതു ഞാൻ കേട്ടു. ഏതായാലും അന്തരീക്ഷം ശാന്തമാക്കി എന്നെ പറഞ്ഞയക്കുന്നതിനു കളമൊരുക്കിയതു് തുരുത്തിപ്പറമ്പിലെ മറിയാമ്മപ്പെങ്ങളും കറുകക്കുളത്തിൽ ദേവസ്യാച്ചനുമാണു്. ഞാൻ പീടികയിലെത്തിയശേഷം ജ്യേഷ്ഠൻ എന്നെ ഒരു മുറിയിലേയ്ക്കു്കൊണ്ടുപോയി. കെട്ടിപ്പിടിച്ചു ചുംബിച്ചു പൊട്ടിക്കരഞ്ഞു യാത്ര ചൊല്ലി. ഈ പ്രവൃത്തി ആത്മാർത്ഥമായിരുന്നുവെന്നു ഭാവിനടപടികൾ തെളിയിച്ചു. കാരണം, എൻെറ സെമ്മിനാരിജീവിതത്തിലെ ഒമ്പതു വർഷങ്ങളിലെ സകല ചെലവുകളും വഹിച്ചതു് അദ്ദേഹമാണു്. പുത്തൻകുർബാന വലിയതോതിൽ നടത്തി. വൈദികനായതിൻെറ സ്മരണക്കായി ആറായിരംരൂപാ ചിലവാക്കി നെടുങ്കുന്നം പള്ളിയുടെ മുമ്പിൽ സ്ലീവാപ്പാതരൂപങ്ങൾ സ്ഥാപിച്ചു. ഗുരുപ്പട്ടസ്വീകരണത്തിൻെറ പിറേറക്കൊല്ലം എന്നെ യൂറോപ്യൻ പര്യടനത്തിനു് അയച്ചു.

## പെററിസെമ്മിനാരിയിൽ

1940 ജൂൺ ഒന്നാം തീയതി ഞാൻ കോട്ടയത്തുള്ള സെൻറ് തോമ്മസ് പെററിസെമ്മിനാരിയിൽ ചേർന്നു. റെക്ടർ ചമ്പക്കളം സ്വദേശി പൊരുക്കര ബഹു. തോമ്മാച്ചൻ; കർക്കശൻ, സമർത്ഥൻ, ഗംഭീരപുരുഷൻ, ആഭിജാത്യം വിളിച്ചറിയിക്കുന്ന മുഖഭാവം, വൈദികവിദ്യാത്ഥികളോട് ഗൗരവം വിടാതെ സംസാരിക്കുമെങ്കിലും ഉള്ളിൻെറ ഉള്ളിൽ അവരെ സ്നേഹിച്ചിരുന്നു. ഓരോ വിദ്യാത്ഥിയേയും ശരിയായി മനസ്സിലാക്കിയിരുന്നു. അസിസ്റ്റൻറു റെക്ടർ കല്ലിട്ടക്കിൽ ബ. തോമ്മാച്ചൻ. ശാന്തശീലം, ആദ്ധ്യാത്മീക ശ്രുഷ്ക്കാന്തി,ശിശ്രുസഹജമായ പെരുമാററം, അസാമാന്യസംഗീതപാടവം എന്നിവ കൈമുതലായുള്ള മാതൃകാവൈദികൻ. ഇദ്ദേഹത്തേപ്പോലെ വൈദികപട്ടം ഇത്ര ചെറുപ്പത്തിൽ (24 വയസ്സ്) സ്വീകരിച്ചിട്ടുള്ളവർ ചുരുക്കമെത്രേ. തന്മൂലം, ഗുരുവായ അദ്ദേഹവും ശിഷ്യനായ ഞാനും ഒരേ പ്രായക്കാർ. അമേരിക്കയിലും പാശ്ചാത്യരാജ്യങ്ങളിലുമുള്ള യൂണിവേഴ്സിററികളിൽ മാത്രമേ ഇപ്രകാരം സംഭവിക്കാറുള്ളു. എൻെറ പ്രായവും അനാരോഗ്യവും മനസ്സിലാക്കിയ അദ്ദേഹം അനുകമ്പയോടുകൂടി എന്നോടുപെരുമാറിയിരുന്നു.

പെററിസെമ്മിനാരിയിൽ ഒന്നാംവർഷപഠനം കഴിഞ്ഞു് മദ്ധ്യവേനൽ അവധിക്കാലത്തു ഞാൻ വീട്ടിൽ വന്നു. അക്കൊല്ലം മേയ്മാസത്തിൽ കൊല്ലവരകുന്നിലെ 15 ഏക്കർ സ്ഥലത്തു് റബർത്തൈകരം നടുന്നതിനു് അചരൻ എന്നേയും വിളിച്ചുകൊണ്ടുപോയി. വെട്ടുരുവ, തുമ്പാ കോടാലി, കൊട്ട എന്നിവ ഞങ്ങരം ചുമന്നു. ആ പ്രവൃത്തി വല്ലവരും കാണുകയും സെമ്മിനാരി റെക്ടറെ അറിയിക്കുകയും ചെയ്യുന്ന പക്ഷം എൻെറ കാര്യം

കുഴപ്പത്തിലാകുമെന്നു ഞാൻ ഭയപ്പെട്ടു. ഫുൾഷർട്ട് ധരിച്ചു കൊണ്ടു് ഞാൻ പണിയുന്നതുകണ്ടു അഛൻ പറഞ്ഞു. ''എടാ, മോനേ, നിനക്കു് ഷർട്ടിനടിയിൽ ബനിയനില്ലേ? ഷർട്ടും മുണ്ടും മാറിയിട്ടു് തോർത്തും ബനിയനും ഉപയോഗിച്ചാൽ പോരേ?'' 'അഛാ, അതു് അനുവദനീയമല്ല'' ''മോനേ, ഈ 15 ഏക്കർ സ്ഥലം നിനക്കു പത്രമേനിയായിത്തരാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. അതിനാൽ നീ കൂടി ഇതിൽ പണിയുന്നതു നല്ലതല്ലേ?'' ഞാൻ ഒന്നും പറഞ്ഞില്ല.

## മേജർ സെമ്മിനാരിയിൽ

ഞാൻ മേജർസെമ്മിനാരിയിൽ ചേരുന്നതിനു് ഏതാനും ദിവസങ്ങൾക്കു മുമ്പു് സഹോദരി ഏലിമ്മ രോഗബാധിതയായി, കിടപ്പിലായി. എൻെറ വെസ്റ്റിഷൻെറ തീയതി മനസ്സിലാക്കിയ സഹോദരി അന്നു ഞാൻ ധരിക്കേണ്ടതായ ളോവയ്ക്കുവേണ്ടു തുണി എന്നെ ഏല്പിച്ചു. ക്ലേശഭാരത്തോടെയാണു ഞാൻ സഹോദരിയോടു യാത്രപറഞ്ഞതു്.

മദ്ധ്യവേനൽ അവധികഴിഞ്ഞു് മേജർ സെമ്മിനാരിയിലേയ്ക്കു് പോയിരുന്ന ഏഴുവർഷവും എൻെറ ബന്ധുവായ കളരിക്കൽ ചാക്കോച്ചൻെറ ഭവനത്തിൽ നിന്നും ലഞ്ചു കഴിച്ചിരുന്നുവെന്ന വസ്തുത നന്ദിപൂർവ്വം ഞാൻ സ്മരിക്കുന്നു.

സെൻറു് ജോസഫ്സ് അപ്പസ്തോലിക്കു് സെമ്മിനാരി. ഇൻഡ്യയിലെ, പ്രത്യേകിച്ചു് കേരളത്തിലെ പല മെത്രാന്മാരും ഇവിടെ പഠിച്ചവരാണു്. ഉയർന്ന നിലവാരമുള്ള പാഠപദ്ധതിയും നല്ല ചിട്ടയിലുള്ള ജീവിതവും

മെനഞ്ഞെടുത്ത ഈ സ്ഥാപനം പൊന്തിഫിക്കൽ സെമ്മിനാരിയായി ഇപ്പോഠം ഉയത്ത്പ്പെട്ടിരിക്കുന്നു. സെമ്മിനാരിറെക്ടർ പെ. ബ. ജോൺ ജോസഫ് ഒ. സി. ഡി; പ്രൊഫസ്സറന്മാർ,റവ. ഫാദേഴ്സ് അവുറേലിയൻ, സക്കറിയാസ് ഇൽഡഫോൺസ്സ്, എമേലിയൂസ്സ്, ക്രിസോസ്റ്റോം, സ്റ്റൻസിലാവോസ്, വിക്ടർ, അംബ്രോസ്സ്, അലക്സീസ്, വേറേമുണ്ടുസ്. ഇവരെല്ലാവരും സ്പെയിൻസ്വദേശികളും കർമ്മലീത്താസഭാംഗങ്ങളുമാണ്. ഇവരിൽ ഫാദർ അംബ്രോസ്സ് വിജയപുരം രൂപതയുടെയും ഫാദർ വിക്ടർ കുവെയിററു് രൂപതയുടേയും മെത്രാനായി. സുറിയാനി, മലയാളം, സംസ്കൃതം എന്നിവ പഠിപ്പിച്ചിരുന്നതു് ഫാദർ മാത്യു വടക്കേൽ, ഫാ. ജോജ്ജ് പുത്തൻപുര, ഫാദർ ജോൺ കുന്നപ്പള്ളി, ഫാ. തോമ്മസ് കൊച്ചയ്യങ്കനാൽ എന്നിവരായിരുന്നു. ഇവരിൽ ഫാദർ വടക്കേലും കൊച്ചയ്യങ്കനാലും മരിച്ചു. ഫാദർ പുത്തൻപുര സഭയ്ക്കും സമുദായത്തിനും ചെയ്തിട്ടുള്ള സേവനങ്ങളെ ആസ്പദമാക്കി പരിശുദ്ധ സിംഹാസനം അദ്ദേഹത്തിനു മോൺസിഞ്ഞോർ പദവി നൽകി ബഹുമാനിച്ചു. അദ്ദേഹം എൻെറ ആദ്ധ്യാത്മികപിതാവും കുമ്പസാരക്കാരനുമായിരുന്നു. എനിക്കു് അദ്ദേഹം തന്നിട്ടുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും എന്നെ നിരാശതാഗർത്തത്തിൽ നിന്നും കയററി. അതു മൂലമാണു് ഈ നിലയിൽ ഞാൻ എത്തിച്ചേർന്നതു്. ഫാദർ ജോൺ കുന്നപ്പള്ളി ആലുവാ ഫിലോസഫിക്കൽ സെമ്മിനാരിയിലെ പ്രൊഫസ്സറായിക്കഴിയുന്നു. ഭാരത സാഹിത്യ അവാർഡിനും സ്വർണ്ണമെഡലിനും കേരളസാഹിത്യ പ്രവത്തകസമിതിയുടെ സമ്മാനത്തിനും അദ്ദേഹം അടുത്ത കാലത്തു് അർഹനായി. ഞാൻ ബിരുദധാരിയും സാഹിത്യത്തിൽ സാമാന്യം പിടിപാടുള്ളവനുമായി

രുന്നതിനാൽ സെമ്മിനാരിയിൽ നടത്തപ്പെടുന്ന മലയാളംക്ലാസ്സിൽനിന്നു എന്നെ ഒഴിവാക്കുന്നതിനു് അദ്ദേഹത്തിനു് ആഗ്രഹമുണ്ടായിരുന്നു. സെമ്മിനാരി അധികൃതർ അനുവദിച്ചില്ല. തന്മൂലം, മററു വിദ്യാൎത്ഥികളോടു പെരുമാറുന്നതിനേക്കാൾ കൂടുതൽ ബഹുമാനത്തോടും ശാന്തതയോടുംകൂടിയാണു് അദ്ദേഹം എന്നോടു പെരുമാറിയതു്.

## ധനികൻ പാവപ്പെട്ടവനായി

ഏതൊരു വൈദികവിദ്യാർത്ഥിയും സെമ്മിനാരിയിൽ ചേർന്നാലുടനെ തന്നെ സാമ്പത്തിക സഹായം അഭ്യൎത്ഥിച്ചു് റെക്ടർവഴി പരിശുദ്ധസിംഹാസനത്തിലേയ്ക്കു് എഴുതണമെന്നുണ്ടു്. ഇപ്രകാരം എഴുതുന്ന ഓരോ ശെമ്മാശനും ഏഴുവർഷത്തെ സെമ്മിനാരി പഠനത്തിനും ഭക്ഷണത്തിനും വേണ്ട സകല ചെലവുകളും റോമിൽനിന്നും ലഭിക്കുന്നു. ഞാൻ പഠിക്കുന്നകാലത്തു് സെമ്മിനാരിയിൽ 400 വിദ്യാൎത്ഥികളുണ്ടു്. ഇപ്രകാരം വിദ്യാർത്ഥികൾ സഹായം സ്വീകരിക്കുന്നതു് എനിക്കിഷ്ടമുള്ള കാര്യമല്ലായിരുന്നു. മാത്രമല്ല, എൻെറ പിതാവു് ധനികനും ഏഴുവർഷത്തെ സകല ചെലവുകളും വഹിക്കുന്നതിനു സന്നദ്ധനുമായിരുന്നു. എങ്കിലും റെക്ടരച്ചൻെറ ഇഷ്ടമനുസരിച്ചു് പ്രവർത്തിച്ചില്ലെങ്കിൽ സെമ്മിനാരിയിൽനിന്നും തള്ളപ്പെടുമെന്നു വിചാരിച്ചു് ഞാൻ സമ്മതിച്ചു. റെക്ടരച്ചൻെറ പ്രവൃത്തി നീതീകരിക്കത്തക്കതാണെന്നു് എനിക്കു പിന്നീടു് മനസ്സിലായി. കാരണം, ഒരാൾ വൈദികനാകുന്നതു് അദ്ദേഹത്തിൻെറ വീടിനോ ഇടവകയ്ക്കോ വേണ്ടിയല്ലാ, ലോകംമുഴുവനും വേണ്ടിയാണു്. കേരളത്തിലെ ഏതെങ്കിലും രൂപതയ്ക്കുവേണ്ടി വൈദികപട്ടം

സ്വീകരിച്ച ധാരാളംപേർ ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി മിഷ്യൻപ്രവത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ, വൈദികർ ജീവിക്കേണ്ടതു് അൾത്താരയിൽ നിന്നുമായിരിക്കണമെന്നു വിശുദ്ധ പൗലോസ് പറഞ്ഞിട്ടുമുണ്ടല്ലോ. കത്തോലിക്കാലോകം വ്യാപകാത്ഥത്തിൽ ഒരു കുടുംബമാണു്. തന്മൂലം, വൈദികനാകാനുള്ള വിദ്യാർത്ഥി ലോകമാകുന്ന കുടുംബത്തോടു് ധനസഹായം ചോദിക്കുന്നതു ഉചിതമാണു്. എന്നാലും എന്റെ പ്രവൃത്തി നീതികരിക്കുന്നതിനുവേണ്ടി പൂനാപേപ്പൽ സെമ്മിനാരിയിൽ പഠിച്ചിരുന്ന ഒരു വിദ്യാത്ഥിയുടെ ഏഴുവർഷത്തെ സകല ചെലവുകളും ഞാൻ വഹിച്ചു. പക്ഷേ, ആ സഹായം പിന്നീടു് നിരാശയ്ക്കു വഴിതെളിച്ചു. അദ്ദേഹം വൈദികനായശേഷം 14 നീണ്ട വർഷങ്ങൾ അമേരിക്കയിൽ ചെലവഴിച്ചിട്ടു് എനിക്കു് ഒരു എഴുത്തയയ്ക്കുന്നതിനുള്ള സന്മനസ്സു് ഉണ്ടായില്ല. കൂടാതെ പൗരോഹിത്യം ഉപേക്ഷിച്ചു് അദ്ദേഹം വിവാഹിതനാവുകയും ചെയ്തു.

## വെസ്ററിഷൻ

തത്വശാസ്ത്രപഠനത്തിന്റെ ഒന്നാംവർഷംതന്നെ എനിക്കു ളോവ ധരിക്കുന്നതിനും ആസ്ഥപ്പാട്ടപട്ടം സ്വീകരിക്കുന്നതിനും ഭാഗ്യമുണ്ടായി. അക്കാലത്തു് മൂന്നുവർഷത്തെ തത്വശാസ്ത്രപഠനവും ഒരു വർഷത്തെ ദൈവശാസ്ത്രപഠനവും കഴിഞ്ഞതിനുശേഷമേ ളോവ കൊടുക്കാറുള്ളു. അതിനു കാരണവുമുണ്ടു്. വൈദികവിദ്യാത്ഥികളിൽ ചിലർ ഇപ്പോൾ വൈദികപഠനമുപേക്ഷിച്ചു പോകുന്നുണ്ടു്. അപ്രകാരമുള്ളവർ ളോവ ഉപേക്ഷിച്ചു പോകുന്നതിനേക്കാൾ നല്ലതു് ഷർട്ടു് ധരിച്ചു് പോകുന്നതാണല്ലോ. 1942 ജൂലൈ 3-ാം തീയതി എനിക്കു ളോവ ലഭിച്ചു.

എൻെറ വെസ്റ്റിഷൻതീയതി മനസ്സിലാക്കിയ സഹോദരി ഏലിമ്മ, രോഗശയ്യയിൽ കഴിഞ്ഞുകൂടുന്ന ആ നല്ല പെണ്ണാം, ഞാൻ അന്നു ധരിക്കേണ്ട ളോവയ്ക്കു വേണ്ട തുണി ഒരാഴ്ചവശം ജൂൺ അവസാനം കൊടുത്തയച്ചു. ആ തുണികൊണ്ടുണ്ടാക്കിയ ളോവ മാത്രമേ വെസ്റ്റിഷൻ ദിവസം ധരിക്കാവൂ എന്ന നിർദ്ദേശവും എനിക്കു ലഭിക്കാതിരുന്നില്ല. സഹോദരിയുടെ ആഗ്രഹപ്രകാരം ഞാൻ പ്രവർത്തിച്ചു.

ദൈവവിളിയുടെ ചിഹ്നമാണു് ളോവ. ഒരാളെ ദൈവത്തിനു സമർപ്പിച്ചതിൻെറ അടയാളം. ദൈവസേവനത്തിനു തെരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ ഈ വസ്ത്രംമുഖേന ഞാനും ഉൾപ്പെട്ടു. വെസ്റ്റിഷൻെറ പിറേറ ദിവസം തന്നെ എൻെറ സഹോദരിയായ ഏലിമ്മയെ കാണുന്നതിനു ഞാൻ ഇടിഞ്ഞിലത്തേയ്ക്കു പോയി. ഞാൻ കളരിക്കലെത്തിയ സമയം സഹോദരിയുടെ രോഗം അപകടനിലയിലെത്തിക്കഴിഞ്ഞു. അബോധാവസ്ഥയിലായിരുന്നുവെങ്കിലും ഞാൻ വിളിച്ചയുടനെ ബോധമുണ്ടായി. ആ വത്സലസഹോദരി, എൻെറ വളർത്തമ്മ, എൻെറ ചെറുപ്പത്തിലെ കളിത്തോഴി ളോവയുടെ ബട്ടണിൽ പിടിച്ചുകൊണ്ടു പറഞ്ഞു. ''ഇനിയും എൻെറ അവുതേപ്പച്ചൻ അച്ചനാകും. സംശയമില്ല. ഇപ്പോൾ എൻെറ കുഞ്ഞാങ്ങളയെക്കണ്ടാൽ എന്തുഭംഗിയാ. കുഞ്ഞു് അച്ചനായിക്കഴിഞ്ഞു് എനിക്കുവേണ്ടി കുർബാനചൊല്ലി എന്നെ ശുദ്ധീകരണസ്ഥലത്തു നിന്നും കയററണം. കേട്ടോ? (ഇത്രയും പറഞ്ഞപ്പോൾ ഇരുവരുടെയും കണ്ണുകൾ നിറഞ്ഞു.) പുത്തൻകുർബാനയ്ക്കു് എൻെറ കുഞ്ഞിൻെറ കൈമുത്തുന്നതിനു് ഒക്കുകേലാ. അതിനാൽ ഇപ്പോൾത്തന്നെ അതു നടത്തട്ടെ''. ഇത്രയുംപറഞ്ഞു് എൻെറ കരംചും

ബിച്ചു. ഞാൻ അതിനു കൊടുത്ത മറുപടി സഹോദരി യുടെ മുഖത്തു് ഒരു ചുംബനമായിരുന്നു. അതോടെ സ ഹോദരി അബോധാവസ്ഥയിലായി. ഇനിയും പെങ്ങ ളുള്ള കളരിക്കൽ കാലുകുത്താൻ സാധിക്കയില്ലല്ലോ എന്ന വിചാരത്തോടെ യാത്ര പറഞ്ഞു സ്ഥലംവിട്ടു.

1942 ഒക്ടോബർ 6-ാം തീയതി എൻെറ പ്രിയ പ്പെട്ട സഹോദരി ഏലിമ്മ മരിച്ചു. ശവസംസ്കാരകർമ്മ ത്തിൽ സംബന്ധിക്കുന്നതിനു പെ. ബ. റെക്ടർ എന്നെ അനുവദിച്ചില്ല. അക്കാലത്തു മാതാപിതാക്കന്മാരുടെ ശവ സംസ്കാരത്തിൽ സംബന്ധിക്കുന്നതിനു മാത്രമേ ശെമ്മാ ശന്മാർക്കു് അനുവാദമുണ്ടായിരുന്നുള്ളു. ഇതിൽ പ്രതിഷേ ധിച്ചു് ദുഃഖപരവശനായി ഞാൻ കിടക്കയിൽ കിടന്നു കൊണ്ടു് കരഞ്ഞു. കണ്ണുനീർ കൊണ്ടു തലയണ നനച്ചു.

''കരഞ്ഞുകരഞ്ഞു ഞാൻതളർന്നു. രാത്രിയിൽ
എൻെറ തലയണ കണ്ണുനീർകൊണ്ടു നനഞ്ഞു.
കരഞ്ഞുകരഞ്ഞു് എൻെറ കണ്ണുകലങ്ങി.''

(സങ്കീ. 6)

ഇതുകണ്ടു് എൻെറ സഹപാഠികൾ എന്നോടിപ്രകാ രംപറഞ്ഞു. ''ബ്രദറേ, നിങ്ങൾ ഇപ്പോൾ അധികാരി കളുടെ തീരുമാനത്തിൽ പ്രതിഷേധിച്ചുനടത്തുന്ന പ്രകട നങ്ങൾ, നിങ്ങൾവൈദികനായശേഷം നിങ്ങളുടെ മെ ത്രാനെടുക്കുന്ന തീരുമാനങ്ങൾക്കു് എതിരായി നട ത്തിയേക്കും എന്ന അഭിപ്രായം സെമ്മിനാരി അധികൃ തരിൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ടു്. അതിനാൽ ഭക്ഷ ണം കഴിച്ചശേഷം ക്ലാസ്സിൽ പോവുക''. ഭയന്നു് പിറേറ ദിവസം മുതൽ ക്ലാസ്സിൽപോയി. എന്നാലും രണ്ടാഴ്ച ത്തേയ്ക്കു് കളിവിനോദങ്ങളിൽ പങ്കെടുക്കാതെ സെമ്മി

നാരീകോമ്പൗണ്ടിൻെറ ഒരു കോണിൽ തനിയെയിരുന്നു് കരഞ്ഞും സഹോദരിക്കുവേണ്ടി പ്രാർത്ഥിച്ചും സമയം ചെലവഴിച്ചു. വലിയദുഃഖം നേരിടുമ്പോൾ സ്വന്തം ആളുകൾ അടുക്കലില്ലാതിരിക്കുന്നതു് ആ ദുഃഖഭാരം വർദ്ധിക്കുന്നതിനു കാരണമാകുമെന്നു പറയേണ്ടതില്ലല്ലോ.

പെ. ബ. റെക്ടരച്ചൻ എൻെറ കാര്യത്തിലെടുത്ത തീരുമാനത്തിനു കുററംപറയേണ്ട ആവശ്യമില്ല. കാരണം, അദ്ദേഹവും സഹപ്രവർത്തകരും ബാല്യപ്രായത്തിൽത്തന്നെ നാടുംവീടും ഉപേക്ഷിച്ചു് സന്യാസഭയുടെ ആശ്രമഭിത്തികൾക്കുള്ളിലെ ഇരുണ്ട മുറികളിൽ താമസം തുടങ്ങി. വിനോദമോ, വിചാരമോ, വികാരമോ അവരെ തീണ്ടിയിട്ടില്ല. മാതാപിതാക്കളോ കൂടപ്പിറപ്പുകളോ സമ്പത്തോ ദാരിദ്ര്യമോ അവർക്കൊരു പ്രശ്നമേയല്ല. വൈദികരായതിനുശേഷം ഭാരതംപോലെയുള്ള രാജ്യങ്ങളിൽ മിഷ്യൻ പ്രവർത്തനത്തിനു വന്നിട്ടു് മരണംവരെ ജന്മനാട്ടു് കണ്ടിട്ടില്ല. പല്ലുവേദന എന്ന ഒന്നിനുമാത്രമേ പെ. ബ. റെക്ടരച്ചനിൽ സ്ഥാനമുള്ളു. അതു് ബാധിച്ച ശെമ്മാശനു് ഏതു് ആനുകൂല്യം ചെയ്യുന്നതിനും അദ്ദേഹം തയ്യാറായിരുന്നു. കാരണം, ആ സുഖക്കേടു് മാത്രമേ അദ്ദേഹത്തിനുണ്ടായിട്ടുള്ളു. അതാണു് ലോകത്തിലെ ഏററവും വലിയ രോഗമെന്നത്രേ അദ്ദേഹത്തിൻെറ അഭിപ്രായം. അല്ലാതെ മാതാപിതാക്കന്മാരുടെയോ സഹോദരീസഹോദരന്മാരുടേയോ രോഗമോ മരണമോ അദ്ദേഹത്തിനു പ്രശ്നമേയല്ല. പക്ഷേ, ഒരുകാര്യം മനസ്സിലാക്കണം. പണ്ടുകാലങ്ങളിലെ അനീതിയും അസത്യവും കൊള്ളരുതായ്മകളും മിക്ക തുറകളിലും ഇന്നു് നീതിയ്ക്കും സത്യത്തിനും നല്ല നടപടികൾക്കുമായി വഴിമാറിയിരിക്കുന്നു. 1942 ൽ എന്നോടു് എടുത്ത നടപടി ഇന്നു സെമ്മിനാരി

അധികൃതർ ഏതെങ്കിലും വൈദികവിദ്യാൎത്ഥിയുടെ നേരേ തൊടുത്തുവിടുന്നുവെങ്കിൽ ശെമ്മാശൻെറ ളോവ സെമ്മിനാരിക്കെട്ടിടത്തിൻെറ വരാന്തയിലും 'ഉടുപ്പി ല്ലാശെമ്മാശൻ' മോരിലെ കരിവേപ്പിലപോലെ, സെമ്മിനാരി കോമ്പൗണ്ടിൻെറ വെളിയിലും കാണപ്പെടുന്നതായിരിക്കും.

അമേരിക്കയിലെ ഒരു സെമ്മിനാരിയിലെ വിദ്യാൎത്ഥികൾ റെക്ടരച്ചൻെറ പക്കൽ ഒരു പരാതി സമർപ്പിച്ചു. ഭക്ഷണത്തിൻെറ വിഭവങ്ങൾ (menu) അവരാണു നിശ്ചയിക്കേണ്ടതെന്നത്രേ അതിൻെറ ചുരുക്കം. റെക്ടരച്ചൻ സമ്മതിച്ചില്ല. വിദ്യാൎത്ഥികൾ സ്ട്രൈക്ക് (strike) നടത്തി. ക്ലാസ്സിൽ പോയില്ല, ഭക്ഷണം കഴിച്ചില്ല. തന്മൂലം, സെമ്മിനാരി അധികൃതർ, പരിശുദ്ധസിംഹാസനത്തിൻെറ അനുമതിയോടുകൂടി, സെമ്മിനാരി നിറുത്തി വിദ്യാൎത്ഥികളെ പറഞ്ഞയച്ചു. ഇൻഡ്യയിലെ ഒരു മേജർ സെമ്മിനാരിയിൽ ദൈവശാസ്ത്രം ഒന്നാംവർഷത്തിലെ വിദ്യാൎത്ഥികൾ ളോവ ധരിക്കാൻ മനസ്സില്ലാതെ 'കൈലിമുണ്ടു് ബനിയൻപ്രകടനം' നടത്തിയതും നമുക്കറിവുള്ളതല്ലേ? ചില മേലദ്ധ്യക്ഷന്മാരുടെ വൈദികരോടുള്ള സ്നേഹരഹിതമായ പെരുമാററം മൂലം വൈദികർ പൗരോഹിത്യം ഉപേക്ഷിച്ചുപോയതും നമ്മുടെ ചിന്തയ്ക്കു വിഷയമാകേണ്ടതാണു്.

## ളോവയിട്ടു നാട്ടിൽ

ക്രിസ്മസ്സ് അവധിക്കാലത്തു് ഞാൻ വീട്ടിലെത്തി. നാട്ടുകാർക്കെല്ലാം പ്രത്യേകിച്ചു് അക്രൈസ്തവർക്കു ഞാൻ ഒരു കാഴ്ചവസ്തുവായി. ''എൻെറ തെയ്‌വ

മേ, ഇതുതന്നെയോ എനിക്കു പീടികേവെച്ച് അരച്ചക്ര ത്തിൻെറ പൊകലക്ക് രണ്ടുചക്രത്തിൻെറ പൊകല തന്ന കൊച്ചുതമ്പുരാൻ'' എന്നാണു വൃദ്ധയായ പുലയസ്ത്രീ യുടെ സംസാരം. ''പടച്ചവനേ, ഈ കൊച്ചിന് ഇ തിൻെറ ആവശ്യമുണ്ടായിരുന്നോ? പീടികേലിരുന്നു കച്ചോടോംചെയ്തു ഒരു മിടുക്കിപ്പെണ്ണിനേയും കെട്ടി സു ഖമായി ജീവിക്കാമായിരുന്നില്ലേ?'' എന്നത്രേ വൃദ്ധ നായ മീരാൻ റാവുത്തരുടെ കെട്ടിയവളുടെ ചിന്താഗതി. ''എടീ, ചിരുതേ, നമ്മുടെ പുത്തൻപീടികേലേ കൊച്ചു പണിക്കോല് ഉടുതുണിയില്ലാതെ വന്നിരിക്കുന്നതു നീ കണ്ടില്ലേ?'' എന്നാണു കറമ്പൻപുലയൻെറ പറച്ചിൽ. എനിക്കു 40 ദിവസം മാത്രം പ്രായമുള്ളപ്പോഠം അമ്മ മരിച്ചതുമൂലം സാധുവായ ഒരു തള്ളയുടെ മുലപ്പാൽ കുടി ച്ചിട്ടുണ്ടെന്നാണ് അവരുടേയും പൊതുജനത്തിൻേറയും സംസാരം. ഞാൻ വീട്ടിൽ വന്ന കാലത്ത് അവർ ഒരു വൃദ്ധയായിരുന്നു. അവർ തത്സമയം കപ്പക്കാലാ യിൽ കൊയ്ത്തരുവാ ഉപയോഗിച്ച് പുല്ല് പെറുക്കു കയായിരുന്നു. ഞാൻ വന്നെന്ന് അറിഞ്ഞയുടനെ കൊയ്ത്തരുവാ പൊക്കിപ്പിടിച്ച് എന്നെ സമീപിച്ചു. 'വട്ടുപിടിച്ച' ഏതോ കിഴവിയാണെന്ന് ഞാൻ സംശ യിച്ചു. അവർ പഴയ ചരിത്രം പറഞ്ഞപ്പോഠം എനി ക്കു കാര്യമെല്ലാം മനസ്സിലായി. ആളിനെ തിരിച്ചറി ഞ്ഞു. അവർ ഇപ്രകാരം പറഞ്ഞു. ''എനിക്കിപ്പോഠം എൻെറ ദൈവമേ, തെറപ്പതിയായി. മോനേ, അന്നു ഞാൻ വിശാരിച്ചു എൻെറ മോൻ തുകക്കേടുകാരനായ തുകൊണ്ട് അച്ചനാകത്തില്ലെന്ന്. എൻെറ കത്താവേ, എല്ലാം ഒത്തല്ലോ.''

## ഇനിയും അച്ചനാകും

ഞാൻ ളോവ ധരിച്ചതിൻെറ മൂന്നാം മാസം ആ സ്ഥപ്പാട്ടപട്ടം ലഭിച്ചു. തന്മൂലം, എനിക്കു് ദൽമത്തി ഉപയോഗിച്ചു് സ്തപസ്സുകർബാനയ്ക്കു സംബന്ധിക്കാൻ സാധിച്ചു. ക്രിസ്മസ്സ് ദിവസം നെടുംകുന്നംപള്ളി യിൽവച്ചു് എൻെറ അച്ഛനു് ഇപ്രകാരം എന്നെ കാണാൻ സാധിച്ചതിൽ അദ്ദേഹം വളരെ സന്തോഷിച്ചു. ''ഇനിയും എൻെറ മോൻ അച്ചനാകും, പീലിപ്പോച്ചാ'' എന്നു് ഒരു സ്നേഹിതനോടു പറഞ്ഞതായി ഞാൻ അറിഞ്ഞു.

## അച്ഛൻ രോഗിയായി

ഞാൻ തത്വശാസ്ത്രം മൂന്നാംവർഷക്ലാസ്സിൽ പഠിക്കവേ അച്ഛനു രോഗം കൂടുതലാണെന്നറിഞ്ഞു. അപ്പോഠം ക്രിസ്മസ്സ് അവധി തുടങ്ങിയതേയുള്ളു. തന്മൂലം വീട്ടിൽ പോയി അച്ഛനെ കാണുന്നതിനും ശുശ്രൂഷിക്കുന്നതിനും റെക്ടറച്ചൻ അനുവദിച്ചു. ഞാൻ വീട്ടിലെത്തിയതോടെ അച്ഛൻെറ സുഖക്കേടു് കുറഞ്ഞു. പത്രമേനിവസ്തു എനിക്കു് എഴുതിത്തരുന്നതിനു് അദ്ദേഹം തീരുമാനിച്ചു. എഴുത്തുകാരനേയും റജിസ്ട്രാരേയും വരുത്തി ഉടമ്പടി തയ്യാറാക്കി. ഞാൻ പെററിസെമ്മിനാരിയിൽ പഠിച്ചിരുന്ന കാലത്തു് ഞാനും അച്ഛനും കൂടി റബർത്തൈകഠം വച്ചുപിടിപ്പിച്ചതിൽ 5 ഏക്കർ സ്ഥലവും 2 ഏക്കർ തെങ്ങുംപുരയിടവും ആയിരപ്പറ നെല്ലു് വിളവെടുക്കാവുന്ന പുഞ്ചനിലവും പത്രമേനിയായി മാററിവച്ചു. ഞാൻ ഇക്കാര്യത്തിൽ സന്തോഷിച്ചു. അഹങ്കരിച്ചു. വൈദികനായശേഷം അവയെല്ലാം ഉപേ

ക്ഷിച്ച നിരുപാധികമായി സഹോദരമക്കാംക്ക കൊടു
ത്തു.

''സമ്പത്തു് വർദ്ധിക്കുമ്പോറം
അമിതമായി സന്തോഷിക്കരുതു്, അഹങ്കരിക്കരുതു''
(സങ്കീ. 62)

ഇവയെല്ലാം ശരിപ്പെടുത്തിയതിൻെറ പിറേറദിവസം അഛൻ അബോധാവസ്ഥയിൽ എത്തിച്ചേൎന്നു. ക്രിസ്മസ്സ് അവധി കഴിഞ്ഞു സെമിനാരി തുറന്നു. ഇനിയും അഛനു ബോധമുണ്ടാകാൻ സാധ്യതയില്ലെന്നും തന്മൂലം പഠനം നഷ്ടപ്പെടുത്താതെ സെമ്മിനാരിയിൽ പോകുന്നതാണു നല്ലതെന്നും ഡോക്ടർ അഭിപ്രായപ്പെട്ടു. അതനുസരിച്ചു് ജനുവരി 10-ാം തിയതി ഞാൻ പോയി, 21-ാം തീയതി അഛൻ നിര്യാതനായി.

''നീതിമാന്മാരുടെ മരണം ദൈവ-
സന്നിധിയിൽ വിലയേറിയതാകുന്നു''
(സങ്കീ. 115)

എൻെറ പ്രിയപ്പെട്ട അഛൻെറ മൃതശരീരം കല്ലറയിലേക്കു് വയ്ക്കുന്നതിനു പത്തുമിനിട്ടു മുമ്പു മാത്രമേ എനിക്കു നെടുങ്കുന്നത്തു് എത്തുവാൻ സാധിച്ചുള്ളു. ഞാൻ മൃതദേഹത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞു.

പരമസാത്വികനും സ്നേഹസമ്പന്നനും ദയാലുവുമായിരുന്ന എൻെറ അഛൻ എന്നോടു യാത്ര പറയാതെയാണു് പോയതു്. അന്ത്യവിനാഴികയിൽ അഛനു ബോധമുണ്ടായെന്നും മക്കളെയെല്ലാവരേയും സമീപത്തു വിളിച്ചിരുത്തി ശിരസ്സിൽ കൈവച്ചു് അനുഗ്രഹി

ച്ചവെന്നും, മകൻെറ ഭാര്യയായ ചാച്ചിയമ്മയിൽനിന്ന മാണു് (തൻെറ പെൺമക്കളിൽ നിന്നല്ല) അവസാന മായി കഞ്ഞിവെള്ളം വാങ്ങിക്കടിച്ചെന്നും അറിയുവാൻ ഇടയായി. അതിന്ന കാരണം ആ സ്ത്രീ എൻെറ അഛ നെ കാര്യമായി 25 നീണ്ട വർഷങ്ങളിൽ മകളേപ്പോ ലെ ശുശ്രൂഷിച്ചതാണെന്നും അറിഞ്ഞു. എന്നെ എന്തു കൊണ്ടാണു് അന്വേഷിക്കാതിരുന്നതു്? ഞാൻ ആലുവാ യിൽനിന്നും എത്തുന്നതിനുമുമ്പ് മരിക്കുമെന്നു് അദ്ദേ ഹത്തിനു് അറിയാമായിരുന്നിരിക്കാം. അതുകൊണ്ടാ യിരിക്കാം എന്നെ വിളിക്കണമെന്ന ആരോടും ആവ ശ്യപ്പെടാതിരുന്നതു്. ഈ സംഭവം എന്നെ വല്ലാതെ വിഷമിപ്പിച്ചു, പീഡിപ്പിച്ചു. അങ്ങനെ മനോവേദന ചവച്ചിറക്കിയും അതു് എൻെറ ഹൃദയഭിത്തികളെ കാ ന്തു തിന്നുകൊണ്ടും ദിവസങ്ങരം മുമ്പോട്ടു നീങ്ങി.

ആ വർഷവും പിന്നത്തെ വർഷവും എനിക്കു് എക്സോർസിററു്, ആക്കോളേററു് എന്നീ മൈനർ പട്ടങ്ങരം ലഭിച്ചു. പിശാചിനെ പുറത്താക്കുന്നതിനുള്ള അധികാരം ഇതുമുഖേന ലഭിച്ചു. അതോടൊപ്പം ശാ രീരികപ്രലോഭനങ്ങരംക്കു വിധേയനായി പിശാചി നെ എൻെറ ആത്മാവിൽ പ്രവേശിപ്പിക്കാതിരിക്കുന്ന തിനും ഈ പട്ടം സ്വീകരിച്ച എന്നെ ചുമതലപ്പെടുത്തു ന്നു. ആക്കോളേററു് എന്ന പട്ടത്തിൻെറ സ്വീകരണം വഴി തിരിക്കാലിന്മേൽ വയ്ക്കപ്പെട്ടിരിക്കുന്ന കത്തിച്ച തിരികരംപോലെ മററുള്ളവർക്കു് ആത്മീയപ്രകാശം നൽകുന്നതിനു് ഞാൻ കടപ്പെട്ടവനാകുന്നു. ഇതുമൂലം മ നുഷ്യരുടെ മുമ്പിൽ ഞാൻ പതാക, തിരി, മുഖക്ക ണ്ണാടി എന്നിവയുടെ ജോലി ചെയ്യേണ്ടതുണ്ടു്. പത ക എപ്പോഴും എല്ലാററിനും മീതേ ഉയർന്നു നിൽക്കു

ത്തുപോലെ സുകൃതാഭ്യാസത്തിൽ ഞാൻ ഉയർന്നു നിൽക്കണം. എൻെറ വിശ്വാസപ്രകടനത്തിലും പെരുമാററത്തിലും വിശ്വാസികളുടെ മുമ്പാകെ കത്തിച്ച തിരിപോലെയായിരിക്കണം എൻെറ നിലപാട്. മുഖക്കണ്ണാടിയിൽ മുഖമെന്നതുപോലെ മററുള്ളവർക്കു ഞാൻ മാതൃകയായിരിക്കണം.

ദൈവശാസ്ത്രപഠനത്തിൻെറ രണ്ടാംവർഷത്തിൽ അഞ്ചാംപട്ടം ലഭിച്ചു. ഇതോടെ ദിവ്യബലിയിൽ സഹായിക്കുന്നതിനു സാധിച്ചു. തിരുവസ്ത്രങ്ങളും ദിവ്യബലിക്കുള്ള പാത്രങ്ങളും ചിട്ടയായി അടുക്കുന്നതിനും ലേഖനം വായിക്കുന്നതിനുമുള്ള അവകാശവും അധികാരവും എന്നിൽ നിക്ഷിപ്തമാകുകയും ചെയ്തു. ഇതു മുതൽ കാനോനാ നമസ്ക്കാരപ്പുസ്തകം എൻെറ പ്രിയംകരനും വിശ്വസ്തനുമായ സഹചാരിയായിത്തീർന്നു. ദേവാലയം പള്ളിമേട, ഭവനം എന്നിവിടങ്ങളിലും പ്രഭാതം, മദ്ധ്യാഹ്നം, പ്രദോഷം എന്നീ വേളകളിലും ശരത്ത്, വർഷം, ശീതം എന്നീ കാലങ്ങളിലും അതു് എൻെറ സവിധത്തിലുണ്ട്. ഈ പട്ടം സ്വീകരിച്ചതു മുതൽ മുമ്പിലത്തേതിലും കൂടുതലായി ചാരിത്രശുദ്ധിയിൽ ഞാൻ ശ്രേഷ്ഠക്കാന്തിയുള്ളവനാകേണ്ടിയിരിക്കുന്നു. എൻെറ നാവുകൊണ്ടു പാപം ചെയ്യാതിരിക്കുന്നതിനു് ഒരു സ്വർണ്ണപ്പൂട്ട് അധരങ്ങളുടെയിടയ്ക്കു് ഉറപ്പിക്കേണ്ടിയിരിക്കുന്നു. അശുദ്ധസംഭാഷണം ശ്രവിക്കാതിരിക്കേണ്ടതിനു ശ്രവണേന്ദ്രിയങ്ങൾ കെട്ടിയടയ്ക്കണം. ശാരീരികപ്രലോഭനങ്ങൾ എന്നെ അടിമപ്പെടുത്താതിരിക്കുന്നതിനു് തപസ്സും ഉപവാസവും അനുഷ്ഠിക്കേണ്ടിയിരിക്കുന്നു.



ആഗ്രഹം പൂർത്തിയായി



ദൈവശാസ്ത്രപഠനത്തിന്റെ മൂന്നാംവർഷത്തിൽ ആറാംപട്ടം ലഭിച്ചു. അന്നുമുതൽ വിശ്വാസികൾക്ക് ദിവ്യകാരുണ്യം നൽകുക, മാമ്മോദീസാ മുക്കുക, ശവസംസ്ക്കാരം, ശ്രാദ്ധയടിയന്തിരം മുതലായവ നടത്തുക, ദിവ്യബലിയിൽ സുവിശേഷം വായിക്കുക, പള്ളിയിൽ പ്രസംഗിക്കുക എന്നീ ജോലികൾ ചെയ്യുന്നതിനു ഞാൻ യോഗ്യനായിത്തീർന്നു. ആറാംപട്ട സ്വീകരണശേഷം സ്വന്തംവീട്ടിലും ബന്ധുമിത്രാദികളുടെ വീടുകളിലും പോയി. ഗുരുപ്പട്ട സ്വീകരണവും പ്രഥമ ദിവ്യബലിയർപ്പണവും സംബന്ധിച്ച ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് ഏവരേയും ക്ഷണിച്ചു. ആരുടേയും സമ്മാനം സ്വീകരിക്കുകയില്ലെന്നുള്ള വ്യവസ്ഥയിലാണ് ക്ഷണിച്ചത്. വൈമനസ്യത്തോടെയാണെങ്കിലും എല്ലാവരും സമ്മതിച്ചു. സെമ്മിനാരിയിൽ എത്തിയതിനുശേഷം ഗുരുപ്പട്ടസ്വീകരണത്തിനുള്ള ഒരുക്കങ്ങളിൽ വ്യാപൃതനായി.

## ആഗ്രഹം പൂർത്തിയായി

ആ സുദിനം. ഗുരുപ്പട്ട സ്വീകരണദിനം. ഇനിയും രണ്ടാഴ്ച മാത്രം. അന്നു വത്സലസഹോദരികളായ കുട്ടിയമ്മ, ഏലിമ്മ, അന്നമ്മ എന്നിവർ മാതാക്കളായിക്കഴിഞ്ഞിരുന്നു. പക്ഷേ, എനിക്ക് ആസ്ഥപ്പാട്ട്പട്ടം കിട്ടുന്നതിൻമുമ്പ് ഏലിമ്മ നാലു പെൺമക്കളെ കുടുംബത്തിനു നൽകിയിട്ട ഇഹലോകവാസം വെടിഞ്ഞിരുന്നു. രണ്ടു സഹോദരികളോടും ഏലിമ്മയുടെ മക്കളോടും അയൽവാസികൾ ഇപ്രകാരം പറഞ്ഞിട്ടുണ്ടാവാം. ''കുട്ടിയമ്മേ, ഏലിമ്മയുടെ മക്കളേ, കുഞ്ഞുങ്ങളേ, കൊച്ചു കാരണവർ അച്ചനാകുന്നതിന് ഇനിയും കുറച്ചു ദിവസങ്ങൾ മാത്രമേയുള്ളല്ലോ. സമ്മാനമായി നിങ്ങൾ എന്താണ്

കൊടുക്കുന്നതു്? രണ്ടാഴ്ച മുമ്പ് അഞ്ചാറു് ഇവിടെ വന്നപ്പോഠം പറഞ്ഞു, പുത്തൻകുർബാനയ്ക്കു് ആരുടേയും സമ്മാനം വാങ്ങിക്കയില്ലെന്നു്. തന്മൂലം, അക്കാര്യത്തിൽ ഞങ്ങഠം നിർബന്ധിക്കുന്നില്ല.''

1949_മാർച്ചു് 16. ഗുരുപ്പട്ടസ്വീകരണദിനം. ഒരു ലക്ഷ്യം ഉറപ്പിച്ചുകൊണ്ടു് അതിനു് അനുസൃതമായി ശൈശവം, ബാല്യം, കൗമാരം, യൗവനം എന്നീദശകളിൽ ആത്മാർത്ഥമായി നാം പ്രവർത്തിക്കുന്നപക്ഷം, ആ ലക്ഷ്യത്തിലെത്താൻ സാധിക്കുക തന്നെ ചെയ്യും. ഈ ആഗ്രഹത്തിനു പോഷണം നൽകുന്ന സാഹചര്യങ്ങഠം കൂടിയുണ്ടെങ്കിൽ ആ ആശ പുഷ്ടിക്കുക തന്നെ ചെയ്യും. എൻെറ പൗരോഹിത്യസ്വീകരണത്തെപ്പററിയും ഇതു് അന്വർത്ഥമാണു്. എൻെറ ശൈശവത്തിൽ എൻെറ അമ്മ മരിച്ചതിനാൽ വത്സലപിതാവു് അമ്മയെപ്പോലെ, എൻെറ എല്ലാ ദശകളിലും എന്നോടു പെരുമാറി. ശൈശവം മുതൽ കൗമാരം കഴിയുന്നതുവരെയുള്ള കാലഘട്ടത്തിൽ എൻെറ വത്സലസഹോദരികളുടെയും ജ്യേഷ്ഠത്തിയുടെയും പെരുമാററം എൻെറ ദൈവവിളിക്കു യോജിച്ചതായിരുന്നു. ഇതിനെല്ലാം മകുടം ചാർത്തിയതു് എൻെറ അഞ്ചാമത്തെ വയസ്സിൽ നെടുങ്കുന്നം പള്ളി വികാരിയായി മേച്ചേരിക്കുന്നേൽ ബ. എമ്മാനുവേൽ അച്ചൻെറ ആഗമനവും എൻെറ പതിനഞ്ചാമത്തെ വയസ്സുവരെ നെടുങ്കുന്നം പള്ളിയിൽ അദ്ദേഹത്തിൻെറ വികാരിത്ത്വവുമാണു്. അതിനുശേഷം നല്ല വികാരിമാരുടേയും അസ്തേന്തിമാരുടേയും വരവും എൻെറ ദൈവവിളിക്കു് മാർഗ്ഗം തെളിച്ചു.

അഞ്ചുവയസ്സുമുതൽ എൻെറ ഹൃദയം ദർശിച്ചിരുന്ന ഭാഗ്യത്തെ ഞാൻ ഇന്നു, ദൈവാനുഗ്രഹത്താൽ, ആസ്വദിച്ചു് ചാരിതാർത്ഥ്യമടയാൻ പോകയാണു്. തങ്ങളുടെ

മരണസമയത്തു് ഇതിനു് എന്നെ അനുഗ്രഹിച്ച മാതാപിതാക്കന്മാർക്കും വൈദികനാകുന്നതിനുള്ള യോഗ്യത എൻെറ ശൈശവം, ബാല്യം, കൗമാരം എന്നീ ദശകളിൽ ഉണ്ടാക്കിത്തന്ന വത്സലസഹോദരി ഏലിമ്മയ്ക്കും ഇതു കാണുന്നതിനു സാധിക്കുന്നില്ലല്ലോ എന്ന വിചാരം എൻെറ ആനന്ദത്തിൻെറ മാററു് കുറയ്ക്കുകതന്നെ ചെയ്തു.

മേജർ സെമ്മിനാരിയിൽ എൻെറ സഹപാഠികളായിരുന്ന ഇപ്പോഴത്തെ വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ ജോസഫ കേളന്തറയും കൊല്ലം രൂപതയുടെ പുതിയ മെത്രാൻ ഡോക്ടർ ജോസഫ് ഫെർണാണ്ടസും.

ചങ്ങനാശേരി പാലാ രൂപതകളിൽ നിന്നും, ഗുരുപ്പട്ടം സ്വീകരിക്കുന്നതിനു ഞാൻ ഉൾപ്പെടെ ഏഴു ശെമ്മാശന്മാരുണ്ടു്. ബ. ഫ്റാൻസിസ് മൈലാട്ടൂർ, ബ. ജോസഫ് പുലിയാംപള്ളി, ബ. തോമ്മസ് പരുവനാനി, ബ. ആഗസ്റ്റിൻ നടുവിലേക്കുററു്, ബ. ജോസഫ് കിളിഞ്ഞിലിക്കാട്ടു്, ബ. തോമ്മസ് നാല്പതാംകളം എന്നിവർ. ഗുരുപ്പട്ടസ്വീകരണത്തിൻെറ തലേദിവസം മംഗലപ്പുഴ അപ്പസ്തോലിക്ക സെമ്മിനാരി അണിഞ്ഞൊരുങ്ങി. പതിവുപോലെ 16-ാം തീയതി അതിരാവിലെ തന്നെ ഞങ്ങൾ എഴുന്നേററു. ദൈവത്തിനു നന്ദിപറഞ്ഞു. സന്തോഷം നിറഞ്ഞ നിർമ്മലമനസ്സോടെ ഞങ്ങൾ ഒരോരുത്തരും മാതാപിതാക്കന്മാരെ സമീപിച്ചു് (ഞാൻ മാത്രം സ്വർഗ്ഗത്തിൽ വസിക്കുന്ന മാതാപിതാക്കന്മാരുടെ പക്കലേയ്ക്കു് കണ്ണുകളുയർത്തി മുട്ടികുത്തി അനുഗ്രഹം ചോദിച്ചു) മുട്ടുകുത്തി വാഴ്‌വ് സ്വീകരിച്ചു. എന്നാൽ ഞാൻ എൻെറ സഹോദരൻ ദേവസ്യാച്ചൻ, അമ്മാമ്മ, സഹോദരി കുട്ടിയമ്മ എന്നിവരെ സമീപിച്ചു് സ്തുതിചൊല്ലി. അനന്ത

രം ശെമ്മാശന്മാരായ ഞങ്ങാം എല്ലാവരും അഭിവന്ദ്യകാളാശ്ശേരിപ്പിതാവിൻെറ വരവും പ്രതീക്ഷിച്ച് മദ്ബഹായിൽ ശാന്തരായി നിലകൊണ്ടു.

പ്രാർത്ഥനാഗാനങ്ങാം എങ്ങും അലതല്ലി. ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ അഭിവന്ദ്യപിതാവ് അംത്താരയെ സമീപിച്ചു തിരുപ്പട്ടം നൽകുന്നതിനുള്ള കർമ്മങ്ങാം ആരംഭിച്ചു. തെരഞ്ഞെടുക്കപ്പെട്ട കുഞ്ഞാടുകളുടെ ഗണത്തിൽ ഞങ്ങളെയും ചേർത്ത ദൈവത്തിൻെറ തിരുമുമ്പിൽ നമ്രശിരസ്ക്കരായി ഞങ്ങാം നിന്നു. മതാചാരപ്രകാരം മററു ശെമ്മാശന്മാരോടൊപ്പം ബ്രദർ പുതിയാപറമ്പിലും ദൈവനാമത്തിൽ തിരുപ്പട്ടമേററു. ഗുരുപ്പട്ടസ്വീകരണസ്മാരകമായി അച്ചടിക്കപ്പെട്ട പടത്തിലെ വാക്കുകാം ദാവീദിൻെറ സങ്കീർത്തനത്തിലേതാണ്.

കർത്താവിൻെറ അനുഗ്രഹങ്ങാംക്കുപകരമായി
ഞാൻ അവിടുത്തേയ്ക്ക് എന്തുകൊടുക്കും?
രക്ഷയുടെ കാസാ എടുത്തുകൊണ്ട് ഞാൻ
കർത്താവിൻെറ നാമം വിളിക്കും''

(സങ്കീ. 115)

ഗുരുപ്പട്ട സ്വീകരണ സ്മാരകമായി ഞാൻ 'തിരുമുമ്പിൽ' എന്ന ഗ്രന്ഥം രചിച്ചു.

---

## പ്രഥമദിവ്യബലി

നവപൂജാർപ്പണത്തിനു നെടുങ്കുന്നത്ത് എത്തുന്ന എന്നെ സ്വീകരിക്കുന്നതിനു് എല്ലാവരും തയാറായി. മാർച്ച് 19. എൻെറ നാമകാരണനായ വിശുദ്ധ യൗസേപ്പിൻെറ തിരുനാാം. ബന്ധപ്പെട്ടവരെല്ലാം തലേദിവസം നെടുങ്കുന്നത്തു് എത്തിച്ചേർന്നു. എൻെറ കാരണവർ കറ

കച്ചാൽ പുത്തൻപുരയിൽ കുഞ്ഞച്ചൻ, കറുകക്കുളത്തിൽ ഏലിമ്മ (ഇളയമ്മ) എന്നിവർക്കു സ്തുതിചൊല്ലിയശേഷം നവപൂജ ആരംഭിച്ചു. വാദ്യമാധുരി അന്തരീക്ഷത്തിൽ നിറഞ്ഞു് ഏവരിലും നിർവൃതിപകർന്നു. ആത്മശുദ്ധിക്കായി അനുഗ്രഹങ്ങൾക്കായി, മിക്കവരും ദിവ്യകാരുണ്യം സ്വീകരിച്ചു. ദിവ്യകർമ്മങ്ങളെല്ലാം കഴിഞ്ഞശേഷം വൈദികരും കന്യാസ്ത്രീകളും അല്മേയരും എൻെറ കരങ്ങൾ ചുംബിച്ചു. അനന്തരം എൻെറ ഭവനത്തിൽ നടത്തപ്പെട്ട വിഭവസമൃദ്ധമായ ലഞ്ചിൽ ക്ഷണിതാക്കൾ സംബന്ധിച്ചു. ഞാൻ എല്ലാവർക്കും നന്ദിപറഞ്ഞു. ഭാരമേറിയ കുരിശു് എൻെറ തോളിൽ വച്ചതിനുശേഷം എല്ലാവരും പിരിഞ്ഞു.

## പൗരോഹിത്യമാഹാത്മ്യം

> ആത്മാവു് ശരീരത്തേക്കാൾ എത്രമാത്രം മാഹാത്മ്യമുള്ളതാണോ വൈദികപദവി രാജപദവിയേക്കാൾ അത്രത്തോളം ഉൽകൃഷ്ടമാണു്''.
>
> (വി. ക്ലെമൻറു്)

കത്തോലിക്കാവൈദികൻ. അദ്ദേഹം വേറൊരു ക്രിസ്തുവാണു്. അദ്ദേഹത്തെ ബഹുമാനിക്കുക. അനുഗമിക്കുക. ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി. അദ്ദേഹത്തെ വിശ്വസിക്കുക. അനുസരിക്കുക. അദ്ദേഹം നിങ്ങളുടെ ആത്മീയപിതാവാണു്. സ്നേഹിച്ചു ബഹുമാനിക്കുക. നിങ്ങളുടെ ഉപകാരിയെ അദ്ദേഹത്തിൽ കാണാവുന്നതാണു്. നന്ദിയുണ്ടായിരിക്കുക. നിങ്ങൾക്കും ശുദ്ധീകരണസ്ഥലത്തിലെ പ്രിയപ്പെട്ടവർക്കും വേണ്ടി അദ്ദേഹം പ്രാർത്ഥിക്കുന്നു. അദ്ദേഹത്തെ അനുഗ്രഹി

കുന്നതിനു് ദൈവത്തോടു പ്രാൎത്ഥിക്കേണ്ടതല്ലേ? സ്വൎഗ്ഗത്തിലേയ്ക്കുള്ള വഴി കാണിക്കുന്നവനാണദ്ദേഹം. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അനുസരിച്ചു് പ്രവൎത്തിക്കുക. നിങ്ങളുടെ ആത്മാവിന്റെ വൈദ്യനാണദ്ദേഹം. അതിന്റെ മുറിവുകൾ അദ്ദേഹത്തെ കാണിക്കുക. അദ്ദേഹം നിങ്ങളെപ്പോലെ തെറ്റുകൾക്കും കുറവുകൾക്കും വിധേയനാകാം. അക്കാരണത്താൽ അദ്ദേഹത്തെ വെറുക്കരുതു്, പരിഹസിക്കരുതു്. അദ്ദേഹത്തെ നല്ല വഴിയിൽ ചരിപ്പിക്കുന്നതിനു ദൈവത്തോടപേക്ഷിക്കുക. ഈശോയുടെ ഹൃദയംപോലെഅദ്ദേഹത്തിനൊരു വിശാല ഹൃദയമുണ്ടു്. അദ്ദേഹത്തെ സമീപിച്ചു് നിങ്ങളുടെ ക്ലേശങ്ങൾക്കും പരിഹാരം കാണുക. സേവനതല്പരനായിരിക്കുന്ന അദ്ദേഹത്തോടു പറഞ്ഞാൽ നിങ്ങളുടെ ആത്മരക്ഷയ്ക്കു വേണ്ടതു കാണിച്ചുതരും. വളരെ ചുമതലയുള്ള ആളാണു് വൈദികൻ. ജീവിതയാത്രയിൽ അദ്ദേഹത്തെ നയിക്കുന്നതിനും മരണസമയത്തു കൃപ ചൊരിയുന്നതിനും ഈശോയോടുപ്രാൎത്ഥിക്കുക. പുരോഹിതൻ ക്രിസ്തുവിന്റെ പ്രതിപുരുഷനായതുമൂലം അവിടുത്തെ ജോലിയും പ്രേഷിത പ്രവൎത്തനങ്ങളും ലോകത്തിൽ നടത്തുന്നതുകൊണ്ടും ക്രിസ്തുവിന്റെ ചൈതന്യത്തിൽ അദ്ദേഹം ചരിക്കേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ നേൎക്കും മനുഷ്യരുടെ നേൎക്കും അദ്ദേഹത്തിനു ചില കടമകളുണ്ടു്.

## പ്രത്യേകതകൾ

എന്റെ സ്വഭാവത്തിനു ചില പ്രത്യേകതകളുണ്ടു്. ഈ പ്രത്യേകതകൾ ചിലപ്പോഴൊക്കെ ചില ശത്രുക്കളേയും എനിക്കു സമ്പാദിച്ചു തന്നിട്ടുണ്ടു്.

പൗരോഹിത്യ സ്വീകരണസ്മാരകമായി നെട്ടങ്ക

ന്നത്തു എൻെറ ചെലവിൽ സ്ലീവാപ്പാതയുടെ രൂപങ്ങരം സ്ഥാപിക്കുന്നതിനുള്ള കാരണം ആ ഭക്തകൃത്യത്തോടുള്ള എൻെറ താല്പര്യമാണു്. പെററിസെമ്മിനാരി ജീവിതം മുതൽ ഇന്നുവരെയുള്ള 39 വർഷത്തെ കാലയളവിൽ ഒരു ദിവസംപോലും വീയാസാക്രാ ഞാൻ മുടക്കിയിട്ടില്ല. വികാരിയായി ജോലിനോക്കിയ എല്ലാ പള്ളികളിലും എല്ലാദിവസവും കുർബാനയ്ക്കുമുമ്പു് ജനങ്ങളോടൊപ്പം സ്ലീവാപ്പാത നടത്താറുണ്ടു്. പെററിസെമ്മിനാരി മുതൽ ഇന്നുവരെ മുഴുവൻകൊന്ത മുടക്കിയിട്ടില്ല. ഞാനും ദേവാലയ ശുശ്രൂഷകരും വേലക്കാരനുംകൂടി പള്ളിയിൽ നടത്തുന്ന സന്ധ്യാപ്രാർത്ഥന വേണ്ടതായ ഭക്'തിയോടെ അല്ലാത്തതിനാൽ തത്സമയം ജപമാല ഒഴിച്ചുള്ള പ്രാത്ഥന മാത്രമേ ഞാൻ ചൊല്ലാറുള്ളു. അത്താഴം കഴിഞ്ഞു് ഞാൻ തനിച്ചു മുഴുവൻകൊന്ത ചൊല്ലുകയാണു് പതിവു്.

ഗുരുപ്പട്ടസ്വീകരണ ദിവസം ആരിൽനിന്നും സമ്മാനം സ്വീകരിച്ചില്ല. അതിനു നീതീകരണവുമുണ്ടു്. ആരിൽ നിന്നെങ്കിലും സമ്മാനം സ്വീകരിക്കുന്നപക്ഷം അവർ ആവശ്യപ്പെടുന്ന കാര്യങ്ങരംക്കെല്ലാം പോകുന്നതിനു ഞാൻ നിർബന്ധിതനാകും. തന്മൂലം, ഞാൻ ജോലിചെയ്യുന്ന ഇടവകയിലെ പലകാര്യങ്ങളുടെയും നിർവ്വഹണത്തിനു തടസ്സം നേരിടാനിടയുണ്ടു്. ഞാൻ ശെമ്മാശനായിരിക്കവേ എൻെറ ഒരു ബഹു. വികാരിയച്ചൻ പറഞ്ഞ സംഭവം ഉദ്ധരിച്ചുകൊള്ളട്ടെ. ബന്ധപ്പെട്ട ഒരാളിൽനിന്നും പുത്തൻകുർബാനയ്ക്കു് അദ്ദേഹം ഒരു തുക സമ്മാനമായി സ്വീകരിച്ചു. ഒരു ഞായറാഴ്ച അയാരം പ്രസേന്തിയായി ദർശനത്തിരുനാരം നടത്തപ്പെടുകയാണു്. പെരുന്നാരം പാട്ടുകുർബാനചൊല്ലുന്നതിനു് ആരെയും കിട്ടിയില്ല. സമ്മാനം സ്വീകരിച്ച അച്ചൻ

നല്ല പാട്ടുകാരനായിരുന്നതുമൂലം അദ്ദേഹത്തെ ക്ഷണിച്ചു. പക്ഷേ, അദ്ദേഹത്തിൻെറ വികാരിക്കു്, അദ്ദേഹം ജോലിചെയ്യുന്ന പള്ളിയിൽ, ഉച്ചക്കുർബാന ചൊല്ലുന്നതിനു മനസ്സില്ല. സമ്മാനം സ്വീകരിച്ച അച്ചൻ അസ്വസ്ഥനായതിനാൽ അദ്ദേഹമാണു് ഉച്ചക്കുർബാന ചൊല്ലേണ്ടതു്. അക്കാലത്തു പാതിരാത്രി മുതൽ കുർബാന ചൊല്ലികഴിയുന്നതുവരെ ഒരുതുള്ളി വെള്ളം പോലും കുടിക്കുന്നതിനു് അനുവാദമില്ലായിരുന്നു. സമ്മാനം സ്വീകരിച്ചഅച്ചൻ കുർബാനക്കു പോയില്ല. സമ്മാനം കൊടുത്തആം പണം തിരികെ ചോദിച്ചു. അദ്ദേഹം പലിശ സഹിതം പണം കൊടുത്തു കടപ്പാടുംതീർത്തു.

ഇടവകപ്പള്ളികളിൽ മുപ്പതുവർഷം ജോലിചെയ്തിട്ടു് ഏതെങ്കിലും വീട്ടിൽ നിന്നു് പാരിതോഷികമായി ഒന്നും ഞാൻ സ്വീകരിച്ചിട്ടില്ല. അതിനുള്ള നീതീകരണം മൂക്കിൽക്കൂടി തിന്നാൽ വയറു് നിറയുകില്ലാ എന്ന തത്വമാണു്. എന്നാൽ ദരിദ്രൻെറയോ ധനികൻെറയോ വീട്ടിൽ ഏതെങ്കിലും ആവശ്യത്തിനു പോകുന്ന സമയം അവരുടെ സാമ്പത്തികനില അനുസരിച്ചുള്ള ഭക്ഷണം കഴിക്കുക പതിവാണു്. എങ്കിലും നിവൃത്തിയുള്ളിടത്തോളം ഭക്ഷണസമയത്തു് ഒരു വീട്ടിൽ കയറാതിരിക്കുന്നതിനു ശ്രമിക്കും.

വേറൊരാളുടെ കാറിൽ സഞ്ചരിക്കുന്നതു് എനിക്കു് അത്ര ഇഷ്ടമുള്ള കാര്യമല്ല. അതിനുള്ള നീതീകരണം അയാറം ഇഷ്ടമുള്ളിടത്തും ആവശ്യമുള്ളിടത്തും കയറിയിറങ്ങുമ്പോറം എനിക്കും ആ 'കമ്പാത്തു്' നടത്തേണ്ടിവരുന്ന ഗതികേടു് ഉണ്ടാകുമെന്നതാണു്. ബസ്സ്യാത്രയിൽ ഒരു യാത്രക്കാരൻ സീററു് ഓഫർ ചെയ്യുന്നപക്ഷം സ്വീകരിക്കുക പതിവില്ല. അതിനു കാരണമുണ്ടു്. ബസ്സ്യാത്രക്കാർ

തമ്മിൽ വ്യത്യാസമില്ല. നിന്നു യാത്ര ചെയ്യുന്നതിനു സുഖമില്ലാത്തവർ കാറുപിടിച്ചു പോകുകയോ, വീട്ടിലിരുന്നിട്ട് വേറൊരാളെ അയച്ച് കാര്യം സാധിക്കുകയോ ചെയ്യണം. കൂടാതെ ബസ്സിൽ സീററ് ലഭിച്ചിരിക്കുന്ന ആളിനു് അതു കിട്ടിയ വിധവും നാം മനസ്സിലാക്കണം. ബസ്സ്സ്റ്റാൻറിനു രണ്ടും മൂന്നും മൈൽ അകലെനിന്നും അയാാം വെളുപ്പിനു നടന്നുവന്നു ക്യൂ പാലിച്ച് സീററ് കരസ്ഥമാക്കിയതാണെന്ന കാര്യം ചിന്തിക്കേണ്ടതാണു്. ഈ നിർബന്ധ സ്വഭാവം മൂലം എൻെറ രണ്ടു കൈപ്പത്തികളിലും വലിയ തഴമ്പുണ്ടു്. കമ്പിയിൽ പിടിച്ചുനിന്നു യാത്ര ചെയ്തു കിട്ടിയ സമ്പാദ്യം.

> ''പുഷ്പത്തിനുള്ളിലെ കായ് വലുതാകുന്തോറും പുഷ്പത്തിൻെറ ഇതളുകാം തന്നത്താനെ കൊഴിഞ്ഞുവീഴുന്നു. ഇതുപോലെ നിൻെറ ഉള്ളിൽ ഈശ്വരത്വം വർദ്ധിക്കുന്തോറും നിൻെറ മനുഷ്യപ്രകൃതി, ലോകത്തോടുള്ള ഒട്ടൽ താനേ നശിച്ചുകൊള്ളും''
>
> (വിശുദ്ധ ക്രിസോസ്റ്റോം)

ഇടവകപ്പള്ളികളിൽ മുപ്പതുവർഷം ജോലിചെയ്തിട്ട് ഒരു ഇടവകയിൽനിന്നും വേറൊരു ഇടവകയിലേയ്ക്കു് സ്ഥലംമാറിപ്പോകുമ്പോാം യാത്രയയപ്പ് സ്വീകരിച്ചിട്ടില്ല. ഒരു കാറിൽ, ഇടവകയിലെ മൂന്നോ നാലോ പ്രതിനിധികാം അച്ചനെ പുതിയ ഇടവകയിലേയ്ക്കു് കൊണ്ടുപോകുന്നതിൽ ഞാൻ എതിരല്ല. പക്ഷേ, അതും എനിക്കുവേണ്ടാ. ഓരോ വൈദികനും ഇടവകയിൽ ചെയ്യുന്ന ജോലിക്കു് ദൈവം പ്രതിഫലം കൊടുത്തുകൊള്ളും. കൂടാതെ അച്ചനെ മോടിയായി പുതിയ പള്ളിയിൽ കൊണ്ടുപോയി തിരിച്ചു വന്നതിനുശേഷം യാത്രയയപ്പിൻെറ

ചെലവു് സംബന്ധിച്ച കണക്കു് വായിക്കുന്ന വേളയിൽ പള്ളിയോഗത്തിൽപ്പോലും വഴക്കുണ്ടാകാറുണ്ടു്. ഞാൻ യാത്രയയപ്പു് സ്വീകരിക്കാത്തതിനു കാരണമായി ചിലർ പറയാറുള്ളതു് എനിക്കതു സ്വീകരിക്കാൻ യോഗ്യതയില്ലെന്നും വഴക്കുപിടിച്ചാണു് എല്ലാ പള്ളികളിൽ നിന്നും പോകുന്നതെന്നുമത്രേ. ഒരു ഇടവകയിലെ സകല മനുഷ്യരോടും ഒരു അച്ചനു പിണക്കമുണ്ടായിരിക്കുക സ്വാഭാവികമല്ലല്ലോ. അങ്ങനെ സംഭവിച്ചുവെന്നുതന്നെയിരിക്കട്ടെ. എങ്കിൽത്തന്നെയും അദ്ദേഹത്തിൻെറ ബന്ധത്തിൽപ്പെട്ടവരും പുതിയ ഇടവകക്കാർക്കു പരിചയമില്ലാത്തവരുമായ കുറെ ആളുകളെ ഒരു കാറിൽ കയററിക്കൊണ്ടുപോകുവാൻ എന്താണു് പ്രയാസം?

എൻെറ ബന്ധത്തിലോ പരിചയത്തിലോ പെട്ട ആരെങ്കിലും ഒരു ഓപ്പറേഷനു വിധേയമാകുന്ന സമയത്തു ഞാൻ ആശുപത്രിക്കപ്പേളയിൽ ദിവ്യബലി അർപ്പിക്കുന്നു. രോഗിയെ തിയേററിൽ കയററിയതിനുശേഷം ബന്ധപ്പെട്ടവർ സാധാരണയായി തിയേററിൻെറ വെളിക്കിരുന്നു കരയുകയും മ്ലാനവദനരായിക്കഴിയുകയുമാണു പതിവു്. ദിവ്യബലിയിൽ സംബന്ധിക്കുന്നതു മൂലം അവർക്കു വലിയ ആശ്വാസവും ഹൃദയസമാധാനവും ഉണ്ടാകുന്നതാണു്.

എൻെറ ബന്ധക്കാർ, സ്നേഹിതന്മാർ എന്നിവരുടെ ചരമവാർത്ത പത്രത്തിൽ കാണാനിടയാകുമ്പോഠം ക്ഷണിക്കപ്പെട്ടിട്ടില്ലെങ്കിൽത്തന്നയും പോയി ശവസംസ്കാരത്തിൽ പങ്കെടുക്കുക പതിവാണു്. യാത്രയിലായാലും അല്ലാത്തസമയത്തും ഏതെങ്കിലും കടയിൽ കയറി ഇരിക്കുകയില്ല. അപ്രകാരം ചെയ്താൽ കച്ചവടത്തിനു സ്തംഭനമുണ്ടാകും.

മേൽപ്പറയപ്പെട്ട സംഗതികളെല്ലാം അക്ഷരാർത്ഥത്തിൽ പാലിക്കപ്പെട്ടിട്ടുണ്ടെന്നു ഞാൻ വീമ്പടിക്കുന്നില്ല. പലപ്പോഴും അപവാദങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രതികൂല സാഹചര്യങ്ങൾ, രോഗം, സാമ്പത്തികാവശത, തുടങ്ങിയവമൂലം തത്ത്വങ്ങളിൽ ചിലപ്പോഴൊക്കെ വിട്ടുവീഴ്ചകൾ വന്നിട്ടുണ്ട്. ഞാനും മനുഷ്യനല്ലേ? ദൈവം ഏവരേയും സൃഷ്ടിച്ചിട്ടുള്ളത് മററുള്ളവരെ ആശ്രയിച്ചു ജീവിക്കാനാണല്ലോ. എത്ര ധനവാനായാലും വേറൊരാളെ ആശ്രയിക്കാതെ ജീവിക്കാൻ സാധ്യമല്ലല്ലോ.

## പ്രേഷിതപ്രവർത്തനം

സെമ്മിനാരിയിലെ പഠനം കഴിഞ്ഞു് വൈദികനായി പുറത്തിറങ്ങി, പ്രേഷിതജോലിയിൽ പ്രവേശിച്ചു. അപ്പോൾ എനിക്കു മനസ്സിലായി, സെമ്മിനാരിയിൽ പഠനകാര്യത്തിൽ പിന്നോക്കം നിന്നവർ, അവിടത്തെ കലാപരിപാടികളിൽ പങ്കെടുക്കാതിരുന്നവർ, സാമ്പത്തികമായി ക്ഷീണിച്ച കുടുംബത്തിലെ അംഗങ്ങൾ, ഏതെങ്കിലും പ്രകാരത്തിൽ സെമ്മിനാരിയിൽ ശോഭിക്കണമെന്നു വിചാരിക്കാത്തവർ എന്നീ നിലകളിലുള്ള ശെമ്മാശന്മാർ, വൈദികരായശേഷം ഇടവകജോലിയിലും മററും ജനങ്ങൾക്കു പ്രിയപ്പെട്ടവരായി കാണപ്പെടുക പതിവാണെന്നു്.

### പുളിംകുന്നുപള്ളി

1949 ഏപ്രിൽ 17 മുതൽ 1950 ഏപ്രിൽ 17 വരെ ഞാൻ പുളിങ്കുന്നുപള്ളിയിൽ അസിസ്റ്റൻറായി

ജോലി ചെയ്തു. എല്ലാവൎക്കും ഇഷ്ടപ്പെട്ട വിധം ജോലി നടത്തിയെന്നു് ഇടവകക്കാർ പറയുന്നു.

> ''എന്തൊക്കെ ചെയ്യുവാൻ കഴിവുണ്ടു് എന്ന അടിസ്ഥാനത്തിൽ നാം നമ്മെ വിലയിരുത്തുന്നു. മററുള്ളവരാകട്ടെ നാം എന്തൊക്കെ ചെയ്തുവെന്നു നോക്കിയാണു് നമ്മെ വിലയിരുത്തുന്നതു്''
>
> (ലോംഗ് ഫെലോ)

അന്നത്തെ എൻെറ വികാരി പരേതനായ ബ. ജോർജ്ജ് വെള്ളാപ്പള്ളി. അദ്ദേഹം എന്നെ ശാന്തശീലനാക്കി. ഉച്ചഭക്ഷണത്തിനും അത്താഴത്തിനും ശേഷം അച്ചന്മാർ തമ്മിലുള്ള സംഭാഷണമോ, ഉല്ലാസമോ, മററുള്ളവരെപ്പററിയുള്ള കുററം പറച്ചിലോ, താമസിച്ചുള്ള ഉറക്കമോ അദ്ദേഹത്തിനു് ഇഷ്ടമായിരുന്നില്ല. അവയൊന്നും എനിക്കും ഇഷ്ടപ്പെട്ടിരുന്നില്ല. തന്മൂലം Early to bed, early to rise എന്ന തത്വം ഞങ്ങൾ നടപ്പിലാക്കി. രാത്രി 9 മണിക്കു കിടക്കുകയും $3\frac{1}{2}$ മണിക്കു് എഴുന്നേൽക്കുകയും ചെയ്കയെന്നതു പതിവായി. മൂന്നരമണിമുതൽ ദിവ്യബലിവരെയുള്ള ദീർഘസമയം ധ്യാനം, കാനോന നമസ്ക്കാരം, മതപരമായ കാര്യങ്ങൾ സംബന്ധിച്ചുള്ള ലേഖനമെഴുത്തു്, ശുദ്ധീകരണസ്ഥലത്തിൽ വേദനയനുഭവിക്കുന്നവൎക്കുവേണ്ടി അനീദ എന്ന പ്രാൎത്ഥന ചൊല്ലുക എന്നിവയ്ക്കു ഞാൻ ചെലവഴിച്ചു.

> ''കൎത്താവേ, അങ്ങയോടു ഞാൻ പ്രാൎത്ഥിച്ചു.
> പ്രഭാതത്തിൽ എൻെറ പ്രാൎത്ഥന നിന്നിലേയ്ക്കുയന്നു''
>
> (സങ്കീ. 88)

''ഓരോ ദിവസവും പ്രഭാതത്തിൽ ഞാൻ
അങ്ങേ കാരുണ്യം കീർത്തിക്കുന്നു,
സന്ധ്യാകാലത്തു് അങ്ങേ വിശ്വസ്തതയും''
(സങ്കീ.92)

കിഴക്കൻപ്രദേശങ്ങളെ അപേക്ഷിച്ചു് കുട്ടനാടൻ പ്രദേശങ്ങളിൽ പാപസാഹചര്യങ്ങൾ കൂടുതലാണെന്നും തന്മൂലം പല കുടുംബങ്ങളിലും സാമ്പത്തികതത്തകർച്ച ഉണ്ടാകുക പതിവാണെന്നും, ഞാൻ ശെമ്മാശനായിരിക്കവേ, പല അച്ചന്മാർ എന്നോടു പറഞ്ഞിട്ടുണ്ടു്. ഈ വീക്ഷണത്തോടുകൂടിയാണു പുളിങ്കുന്നിൽ എന്റെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയതു്. ''പുത്തനച്ചി പുരപ്പുറം തൂക്കും' എന്ന പഴഞ്ചൊല്ലുണ്ടല്ലോ. അതുപോലെ ഒമ്പതുവർഷത്തെ സെമ്മിനാരിജീവിതത്തിൽ സംഭരിച്ച സുകൃതങ്ങളും തത്ത്വശാസ്ത്രം, ദൈവശാസ്ത്രം, കാനൻ നിയമങ്ങൾ, പാസ്റ്ററൽ തിയോളജി, ഹിന്ദുയിസം എന്നിവയിൽ നേടിയ വിജ്ഞാനവുമെല്ലാം പുളിങ്കുന്നിൽ പ്രായോഗികമാക്കണമെന്ന ഉദ്ദേശ്യത്തോടെയാണു ജോലി ആരംഭിച്ചതു്. അതു് ഏറെക്കുറെ ഫലപ്പെട്ടുവെന്നും നാട്ടുകാർ പറയുന്നു. സാമ്പത്തികമായി ചിലരെയെങ്കിലും സഹായിച്ചു. അതു മുതലെടുക്കുന്നതിനു് ചിലർ മുമ്പോട്ടുവന്നു. ദുർമ്മാർഗ്ഗജീവിതം നയിച്ചു് സാമ്പത്തികമായി നശിച്ചവർ വളരെ. അവരെ നന്നാക്കുന്നതിനു സാമം, ദാനം, ഭേദം വരെ പ്രയോഗിച്ചു. ഫലവത്തായില്ല പരിശ്രമം. അവർ സാമ്പത്തികമായി അധഃപതിച്ചു. കുടുംബം ദാരിദ്ര്യത്തിലാണ്ടു.

''ഇത്രപെട്ടെന്നു് അവർ എങ്ങനെ നശിച്ചു?
സ്വപ്നം കണ്ടുണരുന്ന വേഗതയിൽ

അവരെ അങ്ങ് ഭസ്മമാക്കിളക്കഞ്ഞേതല്ലോ''
(സങ്കീ. 73)

ഇപ്രകാരമുള്ളവരെ, വിദേശരാജ്യങ്ങളിൽ പോയി, ഉദാരമതികളെ കണ്ടുപിടിച്ച് ധനസഹായം സ്വീകരിച്ച് തിരിച്ചെത്തി, രക്ഷിക്കുക മാത്രമേ കരണീയമായിട്ടുള്ള എന്ന ചിന്താഗതിയിൽ വിശുദ്ധവത്സരം പ്രമാണിച്ച് 1950 ഏപ്രിൽ 20-ാം തീയതി യൂറോപ്യൻ പര്യടനത്തിനു പുറപ്പെട്ടു. സഹതീർത്ഥകരായി 28 പേർ ഉണ്ടായിരുന്നു. അവരിൽ 9 പേർ മലയാളികളും മററുള്ളവർ വടക്കേഇൻഡ്യാക്കാരുമായിരുന്നു. റൈററ് റവ. മോൺ. കാക്കശ്ശേരി, റവ. ഫാ. പോറം കുഴിക്കാട്ട്, കുടമാളൂർ സ്വദേശി ജോസഫ് (വലിയവീട്ടിൽ കുട്ടിച്ചേട്ടൻ), കോട്ടയം രൂപതക്കാരൻ പുതിയവീട്ടിൽ ജോസഫ്, കൊല്ലംകുളം ശ്രീ. കെ.വി. തോമസ്, ഡോക്ടർ ഈപ്പൻ കടമപ്പുഴ, മറിയാമ്മ വെള്ളാപ്പള്ളി, കോട്ടയം, കെ.ററി. ത്രേസ്യാമ്മ കുത്തുകല്ലുങ്കൽ ചങ്ങനാശ്ശേരി എന്നിവരാണു കേരളത്തിൽനിന്നുമുള്ളവർ. ഇവരിൽ ജോസഫ് വലിയവീട്ടിൽ, തോമസ് കൊല്ലംകുളം എന്നിവർ നിര്യാതരായി. അവർക്കു് ആത്മശാന്തി നേർന്നുകൊള്ളുന്നു.

1950 ഏപ്രിൽ 21-ാം തീയതി ഞങ്ങരം ബോംബെയിലെത്തി. ഒരാഴ്ച ടാജ്മഹാറം ഹോട്ടലിൽ താമസിച്ചതിനുശേഷം എയർ ഇൻഡ്യാ ചാർട്ടേഡ് പ്ലെയിനിൽ റോമ്മിലേയ്ക്കു് പുറപ്പെട്ടു. ഇതു് മലയാളികളായ ഞങ്ങളുടെ ആദ്യത്തെ വിമാനയാത്രയാണു്. വിമാനം കറാച്ചിയിലിറങ്ങി. വിമാനം നിറുത്തുന്നിടത്തെല്ലാം പൈലററ് മാറുക, എൻജിനിൽ പെട്രോറം നിറയ്ക്കുക, യാത്രക്കാർ വിശ്രമിക്കുക എന്നിങ്ങനെ ചില പതിവു

കളുണ്ടു്. അവിടെ നിന്നും ഞങ്ങാം യാത്ര തുടർന്നു കുവൈററു് വിമാനത്താവളത്തിലിറങ്ങി. പല അസൗകര്യങ്ങളുണ്ടായിരുന്നതിനാൽ അവിടെ കുറച്ചു സമയം മാത്രമേ ചെലവഴിച്ചുള്ളു. വിമാനം പിന്നീടു് ഇറങ്ങിയതു് ബസറായിലാണു്. അവിടെ ഒരു ദിവസം താമസിച്ചശേഷം റോമിനെ ലക്ഷ്യമാക്കി യാത്രതുടർന്നു. ഞങ്ങാം റോമിലെ വിമാനത്താവളത്തിലിറങ്ങിയപ്പോഴുണ്ടായ സന്തോഷം നിസ്സീമമായിരുന്നു. രാത്രിയിലാണു വിമാനമിറങ്ങിയതു്. ഞങ്ങാം താമസിക്കേണ്ട ഹോട്ടലിലേയ്ക്കു് ഞങ്ങളെ കൊണ്ടുപോകുന്നതിനു് എയർ കണ്ടീഷൻ ചെയ്ത ബസ്സുകളുമായി ഹോട്ടൽജീവനക്കാർ വിമാനത്താവളത്തിൽ എത്തിയിരുന്നു. അവരിൽ ചിലർ ജർമ്മൻകന്യാസ്ത്രീകളും സ്ത്രീകളുമായിരുന്നു. അവരാണു ഹോട്ടൽ നടത്തുന്നതു്.

എല്ലാ സൗകര്യങ്ങളും ഹോട്ടലിലുണ്ടു്. ഈ നാട്ടുകാർക്കു് കുളി പതിവില്ലാത്തതുകൊണ്ടു് കുളിക്കാനുള്ള സൗകര്യം വേണ്ടവണ്ണമില്ല. യൂറോപ്യൻ ഭക്ഷണമാണു നൽകപ്പെടുന്നതു്. ഭക്ഷണത്തിനു മുൻകൂട്ടി ഏർപ്പാടു ചെയ്തില്ലെങ്കിൽ കിട്ടാൻ പ്രയാസമാണു്. 12 മുതൽ 120 പേർക്കുവരെ ഇരിക്കാവുന്ന സീററുകളിൽ ആളുകരം നിറഞ്ഞുകഴിയുമ്പോരം വലിയ പാത്രങ്ങളിൽ വിളമ്പുവാനുള്ള വിഭവങ്ങാം വേലക്കാർ കൊണ്ടുവന്നു നിരത്തിവയ്ക്കുന്നു. തനിച്ചും പരസ്പരം സഹായിച്ചും ഓരോരുത്തർ ആവശ്യത്തിനുമാത്രം എടുക്കുന്നു. സൂപ്പു്, വറുത്ത ഉരുളക്കിഴങ്ങു്, മത്സ്യം, മാംസം, മുട്ട, തക്കാളി, ബീൻസു്, കാബേജു് എന്നിവയാണു ഭക്ഷണത്തിലെ പ്രധാന ഇനങ്ങാം. രാവിലത്തെ ഭക്ഷണത്തിനു റൊട്ടി, ബട്ടർ, ജാം എന്നിവമാത്രം. അവ ഓരോരുത്തരുടേയും ആവശ്യമനുസരിച്ചു കഴിക്കാം.

ഞങ്ങറം പട്ടണസന്ദർശനത്തിന്ന പുറപ്പെട്ടു. വാഴ്ത്തപ്പെട്ടവളെന്നു നാമകരണം ചെയ്യപ്പെട്ടവളും മഠാധിപയുമായിരുന്ന ഒരു കന്യാസ്ത്രിയുടെ മൃതശരീരം, അല്പംപോലും കേടുസംഭവിച്ചിട്ടില്ലാത്ത ശരീരം, സൂക്ഷിക്കപ്പെടുന്ന മഠംവക കപ്പേളയിൽ ഞങ്ങറം പ്രവേശിച്ചു, ഇവിടത്തെ കന്യാസത്രികറം ഹോസ്റ്റലുകളും ഹോട്ടലുകളും നടത്തുന്നുണ്ടു്. പുരുഷന്മാരെ താമസിപ്പിക്കയില്ല. ഈ കന്യാസ്ത്രികറം എപ്പോഴും സന്തോഷവതികളും സേവനനിരതരുമാണ്. ഇവരുടെ പല നല്ല മാതൃകകളും കേരളത്തിലെ കന്യാസത്രികറംക്കു് അനുകരണീയമാണെന്നെനിക്കു തോന്നി.

പിന്നീടു് ഞങ്ങറം വിശുദ്ധ പത്രോസിൻെറ ബസ്സിക്കായിലേയ്ക്കാണു് പോയതു്. ലോകത്തുള്ളതിലേയ്ക്കും വലിയ ദേവാലയമാണിതു്. 163828 ചതുരശ്ര അടി വിസ്താരം, 613 അടി നീളം, 452 അടി വീതി, രണ്ടുവശങ്ങളിലും തലയെടുത്തു നിൽക്കുന്ന ഭീമാകൃതികളായ തൂണുകറം, ഇവയ്ക്കു മകുടമെന്നോണം പരിലസിക്കുന്ന സ്തൂപിക. അതിനു 435 അടി ഉയരവും 140 അടി വ്യാസവും. ഗോപുരത്തിൻെറ മധ്യഭാഗത്തായി 'പത്രോസേ നീ പാറയാകുന്നു. ഈ പാറമേൽ എൻെറ പള്ളിപണിയും'' എന്നു് ആറടിവലിപ്പമുള്ള അക്ഷരങ്ങളിൽ എഴുതപ്പെട്ടിരുന്നു എന്നാൽ താഴെനിന്നു നോക്കുമ്പോറം അവയ്ക്കു് ആറിഞ്ചു വലിപ്പം മാത്രമേ തോന്നൂ ഗോപുരത്തിൻെറ മറുഭാഗത്തു് വിശുദ്ധ പത്രോസിൻെറ ചിത്രം. അദ്ദേഹം പിടിച്ചിരിക്കുന്ന ആറടി നീളമുള്ള പേന ആറിഞ്ചു് വലിപ്പമുള്ളതായി കാണപ്പെടുന്നു.

ബസ്ളീക്കായിൽ 200 ൽപ്പരം അാംത്താരകളുണ്ടു്. കുർബാന ചൊല്ലുന്നതിനു ഞാൻ പള്ളിയിൽ പ്രവേശിച്ചു ട്രാൻസ്പ്പോർട്ടു്ബസ്സിൽ കയറുന്നതിനു യാത്രക്കാർ ക്യൂ നിൽക്കുന്നതുപോലെയാണു കുർബാന ചൊല്ലാനുള്ള സന്ദർഭം നോക്കി വൈദികർ നില്ക്കുന്നതു്. നാലുമണിക്കൂർ കാത്തുനിന്നശേഷമാണു് കുർബാനചൊല്ലാൻ എനിക്കവസരം ലഭിച്ചതു്. ഒരുലക്ഷംപേർക്കു് പള്ളിക്കുള്ളിലും രണ്ടുലക്ഷംപേർക്കു പള്ളിമുററത്തും നില്ക്കാൻ സൗകര്യമുണ്ടു്. പ്രധാന അാംത്താരയുടെ മുകളിലുള്ള കാനപ്പി സ്വർണ്ണനിറമുള്ള വള്ളികളാലും കൊത്തുപണികളാലും അലംകൃതമാണു്. നാലു പിത്തളത്തൂണുകളിലാണു അതു് ഉറപ്പിച്ചിരിക്കുന്നതു്. ഈ തൂണുകാംക്കു് 95 അടി ഉയരമുണ്ടു്. 145 മാർപ്പാപ്പാമാരുടെ പുണ്യാവശിഷ്ടങ്ങാം ഈ ദേവാലയത്തിലുണ്ടു്. വലതുവശത്തുള്ള തൂണിനുതാഴെ പിത്തളകൊണ്ടുണ്ടാക്കപ്പെട്ട വിശുദ്ധ പത്രോസിൻെറ പ്രതിമ കാണാം. വലതുകൈ പൊക്കിപ്പിടിച്ചു് ആശീർവദിക്കുന്ന രീതിയിലുള്ള ഈ പ്രതിമ നാലാം ശതാബ്ദത്തിൽ നിർമ്മിക്കപ്പെട്ടതാണു്. തീർത്ഥകരുടെ ചുംബനംമൂലം പ്രതിമയുടെ പാദങ്ങാംക്കു് വളരെയധികം തേയ്മാനം സംഭവിച്ചിട്ടുണ്ടു്. പ്രസിദ്ധ കലാകാരനായ മൈക്കിാം ആഞ്ചലോയാണു് ചിത്രങ്ങളുടേയും മററു പണികളുടേയും നിർമ്മാതാവു്. മദ്ബഹായുടെ നടുഭാഗത്തു പ്രധാന അാംത്താര. വിശുദ്ധ പത്രോസിൻെറ ശവകുടീരത്തിനു മുകളിൽ മാർബിാംകൊണ്ടാണു് ഇതു നിർമ്മിച്ചിരിക്കുന്നതു്. പഴയകല്ലറയുടെ കല്ലുകളും അതിൻെറ ഭാഗങ്ങളും പഴയമട്ടിൽ കാണപ്പെടുന്നുണ്ടു്.

വിശുദ്ധ പത്രോസിൻെറ കുഴിമാടത്തിനെതിരായിട്ടാണു് കാലംചെയ്ത പന്ത്രണ്ടാം പീയൂസിൻെറ ശവകുടീ

രം. അവിടെയുള്ള അററത്താരയിൽ കർബാന ചൊല്ലാൻ മെത്രാന്മാർക്കുമാത്രമേ അവസരം ലഭിക്കുകയുള്ളു. 1950–ൽ പന്ത്രണ്ടാം പീയൂസ് തിരുമേനിയുടെ കരങ്ങൾ ചുംബിച്ച് അഭിമുഖസംഭാഷണം ഞാൻ നടത്തിയെങ്കിൽ 1970–ലെ സന്ദർശനവേളയിൽ അവിടുന്ന് അന്ത്യവിശ്രമം കൊള്ളുന്ന ശവകുടീരമാണു കാണാനിടവന്നതു. 1955ൽ പരിശുദ്ധ പിതാവിനു ഒരു സുറിയാനി നമസ്കാരപുസ്തകം സമ്മാനമായി നൽകി. ഞാൻ നാട്ടിൽ തിരിച്ചെത്തിയ ശേഷം, അവിടുത്തെ സെക്രട്ടറിയും ഇപ്പോഴത്തെ മാർപ്പാപ്പായുമായ ജോസഫ് മൊൻടീനി (പോൾ ആറാമൻ പാപ്പാ) എനിക്കു ഇപ്രകാരമൊരു സന്ദേശമയച്ചുതന്നു.

*Vatiacn City*
*May 12th 1950.*

*Secretario De stato*
*Sua santita*

Dear Rev Father,

I regret that through an oversight on the part of this office no acknowledgement was sent to you for the Syriac breviary which you presented to His Holiness on the occasion of your being received in audience privately on 30th April 1950. It gives me much pleasure to convey to you the belated but very sincere expression of the Pontiff's gratitude for your gift. He sees in your gesture an eloquent testimony to the sentiments of filial loyal devotion which you cherish for the see of Peter and He prays that our Divine Lord may reward your devotion to His Vicar on earth. The Pontiff imparts on you and to the faithful under your care His paternal Apostolic blessings.

Yours Sincerely in Christ
Jos Montini Subt.

## റോമ്മൻ സെമത്തേരികൾ

നൂറു് ഏക്കറിൽ അധികം വിസ്താരമുള്ള ഈ സെമത്തേരി, മനോഹരമായ കല്ലറകഠം, ചാപ്പലുകഠം, പൂന്തോട്ടങ്ങഠം എന്നിവകൊണ്ടു നിറഞ്ഞതാണു്. എല്ലാ കല്ലറകളുടേയും മീതെ അതിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്നവരുടെ മനോഹരഫോട്ടോയും പേരുകളും കാണാം. പല നിലകളിലുള്ള ഉയർന്ന കുഴിമാടങ്ങഠം മുഴുവൻവെള്ളമാർബിളിലാണു് നിർമ്മിച്ചിരിക്കുന്നതു്. കുഴിമാടങ്ങളിൽ ചെടിവച്ചു പിടിപ്പിക്കുക, അവ പൂക്കഠംകൊണ്ടു് അലങ്കരിക്കുക, പ്രിയപ്പെട്ടവരുടെ കല്ലറകഠം സന്ദർശിച്ചു പ്രാത്ഥിക്കുക എന്നിവയൊക്കെ അവിടത്തെ ജനങ്ങളുടെ സാധാരണ സമ്പ്രദായമാണു്. സെമത്തേരിഗെയിററിനു പുറത്തു പൂക്കഠം വില്ക്കപ്പെടുന്നു. മരിച്ചവരുടെ ബന്ധുമിത്രാദികഠം അവിടെ നിന്നും പൂക്കഠം വാങ്ങി സെമത്തേരിയിൽ കൊണ്ടുപോയി കല്ലറകഠം അലങ്കരിക്കുന്നു. പലഭാഗങ്ങളായി സെമത്തേരി തിരിച്ചിരിക്കുന്നു. പരിചയമില്ലാത്തവർ അകത്തുകയറിയാൽ ഇറങ്ങിപ്പോരാൻ ബുദ്ധിമുട്ടാണു്. ഒരു ദിവസം തന്നെ പല മരണങ്ങളുണ്ടാവാം. മൃതദേഹങ്ങളെല്ലാം ആംബുലൻസിൽ കൊണ്ടുവന്നു ഒരു ഹോളിൽ സൂക്ഷിക്കുന്നു. അതിൻെറ മേൽനോട്ടം വഹിക്കുന്നവർ ക്രമമനുസരിച്ചു ഓരോന്നും സംസ്ക്കരിക്കുന്നു. വൈദികകമ്മങ്ങളെല്ലാം നേരത്തെ നിർവഹിച്ചു് ശവം പെട്ടിയിലടച്ചു് മുദ്രവച്ചാൽപ്പിന്നെ അതു തുറക്കുകയില്ല. ശവക്കോട്ടയിൽ കൊണ്ടുപോകേണ്ടതു് അതിനുവേണ്ടി പ്രത്യേകം ചുമതലപ്പെട്ടവരാണു്. പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ തന്നെയാണു് അമേരിക്കയിലേയും ശവസംസ്കാരകർമ്മങ്ങഠം. ഇതു നമ്മുടെ നാട്ടിലേതിൽ നിന്നു വളരെ വ്യത്യസ്തമാണെന്നു വായനക്കാർക്കു് മനസ്സിലായിക്കാണുമല്ലോ.

ഇററലിയിലെ നാട്ടിൻപുറങ്ങളിലൂടെയുള്ള യാത്ര വളരെ രസകരമാണു്. വിശാലമായ മുന്തിരിത്തോട്ടങ്ങൾ എവിടെയും കാണാം. ഇടയ്ക്കിടെ കൊച്ചുകൊച്ചുനഗരങ്ങളും ഗ്രാമങ്ങളും. മാർപ്പാപ്പായുടെ വേനൽക്കാലവസതിയായ കാസ്സൽഗോണ്ടോൾഫോയും ഞങ്ങൾ പോയവഴിക്കായിരുന്നു. ക്ഷീണം നിമിത്തം ബസ്സിലിരുന്നു് ഉറങ്ങിപ്പോയി. തത്സമയം എൻെറ തല പിറകിലിരുന്ന ഒരാളുടെ മുഖത്തു് തട്ടുവാനിടയായി. "Sorry sir, please excuse me" എന്നു പറഞ്ഞപ്പോൾ ഉത്തരമായി 'Father, I am not a man, but a lady' എന്നു പറഞ്ഞു യൂറോപ്യൻ സ്ത്രീകൾ മുടി വളർത്തുകയില്ലെന്നും പുരുഷന്മാരെപ്പോലെ പാൻസും ഷർട്ടും കോട്ടും ധരിക്കുമെന്നും ഇതു മൂലം മനസ്സിലാക്കാമല്ലോ. ഈ സംഭവസമയത്തു ഞാൻ പറഞ്ഞ വാക്കുകൾ തെററിദ്ധാരണയിൽ നിന്നുമുണ്ടായതാണു്.

ധാരാളം തെററിദ്ധാരണകൾ ലോകത്തിൽ ഉണ്ടാകുന്നുണ്ടു്. അതു് ബന്ധുമിത്രാദികളെ തമ്മിൽ അകററുന്നു. വിദ്വേഷമനഃസ്ഥിതിക്കു് ബീജാവാപം ചെയ്യുന്നു. കേരളത്തിൽ യാക്കോബായ വിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലത്തു് ഒരു കത്തോലിക്കാദേവാലയമുണ്ടു്. അവിടെ ഞാൻ വികാരിയായി ജോലിചെയ്തുവരവേ, ഒരു ദിവസം ബസ്സിൽ സന്ധ്യാസമയം യാത്രചെയ്യേണ്ടി വന്നു. ടിക്കററു് വാങ്ങിച്ചു. ബസ്സ് ജോലിക്കാർക്കു് എന്നെ പരിചയമില്ല. കണ്ടക്ടർ തന്നതു 40 പൈസടിക്കററാണു്. അഭിമാനം പാലിക്കുന്ന കാര്യത്തിൽ ഞാൻ നിർബന്ധക്കാരനാണു്. ബസ്സിൻെറ പേരു് ഫാസ്ററു് (Fast) എന്നായതുമൂലം ഫാസ്ററു്പാസഞ്ചർ ബസ്സായിരിക്കുമെന്നും മിനിമം ചാർജ്ജു് 40 പൈസയായിരിക്കുമെന്നും ഞാൻ വിചാരിച്ചു. തന്മൂലം, ഞാൻ മൗനം പാലിച്ചു. എൻെറകൂടെ ഒരു സ്ത്രീ കയറിയതു ഞാൻ കണ്ടില്ല.

ബസ്സിൽനിന്നും ഞാൻ ഇറങ്ങിയപ്പോറം ആ സ്ത്രീയും ഇറങ്ങി. തത്സമയം അവർ ഇപ്രകാരം പറഞ്ഞു. ''അച്ചനെ ഞാൻ കണ്ടിട്ടില്ല. പരിചയവുമില്ല. പിന്നെ എന്തിനാണു് എനിക്കുവേണ്ടി ടിക്കററെടുത്തതു്''? അപ്പോഴാണു് എനിക്കു മനസ്സിലായതു് കണ്ടക്ടർ തന്നതു് 20 പൈസയുടെ രണ്ടു് ടിക്കററുകളാണെന്നും, ഞാൻ യാക്കോബായ വൈദികനും ആ സ്ത്രീ എൻെറ ഭാര്യ (മക്കിയാമ്മ) യുമാണെന്നു്കണ്ടക്ടർ തെററിദ്ധരിച്ചതാണെന്നും, യാക്കോബായ കത്തോലിക്കാ വൈദികരുടെ കുപ്പായത്തിൻെറ വ്യത്യാസം സന്ധ്യാസമയമായതുകൊണ്ടു് കണ്ടക്ടർക്കു മനസ്സിലാക്കാൻ സാധിക്കാഞ്ഞതു മൂലമാണു് തെററിദ്ധാരണക്കു വഴിതെളിച്ചതെന്നും.

ഞാൻ താഴത്തങ്ങാടിപ്പള്ളിയിൽ വികാരിയായിരിക്കവേ, തലമുടി വെട്ടിക്കുന്നതിനു ടൗണിലുള്ള ബാർബർഷാപ്പിൽ പോകുക പതിവായിരുന്നു. ഒരുദിവസം നടക്കാൻ പാടില്ലാതിരുന്നതുമൂലം അടുത്തു താമസിക്കുന്ന, താണയിനത്തിൽപ്പെട്ട ഒരു ബാർബറെ വിളിച്ചു കൊണ്ടുവരുന്നതിനു വേലക്കാരനെ അയച്ചു. അയാറം സന്ധ്യയോടുകൂടി വരുന്നതാണെന്നു വേലക്കാരൻ വന്നു് വിവരമറിയിച്ചു. സന്ധ്യയായപ്പോറം ഒരു കടലാസ്സു ചുരുറം ക്കെട്ടുംപിടിച്ചു് ഒരാറംവന്നു. അയാറം ബാർബറായിരിക്കുമെന്നു ഞാൻ വിചാരിച്ചു. തന്മൂലം ഞാൻ ചീപ്പു്, കണ്ണാടി, തോർത്തു് എന്നിവയെടുത്തു് അയാളുടെ പക്കലേയ്ക്കു് ചെന്നു. അയാറം മുറിയിൽ പോയി കസര എടുത്തുകൊണ്ടുവരാത്തതിനാൽ ഞാൻ പോയി കസേരകൊണ്ടുവന്നു. ഇരിക്കാൻ ഭാവിച്ചപ്പോറം അയാറം ഇപ്രകാരം പറഞ്ഞു. ''അച്ചൻ തലമുടി വെട്ടിക്കാൻ ബാർബറെ പ്രതീക്ഷിച്ചു് ഒരുങ്ങി നിൽക്കുകയായിരിക്കാം. അതുകഴിഞ്ഞു സന്ധ്യയോടുകൂടി പ്രാത്ഥിക്കുന്നതിനു പള്ളിയിലും

പോകണമായിരിക്കാം. അതിനാൽ ജോലിത്തിരക്കിലായിരിക്കാം. ഞാൻ താലൂക്കുകച്ചേരിയിൽനിന്നും വന്നതാണു്. പള്ളിയുടെ ചന്തയിലുള്ള സ്ഥലത്തെപ്പററിയുള്ള കേസിനു് ഒരു ഫാറത്തിൽ അച്ചനെക്കൊണ്ടു് ഒപ്പിടുവിക്കുന്നതിനു വക്കീൽസാർ എന്നെ അയച്ചതാണു്. ഇതാ ഫാറം''. വിഷയം മാററുന്നതിനും സാഹചര്യമനുസരിച്ചു്പെരുമാറുന്നതിനും കഴിവുള്ള ഞാൻ വേലക്കാരനെ വിളിച്ചു് ഇപ്രകാരം പറഞ്ഞു ''എടാ തോമ്മസേ, ബാർബർ മൂത്രമൊഴിക്കാൻ പോയിട്ടു വന്നില്ലല്ലോ. അയാറം എവിടെപ്പോയി എന്നു് ഒന്നു നോക്കിക്കേ''. ഇപ്രകാരം പറഞ്ഞുകൊണ്ടു് ഫാറത്തിൽ ഒപ്പിട്ടു. ബാർബർക്കു തല മുടിവെട്ടിനു കൂലിയായിക്കൊടുക്കുന്നതിനു കൊണ്ടുവന്ന രൂപാ പൃണിനു കൊടുത്തു പറഞ്ഞയച്ചു.

ഒരു ഇടവകയിൽ ചാംജ്ജെടുത്തിട്ടു രണ്ടാഴ്ചയായി. ഇടവകക്കാരെ പരിചയമായില്ല. സന്ധ്യാസമയത്തു പ്രാർത്ഥനക്കു പള്ളിയിലേക്കു് പോകുന്നതിനു മുറി അടച്ചപ്പോറം ഒരാറം എന്നെ കാണുന്നതിനു വന്നു. അയാളുടെ തല നല്ലവണ്ണം വിറക്കുന്നുണ്ടു്. സ്വല്പം മുഷിഞ്ഞ മുണ്ടു്, ഷർട്ടു്, തോർത്തു് എന്നിവ അയാറം ധരിച്ചിട്ടുണ്ടു്. 25 കൊല്ലമെങ്കിലും പഴക്കമുള്ള ഒരു ശീലക്കുടയുമുണ്ടു്: ധർമ്മക്കാരനാണെന്നു വിചാരിച്ചു് ഞാൻ മുറിതുറന്നു മേശയിൽനിന്നും പത്തു പൈസയുമെടുത്തു പുറത്തുവന്നപ്പോറം അയാറംപറഞ്ഞു. ''അച്ചൻ വന്നിട്ടു് രണ്ടാഴ്ചയായിട്ടും അച്ചനെ ഒന്നുകാണാൻ വരുന്നതിനു സാധിച്ചില്ല. വസ്തുവില്പനയുടെ കാര്യം പ്രമാണിച്ചു് ധൃതിയിലായിരുന്നു. ഇവിടുത്തെ ശീതോഷ്ണാവസ്ഥ ഡാമ്പു് ആയതിനാൽ വാതത്തിനു കൊള്ളുകയില്ല. തന്മൂലം, എൻെറ വിറയലിനു പററുകയില്ല. അതിനാൽ ഡ്രൈ ക്ലൈമററു് ഉള്ള നാഗർകോവിൽ താമസിക്കാൻ പോകയാണു്.

ഇവിടത്തെ വസ്തുവിനു് അമ്പതിനായിരം രൂപാ വില കിട്ടി. നാഗർകോവിൽ എത്തിയതിനുശേഷം സിംസൺസായിപ്പിൻെറ കൂടെ നേഴ്സറി നടത്താനാണു് ഉദ്ദേശിച്ചിരിക്കുന്നതു്. നാളെ പോകയാ. മാതാവിൻെറ പേർക്കു് ഒരു കർബാനയും യൂദാതെദേവൂസിനു ഒരു നൊവേനയും ചൊല്ലണം. ഇതാ നൂറുരൂപാ''. ഞാൻ ഉത്തരമായി ''കർബാനയ്ക്കും നൊവേനക്കുംകൂടി 12 രൂപാ മതി'' ''വേണ്ടാ, ബാക്കി അച്ചനെടുത്തോ''? ''ചേട്ടാ, മൂക്കിൽകൂടി തിന്നാൽ വയറുനിറയുകയില്ല. അതിനാൽ എനിക്കുവേണ്ടാ'' എന്നു പറഞ്ഞു് 88 രൂപാ തിരിച്ചു കൊടുത്തു. അയാളുടെ 'നീണ്ടസ്തുതി', കുനിഞ്ഞുള്ളസ്തുതി സമ്മാനമായി വാങ്ങി പറഞ്ഞയച്ചു. ഏതായാലും ഇനിയെങ്കിലും തെററിദ്ധാരണയാകുന്ന കുഴിയിൽ വീഴിക്കരുതേ എന്നു കാവൽമാലാഖായോടു പ്രാർത്ഥിച്ചു.

ബസ്സിൽനിന്നും ഇറങ്ങി വിശുദ്ധ മരിയഗൊരേത്തിയുടെ പൂജ്യാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന ദേവാലയത്തിൽ കയറി. നവീനരീതിയിൽ പണിയപ്പെട്ടിരിക്കുന്ന മനോഹരദേവാലയം. അൾത്താരയുടെ അടിഭാഗത്തു് വിശുദ്ധയുടെ പൂജ്യാവശിഷ്ടങ്ങൾ അടക്കം ചെയ്തിരിക്കുന്നു. വിശുദ്ധ മരിച്ചുകിടക്കപ്പെട്ട രംഗം സൂചിപ്പിക്കുന്ന ഒരു പ്രതിമ അവിടെയുണ്ടു്. അവൾ ഉപയോഗിച്ചിരുന്ന പല സാധനങ്ങൾ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ടു്. അവ ദർശിച്ചപ്പോൾ എൻെറ ഹൃദയം പരിശുദ്ധ വിചാരങ്ങൾകൊണ്ടു നിറഞ്ഞു് ദൈവസന്നിധിയിലേക്കു് ഉയരുന്നതുപോലെ തോന്നി. റോമിലെ വിശുദ്ധ സ്ഥലങ്ങളിൽ ഒരിടത്തും അനുഭവപ്പെടാത്ത ഒരു പ്രത്യേകത അവിടെ നിറഞ്ഞു നിൽക്കുന്നതായി തോന്നി. ഞാൻ വിശുദ്ധയുടെ ഭവനവും സന്ദർശിച്ചു. വിശുദ്ധ

താമസിച്ചിരുന്ന ഭവനം കേടുകൂടാതെ സൂക്ഷിക്കപ്പെടുന്നു. പഴയതെങ്കിലും സാമാന്യം സൗകര്യമുള്ള രണ്ടുനിലക്കെട്ടിടമാണതു്. മരിയ താമസിച്ചിരുന്ന മുറിയും അടുക്കളയുമെല്ലാം ഞാൻ കണ്ടു. മരിയഗൊരേത്തി രക്തസാക്ഷിത്വം വരിച്ച മുറിയിൽ വിശുദ്ധ നിണമണിഞ്ഞു് കിടക്കുന്ന ഒരു പ്രതിമ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഇന്നു് ആ മുറി ഒരു ചാപ്പലാണു്. അടുത്ത രണ്ടു മുറികളിലാണു് വിശുദ്ധയുടെ ഘാതകനായ അലക്സാണ്ടറുടെ കുടുംബം താമസിച്ചിരുന്നതു്. അതു് ഇന്നു് സങ്കീർത്തനമുറിയും ഭക്തസാധനങ്ങൾ വിൽക്കപ്പെടുന്ന സ്ഥലവുമാണു്. ഈ ഭവനത്തിനു ചുററും കൃഷിസ്ഥലങ്ങളാണു്. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ അവിടെ ഞാൻ കണ്ടു. അവയെല്ലാം 75 കൊല്ലങ്ങൾക്കുമുമ്പു് ഉണ്ടായ സംഭവത്തിൻെറ ഓർമ്മ നവീകരിക്കാൻ പ്രേക്ഷകരെ പ്രേരിപ്പിക്കുന്നു. അവിടെനിന്നും ഞാൻ വിശുദ്ധയെ ശുശ്രൂഷിച്ച ആശുപത്രിയിലേക്കു് പോയി. മരിയഗൊരേത്തിയെ ഓപ്പറേററു ചെയ്ത സ്ഥലം ഇന്നു് ഒരു കപ്പേളയാണു്. ഈ കപ്പേളയിൽ ഞാൻ ദിവ്യബലി അർപ്പിച്ചു. വിശുദ്ധയുടെ ജനനമരണത്തീയതികളും വീരമരണത്തിനൊരുക്കമായി സഹനത്തിൻെറ തീച്ചൂളയിലൂടെ അവൾ കടന്നുപോയ മണിക്കൂറുകളുടെ കണക്കും മാർബിൾ ശിലയിൽ രേഖപ്പെടുത്തിയിരിക്കുന്നതു ഞാൻ കണ്ടു.

1950 മെയ്മാസം 7-ാം തീയതി പരിശുദ്ധപിതാവു് പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പ ആൻറണി മേരിക്ലാരററിനെ വിശുദ്ധ പദവിയിലേക്കു് ഉയർത്തിയ തിരുക്കർമ്മങ്ങളിൽ ഞാൻ സംബന്ധിച്ചു. ഒരാളെ വിശുദ്ധ പദവിയിലേക്കു് ഉയർത്തുന്നതിനുമുമ്പു് ആ ആളിനെ വാഴ്ത്തപ്പെട്ടവൻ എന്ന സ്ഥാനം കൊണ്ടു അലങ്കരിക്കേ

ണ്ടിയിരിക്കുന്നു. പ്രസ്തുത ചടങ്ങിനെപ്പററിയുള്ള ഒരു ലഘുവിവരണം മാന്യവായനക്കാർക്കു ഉപകാരപ്രദമാകുമെന്നു കരുതുന്നു.

## നാമകരണച്ചടങ്ങു് (Beatification)

ഒരാൾ വാഴ്ത്തപ്പെട്ടവൻ അഥവാ വാഴ്ത്തപ്പെട്ടവൾ എന്ന പദവിയിലേക്കു് ഉയർത്തപ്പെടുന്നതിനുള്ള വിശുദ്ധകർമ്മങ്ങൾ 17–ാം നൂററാണ്ടിനുമുമ്പു് റോമ്മിലുണ്ടായിരുന്നതായി തെളിവുകളൊന്നുമില്ല. വാഴ്ത്തപ്പെട്ട എന്ന പദവിയിലേയ്ക്കു് ഉയർത്തപ്പെടേണ്ട ആളിൻെറ ബഹുമാനാത്ഥം അദ്ദേഹത്തിൻെറ ഇടവകദേവാലയത്തിൽ ചില ആഘോഷങ്ങൾ മാത്രം മുമ്പു് നടത്തപ്പെട്ടിരുന്നു. എന്നാൽ ഒരാളെ വാഴ്ത്തപ്പെട്ടവനെന്നു പ്രഖ്യാപിക്കുന്ന ചടങ്ങു് റോമ്മിലെ വിശുദ്ധ പത്രോസിൻെറ ദേവാലയത്തിൽ മാത്രമേ നടത്തപ്പെടാവൂ എന്നു് അലക്സാണ്ടർ ആറാമൻ മാർപ്പാപ്പാ കല്പന പുറപ്പെടുവിച്ചു. ഇപ്രകാരമുള്ള ആദ്യത്തെ ചടങ്ങു് നടത്തപ്പെട്ടതു് 1662 ൽ ഫ്രാൻസീസ് ദെ സാലസിനെ വാഴ്ത്തപ്പെട്ടവൻ എന്ന പദവിയിലേയ്ക്കു് ഉയർത്തിയപ്പോഴാണു്.

ചടങ്ങുകളുടെ ആദ്യപടി ആ ദിവസം വിശുദ്ധ പത്രോസിൻെറ ദേവാലയം സന്ദർശിക്കുന്ന ഏവർക്കും ഒരു . മുഴുവൻ ദോഷപൊറുതി നൽകിക്കൊണ്ടുള്ള മാർപ്പാപ്പായുടെ വിളംബരമാണു്. രണ്ടാമത്തേതു് ദേവാലയത്തിൽക്കൂടിയിരിക്കുന്ന കർദ്ദിനാളന്മാർ, മെത്രാന്മാർ, വൈദികർ, കന്യാസ്ത്രീകൾ, അല്മേയർ എന്നിവർക്കു കേൾക്കത്തക്കവിധം നാമകരണരേഖ (beatification decree) വായിക്കുകയെന്നതത്രേ അനന്തരം തെദേവും എന്ന സ്തോത്രഗീതം ആലപിക്കപ്പെടുന്നു. പിന്നീടു് വാഴ്ത്തപ്പെ

ട്ടവൻെറ ഫോട്ടോയുടെ അനാഛാദനകർമ്മം. അനന്തരം ഒരു കർദ്ദിനാറം വാഴ്ത്തപ്പെട്ടവൻെറ ചിത്രം ധൂപിക്കുന്നു. തുടർന്നു് ഒരു മെത്രാൻ ദിവ്യബലിയർപ്പിക്കുന്നു. വൈകുന്നേരം മാർപ്പാപ്പാ വിശുദ്ധ പത്രോസിൻെറ ദേവാലയത്തിൽ ആഗതനായി വാഴ്ത്തപ്പെട്ടവൻെറ തിരുശ്ശേഷിപ്പിനു മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു.

## വിശുദ്ധനെന്നു നാമകരണം ചെയ്യൽ
(Canonization)

മാർപ്പാപ്പാ വിശുദ്ധ നഗരത്തിൽ താമസം തുടങ്ങുന്നതിനുമുമ്പു് ഈ ദിവ്യകർമ്മം നടത്തപ്പെട്ടിരുന്നതു് മാർപ്പാപ്പാ വസിച്ചിരുന്ന സ്ഥലത്തു വച്ചായിരുന്നു. ഉദാഹരണമായി വിശുദ്ധ എഡ്മണ്ടിനെ വിശുദ്ധപദവിയിലേയ്ക്കു് ഉയർത്തിയതു് ലെയോൺസിൽ വച്ചും വിശുദ്ധ തോമ്മസു് അകിനാസിനെ അവിഞ്ഞോണിൽ വച്ചുമാണു്. ആദ്യകാലങ്ങളിൽ നാമകരണച്ചടങ്ങു് നടത്തപ്പെട്ടിരുന്നതു് ലാററൻ കൊട്ടാരത്തിൽ വച്ചായിരുന്നു. എന്നാൽ രക്തസാക്ഷിയായ സ്റ്റനിസ്ലാവോസു് 1253 ൽ വിശുദ്ധ പദവിയിലേയ്ക്കു് ഉയർത്തപ്പെട്ട കാലംമുതൽ ഈ ദിവ്യകർമ്മം ദേവാലയത്തിൽ വച്ചു നടത്തിത്തുടങ്ങി. കാനനൈസേഷൻ വിശുദ്ധ പത്രോസിൻെറ ദേവാലയത്തിൽവച്ചു മാത്രമേ നടത്തപ്പെടാവൂവെന്നു് 14_ാം ബനദിക്തോസു് മാർപ്പാപ്പാ കല്പന പുറപ്പെടുവിച്ചു.

ഇതിനോടനുബന്ധിച്ചുള്ള കർമ്മങ്ങറം മനോഹരവും ഭക്തിദ്യോതകവുമത്രേ. വത്തിക്കാൻ കൊട്ടാരവും, വിശുദ്ധ പത്രോസിൻെറ ബസ്ലീക്കായും വൈദ്യുതദീപങ്ങളാലും മററും അലങ്കരിക്കപ്പെടുന്നു. ഇതിനു വേണ്ടിവരുന്ന ചെലവു് വളരെ ഭാരിച്ചതാകയാൽ പലരുടേയും

നാമകരണച്ചടങ്ങുകൾ ഒരുമിച്ചുനടത്തുകയെന്ന പതിവുമുണ്ട്. അതു് എപ്പോഴും നടന്നെന്നു വരികില്ല. ഓരോരുത്തരുടേയും വിഹിതം അതാതു രൂപതാദ്ധ്യക്ഷൻ നൽകേണ്ടതാണു്. വിശുദ്ധപദവിയിലേയ്ക്കു് ഉയർത്തപ്പെടാനുള്ള ആളിൻെറ ചിത്രവും അദ്ദേഹത്തിൻെറ ജീവിത സംഭവങ്ങൾ ചിത്രങ്ങളിലൂടെ രേഖപ്പെടുത്തിയിട്ടുള്ളതും പ്രദർശിപ്പിക്കപ്പെടുന്നു. പരിശുദ്ധ പിതാവു് കർദ്ദിനാളന്മാരുടേയും മെത്രാന്മാരുടേയും മദ്ധ്യേ ബസ്ലിക്കായുടെ മദ്ബഹായിൽ ആസനസ്ഥനാകുന്നു. തുടർന്നു്, നാമകരണം ചെയ്യപ്പെടേണ്ട വ്യക്തിയെ വിശുദ്ധ പദവിയിലേയ്ക്കു് ഉയർത്തണമെന്നു് അദ്ദേഹത്തിൻെറ മെത്രാൻ പരിശുദ്ധപിതാവിനോടു് അഭ്യർത്ഥിക്കുന്നു. അനന്തരം 'സകല വിശുദ്ധരുടെ ലുത്തിനിയ' 'വേനി ക്രേയാത്തോർ' എന്നിവ ആലപിക്കപ്പെടുന്നു. അതിനുശേഷം പരിശുദ്ധ പിതാവു് ഇപ്രകാരം പറയുന്നു, ''പരിശുദ്ധ ത്രിത്വത്തിൻെറ സ്തുതിക്കും കത്തോലിക്കാസഭയുടെ വളർച്ചക്കും മിശിഹായുടേയും വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടേയും സഭയുടെ കാണപ്പെട്ട തലവനായ നമ്മുടേയും അധികാരമുപയോഗിച്ചു്, ഈ വ്യക്തി ഒരു വിശുദ്ധനാണെന്നു്, (വിശുദ്ധയാണെന്നു്) നാം പ്രഖ്യാപിക്കുന്നു. ഇയാളെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർത്തു സാർവത്രികമായി കത്തോലിക്കാസഭ വണങ്ങേണ്ടതാണെന്നു് തീരുമാനിക്കുന്നതോടൊപ്പം ഇയാളിൻെറ ബഹുമാനാർത്ഥം തിരുനാൾ നടത്തപ്പെടേണ്ടതാണെന്നും നാം കല്പിക്കുന്നു.''

ഇതിനുശേഷം വിശുദ്ധൻെറ രൂപതാദ്ധ്യക്ഷൻ നന്ദി പറയുന്നതിനെത്തുടർന്നു 'തെദേവും' എന്ന സ്തോത്രഗീതം ആലപിക്കപ്പെടുന്നു. വിശുദ്ധ നഗരത്തിലുള്ള എല്ലാ

ദേവാലയങ്ങളിലേയും മണികൾ തത്സമയം മുഴക്കുന്നു. അനന്തരം പരിശുദ്ധപിതാവു് ദിവ്യബലി പൂർത്തിയാക്കുന്നു. ദിവ്യബലിയ്ക്കുശേഷം വിശുദ്ധൻെറ തിരുശേഷിപ്പു് അൾത്താരയിൽ സ്ഥാപിച്ചു് പരിശുദ്ധപിതാവു് പ്രാത്ഥിക്കുന്നു.

മാന്യവായനക്കാരേ, 70 കോടി ജനങ്ങളുടെ ആദ്ധ്യാത്മികസമ്രാട്ടായ പരിശുദ്ധപിതാവിനെ തങ്ങളുടെ കുഞ്ഞിൻെറ ശരീരാവശിഷ്ടത്തിൻെറ മുമ്പാകെ മുട്ടുകുത്തിക്കാൻ കഴിഞ്ഞ മാതാപിതാക്കന്മാർ സാക്ഷാൽ ഭാഗ്യവാന്മാർ എന്നതിൽ സംശയമുണ്ടോ? അവരുടെ ജീവിതം തികച്ചും സഫലമായി.

ദിവ്യബലിയിലെ കാഴ്ചവയ്പിനുമുമ്പു് തങ്കക്കടലാസ്സുകൊണ്ടു് അലങ്കരിക്കപ്പെട്ട രണ്ടു വലിയ മെഴുകുതിരികൾ, രണ്ടു മാടപ്രാക്കൾ, അപ്പം, വെള്ളം, വീഞ്ഞു് എന്നിവ വിശുദ്ധനാകേണ്ട ആളിൻെറ മാതാപിതാക്കന്മാർ പരിശുദ്ധപിതാവിനു സമർപ്പിക്കുന്നു. അവിടുന്നു് അവ അൾത്താരയിൽ വയ്ക്കുന്നു. മാടപ്രാക്കൾ സ്വർണ്ണക്കൂട്ടിലും അപ്പം വീഞ്ഞു, വെള്ളം എന്നിവ സ്വർണ്ണപ്പാത്രങ്ങളിലുമാണു് കൊണ്ടുവരപ്പെടുന്നതു്. തിരുശ്ശരീരവും തിരുരക്തവും എഴുന്നെള്ളിച്ചു് ഉയർത്തേണ്ട സമയമാകുമ്പോൾ വാളൂരിപ്പിടിച്ചു് മുട്ടിന്മേൽ നിന്നു സ്വിസ് ഭടന്മാർ വിശുദ്ധനെ വണങ്ങുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നു.

മേൽപ്രസ്താവിച്ചതിൽനിന്നും നാം ഒരു കാര്യം മനസ്സിലാക്കണം. സഭാസുപ്പീരിയരുടെ നിർദ്ദയ പെരുമാററത്തിനു്, മദർ സുപ്പീരിയരുടെ അനുകമ്പാരഹി

തമായ നടപടികാംക്ക്, അമ്മായിഅമ്മയുടെ ക്രൂര മർദ്ദനത്തിന്ന്, ജ്യേഷ്ഠത്തിയുടെ സ്നേഹരഹിതമായ പെരുമാററത്തിന്ന്, യജമാനൻെറ കക്കശശിക്ഷകാംക്ക്, വിധേയരായ സന്യാസി, സന്യാസിനി, മരുമകാം, അനുജൻ, വേലക്കാരൻ എന്നീ ഗണത്തിൽപ്പെട്ട ഒരാളാണ് വിശുദ്ധപദവിയിലേയ്ക്ക് ഉയർത്തപ്പെടുന്നതെങ്കിൽ ആ ആളിൻെറ മുമ്പിൽ മുട്ടുകുത്തേണ്ടി വരുന്ന 'വലിയ ആളിൻെറ' ശോചനീയസ്ഥിതി എന്തായിരിക്കും?

## വിശുദ്ധവത്സരവും ജൂബിലിയും

1300_ൽ ബോനിഫസ് എട്ടാമൻ പാപ്പാ പ്രഥമ ജൂബിലി ആഘോഷിച്ചു. ഓരോ നൂററാണ്ടിൻേറയും അവസാനം നടത്തപ്പെടുന്ന ഈ ജൂബിലി അവസരത്തിൽ റോമൻ നിവാസികളും ഇററാലിയൻ ജനതയും വിശുദ്ധ പത്രോസിൻെറ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചുപോന്നു ഇപ്രകാരമുള്ള സന്ദർശനത്തിനു പ്രത്യേക ദണ്ഡവിമോചനങ്ങാം മാർപ്പാപ്പാ നൽകി. അമ്പതാം വർഷം തോറും ജൂബിലി ആഘോഷിക്കപ്പെടണമെന്ന് ക്ലെമൻറ് ആറാമൻപാപ്പാ കല്പിച്ചു ആ സമ്പ്രദായം നടപ്പിലാക്കി. ഉറുബൻ ആറാമൻപാപ്പാ കല്പിച്ചു 33_ാം വത്സരം തോറും ജൂബിലി ആഘോഷിക്കണമെന്ന്. പോാം രണ്ടാമൻ പാപ്പാ ജൂബിലിവർഷത്തിനു വിശുദ്ധ വത്സരം എന്നു പേർ വിളിക്കുകയും ജൂബിലി 25_ാം വർഷം വീതം ആഘോഷിക്കണമെന്നു കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ഇപ്പോഴും ഈ നിലപാടാണ് സഭ സ്വീകരിച്ചിരിക്കുന്നതു്.

ജൂബിലി എന്ന നാമം മോസ്സസ് നടപ്പിലാക്കിയ പഴയ ഹിബ്രു ആചാരത്തെയാണ് സൂചിപ്പിക്കു

ന്നതു്. (ലെവി. XV–8) എല്ലാ അമ്പതുകൊല്ലത്തിന്റേ യും അവസാനം ഏവക്കും ഒരു പൊതുക്ഷമാപണത്തിന്റെ യും അനുരഞ്ജനത്തിന്റേയും പാത ഒരുക്കപ്പെട്ടിരുന്നു അടിമകരം സ്വതന്ത്രരായി. കടങ്ങരം റദ്ദാക്കപ്പെട്ടു. അമ്പതുവർഷങ്ങരംക്കുള്ളിൽ നഷ്ടപ്പെട്ട വസ്തുവകകരം ഉടമസ്ഥനു തിരിച്ചു നൽകപ്പെട്ടു. ഹിബ്രു ജനതയ്ക്കു് ജൂബിലി വർഷം സാമൂഹികമായും സാമ്പത്തികമായും പ്രാധാന്യമുള്ള കാലമാണു്. എന്നാൽ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വിശുദ്ധവത്സരത്തിനു് ഒരു ആദ്ധ്യാത്മികവശമുണ്ടു്. പാപമോചനത്തിനുള്ള കാല മാണതു്. റോമിലെ നാലു ബസ്ളിക്കാകരം സന്ദർശി ക്കുന്നവർക്കു് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്ന താണെന്നു മാർപ്പാപ്പാ കല്പിക്കുന്നു.

## ജർമ്മനി

1950 ൽ യൂറോപ്യൻപര്യടനം നടത്തിയ അവ സരത്തിൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതി കരം അവസാനിച്ചിട്ടില്ലാഞ്ഞതിനാൽ ജർമ്മനി സന്ദർ ശിക്കുന്നതിനു് ഞങ്ങരംക്കു സാധിച്ചില്ല. അതിനുള്ള വിസാ ലഭിച്ചില്ല. അതിനാൽ 1975 ൽ അമേരി ക്കൻപര്യടനം കഴിഞ്ഞു തിരിച്ചുവന്നവഴിയാണു് ജർ മ്മനി ഞാൻ സന്ദർശിച്ചതു്. തദവസരത്തിൽ റോമി ലിറങ്ങി വിവിധ സ്ഥലങ്ങരം സന്ദർശിച്ചു. വത്തി ക്കാനിലെത്തി പരിശുദ്ധ പിതാവിനെ സന്ദർശിച്ചു. അദ്ദേഹം വഴി 1950 ൽ പന്ത്രണ്ടാം പീയൂസ് മാർപ്പാ പ്പാക്കു് ഞാൻ സുറിയാനി നമസ്ക്കാരപുസ്തകം സമ്മാ നം നൽകിയതും അനന്തരം അദ്ദേഹത്തെ ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ സമയത്തു കർദ്ദിനാരം

തിരുമേനിയുടെ കൊട്ടാരത്തിൽവച്ചു, അതിവന്ദ്യകാവുകാട്ടു തിരുമേനിയുടെ ശുപാർശമൂലം, ഞാൻ സന്ദർശിച്ചതും മററും ഓർമ്മിപ്പിച്ചു.

അനന്തരം ജർമ്മനിയിലേയ്ക്കു് തീവണ്ടികയറി. എൻെറ നാട്ടുകാരനായ ഒരു വൈദികനും പല നേഴ്സുകളും കന്യാസ്ത്രികളും വഴികാട്ടികളായി ഉണ്ടായിരുന്നതുമൂലം, ജർമ്മൻഭാഷ വശമില്ലാത്ത എനിക്കു്, എൻെറയാത്രയും സ്ഥലസന്ദർശനങ്ങളും നിഷ്പ്രയാസം നടത്തുന്നതിനു് സാധിച്ചു ഇററലിയിൽ നിന്നു, ജർമ്മനിയിലേയ്ക്കു് തീവണ്ടിയിൽ കടന്നപ്പോഠംത്തന്നെ മുന്തിരി, ആപ്പിഠം, പച്ചക്കറി എന്നിവ ഇടതിങ്ങി നിൽക്കുന്ന വലിയ തോട്ടങ്ങഠം ധാരാളമായിക്കണ്ടു. അവിടെയെല്ലാം പണിയെടുക്കുന്ന യന്ത്രങ്ങളും അവ പ്രവത്തിപ്പിക്കുന്ന മനുഷ്യരെയും കാണാൻ സാധിച്ചു. വീഞ്ഞുണ്ടാക്കുന്ന ഫാക്ടറികളും അവിടേയ്ക്കു് മുന്തിരിക്കുലകഠം വഹിച്ചുകൊണ്ടു പോകുന്ന തീവണ്ടികളും ധാരാളം. ജർമ്മനിയിലെ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി ഫ്രൈബ്രുഗ്ഗിലേയ്ക്കുള്ള തീവണ്ടിയിൽ കയറി. ഭാരമുള്ള പെട്ടികഠം തനിച്ചു് ചുമന്നുകൊണ്ടു പോകുകയേ നിവൃത്തിയുള്ളു. കാരണം, ചുമട്ടുകാരെ ഒരിടത്തും ലഭിക്കയില്ല. ഭാരമുള്ള പെട്ടിയും ബാഗ്ഗും അവിടവിടെവച്ചും വലിച്ചിഴച്ചും ഒരു തരത്തിൽ തീവണ്ടിയിൽ കയററി അതിനുശേഷമുള്ള യാത്രയെല്ലാം തന്നെ ക്ഷീണം മാററിത്തരുന്നതായിരുന്നു. തീവണ്ടി സ്റ്റേഷനിൽ എത്തിയപ്പോഠം പെട്ടിയും മററു സാധനങ്ങളും സ്റ്റേഷനിലെ ക്ലോക്കു് റൂമിലുള്ള പെട്ടിയിൽ സൂക്ഷിച്ചു. പൂട്ടിയിരിക്കുന്ന പെട്ടിയിലെ താക്കോൽ ദ്വാരത്തിൽക്കൂടി ഒരു (നിശ്ചിത സംഖ്യ) നാണയമിടുകയും താക്കോൽതിരിക്കുകയും ചെയ്യുമ്പോഠംപെട്ടി തുറക്കപ്പെടുന്നു. സാധനങ്ങഠം അതിൽ വച്ചു പൂട്ടിയിട്ടു്

താക്കോലുമെടുത്തു പോയാൽ ഇഷ്ടപ്പെട്ട സമയത്തു തിരിച്ചുവന്നെടുത്തുകൊണ്ടുപോകാം. എത്ര വലിയ വില പിടിച്ച സാധനങ്ങളും സ്റ്റീൽകൊണ്ടുണ്ടാക്കപ്പെട്ട ആ പെട്ടിയിൽ സൂക്ഷിക്കാവുന്നതാണ്. അത്തരം പെട്ടികൾ ധാരാളമായി നിരത്തിവച്ചിട്ടുണ്ട്. അതു കൂടാതെ സാധനങ്ങൾ സൂക്ഷിക്കുവാൻ നിയുക്തനായപൃണിനെ ഏല്പിച്ചാലും സുരക്ഷിതമായിരിക്കും. സാധനങ്ങൾ അവിടെ സൂക്ഷിച്ചശേഷം ഞാൻ പട്ടണം കാണാൻപോയി.

ഫ്രൈബുർഗിലെ മെത്രാസനമന്ദിരവും സെമ്മിനാരിയും എൻെറ പ്രധാനപ്പെട്ട സന്ദർശന സ്ഥലങ്ങളായിരുന്നു. 16-ാം നൂററാണ്ടിൽ തനി ഗോത്തിക്ക് രീതിയിൽ പണിയപ്പെട്ടിരിക്കുന്ന ആ വലിയ ദേവാലയത്തിനും ഉയരമുള്ള ഒരു ഗോപുരമുണ്ട്. ഇററലിയിൽ കാണാനിടയായ ദേവാലയങ്ങളിൽ നിന്നു കെട്ടിലും മട്ടിലും കലയിലും വ്യത്യസ്തമാണ് ഇവിടത്തെ മിക്ക ദേവാലയങ്ങളും. ഫ്രൈബുർഗിലെ ദേവാലയത്തിനടുത്തു തന്നെയാണു മെത്രാസനമന്ദിരവും മെത്രാസനക്കച്ചേരിയും. രണ്ടാം ലോകമഹായുദ്ധകാലത്തു് നശിപ്പിക്കപ്പെടാതെ അവശേഷിച്ച സ്ഥാപനങ്ങൾ ഇവ മാത്രമാണ്. ബാക്കിയുള്ളവയെല്ലാം നിലംപരിശായിപ്പോയെങ്കിലും അവയുടെ സ്ഥാനത്തു് പുതിയ കെട്ടിടങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

മെത്രാസനമന്ദിരത്തിൽ നിന്നും സെമ്മിനാരിയിലേയ്ക്കുപോയി. ഇരുന്നൂറോളം യുവാക്കന്മാർ പൗരോഹിത്യ സ്വീകരണത്തിനായി തയാറാകുന്നതു് പാശ്ചാത്യ നാട്ടിലെ ഒരു വിശേഷതയാണെന്നു പറയാം. മററുസ്ഥലങ്ങളിൽ പ്രത്യേകിച്ച് അമേരിക്കയിൽ ദൈവവിളി വളരെ കുറഞ്ഞിട്ടുണ്ട്.ഇവിടെയുള്ള സെമ്മിനാരി വിദ്യാ

ത്ഥികഠം സന്തുഷ്ടരും ആരോഗ്യവാന്മാരുമാണ്. എനിക്കു ജർമ്മൻ ഭാഷ വശമില്ലാതിരുന്നതുകൊണ്ടു ചിരിയിലൂടെ അഭിവാദനങ്ങഠം അവർക്കു നൽകി.

പിന്നീട് ഉപവിയുടെ സഹോദരികളുടെ മഠത്തോടനുബന്ധിച്ച് നവീനമായി പണിതിരിക്കുന്ന ദേവാലയത്തിലേയ്ക്കു്പോയി. വൃത്താകാരത്തിൽ നിർമ്മിക്കപ്പെട്ട ആ ദേവാലയത്തിനു റോമിലെ ഒളിമ്പിക്ക് സ്റ്റേഡിയത്തോടു സാദൃശ്യമുണ്ടു്. മേൽക്കൂര അർദ്ധവൃത്താകൃതിയിലുള്ളതാണു്. അവിടെ മെഡിക്കൽകോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു മലയാളികന്യാസ്ത്രീയെ കണ്ടു. മലയാളികളായ അനവധി കന്യാസ്ത്രീകഠം അവിടെ മഠത്തിലുണ്ടെന്നും എല്ലാവരും നൊവീഷ്യററിലാകയാൽ കാണുന്നതിനു സാധ്യമല്ലെന്നും അറിയാനിടയായി.

അവിടെനിന്നും ടൂർഗ്അഗൻ എന്ന സ്ഥലത്തേയ്ക്കു് പോയി. അവിടെയുള്ള ദേവാലയത്തിൽ ധാരാളം പേർ ദിവ്യബലിയിൽ സംബന്ധിക്കുന്നതായി കണ്ടു. ഇവിടെ ദിവ്യബലി അർപ്പിച്ചതിനു ശേഷം ഹോട്ടലിൽ പോയി ഭക്ഷണം കഴിച്ചു. അനന്തരം ഫ്രൈബുർഗ് രൂപതയിലെ യുവതീയുവാക്കന്മാർക്കു വിശ്രമിക്കാനും വിനോദിക്കാനും വേണ്ടി രൂപത വകയായി നിർമ്മിച്ചിരിക്കുന്ന സ്ഥാപനം കാണാൻ പോയി. അവിടെ എല്ലാവിധ സൗകര്യങ്ങളുമുണ്ടു്. അവധി ദിവസങ്ങളിൽ വിശ്രമാർത്ഥം അവിടെയെത്തുന്ന യുവാക്കന്മാർ ഭക്ഷണം പാകം ചെയ്യുന്നതിനു വേണ്ട സാധനങ്ങഠം കൊണ്ടുപോരുന്നു. ഇംഗ്ലീഷ് അറിയാവുന്നവർ ചുരുക്കമാണു്. അവർ തയ്യാറാക്കിയ കാപ്പി ഞാൻ കുടിച്ചു. മര്യാദയുടെയും അച്ചടക്കത്തിൻേറയും അതിർവരമ്പുകഠംക്കുള്ളിൽ നിന്നുകൊണ്ടു വിദ്യാത്ഥിനീ വിദ്യാത്ഥികഠം പരസ്പരം പരിചയ

പ്പെട്ടകയും വിനോദിക്കയും ചെയ്യുന്നു. ബീയറല്ലാതെ വേറെ ലഹരിസാധനങ്ങൾ കുടിക്കുന്നതു കണ്ടില്ല. അവിടത്തെ റെക്ടരച്ചനുമായി കുറെ സമയം സംസാരിച്ചു. ആ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ശരിയായ മതപരിശീലനം നടത്തി നേതൃത്വത്തിനുവേണ്ടി പരിശീലിക്കയാണ്. വൈദികരുടെ വിരളതമൂലം പ്രതിഫലമില്ലാതെ യുവാക്കളെ പരിശീലിപ്പിച്ച് എന്തെങ്കിലും ഉദ്യോഗം അവർക്കു ലഭിക്കുന്നതുവരെ കുട്ടികൾക്കു മതബോധനം നൽകാൻ അവരെ നിയോഗിക്കുന്നു. വിശ്വാസവും സന്മാർഗ്ഗബോധവും കാത്തുസൂക്ഷിച്ച് പിൻതലമുറകൾക്ക് കൈമാറുന്ന മഹനീയ കൃത്യത്തിലാണ് അവർ ഏർപ്പെട്ടിരിക്കുന്നതു്. പുണ്യസ്ഥലങ്ങൾ ദർശിച്ചപ്പോഴുണ്ടായ മതചൈതന്യം എനിക്കിവിടെയും അനുഭവപ്പെട്ടുവെന്നു് പറഞ്ഞാൽ അതിശയോക്തിയില്ല.

അവിടെനിന്നും കൊളോണിലേയ്ക്കുപോയി. ഗോത്തിക്കുശൈലിയിൽ പണിതിരിക്കുന്ന അവിടത്തെ ദേവാലയം വളരെ വലുതും ഉയരമുള്ള ഗോപുരങ്ങളോടു കൂടിയതുമാണ്. സ്റ്റെയിൻ ഗ്ലാസ്, മാർബിൾ എന്നിവകൊണ്ടുള്ള വിചിത്രപ്പണികൾ ദേവാലയത്തെ മനോഹരമാക്കിയിരിക്കുന്നു.

ബർലിനിൽ എന്നെ ഏററവും ആകർഷിച്ചതു് അവിടെയുള്ള സൗജന്യസർവ്വകലാശാലയാണ്. അവിടെ മിക്ക കുട്ടികൾക്കും സ്റ്റൈപ്പണ്ട് ലഭിക്കുന്നുണ്ട്. സാധുക്കളായ വിദ്യാർത്ഥികൾ സൗജന്യമായി ഉന്നതവിദ്യാഭ്യാസം നേടുന്നു. കോളേജിലെ ലബോറട്ടറിയും അദ്ധ്യയനമണ്ഡപങ്ങളും ഞാൻ കണ്ടു. 500 പേർക്ക് ഇരിക്കാവുന്ന ഒരു ഹോൾ ഉണ്ട്. അതിലെ ഇരിപ്പിടങ്ങളുടെ സംവിധാനം, അലങ്കാരമോടികൾ, സജ്ജീകരണങ്ങൾ

എന്നിവ ആകർഷകമത്രേ. ഇവിടത്തെ മെമ്മോറിയൽ ചർച്ച് മനോഹരമാണ്.

## ബോൺനഗരം

ബോണിൽ ഞാൻ ആദ്യമായി സന്ദർശിച്ചതു് ഓറിയൻറൽ ഇൻസ്റ്റിററ്യൂട്ടാണ്. വളരെ നാളുകളായി സംസ്കൃതത്തിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണിതു്. സംസ്കൃതത്തിലെ പ്രമാണഗ്രന്ഥങ്ങൾ, ദ്രാവിഡഭാഷാനിഘണ്ടുക്കൾ, വ്യാകരണങ്ങൾ, മററിനങ്ങളിലുള്ള ഗ്രന്ഥങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു ലൈബ്രറി ഇവിടെയുണ്ടു്. പാശ്ചാത്യരുടെ അഭിപ്രായത്തിൽ ബോൺ ഒരു നഗരമേയല്ല. തലസ്ഥാനമാകാനുള്ള എല്ലാസൗധ്യതകളും ചരിത്രപ്രാധാന്യവും ബർലിനുതന്നെ. പക്ഷേ, ഒരു വ്യാഴവട്ടക്കാലം രാജ്യം ഭരിച്ച അഡ്നോവർക്കു താൻ പിറന്ന ഗ്രാമത്തിനടുത്തുള്ള ബോണിൽ തലസ്ഥാനമുറപ്പിക്കണമെന്നുള്ള നിർബന്ധമുണ്ടായിരുന്നു. നിരവധി സാഹിത്യകാരന്മാർ, കലാകാരന്മാർ, തത്വജ്ഞാനികൾ എന്നിവർക്കു പ്രചോദനം നൽകിയിട്ടുള്ള പ്രദേശമാണ് ബോൺ. സംഗീതസമ്രാട്ടായ ബിഥോവൻെറ ജന്മദേശമാണിതു്. അദ്ദേഹത്തിൻെറ വീടിനു ഇരുനൂറുവർഷം പഴക്കമുണ്ടു്. അതിലെ ഉപകരണങ്ങളെല്ലാംതന്നെ ഭദ്രമായി സൂക്ഷിക്കപ്പെടുന്നു. അദ്ദേഹം ഉപയോഗിച്ച ക്ലോക്കു്, മേശ എന്നിവ ഇപ്പോഴും മുറിയിലുണ്ടു്. ബോണിൽനിന്നും ഞാൻ ഹൈഡൻബർഗ്ഗിലേക്കു്പോയി. റൈൻനദി ഇതിൻെറ മദ്ധ്യത്തിലൂടെയാണു് ഒഴുകുന്നതു്. ഭാരതീയ ഭാഷകളെ സംബന്ധിച്ച പ്രമാണഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന സൗത്ത്ഏഷ്യൻ ഇൻസ്റ്റിററ്യൂട്ട് ഇവിടെയാണു്. ഇത്തരം ഗ്രന്ഥങ്ങൾ ഭാരതത്തിൽപോലും കിട്ടാൻ പ്രയാസമാണു്.

## ഞാൻ കണ്ട ലൂർദ്ദ്

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയം ബെർണ്ണർദീത്താ എന്ന പെൺകുട്ടിക്കു് പ്രത്യക്ഷപ്പെട്ട സ്ഥലമാണു് ലൂർദ്ദു്. ഇവിടെ ഒരു ഗ്രോട്ടോ നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. ഈ ഗ്രോട്ടോയിൽ കുർബാന ചൊല്ലുന്നതിനു ഒരു അൾത്താരയും അൾത്താരയിൽ പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവെച്ചിരിക്കുന്ന സക്രാരിയുമുണ്ടു്. ഈ ഗ്രോട്ടോയിൽ നമ്മുടെ അമ്മ ബെർണ്ണർദീത്താക്കുപ്രത്യക്ഷപ്പെട്ട വിധത്തിൽ വെള്ളമാർബിളിൽ പണിതീർത്തിട്ടുള്ള ഒരു രൂപം ഉണ്ടു്. ഈ രൂപത്തിനു ചുററും അൾത്താരക്കുമുമ്പിലും അനേകം മെഴുകുതിരികൾ സദാനേരവും കത്തിക്കൊണ്ടിരിക്കുന്നു. ഈ രൂപത്തിനു രണ്ടു വശങ്ങളിലുമുള്ള തിരികളുടെ ജ്വാലയിൽനിന്നും പുറപ്പെടുന്ന പുകയേററു് കറുത്തുതുടങ്ങിയ അനേകം വടികൾ, തടികൊണ്ടുണ്ടാക്കപ്പെട്ട കാലുകൾ, കൈകൾ മുതലായവ തൂക്കിയിട്ടിരിക്കുന്നു. രോഗികളായ മുടന്തന്മാർ ഈ വടികൾ ഉപയോഗിച്ചു് ഗ്രോട്ടോയിൽ വരികയും മാതാവിൻെറ ശക്തിയാൽ അവർ സുഖംപ്രാപിച്ചു് വീടുകളിലേക്കു് പോയപ്പോൾ ഇവ ആവശ്യമില്ലാതെ അവിടെ ഉപേക്ഷിച്ചിട്ടു പോകുകയുമാണു് ചെയ്യുതു്. ഗ്രോട്ടോയുടെ മുൻവശത്തായി കമ്പികൾ കൊണ്ടുണ്ടാക്കപ്പെട്ട വേലിയും അതിനു മൂന്നു വാതിലുകളുമുണ്ടു്. ദിവ്യബലിയിൽ സംബന്ധിക്കുന്ന ജനങ്ങൾ മുട്ടുകുത്തുന്നതു് ഈ വേലിക്കു് വെളിയിലാണു്. ഗ്രോട്ടോയുടെ സമീപം ലൂർദ്ദിലെ മനോഹരമായ ദേവാലയം സ്ഥിതിചെയ്യുന്നു. മൂന്നുനിലകളിലാണു് ഇതു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. ഒന്നാംനിലയിലുള്ള പള്ളി കൊന്തയുടെ പള്ളി എന്നറിയപ്പെടുന്നു. രണ്ടാംനിലയിലുള്ള പള്ളിയുടെ പേരു് ക്രീപ്ററു്,

മൂന്നാംനിലയിലുള്ള പള്ളി ബസ്സലിക്കാ. മൂന്നു പള്ളികളിലും കൂടി ഏകദേശം അറുപതോളം അൾത്താരകളുണ്ട്. ഈ പള്ളിയുടെ മുററത്തു് അഞ്ഞൂറിൽ ചില്വാനം രോഗികൾ ഉന്തുവണ്ടികളിലും മററുമായി രാപകലെന്യേ കഴിഞ്ഞുകൂടുന്നു. ഈ രോഗികളിൽ ചിലർ സുഖംപ്രാപിക്കുന്നതു് പരിശുദ്ധകുർബാനയുടെ ആശീർവാദവും പ്രദക്ഷിണവും നടക്കുന്ന അവസരത്തിലാണു്.

''പ്രാർത്ഥന എന്താണെന്നും പ്രാർത്ഥിച്ച പ്രാർത്ഥിച്ച മനുഷ്യഹൃദയങ്ങളിൽ ഊറിയൂറി വരുന്ന മാധുര്യമെന്താണെന്നും, ധ്യാനാത്മകമായ ജപമാലയുടെ അവസാന സിദ്ധിയെന്താണെന്നും മാതാവിനെ സ്നേഹിക്കുന്ന മക്കളുടെ ആ സ്വർഗ്ഗീയകാന്തി എന്താണെന്നും ഒരിത്തിരിയെങ്കിലും അനുഭവിക്കണമെങ്കിൽ ലൂർദ്ദിലെ അന്തരീക്ഷത്തിൽ ഏതാനം മണിക്കൂറുകൾ ചെലവിട്ടാൽ മതിയെന്നു് എനിക്കനുഭവപ്പെട്ടു. മനുഷ്യൻെറ നിസ്സഹായത സർവ്വശക്തനായ ദൈവത്തിൻെറ മുമ്പിൽ അകൃത്രിമമായി സമർപ്പിക്കപ്പെടുന്നതു ഞാൻ അവിടെ കണ്ടു. പ്രപഞ്ചത്തിൻെറ അപര്യാപ്തത പ്രപഞ്ചനാഥൻെറ മുമ്പാകെ ഏററുപറയപ്പെടുന്നതു ഞാൻ അവിടെ കേട്ടു. സ്വർഗ്ഗതലത്തെ ഭൂതലത്തോടു് അടുപ്പിക്കുന്ന അത്ഭുതകരമായ ഒരു ആകർഷണശക്തി ആ കുന്നിൻചെരുവിലെ ഗ്രോട്ടോയിൽനിന്നു പൊട്ടിപ്പുറപ്പെടുന്നതുപോലെ എനിക്കുതോന്നി. കഠിനപാപങ്ങളുടെ കന്മഷവും കറുപ്പും കഴുകി ശുദ്ധീകരിക്കുന്ന കാരുണ്യത്തിൻെറ ഒരു പൊന്നരുവി ഭൂമിയിലൂടെ കുത്തിപ്പായുന്നതായി ഞാൻ കണ്ടു. മേഘങ്ങളാൽ ചൂടപ്പെട്ടും പൂങ്കാവുകളാൽ അലങ്കരിക്കപ്പെട്ടും പാപികളുടെ ബാഷ്പകണങ്ങളാൽ പാദപ്രക്ഷാളനം നടത്തപ്പെട്ടും കൃതകൃത്യത പൂണ്ടുനിൽക്കുന്ന ഒരു സ്വർഗ്ഗീയറാണിയെ ആ കുന്നിൻചെരുവിൽ ഞാൻ കണ്ടുമുട്ടി''.

എന്നോടൊപ്പം ഒരുലക്ഷത്തോളം വിശ്വാസികാം വിശുദ്ധകുർബാനയുടെ പ്രദക്ഷിണത്തിൽ സംബന്ധിച്ച സമയത്തു ഒരു സംഭവമുണ്ടായി. മെത്രാൻ അരുളിക്കാ കൊണ്ടു രോഗികളെ ആശീർവ്വദിച്ചു പോകുന്നു. ആസ്ത്രേലിയായിൽനിന്നും വന്ന അഞ്ചുവയസ്സുള്ള ഒരു ബാലൻ പോളിയോരോഗിയായി കട്ടിലിൽ കിടക്കുന്നു. കുർബാനയുടെ പ്രദക്ഷിണം നടന്നുകൊണ്ടിരിക്കേ അവനും വാഴ്‌വ് ലഭിച്ചു. എന്നാൽ രോഗശമനം ഉണ്ടായില്ല. പ്രദക്ഷിണം തിരിച്ചുവന്നപ്പോാം അരുളിക്കയെ നോക്കിക്കൊണ്ടു് അവൻ വിളിച്ചുപറഞ്ഞു ''ഈശോയേ, നീ എന്നെ സുഖപ്പെടുത്തിയില്ല. ഇക്കാര്യം നിൻെറ അമ്മയോടു് ഞാൻ ഉച്ചത്തിൽ വിളിച്ചുപറയും'', എന്നുപറഞ്ഞുകൊണ്ടു അവൻ പരിശുദ്ധകന്യകയുടെ തിരുസ്വരൂപത്തെ നോക്കി ഇപ്രകാരം കരഞ്ഞുപറഞ്ഞു. ''അമ്മേ, നിൻെറ മകനായ ഞാൻ ഭാവിയിൽ ദൈവസ്തുതിക്കും നിൻെറ മഹത്വത്തിനും വേണ്ടി എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ എഴുന്നേററു നടക്കാതെ പററുകയില്ല. അതിനാൽ എന്നെ രോഗവിമുക്തനാക്കി എഴുന്നേൽപ്പിക്കേണമേ''. പ്രദക്ഷിണം പള്ളിയിൽ കയറി, മെത്രാൻ സങ്കീർത്തനമുറിയിലെത്തി. തിരുവസ്ത്രങ്ങാം മാററിക്കൊണ്ടിരിക്കേ മുൻപറഞ്ഞ ബാലൻ പൂർണ്ണസുഖമായി മെത്രാനെ സമീപിച്ചു കാര്യമെല്ലാംപറഞ്ഞു. ഉടനെതന്നെ മെത്രാൻ ആ കൊച്ചനെ ജനക്കൂട്ടത്തിനു കാണിച്ചുകൊടുത്തു. എവരും അത്ഭുതപ്പെട്ടു.

## ഞാൻ കണ്ട നേപ്പിൾസ്

നേപ്പിാംസ് വലിയ തുറമുഖമാണു്. ഞാൻ അവിടെയെത്തിയപ്പോാം അമ്പതോളം കപ്പലുകാം തുറമുഖത്തു കിടപ്പുണ്ടു്. കുന്നിൻ ചെരുവിൻ സ്ഥിതിചെയ്യുന്ന നേ

പ്പിൾസ്പട്ടണം വളരെ മനോഹരമാണു്. പല നിലകളുള്ള കെട്ടിടങ്ങൾ അതിനു മോടികൂട്ടുന്നു. 'നേപ്പിൾസ് കണ്ടിട്ടു് മരിക്കുക' എന്ന ചൊല്ലിൽ കുറെ കഴമ്പുണ്ടെന്നു് അതു് കാണുമ്പോൾ ബോധ്യമാകും. പ്രസിദ്ധമായ വെസൂവിയസ് അഗ്നിപർവതം ഇതിനടുത്താണു്. ചുററിനടന്നു പട്ടണം കാണുവാൻ സമയമില്ലാതിരുന്നതുകൊണ്ടു് കാറിലാണു് ഞാൻ സഞ്ചരിച്ചതു്. കേരളത്തിലെ നാട്ടിൻപുറങ്ങളോടു് സാമ്യമുള്ള ധാരാളം സ്ഥലങ്ങൾ അവിടെയുണ്ടു്. വിശാലമായ കൃഷിത്തോട്ടങ്ങളും പച്ചപ്പുല്ലുകൊണ്ടു മെത്തവിരിച്ച തകിടികളും ഞാൻ കണ്ടു. ചെററക്കുടിലുകൾ കണ്ടില്ല. എങ്കിലും കൊച്ചുവീടുകൾ ധാരാളമുണ്ടു്. അദ്ധ്വാനപ്രിയരായ ജനങ്ങളാണു് സ്ഥലവാസികളെന്നു് കൃഷിത്തോട്ടങ്ങൾ വിളിച്ചറിയിക്കുന്നു. മുന്തിരിത്തോട്ടങ്ങൾ, ആപ്പിൾച്ചെടികൾ, ഒലിവു വൃക്ഷങ്ങൾ എന്നിവ ധാരാളമുണ്ടു്. കൃഷിക്കു് നിലം ഉഴുതിട്ടിരിക്കുന്നു. കൃഷിയും കൃഷിത്തോട്ടങ്ങളും ഏററം നവീനമായ രീതിയിലാണു് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതു്. നഗരങ്ങളും ചെറിയ ഗ്രാമങ്ങളും സ്ഥിതിചെയ്യുന്നതു് ഉയന്ന മലകളിലോ മലഞ്ചെരുവുകളിലോ ആണു്. അതുമൂലം അവയുടെ അകലെ നിന്നുള്ള ദർശനം ഹൃദയാവർജ്ജകമത്രേ. വാഹനങ്ങൾ ഓടിക്കൊണ്ടിരിക്കുന്ന റോഡുകൾ ധാരാളം. കുററൻമലകളും തരിശായ ചെരിവുകളും അവിടവിടെ കാൺമാനുണ്ടു്. റെയിൽപ്പാതകൾ വളരെ ദൈർഘ്യമുള്ളതും പല തുരങ്കങ്ങളിൽക്കൂടി കടന്നുപോകുന്നതുമാണു്. തീവണ്ടികളിൽ വലിയ തിരക്കനുഭവപ്പെട്ടു. ജീവിതത്തിൽ മറക്കാനാവാത്ത പല നല്ല കാഴ്ചകളും അവിടെ കാണാൻ സാധിച്ചു. ആളുകൾ പൊതുവേ പരിഷ്ക്കാരവും മതബോധവും സംസ്ക്കാരവുമുള്ളവരായി കാണപ്പെടുന്നു.

റോമാപ്പട്ടണത്തിനു തെക്കുള്ള പട്ടണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണു് നേപ്പിൾസ്. അവിടത്തെ കത്തീഡ്രൽദേവാലയം അപ്പോളോ, നെപ്ററ്യൂൺ എന്നീ ദേവന്മാരുടെ അമ്പലങ്ങൾ രൂപാന്തരപ്പെടുത്തിയതാണു്. വിശുദ്ധ ജനുവാരിയൂസിനാണു് ഈ ദേവാലയം പ്രതിഷ്ഠിച്ചിരിക്കുന്നതു്. വെള്ളികൊണ്ടുള്ള നാല്പത്തിയാറും പിത്തളകൊണ്ടുള്ള മുപ്പതും തിരുസ്വരൂപങ്ങൾ ഈ പള്ളിയിലുണ്ടു്. വിശുദ്ധ ജനുവാരിയൂസിനെ മതവിരോധികൾ വധിച്ചതു് ഈ ദേവാലയത്തിൽ വച്ചാണു്. അന്നത്തെ മാർപ്പാപ്പായുടെ സഹോദരനായിരുന്ന ഒരു കർദ്ദിനാൾ, വിശുദ്ധൻെറ തലയോട്ടിയും അസ്ഥികളും ഒരിടത്തു കൊണ്ടുപോയി സൂക്ഷിച്ചു. മതവിരോധികൾ വിശുദ്ധനെ വധിക്കുന്നതു കണ്ടുനിന്ന ഏതാനും ഭക്തസ്ത്രീകൾ വിശുദ്ധൻെറ രക്തത്തിൻെറ ഏതാനും തുള്ളികൾ രണ്ടു കണ്ണാടിക്കുഴലുകളിൽ ശേഖരിച്ചു് മെത്രാനെ ഏല്പിച്ചു. ഡിസമ്പർ, സെപ്റ്റമ്പർ, മെയ് എന്നീ മാസങ്ങളിൽ വിശുദ്ധൻെറ കട്ടപിടിച്ചിരിക്കുന്ന രക്തം ദ്രാവകമായി മാറുന്നു. തത്സമയം പുരോഹിതന്മാർ കാനോനാനമസ്ക്കാരം ചൊല്ലിക്കൊണ്ടിരിക്കുന്നു. പീരങ്കിവെടികൾ മുഴക്കി ഈ വാർത്ത നാടെല്ലാം അറിയിക്കുന്നു. അതിനുശേഷം സ്ഥലത്തെ മെത്രാപ്പോലീത്തായും വൈദികരുംകൂടി ദേവാലയത്തിനുള്ളിൽ പ്രദക്ഷിണം നടത്തുകയും സ്തോത്രഗീതങ്ങൾ ആലപിക്കുകയും ചെയ്യുന്നു. തിരുന്നാളിനെത്തുടൎന്നു വരുന്ന ദിവസങ്ങളിൽ ഏതെങ്കിലും അത്യാഹിതം സംഭവിക്കുമെന്നുണ്ടെങ്കിൽ കുഴലുകളിലെ രക്തം തിളയ്ക്കുകയില്ലെന്നാണു് സ്ഥലവാസികളുടെ വിശ്വാസം. 1939ൽ അപ്രകാരം സംഭവിച്ചു. രണ്ടാം ലോകമഹായുദ്ധമുണ്ടായതു് അക്കാലത്താണു്.

നേപ്പിൾസ്. 1978. മെയ് 7. (ദീപിക റിപ്പോർട്ട്)

നാലാംശതകത്തിൽ ജീവിച്ചിരുന്ന ക്രൈസ്തവരക്ത സാക്ഷിയും നേപ്പിൾസിൻെറ രക്ഷാധികാരിയുമായ വിശുദ്ധ ജനുവാരിയൂസിൻെറ കട്ടപിടിച്ച രക്തം ഇന്നലെ ദ്രവമായി മാറി. ആണ്ടിൽ മൂന്നു പ്രാവശ്യം ഈ അത്ഭുതം നടക്കാറുണ്ട്. ഇന്നലെ ആയിരക്കണക്കിനാളുകൾ വിശുദ്ധൻെറ രക്തം സൂക്ഷിച്ചിരിക്കുന്ന ദേവാലയത്തിലെത്തി അത്ഭുതത്തിനു വേണ്ടി പ്രാർത്ഥിച്ചു. നഗരത്തിലെ കത്തീഡ്രലിൽ പ്രാർത്ഥന ആരംഭിച്ചയുടനെ കട്ടിയായി പൊടിഞ്ഞിരുന്ന രക്തം ഉരുകിത്തുടങ്ങിയതായി സഭാധികാരികൾ പറഞ്ഞു.

ഒരു വിശുദ്ധ പേടകത്തിൽ രണ്ടു കുപ്പികളിലായിട്ടാണു രക്തം സൂക്ഷിച്ചിരിക്കുന്നതു്. ഘനീഭവിച്ചിരിക്കുന്ന രക്തം പൊടിഞ്ഞാണിരിക്കുന്നതു്. അതു വർദ്ധിക്കുന്നതും ദ്രാവകരൂപത്തിലാകുന്നതും എങ്ങനെയെന്നു വിശദീകരിക്കുവാൻ ശാസ്ത്രജ്ഞന്മാർക്കു് ഇതുവരെ കഴിഞ്ഞിട്ടില്ല. കുമിളകളോടുകൂടി പുതിയ രക്തമായി അതു മാറും.

തലവെട്ടിയാണു വിശുദ്ധനെ കൊന്നതു്. അതു കഴിഞ്ഞയുടനെ ശേഖരിച്ചതാണു് ഈ രക്തമെന്നാണു് ഐതിഹ്യം. മദ്ധ്യശതകം മുതൽ ഈ അത്ഭുതം ആവർത്തിച്ചുകൊണ്ടിരിക്കയാണു്. സെപ്റ്റംബർ, ഡിസംബർ, മെയ്മാസങ്ങളിലാണു് അത്ഭുതം നടക്കുന്നതു്. രക്തം ദ്രാവകമായി മാറുകയാണെങ്കിൽ നേപ്പിൾസിനെ സംബന്ധിച്ചിടത്തോളം അതു ഗുണകരമാണെന്നാണു് വിശ്വാസം. അതു സംഭവിക്കുന്നില്ലെങ്കിൽ ദോഷഫലം ഉളവാകുമത്രേ.

## പാദുവാ

ഇററലിയുടെ തെക്കുഭാഗത്തുള്ള പാദുവായിലാണു വിശുദ്ധ അന്തോനീസിൻെറ ബസ്ളീക്കായും ശവകുടീരവും സ്ഥിതിചെയ്യുന്നതു്. 1321 ജൂൺ 13_ൽ വിശുദ്ധൻ മരിച്ചു. ദേവാലയത്തിൻെറ പണി ആരംഭിച്ചതു് അന്തോനീസ് വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടതിനു ശേഷമാണു്. പാദുവാ ഒരു തീൎത്ഥാടകകേന്ദ്രമാണു്. മാനസികവും ശാരീരികവുമായ വേദനകളിൽപ്പെട്ടുഴലുന്ന ഒട്ടുവളരെയാളുകൾ സാന്ത്വനം തേടി അവിടെ എത്തിച്ചേരാറുണ്ടു്. ബസ്ളീക്കായിൽ വെളുപ്പിനു 4 മുതൽ ഉച്ചവരെ ദിവ്യബലി അർപ്പിക്കപ്പെടുന്നു. വിശുദ്ധൻെറ ശവകുടീരത്തിൽ മുട്ടുകുത്തി ഞാൻ പ്രാൎത്ഥിച്ചു. ഞാൻ യാത്രചെയ്ത വിമാനത്തിൻെറ പൈലററു് (അകത്തോലിക്കൻ) കബറിടം ചുംബിച്ചശേഷം പറഞ്ഞു. ''ലൂർദ്ദ് സന്ദർശിച്ചപ്പോൾപോലും ഇത്രയേറെ ഭക്തി എനിക്കനുഭവപ്പെട്ടില്ല.''

ബസ്ളീക്കായിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന തിരുവസ്തുക്കൾ:—

1. വിശുദ്ധ അന്തോനീസ് തലയണയായി ഉപയോഗിച്ച കരിങ്കല്ലു്
2. അത്ഭുതകരമായ കണ്ണാടിക്കഷണം.

അലേർഡീനാ എന്ന പാഷണ്ഡൻ വിശുദ്ധൻെറ ജീവിതവിശുദ്ധിയെപ്പററി സംശയിച്ചു് ഇപ്രകാരം പറഞ്ഞു. ''ഈ മുഖക്കണ്ണാടി ഈ കരിങ്കല്ലിൽ എറിഞ്ഞിട്ടു് അതു പൊട്ടുന്നില്ലെങ്കിൽ ഞാൻ വിശുദ്ധനിൽ വിശ്വസിക്കാം'' അയാൾ കണ്ണാടി എറിഞ്ഞു. അതു പൊട്ടിയില്ല. എന്നാൽ ആ കല്ലു് പൊട്ടിത്തകൎന്നു.

3. കർത്താവിനെ കെട്ടിയടിച്ച തൂണിൻെറ ഭാഗം.
4. കേടുപററിയിട്ടില്ലാത്ത വിശുദ്ധൻെറ നാവു്.
5. ഉടുപ്പു്. 6. മേലങ്കി. 7. തലമുടി. 8. ഒരു വിരൽ. 9, കർത്താവിൻെറ മുൾമുടിയിലെ മൂന്നു് ആണികൾ

എല്ലാ ദിവസവും ബസ്ളീക്കായുടെ മുററത്തു സാധുക്കൾക്കു് അപ്പം (ആയിരം റാത്തൽ) വിതരണം ചെയ്യുന്നുണ്ടു്. സാധുക്കൾക്കു് സൂപ്പും നൽകപ്പെടുന്നു. അതേസമയം ഈ ദേവാലയത്തിലെ സന്യാസികൾ മററുള്ളവരിൽനിന്നും ധർമ്മം സ്വീകരിക്കുന്നുണ്ടു്. ഒരിക്കൽ ഒരു ഫ്രാൽസീസ്കൻ സന്യാസി പറഞ്ഞു ''എല്ലാ സ്ഥലത്തുനിന്നും ജലം സ്വീകരിക്കുകയും അതേസമയം നദികൾക്കും അരുവികൾക്കും ജലം നൽകുകയും ചെയ്യുന്ന സമുദ്രത്തെപ്പോലെയാണു് ഞങ്ങൾ.'' ഇവിടത്തെ സന്യാസികൾ ജയിൽവാസമനുഭവിക്കുന്നവർക്കു ഭക്ഷണം നൽകുകയും അവരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിർവഹിക്കുകയും ചെയ്യുന്നു. ഇററലിയിലും വിദേശങ്ങളിലുമുള്ള കത്തോലിക്കർക്കു വായിക്കാനുതകുന്ന പുസ്തകങ്ങൾ, മാസികകൾ എന്നിവ ഇവർ പ്രസിദ്ധപ്പെടുത്തുന്നു. അല്മേനികൾക്കു് ദൈവശാസ്ത്രപഠനത്തിനു ഒരുകോളേജു് നടത്തപ്പെടുന്നു.

## വത്തിക്കാൻഗ്രന്ഥശാല

എൻെറ യൂറോപ്യൻ പര്യടനവേളയിൽ ലോകത്തിലെ ഏററവും വലിയ ഗ്രന്ഥശാലകളിലൊന്നായ വത്തിക്കാൻ ഗ്രന്ഥശാല സന്ദർശിക്കുന്നതിനുള്ള അവസരം എനിക്കു ലഭിച്ചു. ബൃഹത്തായ ആ ഗ്രന്ഥശാലയുടെ ഉത്ഭ

വ വികാസവിവരങ്ങരം വിജ്ഞാനപ്രേമികരംക്കു കൗതു കകരമായിരിക്കുമല്ലോ. അഞ്ചു നൂററാണ്ടുകരംക്കു മുമ്പു് ബൊളോത്തായിലെ മെത്രാപ്പോലീത്തായുടെ ഗ്രന്ഥശാലാ സൂക്ഷിപ്പുകാരനായിരുന്ന ടൊമാസോ പരന്തുസെല്ലി എ ന്ന വൈദികനു് ലോകത്തിൻെറ നാനാഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന വിജ്ഞാനനിധികളിൽ അത്യധി കമായ അഭിനിവേശം തോന്നി. ലോകത്തിലെ മഹാ പണ്ഡിതന്മാരുടെ ചിന്താഫലങ്ങരം ഉല്ലേഖനം ചെ യ്യപ്പെട്ടിട്ടുള്ള കൈയെഴുത്തുഗ്രന്ഥങ്ങരം പഴയ ദുർഗ്ഗങ്ങ ളുടെയും സന്യാസാശ്രമങ്ങളുടെയും അന്ധകാരനിബിഡ മായ തട്ടിൻപുറങ്ങളിലും ഗ്രന്ഥപ്പുരകളിലും അക്കാലത്തു് അറിയപ്പെടാതെയും ഉപയോഗിക്കപ്പെടാതെയും കിട ന്നിരുന്നു. അമൂല്യങ്ങളായ ഇത്തരം കൈയെഴുത്തു ഗ്രന്ഥ ങ്ങരം ശേഖരിച്ചു് ഭാവിതലമുറയ്ക്കുവേണ്ടി ഭദ്രമായി സൂ ക്ഷിച്ചുവയ്ക്കേണ്ടതാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമാ യി. പക്ഷേ, ഒരു സാധു വൈദികനു് എന്തുചെയ്യാൻ കഴിയും?

എന്നാൽ ദൈവപരിപാലനയ്ക്കു് ഒന്നും അശക്യമല്ല ല്ലോ. ടൊമാസ്സോ പരന്തുസെല്ലി എന്ന ഈ വൈദികൻ 1447-ൽ മാർപ്പാപ്പായായി തെരഞ്ഞെടുക്കപ്പെട്ടു. നിക്കോ ളാസ് പഞ്ചമൻ എന്ന പേരിൽ അവിടുന്നു തിരുസിംഹാ സനത്തെ അധിരോഹണം ചെയ്തു. അതോടെ കലാപ രവും സാഹിത്യപരവുമായ ഒരു പുനർജ്ജീവനം യൂറോ പ്പിനു സംബദ്ധമായി. അന്നുവത്തിക്കാനിലുണ്ടായി രുന്ന ചില പുസ്തകങ്ങരംക്കുടി നിക്കോളാസു് തൻെറ ഗ്ര ന്ഥസഞ്ചയത്തോടു ചേർത്തു. വത്തിക്കാൻ കൊട്ടാര ത്തിൻെറ ഒരു ഭാഗം ഈ ഗ്രന്ഥങ്ങരം ശേഖരിച്ചുവയ്ക്കു ന്നതിനായി പ്രത്യേകമായി തെരഞ്ഞെടുക്കുകയും ചെയ്തു.

ഈ പുതിയ ഗ്രന്ഥശാലയിൽ ലോകത്തിലെ അത്യുത്തമഗ്രന്ഥങ്ങൾ കഴിയുന്നത്ര ശേഖരിക്കണമെന്നുള്ളതായിരുന്നു നിക്കോളാസിൻെറ അഭിലാഷം. ഇതിലേയ്ക്കു പ്രാപ്തരായ ഏജൻറന്മാർ ലോകത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കും നിയോഗിക്കപ്പെട്ടു. ഉത്തമഗ്രന്ഥങ്ങൾക്ക് ആകർഷകമായ വില കൊടുക്കുന്നതാണെന്ന് പ്രഖ്യാപിതമായി. ഇംഗ്ലണ്ട്, ജർമ്മനി, പലസ്തീനാ മുതലായ പ്രദേശങ്ങളിൽ നിന്നും അനേകം ഗ്രന്ഥങ്ങൾ ലഭിച്ചു. ലോകത്തിലെ അത്യുത്തമങ്ങളും അപൂർവങ്ങളുമായ പല അമൂല്യഗ്രന്ഥങ്ങളും ഈ ഗണത്തിൽപ്പെടുന്നു. മൂലഗ്രന്ഥം എന്ന് അന്നു വിശ്വസിക്കപ്പെട്ടിരുന്ന വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൻെറ ഒരു കയ്യെഴുത്തുഗ്രന്ഥത്തിനു 5000 ഡക്കാസ് (35000 രൂപാ) ആണ് പ്രതിഫലം നൽകപ്പെട്ടതു്. ലഭിച്ച കൈയെഴുത്തുഗ്രന്ഥങ്ങളിൽ പലതും നാശോന്മുഖങ്ങളും നഷ്ടശിഷ്ടങ്ങളുമായിരുന്നു. വളരെക്കാലത്തേയ്ക്ക് സൂക്ഷിച്ചുവയ്ക്കുവാൻ സാദ്ധ്യമല്ലാതിരുന്ന അത്തരം ഗ്രന്ഥങ്ങൾ സനിഷ്ക്കർഷം പകർത്തിയെഴുതപ്പെട്ടു. ഒരു നല്ല കൈയെഴുത്തു വിദഗ്ദ്ധനായിരുന്ന നിക്കോളാസ്മാർപ്പാപ്പാ തന്നെയാണ് ഇതിൻെറ മേൽനോട്ടം വഹിച്ചതു്. അന്നു് ലഭ്യമായിരുന്നതിൽ ഏററം മികച്ച ചർമ്മപത്രങ്ങളിൽ ഏററവും നല്ല കൈയെഴുത്തു വിദഗ്ദ്ധന്മാരെക്കൊണ്ട് നിക്കോളാസ് ഇക്കാര്യങ്ങൾ നിർവഹിച്ചു. എല്ലാ കൈയെഴുത്തു പ്രതികളും ചുവന്നശീലയിൽ വെള്ളികൊണ്ടുള്ള പിടിയോടുകൂടി ബയൻറുചെയ്തു സൂക്ഷിച്ചു. പേപ്പൽ ഗ്രന്ഥാലയത്തിൽത്തന്നെ ഏഴായിരം കൈയെഴുത്തു പ്രതികൾ 1200 വാല്യങ്ങളായി പകർത്തിയെഴുതപ്പെട്ടു. ലോകത്തിലെ ഏററം അപൂർവ്വങ്ങളും അമൂല്യങ്ങളുമായ കൈയെഴുത്തു ഗ്രന്ഥങ്ങൾ ഈ കൂട്ടത്തിൽപ്പെടും.

ഗട്ടൺബർഗ്ഗ് കണ്ടുപിടിച്ച അച്ചടിവിദ്യ ലോകത്തിന്റെ ഗതിയിൽത്തന്നെ അപ്രതീക്ഷിതങ്ങളായ മാററങ്ങളാണല്ലോ ഉണ്ടാക്കിയത്ു്. അച്ചടിവിദ്യയുടെ അഭാവത്തിൽ ഇന്നത്തെ തോതിലുള്ള സാർവത്രികവിദ്യാഭ്യാസമോ സാഹിത്യവികാസമോ വിജ്ഞാനവിതരണമോ ഒന്നും പ്രായോഗികമല്ല. അച്ചടി വിദ്യയുടെ അസാമാന്യമായ കഴിവുകഠം മുൻകൂട്ടി മനസ്സിലാക്കിയ ബുദ്ധിമാന്മാരിൽ ഒരാളാണു നിക്കോളാസ് മാർപ്പാപ്പാ. അദ്ദേഹം വത്തിക്കാൻ ഗ്രന്ഥശാലയോടനുബന്ധിച്ച് ഒന്നാംതരത്തിലുള്ള മുദ്രാണാലയവും ഏർപ്പെടുത്തി.

നിക്കോളാസ് പഞ്ചമന്റെ അടുത്തപിൻഗാമികഠം ഗ്രന്ഥശേഖരണവിഷയത്തിൽ അത്രതന്നെ തല്പരരായിരുന്നില്ല. തൽഫലമായി അച്ചടിയന്ത്രം തുരുമ്പുപിടിച്ചു. ഗ്രന്ഥശാലയിലെ അമൂല്യങ്ങളായ പല കയ്യെഴുത്തു കൃതികളും നശിക്കുവാനിടയായി. നിക്കോളാസ്സ് അച്ചടിപ്പിച്ചവയും പകത്തിയെഴുതിച്ചവയുമായ പലഗ്രന്ഥങ്ങളും അശ്രദ്ധമൂലം നാശോന്മുഖമായിത്തീർന്നു. എന്നാൽ 1471_ൽ നാലാംസിക്സ്ററസ് മാർപ്പാപ്പാ നിക്കോളാസിന്റെ ഉദ്യമം പുനരാരംഭിച്ചു. ഗ്രന്ഥങ്ങഠം സൂസൂക്ഷ്മം കൈകാര്യം ചെയ്യുന്നതിനു വിദഗ്ദ്ധന്മാരായ പണ്ഡിതന്മാരെ അദ്ദേഹം നിയോഗിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായി ഗ്രന്ഥശാലയിലെ ഗ്രന്ഥങ്ങളുടെ എണ്ണം 35000 ആയി വർദ്ധിച്ചു.

ആദ്യകാലങ്ങളിൽ ഈ ഗ്രന്ഥാലയത്തിലെ പുസ്തകങ്ങഠം വായ്പ വാങ്ങി ഉപയോഗിക്കുവാൻ പണ്ഡിതന്മാർക്കു് അനുവാദമുണ്ടായിരുന്നു. ക്രമേണ പല പുസ്തകങ്ങളും നഷ്ടപ്പെടുകയുണ്ടായി. തന്മൂലം ഗ്രന്ഥങ്ങഠം വായ്പകൊടുക്കുന്ന പതിവിൽ കർശന

നിയമങ്ങറം ഏർപ്പെട്ടത്തേണ്ടിവന്നു. ഗ്രന്ഥശാലയിൽ നിന്നും ഏതെങ്കിലും പുസ്തകം വായ്പവാങ്ങണമെങ്കിൽ അതിൻെറ വില ജാമ്യമായി ലൈബ്രേറിയനെ ഏല്പിച്ചിരിക്കണമെന്നുള്ള നിയമം അങ്ങനെ നിലവിൽ വന്നതാണു്. സാധുക്കളായ പണ്ഡിതന്മാർക്കു് ഈ വ്യവസ്ഥ ദുർവഹമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. അങ്ങനെയുള്ളവർക്കു് ഗ്രന്ഥശാലയിൽ വന്നിരുന്നു് പുസ്തകങ്ങറം ഉപയോഗിച്ചുകൊള്ളാൻ അനുവാദമുണ്ടായിരുന്നു. ഗ്രന്ഥങ്ങറം ഡസ്ക്കുകളോടുചേർത്തു ചങ്ങല കൊണ്ടു ബന്ധിച്ചാണു് വായിക്കാൻകൊടുത്തിരുന്നതു്. ഇതിലേയ്ക്കു് ഉപയോഗിച്ചിരുന്ന ചില ഡസ്ക്കുകളും ചങ്ങലകളും ഇന്നും കൗതുകശാലയിൽ സൂക്ഷിക്കപ്പെട്ടുപോരുന്നു.

റോമിനെ വിജ്ഞാനകേന്ദ്രമാക്കിത്തീർക്കണമെന്ന നിക്കോളാസിൻെറ സ്വപ്നം സാക്ഷാൽക്കരിക്കുവാൻ കാര്യമായി യത്നിച്ച മറെറാരു മഹാനാണു് 1513ൽ മാർപ്പാപ്പായായിത്തീർന്ന ലെയോ പത്താമൻ. അദ്ദേഹത്തിൻെറ ഈ പ്രസ്താവം ശ്രദ്ധേയമാണു്. "സ്രഷ്ടാവിനെപ്പററിയുള്ള സാക്ഷാൽ അറിവും അവിടുത്തെ നേർക്കുള്ള യഥാർത്ഥ ആരാധനയും കഴിഞ്ഞാൽ, ഇത്തരം ഗ്രന്ഥങ്ങളെപ്പോലെ മനുഷ്യവർഗ്ഗത്തിനു് ഉത്തമമോ കൂടുതൽ ഉപയോഗപ്രദമോ ആയി മറെറാന്നില്ലായെന്നു് എനിക്കു് നല്ലവണ്ണം ബോദ്ധ്യമായിരിക്കുന്നു. അവ മനുഷ്യജീവിതത്തിൻെറ മാനദണ്ഡവും പുരോഗതിയുമാണെന്നു മാത്രമല്ല എല്ലാ പരിത:സ്ഥിതികളിലും ഉപയോഗക്ഷമങ്ങളുമാകുന്നു. നിർഭാഗ്യങ്ങളിൽ ഗ്രന്ഥങ്ങറം നമ്മെ ആശ്വസിപ്പിക്കുന്നു. സൗഭാഗ്യങ്ങളിൽ അവ നമുക്കു് ആനന്ദവും ആദരവും പ്രദാനം ചെയ്യുന്നു. അവയുടെ

അഭാവത്തിൽ മനുഷ്യന്റെ സകല സാമൂഹ്യനിലയും സംസ്കാരവും അപഹൃതമായിത്തീരുന്നതാണു്.''

1585_ൽ അഞ്ചാം സിക്സ്ററസ്സ് മാർപ്പാപ്പാ വത്തിക്കാൻഗ്രന്ഥശാല വീണ്ടും വിപുലപ്പെടുത്തി. ഗ്രന്ഥങ്ങൾ ശേഖരിച്ചു വയ്ക്കുന്നതിനായി പുതിയ ഒരു കെട്ടിടം തന്നെ നിർമ്മിക്കപ്പെട്ടു. ഡോമിനിക്കോ ഫോന്താനാ എന്ന വിദഗ്ദ്ധശില്പി നിർമ്മിച്ചതും സിക്സ്റ്റയിൻലൈബ്രറി എന്ന പേരിൽ അറിയപ്പെട്ടുപോരുന്നതുമായ ഈ മന്ദിരത്തിനു 184 അടി നീളവും 57 അടി വീതിയുമാണുള്ളതു്. അമൂല്യങ്ങളായ ഗ്രന്ഥങ്ങൾ ചങ്ങലകൊണ്ടു ഡസ്ക്കുകളോടു ബന്ധിച്ചിടുകയെന്ന നടപടി 1605 വരെ തുടർന്നു പോന്നു. അക്കൊല്ലം 5__ാം പൗലോസ് പാപ്പാ അത്തരമൊരു മുൻകരുതൽ ആവശ്യമില്ലെന്നു തീരുമാനിച്ചു. അദ്ദേഹവും അടുത്ത പിൻഗാമികളും ഗ്രന്ഥശാല വിപുലപ്പെടുത്തുവാൻ പാടുള്ള എല്ലാ ശ്രമങ്ങളും നടത്തി. വത്തിക്കാനിൽ എത്തിക്കൊണ്ടിരുന്ന ഗ്രന്ഥങ്ങൾ ശേഖരിച്ചു് സൂക്ഷിക്കുന്നതിനു പല മുറികളും ഇടനാഴികളും ഉപയോഗിക്കേണ്ടിവന്നു. യൂറോപ്പിലെ അതിപ്രസിദ്ധങ്ങളായ പലസ്വകാര്യഗ്രന്ഥശേഖരങ്ങളും സംഭാവനയായി ലഭിച്ചു. ഇതിൽ ആയിരക്കണക്കിനു പ്രാചീന ഗ്രീക്കലത്തീൻകൃതികളും ഉൾപ്പെട്ടിരുന്നു.

1878 ൽ പത്രോസിന്റെ സിംഹാസനത്തെ ആരോഹണം ചെയ്ത 13_ാം ലെയോ മാർപ്പാപ്പാവത്തിക്കാൻ ഗ്രന്ഥശാലയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തുകയുണ്ടായി. കഴിഞ്ഞ നാനൂറിൽപ്പരം കൊല്ലങ്ങളിലായി അസംഖ്യം ഗ്രന്ഥങ്ങൾ വത്തിക്കാനിൽ ശേഖരിച്ചിരുന്നെങ്കിലും അവ ക്രമീകരിച്ചു വയ്ക്കുകയോ അവയ്ക്കു ശരിയായ ക്യാററലോഗ് ഉണ്ടാക്കുകയോ ചെയ്തിരുന്നി

ല്ല. തന്മൂലം മഹത്തായ ആ ഗ്രന്ഥശാല അദ്ധ്യേതാക്കളെ സംബന്ധിച്ചിടത്തോളം ഏതാണ്ട് പ്രയോജനശൂന്യമായിരുന്നു. പണ്ഡിതന്മാരിൽ ചിലർ വത്തിക്കാൻഗ്രന്ഥശാലയെ 'ഗ്രന്ഥങ്ങളുടെ തടവുമുറി' എന്നു വിളിക്കുവാനുണ്ടായ കാരണമിതാണ്. അന്ന് ഗ്രന്ഥശാലയിൽ അറുപതിനായിരം കയ്യെഴുത്തു ഗ്രന്ഥങ്ങളും അമ്പതിനായിരം മുദ്രിതഗ്രന്ഥങ്ങളുമാണുണ്ടായിരുന്നത്. പക്ഷേ, അവയാതൊരു ക്രമീകരണവുമില്ലാതെ, എത്തും പിടിയുമില്ലാതെ കിടക്കുകയായിരുന്നു. ലെയോ മാർപ്പാപ്പായുടെ നിർദ്ദേശാനുസരണം അവയെല്ലാം ക്രമീകരിക്കപ്പെട്ടു. തന്മൂലം ലോകത്തിൻെറ ഏതുഭാഗത്തുമുള്ള ഏതു ജാതിയിലും മതത്തിലുംപെട്ട പണ്ഡിതന്മാർക്കും വത്തിക്കാനിലെ അമൂല്യനിക്ഷേപങ്ങൾ പ്രാപ്യങ്ങളും പ്രയോജനക്ഷമങ്ങളുമായി. വത്തിക്കാൻെറ ഈ മഹാമനസ്ക്കതയിൽ കൃതജ്ഞതാഭരിതരായ പലരാജ്യങ്ങളും അമൂല്യഗ്രന്ഥങ്ങൾ വത്തിക്കാന് സംഭാവന ചെയ്യുന്നതിനു മുമ്പോട്ടുവന്നു. ചിലരാജ്യങ്ങൾ തങ്ങളുടെ ദേശീയചരിത്രങ്ങളും സാംസ്കാരികയത്നങ്ങളും വത്തിക്കാനിൽ സൂക്ഷിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ പ്രത്യേക ഗ്രന്ഥങ്ങൾ തന്നെ വിരചിച്ചു മനോഹരമായി ബയൻറു ചെയ്ത് അയച്ചുകൊടുത്തു. പുതിയ ഗ്രന്ഥങ്ങൾ വത്തിക്കാനിൽ പിന്നെയും വന്നുകൂടി.

വത്തിക്കാൻഗ്രന്ഥശാലയുടെ സ്ഥാപകനായ ആ വൈദികലൈബ്രേറിയൻ അഞ്ചാം നിക്കാളോസ് മാർപ്പാപ്പായായിത്തീർന്നതിനുശേഷം 475 വഷം കടന്നുപോയപ്പോൾ മറെറാരു വൈദികലൈബ്രേറിയനും പത്രോസിൻെറ സിംഹാസനത്തെ ആരോഹണം ചെയ്തു. വത്തിക്കാൻ ഗ്രന്ഥശാലാലൈബ്രേറിയനായിരുന്ന പതിനൊ

ന്നാം പീയൂസ് മാർപ്പാപ്പായാണതു്. വത്തിക്കാൻ ഗ്രന്ഥ ശാലയെ ലോകത്തിലേയ്ക്കും ആധുനികവും അത്യുത്തമ വുമായ ഒരു സ്ഥാപനമാക്കിത്തീർക്കണമെന്നതായിരുന്നു 11_ാം പീയൂസ് മാർപ്പാപ്പായുടെ ആഗ്രഹം. പുസ്തകപ്രേമിയായ അദ്ദേഹം തന്റെ മുൻഗാമികളിൽനിന്നും അവകാശമായി ലഭിച്ചിരിക്കുന്ന മഹാനിക്ഷേപത്തിന്റെ അമൂല്യത നല്ലവണ്ണം മനസ്സിലാക്കി. (ഓരോ മാർപ്പാപ്പായും തങ്ങളുടെ മരണപത്രികയിൽ വത്തിക്കാൻഗ്രന്ഥ ശാലയെ അനന്തരാവകാശിക്കായി നീക്കിവയ്ക്കുകയാണു ചെയ്യുന്നതു്. അങ്ങനെ ഈ ഗ്രന്ഥശാല മാർപ്പാപ്പായുടെ തന്നതു സ്വത്തായി നിലനിന്നു പോന്നു)

പതിനൊന്നാംപീയൂസ് മാർപ്പാപ്പായുടെ കാലത്തു് അസംഖ്യം ഗ്രന്ഥങ്ങൾ വത്തിക്കാൻ ഗ്രന്ഥശാലയിൽ സംഭരിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ഭരണകാലത്തു് കയ്യെഴുത്തുഗ്രന്ഥങ്ങളുടെ എണ്ണം 125,000 വും മുദ്രിതഗ്രന്ഥങ്ങളുടെ സംഖ്യ 580,000 വും ആയി വർദ്ധിച്ചു ഇത്തരമൊരു ഗ്രന്ഥശാല നിലനിറുത്തിപ്പോരുന്നതിനു് ആധുനികവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ സ്വീകരിക്കേണ്ടതാണെന്ന 11_ാം പീയൂസ് മാർപ്പാപ്പായ്ക്കു തോന്നി. വത്തിക്കാനിൽ ആധുനികമായ ഒരു ഗ്രന്ഥശാല നിർമ്മിക്കുന്നതിനു വേണ്ട എല്ലാ ധനസഹായങ്ങളും നൽകുന്നതിനു് അമേരിക്കയിലെ മോർഗൻ ഫൗണ്ടേഷൻ സന്നദ്ധമാണെന്നു് അറിയിച്ചപ്പോൾ, തിരുമേനി ആ വാഗ്ദാനം സസന്തോഷം സ്വീകരിച്ചു. നവീനജോലികളുടെ നേരിട്ടുള്ള മേൽനോട്ടം അവിടുന്നുതന്നെ വഹിച്ചു. വിവിധ രാജ്യങ്ങളിൽനിന്നുള്ള അനേകം പണ്ഡിതന്മാർ ഗ്രന്ഥക്രമീകരണ വിഷയത്തിൽ ഉദാരമായ സേവനം നൽകി. ഇക്കൂട്ടത്തിൽ കൊളമ്പിയ

സർവ്വകലാശാലയിലെ പ്രസിഡണ്ടു് എമിരററസ്സു്, നിക്കോളാസ് മൂറേ, ബട്ട്ലർ മുതലായവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണു്.

അമേരിക്കയിലെ ഒരു പ്രസിദ്ധ ഗ്രന്ഥശാലാ സജ്ജീകരണക്കമ്പെനിയാണു വത്തിക്കാൻഗ്രന്ഥശാലയുടെ സംവിധാനം നിർവഹിച്ചതു്. കാലാവസ്ഥ ക്രമീകരിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തി. ഇററലിയിൽ ചില കാലഘട്ടങ്ങളിൽ സാധാരണ അനുഭവപ്പെടുന്ന ഈർപ്പത്തെ പ്രതിരോധിക്കുന്നതിനായി ചൂടു പുറപ്പെടുവിക്കുന്ന വൈദ്യുതയന്ത്രങ്ങൾ ഗ്രന്ഥശാലയിൽ സ്ഥാപിച്ചിട്ടുണ്ടു്. ക്രമാധികമായ ഉണക്കുള്ള കാലങ്ങളിൽ ശീതോഷ്ണസ്ഥിതിയുടെ ക്രമീകരണത്തിനായി ആവി പുറപ്പെടുവിക്കുന്ന സ്വയംപ്രവർത്തനക്ഷമങ്ങളായ യന്ത്രങ്ങളും സ്ഥാപിതമായിരിക്കുന്നു. ഗ്രന്ഥങ്ങൾ അടുക്കിവയ്ക്കുന്നതിനു് ഉരുണ്ട ചട്ടങ്ങളാണു് ഉപയോഗിച്ചിരിക്കുന്നതു്. മൂന്നുനിലകളിലുള്ള ഈ ഇരുമ്പുചട്ടങ്ങൾ നിരത്തിവച്ചാൽ ഏഴുമൈൽ നീളംവരും.

വത്തിക്കാൻ ഗ്രന്ഥശാലയിലെ മറെറാരു പ്രത്യേകത അവിടത്തെ ഗ്രന്ഥാശുപത്രിയാണു്. രോഗബാധിത ഗ്രന്ഥങ്ങളെ ചികിത്സിച്ചു് സുഖപ്പെടുത്തുന്നതിനുള്ള കേന്ദ്രമാണിതു്. വളരെക്കാലത്തേയ്ക്കു് കർദ്ദിനാൾ ടിസറാങ്ങു് ഈ വകുപ്പിൻെറ മേലന്വേഷണം വഹിച്ചു. മെയിർ എന്ന ഫ്രഞ്ചുകാരൻ 1890_ൽ കണ്ടുപിടിച്ച ഏററവും നവീനവും ശാസ്ത്രീയവുമായ ഒരു സമ്പ്രദായത്തിലാണു് കേടുപാടുകൾ ഭവിച്ച ഗ്രന്ഥങ്ങൾ ഇവിടെ നവീകരിച്ചെടുക്കുന്നതു്. ഇത്തരമൊരു സ്ഥാപനം വേറൊരിടത്തുമില്ല.

വത്തിക്കാനിലെ അപൂർവ്വഗ്രന്ഥശേഖരങ്ങളിലൊന്നു് വിശുദ്ധ ആഗസ്റ്റീനോസിൻെറ സങ്കീത്തന പരിഭാഷയാണു്. ''സിസറോയുടെ ജനാധിപത്യം'' എന്ന ഗ്രന്ഥം എഴുതിയിട്ടുള്ള ചർമ്മപത്രങ്ങളിൽത്തന്നെയാണ വിശുദ്ധ ആഗസ്റ്റീനോസും തൻെറ ഗ്രന്ഥമെഴുതിയിരിക്കുന്നതു്. പ്രാചീന കൈയെഴുത്തു ഗ്രന്ഥങ്ങളിലെ എഴുത്തു മായിച്ചു് അതിനുമീതെ വേറെ ഗ്രന്ഥങ്ങൾ എഴുതുക എന്ന സമ്പ്രദായം വിശുദ്ധ ആഗസ്റ്റീനോസിൻെറ കാലത്തു നിലവിലിരുന്നു. നല്ലവണ്ണം മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്ത ചമ്മപത്രങ്ങളിൽനിന്നു ആദ്യത്തെ കൈയെഴുത്തു വായിച്ചെടുക്കാൻ സാധിക്കുന്നുണ്ടു്. ഇങ്ങനെയാണു് അതിപ്രാചീനങ്ങളായ ചില ഗ്രന്ഥങ്ങളുടെ പകർപ്പുകൾ നമുക്കിന്നു ലഭിച്ചിട്ടുള്ളതു്.

വേദപുസ്തകത്തിൻെറ അറിയപ്പെട്ടിട്ടുള്ള ഏററവും പ്രാചീന കൈയെഴുത്തുപ്രതി വത്തിക്കാനിലുണ്ടു്. ചൈനീസ് ഭാഷയിൽ ഏററവും ഘനംകുറഞ്ഞ കടലാസ്സിൽ അച്ചടിച്ചിട്ടുള്ള അതിപ്രാചീനമായ ഗ്രന്ഥങ്ങളിലൊന്നു് നമുക്കു് ഇന്നു ലഭിച്ചിരിക്കുന്നതു് വത്തിക്കാൻഗ്രന്ഥശേഖരങ്ങളിൽ നിന്നാണു്. പെട്രാർക്കു്, ടാസോ, ടെറൻസ് വെർജിൽ മുതലായവരുടെ കയ്യെഴുത്തുപ്രതികൾ, പ്രാചീന ഹീബ്രു വേദപുസ്തകം, നാലു സുവിശേഷങ്ങളടങ്ങിയ ഒരു ബിസാന്റൈൻകയ്യെഴുത്തുഗ്രന്ഥം, വിശുദ്ധ ഗ്രിഗരിയുടെ ബ്രവിയറി, ഹെൻട്രി എട്ടാമൻ ആനിബോളിനയച്ച എഴുത്തുകൾ മുതലായി ചരിത്രപ്രാധാന്യമുള്ള രേഖകൾ പലതും വത്തിക്കാൻ ഗ്രന്ഥശാലയിലുണ്ടു്.

### കാഞ്ഞിരപ്പള്ളിയിൽ

റോമ്മിൽനിന്നും തിരിച്ചെത്തിയ ഉടനെ എന്നെ കാഞ്ഞിരപ്പള്ളിയിൽ അസിസ്റ്റൻറു വികാരിയായി

അന്നത്തെ അഡ്മിനിസ്ട്രേററരായിരുന്നമോൺ. ജേക്കബ് കല്ലറക്കൽ നിയമിച്ചു.

ഇവിടെ എൻെറ വികാരി പരേതനായ റവ. ഫാ. സെബാസ്റ്റ്യൻ കുളംകുത്തിയിൽ. തിരുഹൃദയഭക്തൻ. ശാന്തശീലൻ, എളിമയുള്ളവൻ, അസിസ്റ്റൻറു വികാരിമാരോടു് സ്നേഹമുള്ളവൻ. എൻെറ സഹപ്രവർത്തകൻ പരേതനായ ഫാ. ഫ്രാൻസിസ് പാട്ടത്തിൽ. ഇദ്ദേഹത്തിൻേറയും വികാരിയുടേയും സ്വഭാവത്തിലും പെരുമാററത്തിലും വളരെ സാമ്യവും പൊരുത്തവുമുണ്ടായിരുന്നു. ഇക്കാര്യത്തിൽ ഞാനും ആ ബ. അച്ചന്മാരും ഉത്തരദക്ഷിണധ്രുവങ്ങളിലായിരുന്നു. അതു് എന്തുകൊണ്ടായിരുന്നുവെന്നു് ഇടവകക്കാർ പറഞ്ഞുകൊള്ളട്ടെ. ഒരു കൊല്ലം മാത്രമേ ആ വികാരിയച്ചൻെറ കീഴിൽ ജോലി നോക്കുവാനുള്ള ഭാഗ്യമുണ്ടായുള്ളു. കാരണം, അദ്ദേഹത്തെ പുളിങ്കുന്നുവികാരിയായി സ്ഥലംമാററി. രണ്ടാംവർഷം എൻെറ വികാരി ഫാ. മാത്യു പുന്നാപ്പാടം. അദ്ദേഹം എന്നോടു സ്നേഹപൂർവ്വം പെരുമാറി. അദ്ദേഹം വികാരിയായി ചാർജ്ജെടുക്കുന്നതിനുമുമ്പു് ബ. പാട്ടത്തിൽ അച്ചൻ കുവപ്പള്ളിപ്പള്ളിവികാരിയായി നിയമിക്കപ്പെട്ടു.

എൻെറ രണ്ടുവർഷത്തെ ജോലിക്കിടയിൽ പല നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നു് ഇടവകക്കാർ പറയുന്നു. ബാലഹൃദയങ്ങളെ ഉണ്ണിയീശോയുടെ പക്കലേയ്ക്കു് അടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ ''മക്കൾ നല്ലവരാകണമെങ്കിൽ'' എന്ന എൻെറ രണ്ടാമത്തെ ഗ്രന്ഥം രചിച്ചു. പല കുഞ്ഞുങ്ങൾക്കും ദൈവവിളി നേടിക്കൊടുക്കുന്നതിനു് അതു് ഉപകരിച്ചു എൻെറ ഉപദേശങ്ങളും പ്രസ്തുതപുസ്തകത്തിൻെറ പാരായണവും മൂലം വൈദികരാകുന്നതിനുള്ള ആഗ്രഹം ബാലന്മാരായ പറമ്പിൽ

ഇട്ടീരാച്ചൻ, പുത്തൻകടപ്പിൻ യൗസേപ്പച്ചൻ, പനസ്സൽ തോമ്മാച്ചൻ മുതലായവർക്കു് ഉണ്ടായി എന്നു് അവർ പറയുന്നു.

ഇക്കാലത്താണു ചങ്ങനാശ്ശേരി– പാലാ ശ്രുപതാമെത്രാന്മാർ തങ്ങളുടെ മെത്രാഭിഷേകത്തിനുശേഷം ആദ്യമായി കാഞ്ഞിരപ്പള്ളിപ്പള്ളി സന്ദർശിച്ചതു്. റോമിലെ സ്വിസ്ഗാർഡ്സിൻെറ വേഷത്തിൽ അമ്പതോളം കുട്ടികളെ ഞാൻ ഒരുക്കി അണിനിരത്തി. ആ പ്രകടനം തിരുമേനിമാരെ സന്തോഷിപ്പിച്ചു. അങ്ങനെ കാഴ്ചക്കാരിൽ വത്തിക്കാൻ ബസ്ളീക്കായുടെ അങ്കണം, അതിൽ നിലകൊള്ളുന്ന സ്വിസ ഗാർഡുകൾ എന്നിവയുടെ ഒരു പ്രതീതി ജനിപ്പിക്കുന്നതിനു സാധിച്ചു. കൂടാതെ യുവജനങ്ങളെ സംഘടിപ്പിക്കുന്ന കാര്യത്തിലും ശ്രദ്ധപതിച്ചു. ആ പള്ളിയിൽ ഞാൻ ചാർജെടുക്കുന്ന സമയം വളരെ ധനികനായ ഒരു യുവാവു് C.Y.M.A. യുടെ പ്രസിഡണ്ടും വലിയ സാമ്പത്തികശേഷിയില്ലാത്ത ഒരു യുവാവു് ഖജാൻജിയുമായിരുന്നു. രണ്ടുപേർക്കും അവരവരുടെ നിലയും കഴിവും വിലയും നിലനിറുത്തുന്നതിനും അതു മററുള്ളവരെ ബോധ്യപ്പെടുത്തുന്നതിനുമായി പ്രസിഡണ്ടിനെ ഖജാൻജിയായും ഖജാൻജിയെ പ്രസിഡണ്ടായും നിയമിച്ചു. ആ പ്രവൃത്തി ഏവർക്കും തൃപ്തിയായി. പള്ളിയിലെ ആരാധനാക്രമങ്ങളിലും സാരമായ ഉണർവും വ്യത്യാസവും വരുത്തി. അഭ്യസ്തവിദ്യക്കു് കുമ്പസാരം ഇംഗ്ളീഷിലാക്കി. പ്രായംചെന്നവർക്കും കുട്ടികൾക്കും പ്രത്യേകം വിഷയങ്ങൾ തയാറാക്കി പ്രസംഗിച്ചു.

ഇപ്രകാരം രണ്ടുവർഷക്കാലം മിക്കവർക്കും തൃപ്തികരമായ രീതിയിൽ ജോലിചെയ്തുവരവേ യാദൃച്ഛി

കൾായുണ്ടായ ചില അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ ഞാൻ സ്ഥലംമാററത്തിനു് അഭിവന്ദ്യപിതാവിനോടാവശ്യപ്പെട്ടു. അങ്ങനെ ഞാൻ കുടമാളൂർ പള്ളിയിലേയ്ക്കു് സ്ഥലം മാററപ്പെട്ടു.

## കുടമാളൂർ പള്ളിയിൽ

1952 ജൂലൈ 25ാം തീയതി കുടമാളൂർ സെൻറു് മേരീസ് പള്ളിയിൽ അസിസ്റ്റൻറു വികാരിയായി ചാർജ്ജെടുത്തു. രണ്ടുവർഷത്തിനുള്ളിൽ രണ്ടു വികാരിമാരുടെ കീഴിൽ ജോലി നോക്കേണ്ടിവന്നു. ഇരുവരും സ്നേഹപൂർവ്വം എന്നോടു പെരുമാറി. എന്നെപ്പററി നല്ല അഭിപ്രായം അവർ അധികാരികളുടേയും ജനങ്ങളുടേയുംഅടുക്കൽ എത്തിച്ചു. ദൈവദാസിയായ സിസ്റ്റർ അൽഫോൻസായുടെ ജന്മദേശമായ കുടമാളൂരിനെപ്പററി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. കോട്ടയത്തിനു മൂന്നുമൈൽ വടക്കുമാറി സ്ഥിതിചെയ്യുന്ന കുടമാളൂർ ഒരു ഗ്രാമപ്രദേശമാണു്. വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും നല്ല പാരമ്പര്യമുള്ള പ്രദേശം. തെങ്ങും കമുകും തിങ്ങി വളരുന്നു. പച്ചപ്പട്ടു വിരിച്ച രീതിയിൽ നെൽപ്പാടങ്ങൾ നെടുനീളം മീനച്ചിലാററിൻെറ തീരപ്രദേശത്തു നിരന്നുകിടക്കുന്നു. ഞാൻ ജോലിചെയ്തിരുന്ന കാലത്തു് മൂവായിരം വീടുകളുള്ള ഇടവകയായിരുന്നു അതു്. അന്നു് ഒരു വികാരിയും രണ്ടു് അസിസ്റ്റൻറു വികാരിമാരും ഉണ്ടു്. പതിനൊന്നു കപ്പേളകൾ ഇടവകയുടെ നാലുവശങ്ങളിലുമായി പണിയപ്പെട്ടിരുന്നു. ആ കപ്പേളകളിൽ വേദപാഠക്ലാസ്സു്, വണക്കമാസവായന, ലദീഞ്ഞു് എന്നിവ നടത്തപ്പെടുന്നു. എൻെറ പരിശ്രമഫലമായി 12_ാമത്തെ കപ്പേളയും (ഉണ്ണീയീശോയുടെ ക

പ്പേള) ഉണ്ടായി. ഉണ്ണിയീശോയുടെ ഒരു മനോഹര രൂപം ഞാൻ സമ്മാനിച്ചു. ഇന്നു് ഈ വലിയ ഇടവക വേർതിരിഞ്ഞു പല ഇടവകപ്പള്ളികറം ഉണ്ടായിരിക്കുന്നു.

പ്രകൃതിലാവണ്യവും മീനച്ചിലാറിൻെറ ഇരമ്പിപ്പാച്ചിലും വിശ്വാസികളുടെ സ്നേഹവായ്പും രണ്ടു ഗ്രന്ഥങ്ങറം ('കുഞ്ഞുമക്കറം അറിയേണ്ടും നല്ല കാര്യങ്ങറം' 'വളർന്നുവരുന്ന തലമുറയ്ക്കു്') രചിക്കുന്നതിനു് എനിക്കു് അവസരം തന്നു. പക്ഷേ, ഇവിടെയും രാഷ്ട്രീയ ദേവത എന്നെ ആക്രമിച്ചു. അസംബ്ളി തെരഞ്ഞെടുപ്പിനു കോൺഗ്രസ്സു് മാർക്സിസ്റ്റു് സ്ഥാനാർത്ഥികറം നിന്നു. കത്തോലിക്കരിൽ ചിലർ മാർക്സിസ്റ്റു് സ്ഥാനാർത്ഥിക്കു പിന്തുണ നൽകി. ഞാനും വികാരിയച്ചനും പ്രസംഗപീഠം രാഷ്ട്രീയമുതലെടുപ്പിനു് ഉപയോഗിച്ചില്ല. സ്ഥാനാർത്ഥികളോ അവരുടെ പക്ഷക്കാരോ അതൃപ്തരായില്ല. കോൺഗ്രസ്സു് സ്ഥാനാർത്ഥി വിജയിച്ചു. കുടമാളൂർഇടവകയിൽ ഞാൻ ചെയ്ത സേവനങ്ങറം ഇഷ്ടപ്പെട്ടു അഭിവന്ദ്യ മെത്രാപ്പോലീത്താ എന്നോടു ചോദിച്ചു, വികാരിയാകുന്നതിൽ തടസ്സമുണ്ടോ എന്നു്. 'അവിടുത്തെ ഇഷ്ടംപോലെ' എന്നു പറഞ്ഞതുമൂലം കടേനിക്കാട്ടു പള്ളിവികാരിയായി എന്നെ സ്ഥലംമാററി.

## കടേനിക്കാടു് പള്ളിയിൽ

1954 ജൂൺ 25-ാം തീയതി ചാർജെടുത്തു. പ്രശ്നങ്ങറം നിറഞ്ഞ ഇടവക. പള്ളി വെറും ഷെഡ്ഡ്. പുതിയ പള്ളി പണിയിക്കുന്നതിനു വേണ്ട പണമില്ല. എന്നുതന്നെയല്ല, എവിടെയാണു പണിയേണ്ടതെന്ന തക്കം

ആവിർഭവിച്ചിട്ടതന്നെ വർഷങ്ങരം പലതു കഴിഞ്ഞു. പ്രഗല്ഭരായ വൈദികർ ഇവിടെ വികാരിമാരായി ജോലിചെയ്തിട്ടുണ്ട്. അവർക്കാക്കും സ്ഥലനിർണ്ണയപ്രശ്നം പരിഹരിക്കുന്നതിനു സാധിച്ചിട്ടില്ല. എൻെറ ആദ്യത്തെ വികാരിത്വം. ആദ്യമായി ഞാൻ സ്കൂരംമാനേജർ സ്ഥാനത്തുമായി. ഇടവകയേക്കാരം കുഴപ്പത്തിൽക്കിടക്കുന്ന സ്കൂരം. പള്ളിപണിക്കായി ഞാൻ ഒരു നല്ല അമ്പ് ഇടവകക്കാരുടെ നേരേ തൊടുത്തുവിട്ടു. ''ഏതായാലും നിങ്ങളുടെ കൈവശമുള്ള പതിനയ്യായിരം രൂപാകൊണ്ട് പള്ളിപണി നടക്കാൻ പോകുന്നില്ല. ഞാൻ സന്ദർശിച്ചിട്ടുള്ള പാരീസിലെ നോട്ടർഡാം ദേവാലയത്തിൻെറ മുഖവാരത്തിൻെറ ഛായയിലുള്ള മുഖവാരത്തോടുകൂടി നമുക്കു പള്ളി പണിയിക്കാം. പോരാതെ വരുന്ന പണം ഞാൻ ചെലവാക്കിക്കൊള്ളാം. പക്ഷേ ഞാൻ നിശ്ചയിക്കുന്ന സ്ഥലത്തു പള്ളി പണിയണം''. അമ്പ് മർമ്മസ്ഥാനത്തു പതിച്ചു. ഇടവകക്കാർ സമ്മതിച്ചു. ഉള്ള പണം എന്നെ ഏല്പിച്ചു. പണി തുടങ്ങി. പല തരത്തിലുള്ള തർക്കങ്ങളുണ്ടായി. അറുത്തുവച്ചിരുന്ന തടി (ഉരുപ്പടികരം) ഇടവകക്കാരിൽ ചിലരുടെ പ്രേരണയും സഹായവുംമൂലം മോഷ്ടിക്കപ്പെട്ടു. മേലിലെങ്കിലും മോഷണമുണ്ടാകാതിരിക്കുന്നതിനുവേണ്ടി ഭയങ്കരന്മാരായ രണ്ട് അരംസേഷ്യൻനായ്ക്കളെ കൊണ്ടുവന്നു വളർത്തി. മോഷണവും നിന്നു. പള്ളിപണി മുമ്പോട്ടുനീങ്ങി. പണംതികയാഞ്ഞതു മൂലം ഞാൻ ഒരു തുക സംഭാവനചെയ്തു. തടസ്സങ്ങരം പലതുണ്ടായി. ഞാൻ അധൈര്യപ്പെട്ടില്ല. വെഞ്ചരിപ്പിൻെറ ചെലവിലേയ്ക്കു് അഭിവന്ദ്യ മെത്രാപ്പോലിത്താ 500 രൂപ സംഭാവന നൽകി. അന്നു് അതു വലിയ തുകയാണു്. പള്ളിവെഞ്ചരിപ്പിശേഷം ഏതോ കബുദ്ധികരം എൻെറ നായ്ക്കരംക്കു വിഷം കൊടുത്തു പേപിടിപ്പിച്ചു. നായ് എന്നെ കടിച്ചു. വയറിനു ചുററും

പതിന്നാലു് കുത്തിവെയ്പുകൾ നടത്തി. ഒരു കുത്തി വെയ്പ് പഴുത്തു രണ്ടിഞ്ചു നീളത്തിൽ ഓപ്പറേററു ചെയ്യപ്പെട്ടു. രണ്ടുമാസത്തെ വിശ്രമത്തിനു ബാംഗ്ളൂരിലേയ്ക്കു് പോയി. തിരിച്ചുവന്നപ്പോൾ 1956 ജൂലൈ 22–ാം തീയതി എന്നെ മുണ്ടത്താനം പള്ളി വികാരിയായി അഭിവന്ദ്യ പിതാവു് നിയമിച്ചു.

## മുണ്ടത്താനം പള്ളിയിൽ

ഇതു വിശുദ്ധ അന്തോനീസിൻെറ നാമത്തിലാണു്. തൻേറടിയും ധൈര്യവാനും പരോപകാരതല്പരനുമായ ഫാദർ ജോസഫ് നെല്ലുവേലിയുടെ നിര്യാണത്തെത്തുടർന്നാണു് ഞാൻ വികാരിസ്ഥാനമേററതു്. ഏഴുവഷം ഫാദർ നെല്ലുവേലി ഇടവകക്കാരേയും നാട്ടുകാരേയും കിടുകിടെ വിറപ്പിച്ചു് ഭരിച്ചു വിജയശ്രീലാളിതനായിക്കഴിഞ്ഞസ്ഥലം. പന്ത്രണ്ടു ക്രൈസ്തവ സഭാവിഭാഗങ്ങളും നാനാജാതിമതസ്ഥരുമുള്ള സ്ഥലം. എന്നാലും എല്ലാവരോടും സ്നേഹമായി ഇടപെടുന്നതിലുള്ള എൻെറ കഴിവു് ഞാൻ മുണ്ടത്താനത്തു പ്രയോഗിച്ചു. അതു് ഏറെക്കുറെ വിജയിച്ചു. പക്ഷേ, ഇടവകക്കാർ വിവിധക്രൈസ്തവ വിഭാഗക്കാരുമായി ഇടപെടുന്നതുമൂലം കത്തോലിക്കാ സഭയുടെ മാഹാത്മ്യം, ആരാധന ക്രമത്തിൻെറ ശ്രേഷ്ഠത എന്നിവയെപ്പററി ശരിയായ അറിവില്ലാത്തവരാണു്. തന്മൂലം 'പള്ളികളുള്ളിൽ' എന്ന ഗ്രന്ഥം രചിച്ചു് പകുതി വിലയ്ക്കു് വിതരണം ചെയ്തു. കൂടാതെ ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി വിശ്വാസികളിൽ അങ്കുരിപ്പിക്കുന്നതിനു വേണ്ടി പള്ളിയുടെ മുൻവശത്തു സ്വന്ത ചെലവിൽ ഒരു ചാപ്പലിൻെറ ആദ്യത്തെ നില പണിയിച്ചു. ചന്ത ചുററി പ്രദക്ഷിണം നടത്തി. ആയിരം പേർക്കു വെന്തിഞ്ഞം വിതരണം ചെയ്തു. ജോലി ഏററിട്ടു രണ്ടു വർഷങ്ങളായി. 'സ്വരം ഉള്ളപ്പോൾത്തന്നെ

പാട്ടനീറ്റുന്നതാണു് നല്ലതു്'' എന്ന തത്വമനുസരിച്ച് അഭിവന്ദ്യ പിതാവിനോട്ട സ്ഥലംമാററം ആവശ്യപ്പെട്ടു. 1958 ജൂണിൽ കൊരട്ടി പുത്തൻപള്ളിയിലേയ്ക്കു് സ്ഥലംമാററി.

## കൊരട്ടി പുത്തൻപള്ളിയിൽ

ശില്പകലാവിദ്ഗ്ദ്ധനും നയകോവിദനുമായ ഫാ. തോമ്മസ് അയിത്തമററം ഏഴവർഷം വികാരിയായിരുന്ന സ്ഥലം. അദ്ദേഹം പണിയിച്ച മനോഹര ദേവാലയം. ദേവാലയപരിശുദ്ധിയുള്ള ഹൃദയത്തോട്ടകൂടിയ ഇടവകക്കാർ. ഏതു നല്ലകാര്യത്തിനും മുമ്പോട്ടിറങ്ങുന്ന യുവാക്കന്മാർ. അവർ നടത്തുന്ന സി. വൈ. എം. എ. അർദ്ധപ്രാണമായി നിലകൊള്ളുന്നു. അതിൻെറ ജീർണ്ണിച്ചവീഴാറായ കെട്ടിടം നന്നാക്കുന്നതിനു നിവൃത്തിയില്ലാതെ നാൽക്കവെലയിൽ നിൽക്കുന്നു. അതിൻെറ കേട്ടപാടുകറം തീർക്കുന്നതിനു് ഇരുന്നൂറു ഡോളർ വരുത്തിക്കൊടുത്തു. കൂടാതെ ആ നല്ല അന്തരീക്ഷത്തിൽവച്ച ഞാനെഴുതിയ 'അമ്മയും മക്കളും' എന്ന ഗ്രന്ഥത്തിൻെറ ആയിരം കോപ്പികറം C.Y.M.A. ക്കു കൊടുത്തു. പുസ്തകമൊന്നിനു 1രൂപാ 25 പൈസാ വിലയുള്ളതിനു 87 പൈസാ തന്നാൽമതിയെന്നു പറഞ്ഞു. പുസ്തകക്കെട്ടുകളുമായി യുവാക്കന്മാർ ഇറങ്ങിത്തിരിച്ചു. ഇക്കാലയളവിൽ ഞാനും കാഞ്ഞിരപ്പള്ളിക്കാരും തമ്മിൽ സൗഹൃദത്തിലെത്തിക്കഴിഞ്ഞിരുന്നു. യുവാക്കന്മാർ അവരെ സമീപിച്ചു. ആ ഉദാരമതികറം പുസ്തകമൊന്നിനു അഞ്ചും പത്തും പതിനഞ്ചും രൂപാകണക്കിൽ പണം കൊടുത്തു. ഒരു വലിയ തുക C.Y.M.A. ക്കു കിട്ടി. കെട്ടിടം നന്നാക്കി ഓട്ടമേഞ്ഞു. പേപ്പൽപതാക ഉയർത്തപ്പെട്ടു. കെട്ടിടമാകുന്ന സ്ത്രീ സുന്ദരിയായി ഇന്നും നാല്ക്കവെലയിൽ നിൽക്കുന്നു. ജോലിയേററിട്ട മൂന്നു വ

ഷം തികഞ്ഞു. ചെത്തിപ്പുഴആശുപത്രിയിൽവച്ചു് ഹെറണിയ ഓപ്പറേഷനു വിധേയനായി. അതു് ഒരു വിജയമായിരുന്നു. 750 രൂപാ വിലയുള്ള സർജിക്കൽ ബെഡ്ഡ് ആശുപത്രിക്കു സമ്മാനിച്ചു. കൊരട്ടിയിൽ തിരിച്ചെത്തി. ആറുവർഷം തികഞ്ഞപ്പോൾ 1964 ജൂണിൽ താഴത്തങ്ങാടിപ്പള്ളിയിലേയ്ക്കു് സ്ഥലം മാറി.

## താഴത്തങ്ങാടി തിരുഹൃദയപ്പള്ളിയിൽ

1964 ജൂൺ പത്താംതീയതി ഇവിടെ വികാരിയായി ചാർജ്ജെടുത്തു. ഈ പള്ളി സ്ഥാപിതമായിട്ടു് അന്നു 42 വർഷങ്ങൾ കഴിഞ്ഞിരുന്നു. ഇടവകക്കാർ ഭൂരിപക്ഷവും ദരിദ്രർ. നിരക്ഷരകുക്ഷികൾ. പണവും വിദ്യാഭ്യാസവും ഉള്ളവർ ദീപികയ്ക്കു് അടുത്തു താമസിക്കുന്നു. അവർ ഇടവകപ്പള്ളിയിലേയ്ക്കു് തിരിഞ്ഞുനോക്കുക ചുരുക്കമൊണു്. മാമ്മോദീസാ, വിവാഹം, വീട്ടുവെഞ്ചരിപ്പു് എന്നിവ ദീപികയിലെ അച്ചന്മാർ നടത്തിക്കൊടുക്കും. ശവസംസ്ക്കാരം മാത്രം ഇടവകപ്പള്ളിയിൽ. ഒരു അച്ചനും കപ്യാർക്കുംവേണ്ട ചെലവു് വഹിക്കുന്നതിനുള്ള സാമ്പത്തിക കഴിവു് ഇടവകയ്ക്കില്ല. തന്മൂലം, അന്നുവരെ ഔദ്യോഗികമായി ഒരു വികാരി ഇവിടെ ജോലിചെയ്തിട്ടില്ല. ബ. മുട്ടത്തുപാടത്തു്, ബ. ഓണംകുളം എന്നിവർ ഇവിടെ താമസിച്ചു് ജോലി ചെയ്തിട്ടുണ്ടു്. 1922 മുതൽ ചങ്ങനാശേരി രൂപതവക സെൻറു് തോമ്മസ് പെററിസെമ്മിനാരിയിൽനിന്നും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു വൈദികൻ വന്നു കുർബാന ചൊല്ലിപ്പോന്നു. മററു ദിവസങ്ങളിൽ ഇടവകക്കാർ ആദ്ധ്യാത്മികകാര്യങ്ങൾ നടത്തിയിരുന്നതു് ഇവിടെനിന്നും കാൽ ഫർലോംഗ്

അകലമുള്ള, കോട്ടയം ത്രൂപതവക കത്തീഡ്രൽ പള്ളിയിലാണു്. പെററിസെമ്മിനാരി ചങ്ങനാശേരിയിലേയ്ക്കു് മാററപ്പെട്ടതുമുതൽ 1964 വരെ ദീപികയിൽ നിന്നു ബ. വിൽഫ്രഡ് അച്ചനാണു് ഇടവകയിലെ എല്ലാക്കാര്യങ്ങളും നടത്തിയിരുന്നതു്. ഞാൻ ഇവിടെ ജോലി ചെയ്തതിനു പ്രതിഫലമായി അരമനയിൽ നിന്നും 30 രൂപാ അലവൻസും കുർബാനപ്പണവുമാണു് ലഭിച്ചിരുന്നതു്. അതാതുകാലത്തുള്ളതിനേക്കാൾ ഒരു രൂപാ കൂടുതൽ സ്റ്റൈപ്പൻറു്. ഏഴവർഷത്തെ സേവനത്തിൽനിന്നും ചില്ലിക്കാശു് സമ്പാദിച്ചിട്ടില്ല. വലിയ ജോലിയില്ലാത്തതിനാലും നല്ല അന്തരീക്ഷമുള്ളതിനാലും ഇവിടെ വികാരിയായി ജോലിചെയ്യുമ്പോൾ ''കുട്ടികൾ പ്രസംഗകരാകണമെങ്കിൽ'' ''അമ്മയെ കാണണമോ?'' ''ഗെദ്സേമൻ മുതൽ ഗാഗുൽത്താവരെ'' എന്നീ മൂന്നു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.

കാലക്രമേണ ഇവിടെ വിവിധ പ്രശ്നങ്ങൾ നേരിടേണ്ടി വന്നു. പള്ളിയും പള്ളിമേടയും ഉണ്ടു്. പക്ഷേ, കക്കൂസ്, അടുക്കള, കുളിമുറി എന്നിവയും പള്ളിപ്പറമ്പിനു കെട്ടടവും മതിലും ഇല്ല. ഇവയെല്ലാം പതിനയ്യായിരം രൂപാ ചെലവാക്കി ഞാൻ പണിയിച്ചു. മതിൽപ്പണിക്കു് അഭിവന്ദ്യ കാവുകാട്ടു പിതാവു് പണം തന്നു. 500 രൂപാ വിലയുള്ള ഗെയിററിനു പണം തന്നതു് അഭിവന്ദ്യ പടിയറത്തിരുമേനിയാണു്. കൂടാതെ പന്ത്രണ്ടു വിദ്യാത്ഥികൾക്കു താമസിക്കാനുള്ള ഒരു ലോഡ്ജും ഞാൻ പണിയിച്ചു. ഇതിനുള്ള പണമെല്ലാമുണ്ടാക്കിയതു് ഗ്രന്ഥരചനയിൽ നിന്നുമാണു്. ഞാൻ രോഗിയായി. വിവിധതരത്തിലുള്ള ഓപ്പറേഷനുകൾ ബാങ്ഗ്ളൂരിൽവച്ചു നടത്തപ്പെട്ടു. ഇക്കാര്യങ്ങൾക്കു

വേണ്ട സാമ്പത്തികസഹായം അധികാരസ്ഥാനത്തു നിന്നോ ബന്ധുക്കളിൽനിന്നോ ലഭിച്ചില്ല. എന്നാൽ ദൈവം അജ്ഞാതരായ ചില ഉപകാരികളെ അയച്ച് എന്നെ സഹായിച്ചു.

''അങ്ങ് മനുഷ്യനെ ഓർക്കുവാനോ
അവനെ സന്ദർശിച്ചു സഹായിക്കാനോ
അവനെന്തു യോഗ്യതയുണ്ട്?''
(സങ്കീ.8)

''നിന്റെ ആഗ്രഹങ്ങൾ അവിടുന്നു സാധിച്ചുതരും
നിന്റെ ഉദ്യമങ്ങൾ അവിടുന്നു സഫലമാക്കും''
(സങ്കീ. 20)

''അത്ഭുതകരങ്ങളാൽ പല കാര്യങ്ങളും
അങ്ങ് മനുഷ്യർക്കുവേണ്ടി ചെയ്തിട്ടുണ്ട്''
(സങ്കീ. 66)

''ചില ഘട്ടങ്ങളിൽ തല കറങ്ങുമ്പോൾ
നമ്മുടെ ചുററുമുള്ള വസ്തുക്കളെ അവയുടെ
യഥാർത്ഥസ്ഥിതിയിൽ വീക്ഷിക്കാൻ സാധി
ക്കാത്തതുപോലെ അരിഷ്ടതകൾ നിഗൂഢ
ദൈവാനുഗ്രഹങ്ങളാണെന്നു ഗ്രഹിക്കുവാൻ
കഴിയുന്നില്ല.'' (വിശുദ്ധ അൽഫോൻസ്)

## കിളിരൂർപള്ളിയിൽ

പരേതനായ നെല്ലുവേലിൽ ബ. യൗസേപ്പച്ചൻ 50 വർഷങ്ങൾക്കുമുമ്പ് പണിയിച്ചതാണ് ഈ പള്ളി. നയതന്ത്രജ്ഞനായ അദ്ദേഹം സ്വീകരിച്ച നടപടികൾ ശ്ലാഘനീയമത്രേ. അന്നു തിരുവിതാംകൂർ ഭരിച്ചിരുന്ന

ത്തു ശ്രീമൂലം തിരുന്നാറാംരാജാവായിരുന്നു. കിളിരൂർ, തിരുവാർപ്പ് എന്നിവടങ്ങളിലെ ഹിന്ദുക്കറം ഒരു അമ്പലത്തിൻെറ അഭാവം വേദനയോടെ അനുഭവിക്കുന്ന കാലം. മൂങ്ങിച്ചാകുന്നവൻ വൈക്കോലിനെയെന്നകണക്കേ അവർ ബ. അച്ചനെ സമീപിച്ചു. അമ്പലം പണിയിക്കുന്നതിനുള്ള സഹായസഹകരണങ്ങറം അഭ്യർത്ഥിച്ചു. കൂർമ്മബുദ്ധിയും ഭാവിവീക്ഷണപടുവുമായ അദ്ദേഹം അവരോടുകൂടി തിരുവനന്തപുരത്തിനു പുറപ്പെട്ടു. ഒരു ഹൈന്ദവദേവാലയത്തിൻെറ ആവശ്യം ചൂണ്ടിക്കാണിച്ച് രാജസമക്ഷം സങ്കടമുണർത്തിച്ചു. അമ്പലത്തിൻെറ പണിക്കാവശ്യമുള്ള തേക്കുതടി ഗവർമെൻറുവക വനത്തിൽനിന്നും വെട്ടിയെടുക്കുന്നതിനു രാജാവു കല്പിച്ചു. പോത്തിനെ കയംകാണിച്ചാൽ അതു കയറിപ്പോകാത്തതുപോലെ രണ്ടു അമ്പലങ്ങറക്കു് ആവശ്യമുള്ള തടി വെട്ടിയെടുത്തു. അച്ചൻെറ സഹകരണത്തോടെ അമ്പലത്തിൻെറ പണി പൂർത്തിയായി. ബുദ്ധിമാനായ അച്ചൻ ഇതുകൊണ്ടു് തൃപ്തനായില്ല. പള്ളിപണിക്കുവേണ്ട തടി ചോദിക്കുന്നതിനു മേൽപ്പറഞ്ഞ ഹൈന്ദവരേയും കൊണ്ടു തിരുവനന്തപുരത്തിനു വീണ്ടും പോയി. രാജകല്പനപ്രകാരം തടി ലഭിച്ചു. ഹൈന്ദവരുടെ സഹകരണത്തോടെ പള്ളിപണിയും തീർത്തു. കാളാശ്ശേരി മെത്രാനച്ചൻ വെഞ്ചരിപ്പു നടത്തി.

ഈ ഇടവകപ്പള്ളിയിലാണു് ഞാൻ ജോലിയ്ക്കെത്തിച്ചേർന്നതു്. മുണ്ടത്താനത്തു നാനാജാതിമതസ്ഥരോടും താഴത്തങ്ങാടിയിൽ വിവിധ ക്രൈസ്തവവിഭാഗങ്ങളോടും സഹകരിച്ചു ജീവിച്ച എനിക്കു് കിളിരൂരിലെ അന്തരീക്ഷവും മനസ്സിണങ്ങിയതായിരുന്നു. പക്ഷേ പ്രശ്നമാകുന്ന 'ദിവ്യസൃഷ്ടി' മീനച്ചിലാറിനെ നേ

ക്കികൊണ്ടു് കണ്ണുനീർ വീഴ്ത്തുന്നു. അതു വിണ്ടുകീറി ജീർണ്ണിച്ചു നിലംപതിക്കാറായി നിൽക്കുന്ന ഇടവക ദേവാലയമാണു്. ഉടനെതന്നെ പള്ളിപൊളിച്ചു്പണിയിക്കണമെന്നു് ഇടവകക്കാർ പറഞ്ഞു. കൂടാതെ എൻെറ മനസ്സാക്ഷിവഴി വിശുദ്ധ ഫ്രാൻസീസ് സാലസ് (പള്ളിയുടെ നാമകാരണവിശുദ്ധൻ) പറഞ്ഞു. ''അച്ചനു് വിദേശത്തുനിന്നു് പണം വരുത്തുന്നതിനു കഴിവുണ്ടു്, വഴികളുണ്ടു്. അതിനാൽ ഉടനെ പള്ളി പൊളിക്കണം, അല്ലെങ്കിൽ ഇടവകയിൽ പലരുടേയും ജീവൻ നഷ്ടപ്പെടാനിടയുണ്ടു്. അച്ചൻ ദൈവതിരുമുമ്പാകെ അതിനു് ഉത്തരം പറയേണ്ടിവരും.'' സഹായത്തിനു ഞാൻ എങ്ങോട്ടു് ഓടും? ഈശോ പള്ളികൊള്ളുന്ന സക്രാരിയുടെ സമീപത്തേയ്ക്കു് ഞാൻ പോയി മുട്ടുകുത്തി പ്രാർത്ഥിച്ചു. അനന്തരം വിശുദ്ധ ഫ്രാൻസീസ് സാലസിൻെറ സ്വരൂപത്തിൻമുമ്പിൻ പ്രാർത്ഥിച്ചു. എനിക്കു സഹായഹസ്തം പലപ്പോഴും നീട്ടിത്തന്നിട്ടുള്ള ബ. ഫ്രാൻസീസ് സാലസ് C.M.I. അച്ചനെ കാണുന്നതിനു കളമശ്ശേരിക്കു പോയി. അദ്ദേഹം സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തു. പ്രതീക്ഷയോടെ ഞാൻ കിളിരൂർപള്ളിയിൽ തിരിച്ചെത്തി. എസ്.ബി, കോളേജിൽ എൻെറ സഹപാഠികളായിരുന്ന അഞ്ചു് എൻജിനീയറന്മാരെ കൊണ്ടുവന്നു. അവർ പള്ളി പരിശോധിച്ചതിൽ ഏതു സമയത്തും നിലംപതിക്കാമെന്നും അതിനാൽ ഉടനെതന്നെ പൊളിച്ചുമാററി പണിപ്പുരയിൽ സൂക്ഷിക്കണമെന്നും അഭിപ്രായപ്പെട്ടു. ഇടവകയിൽ ചാർജ്ജെടുത്തതിൻെറ ഒമ്പതാംദിവസം ഞായറാഴ്ച പൊതുയോഗം വിളിച്ചുകൂട്ടി നിശ്ചയം പാസ്സാക്കി അരമനക്കച്ചേരിയിൽ സമർപ്പിച്ചു. അനുകൂലമായ കല്പന ലഭിച്ചു. അതോടുകൂടി അഭിവന്ദ്യ

പിതാവിൻെറ വേറൊരു സന്ദേശവും. എൻെറ മുൻഗാമി ബ. ഫിലിപ്പ് പരുവനാനി പള്ളിപണിക്കുവേണ്ടി, അഭിവന്ദ്യ മെത്രാപ്പോലീത്താവഴി, റോമിലെ പൗരസ്ത്യസംഘത്തോട് ധനസഹായം അപേക്ഷിച്ചതനുസരിച്ച് തിരുസംഘം ആറായിരം ഡോളർ അയച്ചിട്ടുണ്ടെന്നും കൈക്കാരനും വികാരിയച്ചനുംകൂടി അരമനയിൽച്ചെന്ന് പ്രസ്തുതതുക കൈപ്പററണമെന്നുമായിരുന്നു കത്തിൻെറ ചുരുക്കം. ഞങ്ങൾ ദൈവത്തിനു സ്തുതി പറഞ്ഞു. ഉടനെതന്നെ ഞാൻ ആയിരംരൂപാ സംഭാവന ചെയ്തു. എൻെറ സഹപാഠികളായ വൈദികരിൽനിന്നും രണ്ടായിരം രൂപാ ലഭിച്ചു. പള്ളിപൊളിച്ചു. കല്ലും ഉരുപ്പടികളും ഒരു ഷെഡ്ഡിൽ സൂക്ഷിച്ചു. ഇടവപ്പാതി ശക്തിയോടെ വന്നു. ജലപ്രളയമുണ്ടായി. ഞാൻ വാതരോഗിയായി. കാൽമുഴവൻ നീരായി. ചികിത്സകൊണ്ടൊന്നും ഫലമുണ്ടാകാതെ നിരാശനായി പുളിക്കൽക്കവലപ്പള്ളിയിലേയ്ക്ക് മാറി. അവിടെയെത്തിയതിൻെറ രണ്ടാമത്തെ ആഴ്ചയിൽത്തന്നെ വാതരോഗം പമ്പകടന്നു.

ഞാൻ പുളിക്കൽക്കവലപ്പള്ളിയിൽ ജോലിചെയ്ത രണ്ടുവർഷം, അമേരിക്കയിലും യൂറോപ്പിലും പര്യടനം നടത്തിയ രണ്ടുമാസം എന്നീ കാലഘട്ടത്തിനുള്ളിൽ, എൻെറ പിൻഗാമി ബ. ജോർജ്ജ് കൂടത്തിൽ കിളിരൂരെ പഴയപള്ളിയുടെ ഉരുപ്പടികളും ഓടും ഉപയോഗിച്ച് മനോഹരമായ ഒരു ദേവാലയം പണിയിച്ചു. അദ്ദേഹത്തിന് എൻെറ സ്നേഹംനിറഞ്ഞ അനുമോദനവും കൃതജ്ഞതയും. പള്ളിവെഞ്ചരിപ്പ് മോടിപിടിപ്പിക്കുന്നതിന്, അമേരിക്കയിൽനിന്നും ഞാൻ കൊണ്ടുവന്ന ഭക്തസാധനങ്ങൾ പള്ളിക്കു സംഭാവന

ചെയ്തു. അഭിവന്ദ്യതിരുമേനിയോടൊന്നിച്ച് ഞാനും മുൻവികാരിമാരും ഇടവകക്കാരായ വൈദികരും സമൂഹബലി അർപ്പിച്ചു. ലഞ്ചിൽ പങ്കുകൊണ്ടു. ഞാൻ യാത്രപറഞ്ഞു.

## പുളിക്കൽക്കവലപ്പള്ളി

ഇതു് വളരെ വർഷങ്ങളായി മിഷ്യൻപള്ളിയായിരുന്നു. മോൺ. ജയിക്കബ് കല്ലറയ്ക്കൽ സ്വന്തം പണവും വിദേശത്തുനിന്നു വരുത്തിയ പണവും ചെലവാക്കി പണിയിച്ചതാണു്. ദൈവവിശ്വാസവും വൈദികരോടു ബഹുമാനവുമുള്ള ഇടവകക്കാരാണെങ്കിലും സാമ്പത്തികമായ കഴിവു് ഇടവകയ്ക്കു കുറവാണു്. രണ്ടുവർഷം ദീർഘിച്ച അവിടത്തെ താമസത്തിനിടയിൽ 'കുഞ്ഞുമക്കളോടു് ഇനിയും പറയാനുള്ളതു്' എന്ന ഗ്രന്ഥം അച്ചടിപ്പിക്കുകയും 'വിശുദ്ധ യൗസേപ്പു്' 'വിജ്ഞാനവീഥി' 'പരാതികളില്ലാത്ത ജീവിതം' എന്നീ ഗ്രന്ഥങ്ങളുടെ കൈയെഴുത്തുപ്രതികൾ തയാറാക്കുകയും ചെയ്തു. ഇതിൽനിന്നും മനസ്സിലാക്കാമല്ലോ എത്ര ശാന്തമായ അന്തരീക്ഷമാണു് അവിടെ ഉണ്ടായിരുന്നതെന്നു്.

എൻെറ പൗരോഹിത്യരജതജൂബിലി 1974 മാർച്ച് 16-ാം തീയതി ഇവിടെവച്ച് ആഘോഷിച്ചു. അഭിവന്ദ്യതിരുമേനിമാരായ ജോസഫ് പവ്വത്തിൽ, കുറിയാക്കോസ് കുന്നശ്ശേരി, സക്കറിയാസ് അത്തനേഷ്യസ് എന്നിവരും ഇരുപത്തിയഞ്ചു വൈദികരും ബന്ധുമിത്രാദികളും ഇടവകക്കാരും അതിൽ സംബന്ധിച്ചു. പൗരോഹിത്യജൂബിലി ആനുകൂല്യമായി

അമേരിക്കൻ പര്യടനം നടത്തുന്നതിനു് അഭിവന്ദ്യ മെത്രാപ്പോലീത്താ എന്നെ അനുവദിച്ചു.

## അമേരിക്കൻപര്യടനം

സബീന ജെററുവിമാനത്തിൽ 250 യാത്രക്കാരോടൊപ്പം ബോംബെയിൽനിന്നു് 1974 ജൂൺ 2-ാം തീയതി ഞാൻ ന്യൂയോർക്കിലേയ്ക്കു് പുറപ്പെട്ടു. വിമാനം ബ്രസ്സൽസിൽ മാത്രം അരമണിക്കൂർ തങ്ങി. ബോംബെയിൽനിന്നു ന്യൂയോർക്കിൽ എത്തുന്നതിനു് 24 മണിക്കൂർ സമയമെടുത്തു. അമേരിക്കയിലെ പ്രസിദ്ധമായ കെന്നഡിവിമാനത്താവള (Kennedy Airport) ത്തിലാണു വിമാനം ഇറങ്ങിയതു്. ഇതു ലോകത്തിലേയ്ക്കും വലിയ വിമാനത്താവളമാണു്. അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജോൺ കെന്നഡിയുടെ സ്മരണയെ നിലനിറുത്തുന്നതിനുവേണ്ടി അദ്ദേഹത്തിൻെറ മരണശേഷം വിമാനത്താവളത്തിനു പ്രസ്തുത പേരു് ഗവർമെൻറു് നൽകുകയാണുണ്ടായതു്. അമേരിക്കയിൽ നേരം വെളുക്കുന്നതു 5 മണിക്കും സന്ധ്യയാകുന്നതു 8 മണിക്കുമാണു്. തന്മൂലം മിക്കവരും ഉറങ്ങുന്നതു 11 മണിക്കും എഴുന്നേൽക്കുന്നതു് 7 മണിക്കും. ഈ സമയത്തിനു മുമ്പു് എഴുന്നേൽക്കുന്നവരുമുണ്ടു്. ഞങ്ങൾ സഞ്ചരിച്ച വിമാനം കെന്നഡി വിമാനത്താവളത്തിലിറങ്ങിയതു് സന്ധ്യകഴിഞ്ഞപ്പോഴാണു്. നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തിലേയ്ക്കു് രാത്രിസമയത്തു നോക്കുമ്പോഴുണ്ടാകുന്ന അനുഭവമാണു വിമാനത്തിൽനിന്നു താഴോട്ടു നോക്കിയപ്പോൾ ഞങ്ങൾക്കുണ്ടായതു്. വിമാനത്താവളവും ന്യൂയോർക്കു പട്ടണവും വൈദ്യുതദീപങ്ങൾകൊണ്ടു നിറഞ്ഞിരുന്നുവെന്നർത്ഥം.

വിമാനത്താവളത്തിൽനിന്നു ന്യൂയോർക്കുപട്ടണത്തിലേയ്ക്കു് 25 മൈൽ ദൂരമുണ്ടു്. എന്നെ പ്രതീക്ഷിച്ചു് അനന്തരവൻ തങ്കച്ചനും ഭാര്യ അച്ചാമ്മയും വിമാനത്താവളത്തിൽ നിൽക്കണമെന്നുകാണിച്ചു് കേബിറം അയച്ചതു് അവർക്കു കിട്ടാഞ്ഞതുമൂലം അവർ അവിടെ എത്തിച്ചേർന്നില്ല. ഞാൻ വിഷമിച്ചു. വിയർത്തു.

''എന്നോടു സഹതപിക്കുന്നവരുണ്ടോ എന്നു്
ഞാൻ അന്വേഷിച്ചു നോക്കി.
ആരെയും ഞാൻ കണ്ടില്ല;
എന്നെ ആശ്വസിപ്പിക്കുവാനും ആരുമില്ല.''
(സങ്കീ. 69)

വിമാനയാത്രകഴിഞ്ഞു വിശ്രമിക്കുന്ന മലയാളികളായ നാലുപെൺകുട്ടികളെ സഹായാത്ഥം ഞാൻ സമീപിച്ചു. അവർ എൻെറ അനന്തരവരുടെ വസതിക്കടുത്തു താമസിക്കുന്ന, പാലാസ്വദേശിനികളായ നേഴ്സ്മാരാണെന്നു് അന്വേഷണത്തിൽ മനസ്സിലായി. അവധിക്കു നാട്ടിൽ പോയിട്ടു് അമേരിക്കയിലേയ്ക്കു് തിരിച്ചുവരികയാണു്. അമേരിക്കൻനാടുമായി അഞ്ചാറുവർഷത്തെ പരിചയമുള്ള ആ പെൺകുട്ടികറം ഫോൺ ചെയ്തു് അവരുടെ ലോഡ്ജിൽനിന്നും കാർ വരുത്തി. ഞാൻ വേറൊരു കാറും വാടകയ്ക്കെടുത്തു. ഞങ്ങളെല്ലാവരുംകൂടി അനന്തരവരുടെ വസതിയിലെത്തി. ആ കൂടിക്കാഴ്ചയുടെ ആനന്ദം ഊഹിച്ചുകൊള്ളുക.

അവിടെ എത്തിയ ഉടനെ ബഹുമാനപ്പെട്ട അഗസ്റ്റിൻ കാട്ടടിയെ ഫോൺ മുഖേന വിവരമറിയിച്ചു. രണ്ടു മണിക്കൂറിനകം അദ്ദേഹം സ്ഥലത്തെത്തി. എനിക്കു ജോലിചെയ്യുന്നതിനുള്ള ഇടവകപ്പള്ളി അദ്ദേഹം ബുക്കുചെയ്തിരുന്നു. ന്യൂയോർക്കുപട്ടണത്തിൽ നിന്നും

25 മൈൽ അകലെയുള്ള സ്റ്റാററൻഐലൺഡി(Statan island) ലെ വിശുദ്ധ കൊച്ചുത്രേസ്യായുടെ പള്ളി. അവിടെ അസിസ്റ്റൻറു വികാരിയായി നാലുമാസം ജോലിചെയ്യുന്നതിനു ഞാൻ നിയമിതനായി. ഇപ്രകാരം ജോലികിട്ടണമെങ്കിൽ ചില വ്യവസ്ഥകളുണ്ടു്. ജൂൺ മുതൽ ഒക്ടോമ്പർ വരെയാണു് അമേരിക്കയിലെ വേനൽക്കാലം. അപ്പോഠം അവിടുത്തെ ചൂടു് അമേരിക്കക്കാർക്കു് അസഹ്യമായി ത്തോന്നുന്നു. എന്നാൽ ഇൻഡ്യാക്കാരായ നമ്മെ സംബന്ധിച്ചിടത്തോളം അതു് മിഥുനം കർക്കടകമാസങ്ങളിൽ നമുക്കനുഭവപ്പെടുന്ന ചൂടുമാത്രം. ജൂൺ മുതൽ നാലുമാസത്തേയ്ക്കു് അവിടെയുള്ള വൈദികർ തണുപ്പുള്ള സ്ഥലങ്ങളിലേയ്ക്കു് പോകുന്നു. ആ അവസരത്തിൽ അവരുടെ പള്ളികളിൽ ജോലിചെയ്യുന്നതിനു് ഇൻഡ്യാക്കാരായ വൈദികരെ സ്വീകരിക്കാറുണ്ടു്. നാലുമാസം ജോലി ചെയ്യുന്നതിനു് അവിടെയെത്തുന്ന ഇൻഡ്യാക്കാരായ വൈദികരിൽ നിന്നു താഴെച്ചേർക്കുന്ന കാര്യങ്ങഠം അമേരിക്കയിലെ ആർച്ചുബിഷപ്പും പള്ളിവികാരിയും പ്രതീക്ഷിക്കുന്നു.

1 അവരുടെ മെത്രാൻെറ ശുപാർശക്കത്തു്
2 ഇംഗ്ലീഷ് സംസാരിക്കുന്നതിനു നല്ല കഴിവു്.
3 കുർബാനയും തിരുക്കർമ്മങ്ങളും ഇംഗ്ലീഷിൽ നടത്തുന്നതിനുള്ള പരിചയം
4 നാല്പതുവയസ്സിൽ കുറയാത്ത പ്രായം
5 എപ്പോഴും സന്തോഷവാനായിരിക്കുകയും മററുള്ളവരെ സന്തോഷചിത്തരാക്കുകയും ചെയ്യുന്ന പ്രകൃതം
6 ഋജുബുദ്ധിത്വം

അമേരിക്കയിൽ വൈദികർ കുർബാന സമയത്തു മാത്രമേ ളോവധരിക്കാറുള്ളു. അല്ലാത്തസമയത്തെല്ലാം സൂ

ട്ടിൽത്തന്നെയാണ്. വൈദികരാണെന്നറിയിക്കുന്ന പ്രീസ്റ്റ്കോളർ ഉപയോഗിക്കുന്നു. എല്ലാ വൈദികർക്കും പ്രതിമാസം ഇരുന്നൂറു ഡോളറാണ് അലവൻസ്. എന്നാൽ മുന്നൂറു ഡോളർവരെ കൊടുക്കുന്നതിനു വികാരിക്ക് അധികാരമുണ്ട്. അതു് ഒരു വൈദികനു ലഭിക്കണമെങ്കിൽ അദ്ദേഹത്തിൻെറ സേവനതല്പരതയും സ്വഭാവവൈശിഷ്ട്യവും വികാരിയച്ചനു തൃപ്തികരമായിരിക്കണം. പ്രതിമാസം ഓരോ വൈദികനും കുർബാനപ്പണമായി അറുപതുഡോളർ ലഭിക്കുന്നു. എന്നാൽ ഡ്യൂട്ടിയിലിരിക്കുന്ന അച്ചനു് ഒരു കുർബാനയ്ക്കു് അഞ്ചുഡോളർ ലഭിക്കും. ഇവ രണ്ടും കൂടാതെ പലയിനങ്ങളിലായി പ്രതിമാസം നാല്പതു ഡോളർ കൂടി കിട്ടാൻ സാധ്യതയുണ്ട്.

ജോലിചെയ്യുന്നതിനു ഞാൻ നിയമിക്കപ്പെട്ടപള്ളിയിലെ വികാരി മോൺ. വിൻസെൻറു ജൂലിയൻ. അസിസ്റ്റൻറു വികാരിമാർ റവ. ഫാദർ ദാനിയേൽ ഡി. ഡോണവാൻ; റവ. ഫാ. ഹഫ്. ജെ. റൂണി. അസിസ്റ്റേന്തി അച്ചന്മാർ ഇരുവരും അമേരിക്കക്കാരും വൈദികജീവിതത്തിൽ 25 വർഷങ്ങൾ പിന്നിട്ടവരുമാണ്. വലിയ പള്ളിയിൽ വികാരിയാകുന്നതിനോ വൈദികനായി ഒരു വർഷം തികയുന്നതിനു മുമ്പ്‌വികാരിയാകുന്നതിനോ അവിടത്തെ വൈദികക്ക് ആഗ്രഹമില്ല. എന്നാൽ കേരളത്തിൽ ഇതു് ഒരു അപവാദമാണ്. അമേരിക്കയിലെ ന്യൂയോർക്ക്അതിരൂപതയിലെ ഇപ്പോഴത്തെ മെത്രാപ്പോലിത്താ കർദ്ദിനാൾ ടെറൻസ്കുക്ക് (Cardinal Terence Cook) തിരുമേനിയാണ്.

ഞാൻ താമസിച്ചിരുന്ന പള്ളിമേടയ്ക്കു് രണ്ടു നിലകളാണുള്ളതു്. ഗ്രൗണ്ട് ഫ്ളോറിൽ വിരുന്നുകാർക്കുള്ള രണ്ടു മുറികൾ, രണ്ടു ആഫീസ് മുറികൾ, ഊൺമുറി,

കശിനി, കളിമുറി, കക്കൂസ്. ഇതിൽ നിന്നും മനസ്സിലാക്കാമല്ലോ കെട്ടിടത്തിനു് എത്രമാത്രം വിസ്താരമുണ്ടെന്നു്. ആദ്യത്തെ നിലയിൽ ബ. വികാരിയച്ചനും അസ്സേന്തിമാരും താമസിക്കുന്നു. രണ്ടാമത്തെ നിലയിൽ അതിഥികൾക്കായുള്ള മുറികൾ, സ്കൂൾ ഹെഡ്മാസ്റ്ററായ അച്ചൻെറ മുറി, ഇടവകവൈദികർക്കുള്ള മുറികൾ എന്നിവയത്രേ. ഇവയിലൊന്നിലാണു് ഞാൻ താമസിച്ചതു്. എൻെറ ഒന്നരമാസത്തെ താമസത്തിനിടയിൽ അതിഥികൾ മുകളിലത്തെ മുറിയിൽ ഇല്ലായിരുന്നു. ഹെഡ്മാസ്റ്റർഅച്ചൻ വിശ്രമത്തിനു അയർലണ്ടിനുപോയിരിക്കയായിരുന്നു. തന്മൂലം, ഞാൻ മാത്രമേ രണ്ടാമത്തെ നിലയിൽ ഉണ്ടായിരുന്നുള്ളു. ലിഫ്ററ് ഇല്ലാത്തതുകൊണ്ടു് കോവണിവഴിയാണു് ഒന്നും രണ്ടും നിലകളിൽ കയറേണ്ടതു്. കെട്ടിടത്തിൽനിന്നും വെളിയിലേയ്ക്കിറങ്ങുന്നതിനു രണ്ടു വാതിലുകൾ മാത്രം. ഒന്നു മുൻവശത്തു്, മററതു പിൻവശത്തും. മുറികൾ തുറക്കുന്നതിനു മാത്രം താക്കോൽ ഉപയോഗിച്ചാൽമതി. കയ്യിൽ നിന്നും വാതിൽ വിട്ടാൽ പൂട്ടു് തനിയെ വീണുകൊള്ളും. അമേരിക്കയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും പൂട്ടുകൾ ഇപ്രകാരമാണു്. പൂട്ടാതെ കതകു് ചാരണമെങ്കിൽ പ്രത്യേകമൊരു ലോക്ക് നീക്കി പൂട്ടു വീഴാതാക്കണം. മുറിക്കുള്ളിൽനിന്നും പുറത്തേയ്ക്കിറങ്ങുമ്പോൾ താക്കോൽ കൈവശമില്ലെങ്കിൽ ആൾ പുറത്തായിപ്പോകും. അതായതു പുറത്തേക്കിറങ്ങുന്ന ആളിനെ വെളിയിലിട്ടു് പൂട്ടുന്നകതകുകളാണു് അമേരിക്കയിലുള്ളതു്. മോഷ്ടാക്കളിൽ നിന്നുള്ള സുരക്ഷിതത്വം കരുതിയാണു ഇപ്രകാരമുള്ള പൂട്ടുകൾ വയ്ക്കുന്നതു്.

എത്ര നിലകളുള്ള കെട്ടിടങ്ങൾക്കും തറയിൽനിന്നു് ഇരുപതടി ഉയരത്തിലാരംഭിച്ചു് ഭിത്തിപ്പുറത്തുകൂടി കയറി, മേൽക്കൂരയിൽ ചെന്നവസാനിക്കുന്ന കോവണി

യുണ്ട്. കെട്ടിടത്തിനു് അഗ്നിബാധയുണ്ടാകുന്ന പക്ഷം അതിലുള്ളവർക്കു് പുറത്തിറങ്ങി രക്ഷപ്പെടുന്നതിനും അഗ്നിശമനജോലിക്കാർക്കു് കെട്ടിടത്തിന്റെ മുകൾഭാഗം വരെ എത്തുന്നതിനും ഈ കോവണി ഉപകരിക്കുന്നു. മുറികളിലെ ജനാലകൾക്കു് കമ്പികൾ ഉപയോഗിക്കാറില്ല. എല്ലാ ജനാലകളും കണ്ണാടി ഫ്രെയിമുകൾകൊണ്ടു അടച്ചിരിക്കുന്നു. കെട്ടിടത്തിനു തീപിടുത്തമുണ്ടായാൽ ജനാലയിൽക്കൂടി കോവണിവഴി പുറത്തേയ്ക്കിറങ്ങി രക്ഷപ്പെടുന്നതിനു സാധിക്കുന്നു. കോവണി അവസാനിക്കുന്നതു തറയിൽ നിന്നും 20 അടി പൊക്കത്തിലായതിനാൽ ഒന്നുകിൽ തറയിലേയ്ക്കു് ചാടുകയോ അഥവാ കയറോ ചവുക്കാളമോ കോവണിയുടെഅടിഭാഗത്തുകെട്ടി അതിൽപ്പിടിച്ചു് താഴോട്ടിറങ്ങുകയോ ചെയ്യണം. തീ കെടുത്താൻ വരുന്ന ജോലിക്കാർ കെട്ടിടത്തിന്റെ കോവണിമേൽ തങ്ങളുടെ കോവണിചാരിയതിനുശേഷം മുകളിലേയ്ക്കു് കയറുന്നു. ഈ ജോലിക്കാരുടെ തന്ത്രം തസ്കരന്മാർ മനസ്സിലാക്കി രാത്രിയിലും, വീട്ടിൽ ആരുമില്ലാത്ത പകൽ സമയത്തും വീടിനുള്ളിൽ കയറി മോഷണം നടത്താറുണ്ടു്. ജൂൺ മുതൽ സെപ്റ്റംബർ അവസാനംവരെ മുറികളെല്ലാം എയർകണ്ടീഷൻ ചെയ്തിരിക്കുന്നതിനാൽ ചൂടു് അനുഭവപ്പെടുകയില്ല. ശീതകാലത്തു മുറികളെല്ലാം ചൂടാക്കുന്നതിനു ചൂടുവെള്ളമൊഴുകുന്ന റേഡിയേറററുകളോ ഗ്യാസ്അടുപ്പുകളോ (hearth) ഉപയോഗിക്കപ്പെടുന്നു.

ഞാൻ താമസിച്ചിരുന്ന പള്ളിമേടയിലെ എല്ലാ മുറികളിലും ടെലവിഷൻ, റേഡിയോ, ടേപ്പ്റിക്കാർഡു്, ടൈപ്പ്റൈറററർ എന്നിവകളുണ്ടു്. മത്സ്യം, മാംസം, പഴവർഗ്ഗങ്ങൾ, ലഹരിസാധനങ്ങൾ എന്നിവ ഊണുമുറിയിലുള്ള റഫ്രിജിറേററിൽ (refrigerator) സൂക്ഷിക്കും. അവി

ടെ താമസിക്കുന്നവർക്കെല്ലാം ഏതു സാധനവും ഏതു സമയത്തും ഭക്ഷിക്കുന്നതിനു സ്വാതന്ത്ര്യമുണ്ട്. വരുന്ന അതിഥികൾക്കും കൊടുക്കാവുന്നതാണ്. പള്ളിയിൽ ജോലിചെയ്യുന്ന വൈദികർ, കൈക്കാരന്മാർ, കപ്യാരന്മാർ, കണക്കന്മാർ, വേലക്കാർ എന്നിവരുടെ ഉപയോഗത്തിനു പള്ളിച്ചെലവിൽ കാർ കൊടുക്കും. ഡ്രൈവിംഗ് അറിയാൻ പാടില്ലാത്ത വൈദികർക്കും മററും പള്ളിച്ചെലവിൽ കാർ വാടകയ്ക്കെടുത്ത് സഞ്ചരിക്കാവുന്നതാണ് പള്ളിമേടയിലെ കുശിനിയിൽജോലിചെയ്യുന്നതും ഭക്ഷണം പാകം ചെയ്യുന്നതും അമ്പതിനും എഴുപതിനും ഇടയ്ക്കു പ്രായമുള്ളസ്ത്രീകളാണ്, യൗവനപ്രായമുള്ള സ്ത്രീകളെ പള്ളിമേടയിൽ ജോലിക്കു നിയമിക്കരുതെന്നു മെത്രാപ്പോലീത്തായുടെ കല്പനയുണ്ട്. പള്ളിമേടയിൽ ജോലിചെയ്യുന്ന സ്ത്രീ വെളുപ്പിനു 5. 30ന് പള്ളിമേടയിൽ എത്തുന്നു. തിരിച്ചുപോകുന്നത് അത്താഴം കഴിഞ്ഞ് 6.30 നും. അവരുടെ യാത്രയ്ക്കു പള്ളിയിൽ നിന്നും കാർ കൊടുത്തിട്ടുണ്ട്. വന്നാലുടൻ ബഡ്കോഫി തയ്യാറാക്കി മേശമേൽവയ്ക്കും. അച്ചന്മാർ എടുത്തു കുടിച്ചുകൊള്ളണം. രാവിലെ 7 മണി മുതൽ രാത്രി 8വരെ അതാതു സമയത്തേയ്ക്കുള്ള ഭക്ഷണം തയാറാക്കി മേശമേൽ വച്ചിരിക്കും. ഉച്ചകഴിഞ്ഞു 4 മണിക്കു കാപ്പി ഇല്ല.

## കാറുകളുടെ നാടു്

അമേരിക്കാ, കാറുകളുടെ നാടാണ്. മിക്ക ആളുകൾക്കും രണ്ടും മൂന്നും കാറുകളുണ്ട്. അങ്ങനെയുള്ളവർ ധനികരാണെന്നു കരുതേണ്ടാ. രണ്ടായിരമോ മൂവായിരമോ ഡോളർ കൊടുക്കുന്ന പക്ഷം ഉപയോഗിച്ച കാർ കിട്ടും. ഏതൊരു സാധുവിനും കാർ വാങ്ങിക്കാനുള്ള സൗകര്യം ഗവർമെൻറ് ഉണ്ടാക്കിക്കൊടുക്കുന്നു. ജീവിതത്തിൻെറ ഒരു ഭാഗമായി കാർ മാറിക്കഴിഞ്ഞിരിക്കുന്നു അവിടെ.

പക്ഷേ കാറുകളുള്ളവരെ അലട്ടുന്ന പ്രശ്നങ്ങളുണ്ട്. കാറുകൾ വീടിൻെറ മുററത്തു ഇടുന്നതിനു സ്ഥലമില്ലാത്തതിനാൽ റോഡിലാണു പാർക്കുചെയ്യുന്നത്. പള്ളിയിലെത്തുന്ന 99 ശതമാനം പേർക്കും സ്വന്തം കാറുള്ളതിനാലും പള്ളിമുററം ചെറുതായതിനാലും റോഡിൻെറ ഇരുവശങ്ങളിൽ കാറുകൾ നിരനിരയായിക്കിടക്കും. പള്ളിയിൽ താമസിച്ചുവരുന്നവരുടെ കാറുകൾ ഒരു മൈൽ അകലെ ഇടേണ്ടിവരാറുണ്ട്. രണ്ടാമത്തെ പ്രശ്നം കാർമോഷണമാണു്. മോഷ്ടിച്ചുകൊണ്ടുപോകപ്പെടുന്ന കാറിൻെറ പെയിൻറും മററും മണിക്കൂറുകൾക്കുള്ളിൽ മാററിയിട്ട് പുതിയ രൂപം കൊടുത്തു് രംഗപ്രവേശം ചെയ്യിക്കുന്നു.

അമേരിക്കയിൽ നിന്നും ഇവിടെ കൊണ്ടുവരുന്ന കാറുകളുടെ സ്റ്റീയറിംഗ്ഘടന ഇടതുവശത്താണു്. എന്നാൽ ഇവിടെ സ്റ്റീയറിംഗ് വലതുവശത്താണു്. രണ്ടു കാറുകൾ അങ്ങോട്ടുമിങ്ങോട്ടും കടന്നു പോകുമ്പോൾ ഡ്രൈവറന്മാർ അടുത്തുവരുന്നതിനും, പരസ്പരമടുക്കുന്ന ഭാഗങ്ങൾ രണ്ടു പേർക്കും ശരിയായി കാണാനുമാണു് ഈ വ്യത്യാസം. ഇടതുവശംചേർന്നു പോകുന്ന ഡ്രൈവറന്മാരുടെ വലതുവശത്തുകൂടി വേണമല്ലോ എതിർവശത്തുനിന്നും വരുന്ന കാർ കടന്നുപോകാൻ. അതുമൂലം സ്റ്റീയറിംഗ് വലതുവശത്തായിരിക്കുന്നു. അതുപോലെ മറിച്ചും റോഡുകൾ കുറുകെ കടന്നുപോകുമ്പോൾ ഇൻഡ്യയിലും മററുമുള്ള പരിചയം വച്ചുനോക്കിയാൽ റോഡിലേയ്ക്കിറങ്ങുന്ന ആളിൻെറ ഇടതുവശത്തു നിന്നും വാഹനങ്ങൾ വരുന്നു. മററു പതിവുള്ളിടത്തു ഇതു മറേറ വശങ്ങളിൽ നിന്നായിരിക്കും. അതുകൊണ്ടാണു് വലതുവശത്തേയ്ക്കും നോക്കിക്കൊണ്ട് വഴിയിലേയ്ക്കിറങ്ങിയ ഞാൻ ഇടതുവശത്തു നിന്നും വന്ന മോട്ടോർസൈക്കിളിൽ മുട്ടി താഴെ വീണതു്.

## അമേരിക്കയിലെ റോഡുകൾ

ഒരേ സമയം ആറുകാറുകറം നിരനിരയായി ഒരുമിച്ച് വിടാനുള്ള വീതി റോഡിനുണ്ട്. റോഡുകറം വളരെ വൃത്തിയായി സൂക്ഷിക്കപ്പെടുന്നു. കടലാസുകഷണം പഴത്തൊലി മുതലായവ റോഡിൽ വലിച്ചെറിയുന്നവർ ശിക്ഷാർഹരാണ്. യന്ത്രങ്ങറംവഴി റോഡുകറം കഴുകി വെടിപ്പാക്കുന്നു. അമേരിക്കയിലെ പ്രത്യേകിച്ച് ന്യൂയോർക്കിലെ റോഡുകറംക്ക് ഒരു പ്രത്യേകതയുണ്ട്. ഭൂരിപക്ഷം റോഡുകളും നാലുവശങ്ങളിലായി നേർവരപോലെ സമാന്തരമായിക്കിടക്കുന്നു. തന്മൂലം, നഗരത്തിൻെറ മിക്കഭാഗങ്ങളും ചതുരബ്ളോക്കുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. കിഴക്കുപടിഞ്ഞാറായിക്കിടക്കുന്ന റോഡുകളെ സ്ട്രീററ് (Street) എന്നും തെക്കുവടക്കായിക്കിടക്കുന്നവയെ അവന്യൂ (Avenue) എന്നും വിളിക്കുന്നു. സ്ട്രീററുകറംക്കെല്ലാം നമ്പരുകളുണ്ട്. ന്യൂയോർക്കുപട്ടണത്തിൽ 125 സ്ട്രീററുകളും 11 അവന്യൂകളുമുണ്ട്. അഞ്ചാം അവന്യൂ ന്യൂയോർക്കു പട്ടണത്തെ കിഴക്കും പടിഞ്ഞാറുമായി ഭാഗിക്കുന്നു. ഇവയിൽ കിഴക്കുഭാഗത്തിനാണ് പടിഞ്ഞാറു ഭാഗത്തേക്കാറം എല്ലാ പ്രകാരത്തിലും മേന്മയുള്ളതു്.

ഒരു ദ്വീപിനെ മറെറാരു ദ്വീപുമായി ബന്ധിക്കുന്നതിനു ജലത്തിനടിയിലൂടെ നിർമ്മിക്കപ്പെട്ടിരിക്കുന്ന റോഡുകറംക്ക് തുരങ്കങ്ങറം എന്നു പറയുന്നു. അമേരിക്കയിൽ നാലു വലിയ തുരങ്കങ്ങളുണ്ട്. മാൻഹാററൻ, ബ്രൂക്ക്ലിൻ എന്നീ ദ്വീപുകളെത്തമ്മിൽ യോജിപ്പിക്കുന്ന തുരങ്കത്തിൻെറ നീളം 9117 അടിയാണ്. ന്യൂയോർക്ക് ഉറംക്കടലിൻെറ അടിഭാഗത്തുള്ള ഈ തുരങ്കത്തിലൂടെ കാറിലോ ബസ്സിലോ യാത്രചെയ്യുന്നവർക്കു്

തങ്ങളുടെ ശിരസ്സിനുമീതേക്കൂടി ബോട്ടുകളും കപ്പലുകളും പാഞ്ഞുപോകുന്നതായി അനുഭവപ്പെടും. ഈ തുരങ്കം നിർമ്മിക്കപ്പെട്ടതു 1950_തിലാണു്. തുരങ്കങ്ങൾകൂടാതെ അനേകം വലിയ പാലങ്ങളും അമേരിക്കയിലുണ്ടു്. മാൻഹാററൻ ദ്വീപിനെ ന്യൂജർസിയുമായി ബന്ധി കുന്ന ജോർജ്ജ്‌വാഷിംഗ്ടൺ പാലത്തിനു 4760 അടി നീളമുണ്ടു്. ലോകത്തിലെ രണ്ടാമത്തെ വലിയ പാലമാണിതു്. ഈ പാലത്തിനു സമീപമാണു ഇവിടത്തെ ഏററവും വലിയ ബസ്സ്‌സ്റ്റാൻറു്. സമ്പൂർണ്ണമായി എയർകണ്ടീഷൻ ചെയ്യപ്പെട്ട ഈ സ്റ്റേഷനിൽ ബസ്സുകൾവന്നു നിൽക്കുന്നതു് കെട്ടിടങ്ങളുടെ മൂന്നും നാലും നിലകളിലാണെന്നു പറഞ്ഞാൽ വിശ്വസിക്കുന്നവർ ചുരുക്കമായിരിക്കാം. പട്ടണങ്ങളും ഗ്രാമങ്ങളും പിന്നിട്ടുകൊണ്ടു് വനപ്രദേശങ്ങളുടേയും കൃഷിത്തോട്ടങ്ങളുടേയും വ്യവസായകേന്ദ്രങ്ങളുടേയും നടുവിൽക്കൂടി നീണ്ടുനിവർന്നു കിടക്കുകയാണു് റോഡുകൾ.

## റയിൽവേ

തൊണ്ണൂറുശതമാനം റെയിൽവേ ഭൂമിക്കടിയിലാണു്. ഇരുനൂറുനിലകളുള്ള കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടതിനുശേഷമാണു റെയിൽവേ നിലവിൽ വന്നതു് തന്മൂലം ഈ കെട്ടിടങ്ങൾക്കു കേടുകളുണ്ടാകാതിരിക്കാൻ വേണ്ടി ഭൂമിക്കടിയിൽ തുരങ്കമുണ്ടാക്കിയാണു റെയിൽവേ സംവിധാനം ചെയ്തിരിക്കുന്നതു്. ഭൂമിക്കടിയിൽ രണ്ടും മൂന്നും നിലകളിലായി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്ന ഈ റയിൽപ്പാളങ്ങളിലൂടെ ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടികൾക്കു് പല വിശേഷതകളുണ്ടു്. തീവണ്ടിയെന്നു സാധാരണഭാഷയിൽ പറയുന്നുണ്ടെങ്കിലും തീവണ്ടിയല്ല, വിദ്യുച്ഛക്തിവണ്ടികളാണു് ഇവയെ

ല്ലാം. ഭൂനിരപ്പിലൂടെ ഓടുന്ന വാഹനങ്ങൾക്കും പദ യാത്രക്കാർക്കും ലെവൽ ക്രോസ്സ് എന്ന പേടിസ്വപ്നം ഉണ്ടാകാറില്ല എന്നതാണ മറെറാരു ഗുണം. പല പാളങ്ങൾ ഉള്ളതുകൊണ്ട് ആരെയും കാത്തുനിൽക്കാതെ നിർഭയം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാമെന്നതാണ വേറൊരു ഗുണം. ചുരുക്കിപ്പറഞ്ഞാൽ ഭൂമിക്കടിയിലുള്ള സബ്വേ, ഭൂനിരപ്പിൽ നീണ്ടുകിടക്കുന്ന റെയിൽവേ, വെള്ളത്തിനടിയിൽക്കൂടി നിവർന്നുകിടക്കുന്ന റെയിൽവേ, എന്നിങ്ങനെ പോകുന്നു അമേരിക്കയിലെ റെയിൽവേസംവിധാനങ്ങൾ.

റെയിൽവേ സ്റ്റേഷനുകൾ അറിയപ്പെടുന്നതു സ്ട്രീററിൻേറകൂടെ നമ്പർ ചേർത്താണു്. സബ്‌വേ സ്റ്റേഷനിൽ നിന്നും ഭൂനിരപ്പിലുള്ള പട്ടണത്തിലേയ്ക്കു് കയറുന്നതിനു് വാതിലുകളുണ്ടു്. ഒരു സ്റ്റേഷനിൽനിന്നും പട്ടണത്തിൽ കയറിയിറങ്ങി വേറൊരു സ്റ്റേഷനിൽ എത്തുമ്പോൾ ടിക്കററു് മാറിവാങ്ങിക്കണം. അല്ലെങ്കിൽ 33 സെൻറു് വിലയുള്ള ടിക്കററുകൊണ്ടു് അമേരിക്കയിലെ ഭൂരിഭാഗത്തും യാത്രചെയ്യാവുന്നതാണു്. ബസ്സിനുള്ളിൽ പ്രവേശനദ്വാരത്തിൽ ഒരു കുററി സ്ഥാപിച്ചിട്ടുണ്ടു്. യാത്രക്കാരൻ ബസ്സിൽ കയറിയാലുടൻ 33സെൻറു് അതിലിടണം. ഇത്രയും സെൻറുകൾക്കു പകരം ടോക്കൺ എന്ന പോരോടുകൂടി ഡിസൈൻ വെട്ടിയിട്ടുള്ള ഒരു നാണയമുണ്ടു്. അതുവാങ്ങി ഇട്ടാലും മതി. കണ്ടക്ടർ, പോർട്ടർ, ചെക്കർ എന്നിവരില്ല. യാത്രക്കാരൻ കുററിയിൽ പണമിടുന്നതുമൂലം ഡ്രൈവറുടെ ആവശ്യംമാത്രമേയുള്ളു.

## അമേരിക്കയിലെ ഫോൺസിസ്ററം

എത്ര വലിയ അകലമാണെങ്കിലും ഫോൺവഴി വിവരമറിയുന്നതിനു് അഞ്ചുസെക്കൻറിൽ കൂടുതൽ വേ

ണ്ടിവരികില്ല. സംസാരം വ്യക്തമായി കേൾക്കാം. നാം നമ്പർ ഡയൽ ചെയ്യുമ്പോൾ തെററുപററിയാൽ ഒരു സ്വരം കേൾക്കാം. ''നിങ്ങൾക്കു തെററിയിരിക്കുന്നു.... നമ്പർ ഒന്നുകൂടി ശ്രദ്ധിക്കൂ''. ഏതെങ്കിലും ഒരാൾക്കു് പുതുതായി ഫോൺ കണക്ഷൻ കിട്ടണമെന്നുണ്ടെങ്കിൽ അപേക്ഷയുംകൊണ്ടു് ശുപാർശയ്ക്കായി ഓടിനടക്കേണ്ട ആവശ്യമില്ല. നിശ്ചിതഫാറം പൂരിപ്പിച്ചു് കമ്പനിയിൽ ഏല്പിച്ചാൽ മതി. മണിക്കൂറുകൾക്കകം മേശപ്പുറത്തു ഫോൺ കണക്ഷനുണ്ടാകും. അമേരിക്കയിലെ പല കാര്യങ്ങളും നടത്തുന്നതു പ്രൈവററു് കമ്പനികളാണു്. ബെൽ കമ്പനിക്കാണു ടെലഫോൺ സിസ്റ്റത്തിൻെറ ഉത്തരവാദിത്വം. എല്ലാ നാൽക്കവലകളിലും ടെലഫോൺബൂത്തുകളുണ്ടു്.

## പാർക്കുകൾ

അമേരിക്കയുടെ തലസ്ഥാനമായ ന്യൂയോർക്കിൽ ആകെ ചെറുതും വലുതുമായ എഴുന്നൂറിലധികം പാർക്കുകളുണ്ടു്. അവയുടെ മൊത്തം വിസ്തീർണ്ണം 34244 ഏക്കറാണെന്നു് ഔദ്യോഗിക രേഖകൾ പറയുന്നു. നഗരത്തിൻെറ ഹൃദയഭാഗത്തു് സെൻട്രൽ പാർക്കു് സ്ഥിതിചെയ്യുന്നു. പടർന്നു പന്തലിച്ചു നിൽക്കുന്ന പടുകൂററൻ ഓക്കു വൃക്ഷങ്ങൾ, കല്ലുമാലകളണിഞ്ഞ കാട്ടുകന്യകകളെപ്പോലെ ചുവന്നപഴങ്ങളും ചുമന്നുകൊണ്ടു നിൽക്കുന്ന ആപ്പിൾമരങ്ങൾ, കാററിൽ ചൂളംവിളിക്കുന്ന കോണിഫറസ് വൃക്ഷങ്ങൾ, ചുവന്ന പുഷ്പങ്ങൾ ഉയർത്തിപ്പിടിച്ചു നിലകൊള്ളുന്ന റോഡെൺഡ്രൺ (Rodendron) ചെടികൾ, റോസച്ചെടികൾ മുതലായവയാണു് പാർക്കുകളിൽ കാണപ്പെടുന്നതു്. എന്തിനു് ?

''എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും
അവിടെല്ലാം പൂത്തമരങ്ങൾമാത്രം''.

പുഷ്പങ്ങളുടെ നറുമണം കുളിർമ്മയുള്ള പുലർകാലവായു വിൽ ലയിച്ചു ചേർന്നിട്ടുണ്ടു്. വള്ളിക്കുടിലുകൾകൊണ്ടും ജലധാരകൾ കൊണ്ടും മോടിപിടിപ്പിച്ചിരിക്കുന്ന ഈ പാർക്കുകളുടെ ഭംഗി അവർണ്ണനീയമത്രേ. രാത്രിയിൽ ഈ പ്രദേശങ്ങളെയെല്ലാം വൈദ്യുതവിളക്കുകൾ പ്രശോഭിതമാക്കുന്നു.

## ജീവിതത്തിൻെറ ചില വശങ്ങൾ

അമേരിക്കയിൽ വലിയ ധനികന്മാർക്കുപോലും പാചകജോലിക്കു വേലക്കാരെക്കിട്ടാൻ വിഷമമാണു് വീട്ടുജോലിക്കു് സഹായികളെ (helpers) നിയമിക്കുന്നു. ഏതാനും മണിക്കൂറുകൾ മാത്രമേ ഇവർ ജോലി ചെയ്യുകയുള്ളൂ. അതും പകൽസമയം മാത്രം. ഗൃഹനായകനും ഗൃഹനായികയും ഉദ്യോഗസ്ഥരാണെങ്കിൽ തങ്ങളുടെ കുഞ്ഞുങ്ങളെ ബേബിസിറേറഴ്സിനെ (Baby sitters) ഏല്പിച്ചിട്ടാണു ജോലിക്കു പോകുന്നതു്. ജോലിക്കു വരുന്ന ഇത്തരം സ്ത്രീകൾ അന്തസ്സും സാമാന്യം സാമ്പത്തികശേഷിയും ഉള്ളവരായിരിക്കും. കേരളത്തിലെ പല വീട്ടമ്മമാരും വേലക്കാരോടു പെരുമാറുന്നതുപോലെ ഇവരോടു പെരുമാറാൻ ഇവർ സമ്മതിക്കയില്ല. എല്ലാ വീടുകളിലും അടുക്കളപ്പണിയുടെ ഭാരം കുറയ്ക്കുന്നതു യന്ത്രങ്ങളാണു്. പാത്രങ്ങൾ കഴുകിയെടുക്കാൻ ഡിഷ്വാട്ടർ മെഷീനും (dish water machine) വസ്ത്രമലക്കാൻ വാഷിംഗ്മെഷീനുമുണ്ടത്രേ.

## ഭക്ഷണരീതി

ലോകത്തിലെ ഏതു വൻകിട നഗരത്തിലും അതിൻേറതായ ചില പ്രത്യേക ഭക്ഷ്യവിഭവങ്ങളുണ്ടായിരിക്കുമല്ലോ. ഡൽഹിയിലെ തന്തൂരിച്ചിക്കനും മദ്രാസിലെ

ചപ്പാത്തി അവിയലും, കേരളത്തിലെ ചോറ്, മീൻ കറി, അച്ചാറ് തുടങ്ങിയവയും പോലെ അമേരിക്കയിൽ പന്നി, കോഴി, ആട്, കാള എന്നിവയുടെ മാംസം, സ്കോച്ച് വിസ്കി, ബ്രാണ്ടി, ജിൻ, ബീയർ, മുതലായ പാനീയങ്ങൾ, എന്നിവയാണു വിഭവങ്ങൾ. കേരളത്തിൽനിന്നുമുള്ള ചെമ്മീൻ, കൊഞ്ച്, തവളയിറച്ചി, കക്കാ ഇറച്ചി എന്നിവയ്ക്കും അമേരിക്കൻമേശയിൽ സ്ഥാനമുണ്ട്. അതുപോലെ ഉത്തരധ്രുവത്തിലെ വെള്ളക്കരടിയുടെ ഇറച്ചിയും ഞണ്ടിറച്ചിയും അമേരിക്കരുടെ ഊൺമേശയിൽ സ്ഥലംപിടിച്ചിട്ടുണ്ട്. മാട്ടിറച്ചിക്കുള്ള മൂരികളെ പ്രത്യേകസ്ഥലത്തു വളർത്തുന്നു. കൊഴുത്തുമെഴുത്ത മൂരികൾ. കേരളത്തിലെപ്പോലെ ഉഴാനും വണ്ടിവലിക്കാനും ഉപയോഗിച്ച് എല്ലുംതൊലിയും ശേഷിച്ച കാളകളെ അമേരിക്കയിൽ കൊന്നുതിന്നാറില്ല.

ഉപ്പും മുളകും ചേർക്കാതെയാണ് ഭക്ഷണം പാകപ്പെടുത്തുന്നത്. ഇവ വേണമെന്നുള്ളവർ യഥാവശ്യം ഭക്ഷണസാധനങ്ങളോടു ചേർത്തു ഉപയോഗിച്ചു കൊള്ളണം. പള്ളിമേടയിൽ പാകപ്പെടുത്തുന്ന ഭക്ഷണം മിച്ചംവരികയാണെങ്കിൽ സാധുക്കൾക്കു കൊടുക്കുന്നു. എന്നാൽ വീടുകളിൽ മിച്ചംവരുന്ന ഭക്ഷണം എത്ര മണിക്കൂർ വേണമെങ്കിലും കേടുവരാതെ സൂക്ഷിക്കാവുന്ന കോൾഡ്സ്റ്റോറേജുകളുണ്ട്. എല്ലാ ഭക്ഷണസാധനങ്ങളും വൃത്തിയായി സൂക്ഷിക്കാനുള്ള ക്രമീകരണങ്ങൾ എന്നെ ഏററവും ആകർഷിച്ചു. പള്ളിമേടയിലും ഹോട്ടലുകളിലുമൊക്കെ ഭക്ഷണത്തിനിരിക്കുമ്പോൾ സ്പൂൺ, ഫോർക്ക്, കത്തി എന്നിവ ഉപയോഗിക്കണം.

## സൽക്കാരപ്രിയൻമാർ

അമേരിക്കരും നമ്മളും അതിഥികളെ സ്വീകരിക്കുന്നതു വ്യത്യസ്തരീതിയിലാണ്. യാതൊരു മുന്നറിയിപ്പും

കൂടാതെ ഭക്ഷണസമയത്തു വന്നുകയറുക, പരിചയത്തിൻെറയോ ബന്ധത്തിൻെറയോ പേരിൽ ആതിഥേയൻെറ അസൗകര്യം പരിഗണിക്കാതെ രണ്ടോ മൂന്നോ ദിവസം താമസിക്കുക; ഇതൊക്കെയാണു നമ്മുടെ നാട്ടിലെ രീതി. മുൻകൂട്ടി ഒരു പോസ്റ്റ്കാർഡെങ്കിലുമയച്ചു് വിവരമറിയിച്ചിട്ടു സന്ദർശനം നടത്താൻ നമ്മിൽ പലരും കൂട്ടാക്കുന്നില്ല. ഇപ്രകാരമുള്ള പെരുമാററരീതി അമേരിക്കയിലില്ല. സ്വീകരിക്കുന്നവർക്കും സ്വീകരിക്കപ്പെടുന്നവർക്കും അസൗകര്യമുണ്ടാകാതിരിക്കുന്നതിനു് മുൻകൂട്ടി അറിയിച്ചതിനുശേഷമേ അമേരിക്കയിൽ അതിഥികൾ സന്ദർശനം നടത്താറുള്ളു.

അമേരിക്കയിൽ കുറച്ചുനാൾ മാത്രം താമസിക്കുന്ന വിദേശികൾക്കു പോലും അമേരിക്കരുടെ ആതിഥ്യം സ്വീകരിക്കാൻ സാധിക്കുന്ന തരത്തിലുള്ള ചിട്ടകളാണു് അവരുടേതു്. ഇതിനായി മിക്ക പട്ടണങ്ങളിലും ഇൻറർനാഷണൽ ഹോസ്പ്പിററാലിററി സെൻറർ (International hospitality centre) എന്ന പേരിൽ ഒരു സംഘടന പ്രവർത്തിക്കുന്നു. ആതിഥേയരാകുവാൻ ആഗ്രഹിക്കുന്ന കുടുംബങ്ങളുടെ പട്ടിക അവരുടെ കൈവശമുണ്ടു്. അതിഥികളുടെ അഭിരുചിയും ഉദ്ദേശ്യവും മനസ്സിലാക്കിയശേഷം അവർ ആതിഥേയരെ നിശ്ചയിക്കുന്നു.

അമേരിക്കയിലെ ഒരു വീട്ടിൽ ചെല്ലുമ്പോൾ കടകളിൽ നിന്നോ ഹോട്ടലിൽ നിന്നോ വാങ്ങിയ ഭക്ഷണസാധനങ്ങൾ ഉപയോഗിച്ചു് അവർ നമ്മെ സ്വീകരിക്കാറില്ല. വീട്ടിൽ പാകപ്പെടുത്തിയ ഭക്ഷണസാധനങ്ങൾ വിളമ്പാനാണു് അവർക്കു താല്പര്യം. വിദേശീയർ അപകടത്തിൽപ്പെടുകയോ മരിക്കുകയോ ചെയ്യു

മ്പോഠം തങ്ങഠംക്കു് ചെയ്യാവുന്ന ഏതു സഹായവും നൽകുന്നതിനു് അമേരിക്കർ തയാറാണു്. അമേരിക്കയിൽ കഴിയുന്നതിന്നിടയിൽ എന്നെ തസ്ക്കരസംഘം വഴിയിലും പള്ളിമേടയിലും വച്ചു് ആക്രമിച്ചപ്പോഠം എൻെറ സഹായത്തിനു് ധാരാളം നല്ല മനുഷ്യർ ഓടിയെത്തി. കോട്ടയം സ്വദേശി കളരിക്കൽ ഡോക്ടർ ലൂക്കു് അമേരിക്കയിൽ വച്ച നിര്യാതനായപ്പോഠം അദ്ദേഹത്തിൻെറ മൃതശരീരം കോട്ടയത്തു് എത്തിക്കുന്നതിനു് അമേരിക്കർ ചെയ്ത സഹായസഹകരണങ്ങഠം നമുക്കറിവുള്ളതാണല്ലോ.

## വൈദികരെ ബഹുമാനിക്കുന്നവർ

വൈദികരെ ബഹുമാനിക്കുന്ന നാടാണു് അമേരിക്ക. മാന്യമായി ജീവിക്കുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും അവർക്കുവേണ്ടി സഭ ചെയ്തിട്ടുണ്ടു്. ദേശീയ ലവലിലും വൈദികർക്കു പ്രത്യേകസ്ഥാനം നൽകാറുണ്ടു്. വൈദികനാണെന്നുകണ്ടാൽ പലകാര്യങ്ങളിലും ഇളവു ലഭിക്കും. 1976 ജൂലൈ 4_നു് ഫിലാഡെൽഫിയായിലെ ഇൻഡിപെൻഡൻസു് ഹോളിൽ അമേരിക്കൻ സ്വാതന്ത്ര്യവാർഷികം പ്രമാണിച്ച നടത്തപ്പെട്ട സമ്മേളനത്തിൽ വൈദികർക്കു് കോൺഗ്രസ്സു്അംഗങ്ങളേക്കാഠം ഉയർന്ന സ്ഥാനമാണു് നൽകപ്പെട്ടതു്. ഒരു വൈദികൻ യാത്ര ചെയ്യുന്നതിനു് ബസ്സിൽക്കയറി കുററിയിൽ മുപ്പതു സെൻറു് നാണയം ഇടുന്നതിനു് ഉദ്യമിക്കുമ്പോഠം "അച്ചൻ പണമിടേണ്ടാ" എന്നു ഡ്രൈവർ പറയുക പതിവാണു്. വൈദികൻ വഴിയിൽക്കൂടി നടക്കുകയോ എവിടെയെങ്കിലും വിശ്രമിക്കുകയോ ചെയ്യുന്നതായി കാണുന്ന അമേരിക്കൻ, അദ്ദേഹത്തെ സമീപിച്ചു് "അങ്ങേയ്ക്കു് എന്തു സഹായമാണു് ഞാൻ ചെയ്യേ

ണ്ടതു്'' എന്നു ചോദിക്കുന്നു, സഹായിക്കുന്നു. പൗരോഹിത്യം ഉപേക്ഷിച്ചു പോകുന്നവരെ അവജ്ഞതയോടെയല്ല അവർ വീക്ഷിക്കുന്നതു്. 'വൈദികനു ചേർന്ന ജീവിതം നയിക്കുവാൻ സാധിക്കാത്തവർ പൊയ്ക്കൊള്ളട്ടെ' എന്നാണു് അമേരിക്കരുടെ മനോഭാവം. അങ്ങനെയുള്ളവർക്കു് ഗവർമെൻറു് ഉദ്യോഗം കൊടുത്തു സഹായിക്കുന്നു.

അമേരിക്കർ വൈദികരെ ബഹുമാനിക്കുന്നുവെന്നതിനു് ഒരു ഉദാഹരണം പറഞ്ഞുകൊള്ളട്ടെ. ഞാനും അനന്തരവരുംകൂടി പട്ടണം നടന്നുകണ്ടു ക്ഷീണിച്ചപ്പോൾ മാൻഹാററൻഹോട്ടലിൽ കയറി ഇരിപ്പുറപ്പിച്ചു. അകലെക്കിടന്ന ഇരിപ്പിടങ്ങളിൽ ഒരു വൃദ്ധയും വേറെ പലരും വന്നിരുന്നു. ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ ഞങ്ങൾ വാങ്ങി ഉപയോഗിച്ചു തുടങ്ങി. വൃദ്ധസ്ത്രീ അവർക്കു വേണ്ടതും വാങ്ങിത്തിന്നു. ഞങ്ങളെല്ലാവരും ഭക്ഷിച്ചു കഴിഞ്ഞപ്പോൾ ഞങ്ങളറിയാതെ അവർ ഞങ്ങളുടെ ബിൽപ്രകാരമുള്ള പണംകൂടി കൊടുത്തു. അവരുടെ ബിൽ മാത്രമേ ക്ലീയർ ചെയ്തുവെന്നുള്ള ധാരണയിൽ ഞങ്ങൾ പരിചാരകയോടു ബിൽചോദിച്ചു. ''അച്ചനും കൂട്ടുകാരും തരേണ്ട പണം ആ വൃദ്ധ തന്നു''. അപ്പോഴാണു് എനിക്കു മനസ്സിലായതു് ഞങ്ങളുടെ തുകകൂടി ചേർത്താണു് ആ വൃദ്ധ ബിൽ വാങ്ങിച്ചതെന്നു്. ഇതിനുകാരണമെന്തെന്നു് ആ വൃദ്ധയോടു ചോദിച്ചപ്പോൾ അവർ പറഞ്ഞു. ''അച്ചാ, അങ്ങു് ജോലിചെയ്യുന്ന സ്റ്റാററൻഐലണ്ടിലെ ഇടവകപ്പള്ളിയിലെ ഇടവകക്കാരിയാണു് ഞാൻ. കഴിഞ്ഞ ഞായറാഴ്ച അങ്ങയുടെ പ്രസംഗത്തിൽ കേരളസ്ത്രീകളുടെ വസ്ത്രധാരണം, അച്ചടക്കം,

വിവിധ മിഷൻരാജ്യങ്ങളിലേയ്ക്കും, തങ്ങളുടെ കുഞ്ഞുങ്ങളെ വൈദികരാക്കി അയയ്ക്കുന്നതിനും അവർ വഹിക്കുന്ന പങ്കു് എന്നിവയെപ്പററി പ്രതിപാദിച്ചതു ഞാൻ കേട്ടു. തത്സമയം ഞാൻ വിചാരിച്ചു അങ്ങയുടെ നാട്ടിലെ സ്ത്രീകരം പ്രത്യേകിച്ചു് മാതാക്കരം എത്രയോ നല്ലവരാണെന്നും, അപ്രകാരമുള്ള ഒരു അമ്മയാണല്ലോ അങ്ങേയ്ക്കും ഉള്ളതെന്നും. അതിൽ എനിക്കു സന്തോഷമുണ്ടായി. തന്മൂലമാണു് നിങ്ങളുടെ ബിൽക്കൂടി ഞാൻ ക്ലിയർ ചെയ്തതു്. ക്ഷമിക്കണം.'' ഞങ്ങരം നന്ദി പറഞ്ഞു ഷേക്കു്ഹാൻഡു് ചെയ്തു പിരിഞ്ഞു.

## ദേവാലയവും തിരുക്കർമ്മങ്ങളും

ന്യൂയോർക്കിലെ കത്തീഡ്രൽ ദേവാലയമുഖവാരം മാത്രമേ വലിപ്പത്തിലും കലാഭംഗിയിലും ആകർഷകമായി നിലകൊള്ളുന്നുള്ളു. മററുള്ള ദേവാലയങ്ങളെല്ലാം തന്നെ പുറമേനിന്നു നോക്കിയാൽ ഷെഡു്ഡുകളാണെന്നേ തോന്നുകയുള്ളു. പള്ളിയുടെ മുകരംഭാഗത്തു് ഒരു കുരിശു് ഉണ്ടായിരിക്കും. ദേവാലയത്തിൻെറ ഉള്ളിലേയ്ക്കു പ്രവേശിച്ചാൽ അവിടെയുള്ള സജ്ജീകരണങ്ങളെല്ലാം തന്നെ ഹൃദയാവജ്ജകമാണു്. വിശ്വാസികരംക്കു് ഇരിക്കുവാനും മുട്ടുകുത്താനും ബെഞ്ചുകളും ഡസ്കുകളും നിരത്തിയിട്ടുണ്ടു്. അരംത്താരയിൽ ഒരു കുരിശുരൂപം മാത്രം. ചിലപള്ളികളിൽ കയറിച്ചെല്ലുന്നിടത്തു് ഒരു വശത്തായി കൊച്ചുകുട്ടികളും കുഞ്ഞുങ്ങളുമുള്ള മാതാക്കരംക്കുവേണ്ടി ഗ്ലാസ്സുകൊണ്ടു് ഒരു മുറി തിരിച്ചിട്ടുണ്ടു്. അതിനകത്തിരുന്നു ദിവ്യബലിയിൽ സംബന്ധിക്കാനും അകത്തെ സ്പീക്കർവഴി എല്ലാം കേരംക്കുവാനും സാധിക്കും. എന്നാൽ കുട്ടികളുടെ കരച്ചിൽ പുറത്തു കേരംക്കാത്തു

കൊണ്ടു് ആർക്കും ഒരു ശല്യവുമുണ്ടാകയില്ല. ഇതെല്ലാം കണ്ടപ്പോഠം ഞാൻ കേരളത്തിലെ ബ്രഹ്മാണ്ഡദേവാലയങ്ങളുടെ ഉള്ളിലെ സ്ഥിതിയെപ്പററി ഓത്തുപോയി. ഇവിടെ കാണപ്പെടുന്നതു ചിലന്തിവലകഠം, പൊടിമണ്ണു്, പ്രാവുകളുടെ കാഷ്ഠം, കുഞ്ഞുങ്ങളുടെ മൂത്രം, കടലാസ്സുകഷണങ്ങഠം തുടങ്ങിയവയത്രെ.

## പാപസങ്കീർത്തനം

അമേരിക്കയിലെ എട്ടു പള്ളികഠം ഞാൻ സന്ദർശിച്ചു. അവിടെയെല്ലാം കുമ്പസാരത്തിനുള്ള കൂടു് പ്രത്യേകരീതിയിലുള്ളതാണു്. കുമ്പസാരക്കൂടിനു മൂന്നു ചെറിയ മുറികളുണ്ടു്. നടുവിലുള്ള മുറിയിൽ വൈദികൻ ഇരിക്കുന്നു. ഇരുവശങ്ങളിലുമുള്ള മുറികളിൽ കുമ്പസാരിക്കേണ്ടവർ ഓരോരുത്തരായി പ്രവേശിച്ചു് വാതിൽ അടയ്ക്കുന്നു. വൈദികൻ ഒരുവശത്തു കുമ്പസാരം കേഠക്കുമ്പോഠം മറുവശത്തു ചുവപ്പു ലൈററുണ്ടായിരിക്കും. അങ്ങോട്ടു തിരിയുമ്പോഠം പച്ചലൈററു് വരുന്നു. കുമ്പസാരിക്കുന്നവർക്കു് വൈദികൻെറ സ്വരം കേഠക്കാമെന്നല്ലാതെ അച്ചനെ കാണാൻ സാധ്യമല്ല. ഈ സാഹചര്യത്തിൽ അദൃശ്യനായ ദൈവത്തോടു പാപങ്ങഠം ഏററുപറയുന്ന ഒരു പ്രതീതിയാണു കുമ്പസാരിക്കുന്നവരിൽ ഉളവാകുന്നതു്.

ഞാൻ ജോലിചെയ്ത ദേവാലയത്തിൽ എല്ലാ ശനിയാഴ്ചകളിലും രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒരു വൈദികൻ കുമ്പസാരക്കൂട്ടിലുണ്ടായിരിക്കും. മററു ദിവസങ്ങളിൽ കുമ്പസാരം നടത്താൻ ആക്കെങ്കിലും ആവശ്യമുണ്ടെങ്കിൽ ബെൽ അടി

ക്കണം. അപ്പോൾ അച്ചൻ വരും. മററുപള്ളികളിൽ ഇപ്രകാരമാണോ നടക്കുന്നതെന്നു് എനിക്കറിഞ്ഞുകൂടാ.

## ദിവ്യകാരുണ്യസ്വീകരണം

ദിവ്യബലിയിൽ സംബന്ധിക്കുന്ന 90 ശതമാനം ആളുകളും ദിവ്യകാരുണ്യസ്വീകരണം നടത്തുന്നു. ദിവ്യകാരുണ്യസ്വീകരണത്തിനായി ആദ്യനിരയിലെ ബഞ്ചിലുള്ളവർ ആദ്യം, രണ്ടാമത്തെ ബഞ്ചിലുള്ളവർ പിന്നീടു്, എന്നീ ക്രമത്തിൽ നിരനിരയായി അൾത്താരയിലേയ്ക്കു് ഭക്തിതുളുമ്പുന്ന നേത്രങ്ങളോടെ നീങ്ങുന്ന കാഴ്ച ആരെയും കോരിത്തരിപ്പിക്കുന്നതാണു്. വിശുദ്ധകുർബാന സ്വീകരിച്ചശേഷം ഇരുവശങ്ങളിലൂടെ അവരവരുടെ ഇരിപ്പിടങ്ങളിൽ എത്തുന്നു. ക്രിസ്മസ് ഈസ്റ്റർ മുതലായ വിശേഷദിവസങ്ങളിൽപ്പോലും വിശുദ്ധ കുർബാന സ്വീകരിക്കുവാൻ യാതൊരു തിരക്കോ ബഹളമോ ഇല്ല. തിരുവോസ്തി വിശ്വാസികളുടെ കയ്യിൽ കൊടുക്കുന്ന പതിവു് 1975 വരെ അവിടെ നടപ്പിലായില്ല. എന്നാൽ ഇപ്പോൾ മിക്ക ദേവാലയങ്ങളിലും നടപ്പിലായിട്ടുണ്ടു്.

ദിവ്യബലിയിൽ പുരോഹിതനും വിശ്വാസികളും കുർബാന ഉൾക്കൊണ്ടുകഴിഞ്ഞു് അവരുടെ ഇരിപ്പിടങ്ങളിലിരുന്നു്, പത്തുമിനിട്ടു സമയത്തേക്കു് ഉപകാരസ്മരണ നടത്തുന്നു. അതിനുശേഷമാണു് ദിവ്യബലി തുടരുന്നതു്. തന്മൂലം നമ്മുടെ നാട്ടിലെപ്പോലെ, കുർബാന സ്വീകരിച്ച വിശ്വാസികൾ ദിവ്യപൂജയ്ക്കുശേഷം പള്ളിയിലിരുന്നു ഉപകാരസ്മരണ നടത്തുന്ന സമ്പ്രദായം അവിടെയില്ല.

## കുടുംബബന്ധങ്ങൾ

ഒരു കുഞ്ഞു ജനിച്ചുകഴിഞ്ഞാലുടനെ വളർത്തിയെടുക്കുന്നതിനു് ധാത്രിയെ ഏല്പിക്കുന്നു. ശിശുപ്രായം കഴിഞ്ഞ കുട്ടിയെ നേഴ്സറി സ്കൂളിൽ ചേർക്കുന്നു. അവിടത്തെ പഠനം കഴിയുമ്പോൾ ബോർഡിംഗിൽ താമസിപ്പിക്കുന്നു. ഇതോടെ കുട്ടിയുടെ ഹൈസ്കൂൾപഠനം പൂർത്തിയായിരിക്കും. അനന്തരം ഓരോ യുവാവും യുവതിയും, തനിക്കിഷ്ടമുള്ള ഇണങ്ങിയ ഇതരവർഗ്ഗാംഗത്തെ കൂട്ടുപിടിച്ചു് കുറെനാൾ കഴിഞ്ഞു വിവാഹത്തിലേർപ്പെടുന്നു. അമേരിക്കയിൽ വിവാഹമോചനം നിരവധിയാണു്. ദാമ്പത്യജീവിതം ആരംഭിച്ചാൽപ്പിന്നെ അദ്ധ്വാനിച്ചു് പണം സമ്പാദിക്കുന്നതിൽ ഏവരും ദത്തശ്രദ്ധരാണു്. പക്ഷേ, വാർദ്ധക്യത്തിലെത്തുമ്പോൾ പലരുടേയും സ്ഥിതി ദയനീയമാകുന്നു. വൃദ്ധരായ മാതാപിതാക്കളെ മക്കൾ നേഴ്സിംഗ്ഹോമിൽ താമസിപ്പിക്കയാണു പതിവു്. അവർക്കുവേണ്ട സകല ചെലവുകളും മക്കൾ വഹിക്കുമെങ്കിലും അവരെപ്പോയി കാണുക വളരെ വിരളമാണു്. മാതാപിതാക്കളുടെ മരണശേഷം മൃതശരീരം വീട്ടിൽ കൊണ്ടുപോകുന്നതിനു നേഴ്സിംഗ്ഹോം അധികൃതർ മക്കളോടു് ആവശ്യപ്പെടുന്നു. അവർ വന്നു ബിൽ അനുസരിച്ചുള്ള പണം കൊടുത്തു് മൃതശരീരം കൊണ്ടുപോകുന്നു. മൃതശരീരം വീട്ടിൽ കൊണ്ടുവന്നാലുടനെ ഇടവകവികാരിയെ വിവരമറിയിക്കുന്നു. അദ്ദേഹം വന്നു് ഒപ്പീസു് നടത്തുന്നു.

ഒരാൾ മരണമടഞ്ഞു മൂന്നും നാലും ദിവസങ്ങൾ കഴിഞ്ഞാണു് ശവസംസ്ക്കാരം നടത്തുക. ഈ ദിവസങ്ങളിൽ നമ്മുടെ നാട്ടിലെപ്പോലെ ബന്ധുമിത്രാദി

കരം മൃതശരീരത്തിനുചുററും കൂടിയിരുന്നു കരയുകയോ പ്രാർത്ഥിക്കുകയോ ചെയ്യാറില്ല. വിലപ്പിടിപ്പുള്ള പെട്ടിയിൽ മൃതശരീരംവച്ച് മൂടി പ്രധാനമുറിയിൽ സ്ഥാപിക്കുന്നു. വീട്ടിലെ സംഗതികളെല്ലാം സാധാരണ രീതിയിൽ നടക്കുന്നു, ചിലപ്പോരം മൃതശരീരം ഫ്യൂണറൽ ഹോമിലേയ്ക്കു് (funeral home) മാററാറുണ്ടു്. അതിനുശേഷമുള്ള ചുമതലകരം മുഴവൻ അവരുടേതാണു്. കൊടുക്കുന്ന പണത്തിൻെറ തോതനുസരിച്ച് ശവസംസ്ക്കാരത്തിൻെറ ആഡംബരത്തിലും വ്യത്യാസമുണ്ടു്. മിക്കവാറും ആളുകരം തങ്ങളുടെ ശവസംസ്ക്കാരത്തിനുള്ള പണം ജീവിച്ചിരിക്കുമ്പോരംത്തന്നെ ഫ്യൂണറൽ ഹോംകാരെ ഏല്പിക്കാറുണ്ടു്. ശവസംസ്ക്കാരദിവസം മൃതദേഹം പള്ളിയിൽ കൊണ്ടുവരുന്നതിനു വൈദികൻ പോകണമെന്നില്ല. എത്ര വലിയ ധനികൻ മരിച്ചാലും 25 ൽ കൂടുതൽ ആളുകരം ശവസംസ്ക്കാരകർമ്മത്തിൽ സംബന്ധിക്കാറില്ല. എല്ലാവരും കാറിലാണു് പള്ളിയിൽ വരുന്നതു്. മൃതശരീരവും കാറിൽ കൊണ്ടുവരുന്നു. മൃതദേഹം വച്ചിരിക്കുന്ന പെട്ടി അടച്ച് പള്ളിയിൽ സ്ഥാപിച്ചുകൊണ്ടു് ദിവ്യബലി അപ്പിക്കപ്പെടുന്നു. മൃതദേഹം സംസ്ക്കരിക്കുന്നതിനു സിമത്തേരിയിലേയ്ക്കു് കൊണ്ടുപോകുമ്പോഴും വൈദികർ പോകണമെന്നില്ല. ബന്ധപ്പെട്ടവർ ക്ഷണിച്ചാൽ പോവുക പതിവുണ്ടു്. അങ്ങനെ പോകുന്ന വൈദികനു് സമ്മാനമായി ഒരു തുക കൊടുക്കും.

മൃതദേഹം സംസ്ക്കരിക്കുന്നതു പബ്ളിക്കു് സെമത്തേരിയിലാണു്. പള്ളികരംക്കു സ്വന്തമായി സെമത്തേരി ഇല്ലെന്നുതന്നെ പറയാം. മഞ്ഞുകാലത്തും വേ

നൽക്കാലത്തുമാണ് കൂടുതൽ മരണം സംഭവിക്കുക. നമ്മുടെ നാട്ടിൽ ഈട്ടിപ്പലകകൊണ്ടുള്ള ശവപ്പെട്ടി ധനവാന്മാർക്കു മാത്രമേ ഉപയോഗിക്കാറുള്ളു. എന്നാൽ അമേരിക്കയിൽ പാവപ്പെട്ടവർക്കുള്ള പെട്ടിപോലും നല്ല തടികൊണ്ടു് ഉണ്ടാക്കിയതും വെള്ളിയോ സ്വർണ്ണമോ പൂശിയ ചെമ്പുതകിടുകൊണ്ടു പൊതിയപ്പെട്ടതുമായിരിക്കും. അതിൻെറ വില ആയിരം ഡോളർ വരും. ശവസംസ്കാരം കഴിഞ്ഞു വീട്ടിൽ സദ്യയോ പട്ടിണികഞ്ഞിയോ നടത്താറില്ല. സെമത്തേരിയിൽ വച്ചുതന്നെ എല്ലാവരും യാത്രപറഞ്ഞു പിരിയുന്നു.

## വിദ്യാഭ്യാസം

വിദേശരാജ്യങ്ങളിലും കേരളമൊഴികെ ഭാരതത്തിലെ ഇതരസംസ്ഥാനങ്ങളിലും പുതിയ അദ്ധ്യയനവർഷം തുടങ്ങുമ്പോഴാണ് (ജൂണിൽ) കേരളത്തിൽ വാർഷികപ്പരീക്ഷ അവസാനിക്കുന്നതു്. 1978 ഇക്കാര്യത്തിൽ ഒരു അപവാദമല്ല. ഈ പരീക്ഷകളെഴുതി ഫലമറിഞ്ഞു് വിദ്യാർത്ഥികൾ വെളിക്കുള്ള കോളേജുകളിൽ അഡ്മിഷൻ തേടി ചെല്ലുമ്പോഴേയ്ക്കു് അവിടെ അഡ്മിഷൻ തീർന്നിരിക്കുമെന്നു മാത്രമല്ല, അദ്ധ്യയനവർഷത്തിലെ പ്രഥമടേം കടന്നുപോയിരിക്കയും ചെയ്യും. അമേരിക്കൻ വിദ്യാഭ്യാസരീതിയെപ്പററി ചിന്തിച്ചപ്പോൾ നമ്മുടെ വിദ്യാർത്ഥികൾക്കു നേരിടുന്ന ഈ വൈഷമ്യമാണ് എൻെറ മനസ്സിൽ ആദ്യം എത്തിയതു്.

വിദ്യാഭ്യാസപരമായി കേരളത്തിൽ നിലവിലിരിക്കുന്നതു വിജ്ഞാനം വിളമ്പിക്കൊടുക്കുക എന്ന സമ്പ്രദായമാണ്. അദ്ധ്യാപകർ കൊല്ലങ്ങളായി നോട്ടു

ബുക്കുകളിൽ സൂക്ഷിച്ചിരിക്കുന്ന അറിവ് കുട്ടികൾക്കു വിളമ്പിക്കൊടുക്കുന്നു. വള്ളിക്കും പുള്ളിക്കും വ്യത്യാസം വരുത്താതെ കുട്ടികൾ അതു മന:പാഠമാക്കി യാന്ത്രികമായി കടലാസ്സിൽ പകർത്തി വിജയംവരിക്കുന്നു. എന്നാൽ വിദ്യാത്ഥികളെക്കൊണ്ടു ജോലി ചെയ്യിക്കുന്നതിലാണ് അമേരിക്കയിലെ പ്രൊഫസ്സറന്മാരുടെ ശ്രദ്ധ പതിഞ്ഞിരിക്കുന്നത്. ഉത്തരം കണ്ടുപിടിക്കുന്ന കാര്യത്തിൽ വിദ്യാർത്ഥികൾക്കു മാർഗ്ഗനിർദ്ദേശം നൽകുന്നതിലാണ് അദ്ധ്യാപകർ ശ്രദ്ധചെലുത്തുന്നത്. പ്രശ്നങ്ങൾക്ക് അവർ ഉത്തരം കൊടുക്കുകയല്ല ചെയ്യുക. ഈ നടപടിക്കുവേണ്ട ധാരാളം പുസ്തകങ്ങളും മാസികകളും റഫറൻസ് ഗ്രന്ഥങ്ങളും വിദ്യാത്ഥികൾക്കു കൊടുക്കും. വിദ്യാത്ഥികൾ ഇവയെല്ലാം വായിച്ചു മനസ്സിലാക്കി വസ്തുതകൾ തേടിപ്പിടിക്കുന്നു. പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്നു.

ക്ലാസ്സുകൾ കഴിഞ്ഞുള്ള സമയത്താണു വിദ്യാർത്ഥികൾ കൂടുതൽ ജോലിചെയ്യുന്നത്. ലൈബ്രറി, ലബോറട്ടറി, താമസസ്ഥലം എന്നിവിടങ്ങളിൽ അവർ കഠിനമായി അദ്ധ്വാനിക്കുന്നു. മാസ്റ്റർഡിഗ്രിക്കു പഠിക്കുന്ന വിദ്യാർത്ഥികൾ ഫീസിനും മററു ചെലവുകൾക്കുമായി കക്കൂസ് കഴുകുക, ഹോട്ടലിൽ ഭക്ഷണം വിളമ്പുക, പള്ളിമേടയിൽ വൈകിട്ട് 5 മണി മുതൽ 10 വരെ (ബ. അച്ചന്മാർ ഇല്ലാതിരിക്കുന്ന സമയം) കാവലിരിക്കുക, ദിവ്യബലിയിലും തിരുക്കർമ്മങ്ങളിലും സഹായിക്കുക (ഇവയ്ക്കെല്ലാം മണിക്കൂറിനു രണ്ടു ഡോളറാണ് കൂലി) എന്നീ ജോലികൾമൂലം വിദ്യാഭ്യാസച്ചെലവിലേയ്ക്കുള്ള പണം സമ്പാദിക്കുന്നതു കൂടാതെ ലഹരി സാധനങ്ങൾ, സിഗററ്റ്, സിനിമ, നാടകം മുതലായ

വയ്യുള്ള തുക ലാഭിക്കുകയും ചെയ്യും. കക്കൂസ് കഴുകുന്ന തിനു് കക്കൂസിൽ കയറുകയോ തൊട്ടിയിൽ വെള്ളം കൊണ്ടുവരികയോ ചെയ്യേണ്ട ആവശ്യമില്ല. വെളിക്കു നിന്നു ബട്ടൺ അമർത്തിയാൽ ശുചീകരണം മുറപോലെ നടന്നുകൊള്ളും. പള്ളിമേടയിൽ കാവലിരിക്കുന്ന വിദ്യാർത്ഥിക്കു റെഫ്രിജിറേററിലിരിക്കുന്ന ഏതു സാധനവും എടുത്തു ഭക്ഷിക്കുന്നതിനും ടെലവിഷൻ, റേഡിയോ, ടൈപ്പ്റൈറ്റർ എന്നിവ ഉപയോഗിക്കുന്നതിനും അനുവാദമുണ്ടു്.

അദ്ധ്യാപകരും വിദ്യാർത്ഥികളും പരസ്പരമിടപെടുന്ന രീതി കേരളത്തിലേതുപോലെയല്ല. ക്ലാസ്സിൽ വരുന്ന വിദ്യാർത്ഥികൾ അനുഷ്ഠിക്കേണ്ട ചിട്ടകളും നിയമങ്ങളും വളരെ കുറവാണു്. അദ്ധ്യാപകൻ ക്ലാസ്സിൽ പ്രവേശിക്കുമ്പോൾ വിദ്യാർത്ഥികൾ എഴുന്നേററു് ആദരവും ബഹുമാനവും പ്രകടിപ്പിക്കണമെന്നില്ല. അദ്ധ്യാപകനെ 'സർ' എന്നു വിളിക്കുകയല്ല, പ്രത്യുത പേരിനോടു് 'മിസ്റ്റർ' എന്നു ചേർത്തു സംബോധന ചെയ്യുന്നു. വിദ്യാർത്ഥികൾ ക്ലാസ്സിലിരുന്നു് സിഗററു വലിക്കുകയോ കസേരയിലിരുന്നു കാലുകൾപൊക്കി ഡസ്കിന്മേൽവച്ചു് വിശ്രമിക്കുകയോ ചെയ്തെന്നിരിക്കും. ഇത്തരം പെരുമാററത്തിൽനിന്നു വിദ്യാർത്ഥികൾ അദ്ധ്യാപകരെ ബഹുമാനിക്കുന്നില്ലെന്നു് അർത്ഥമാക്കേണ്ടതില്ല. ശരിയായി പഠിപ്പിക്കാനറിയാവുന്ന കഴിവുള്ള അദ്ധ്യാപകരെ വിദ്യാർത്ഥികൾ ബഹുമാനിക്കുന്നു. മാത്രമല്ല, വിദ്യാർത്ഥികളുടെ ഗ്രേഡ് നിശ്ചയിക്കുന്ന കാര്യത്തിൽ അദ്ധ്യാപകർക്കു പൂർണ്ണസ്വാതന്ത്ര്യമുള്ളതുകൊണ്ടു് അദ്ധ്യാപകരെ അവഗണിക്കുവാൻ വിദ്യാർത്ഥികൾക്കു സാധിക്കുകയുമില്ല. വിദ്യാർത്ഥിയുടെ

പക്ഷത്തുനിന്നും ബാഹ്യമായ ആദരപ്രകടനങ്ങരം പ്രതീക്ഷിക്കാനില്ലെങ്കിലും അതുകൊണ്ടുമാത്രം ബന്ധത്തിൽ തകരാറുണ്ടാവണമെന്നില്ല. ഒരു വിദ്യാത്ഥി ഏതെങ്കിലും പ്രകാരത്തിൽ പ്രൊഫസ്സറുമായി വഴക്കു പിടിച്ചു് ക്ളാസ്സിൽനിന്നും പുറത്താക്കപ്പെട്ടാൽ അയാരംക്കു് അമേരിക്കയിലുള്ള യാതൊരു യൂണിവേഴ്സിററിയിലും പ്രവേശനം ലഭിക്കയില്ല. കേരളത്തിൽനിന്നും 1975_ൽ അമേരിക്കൻ യൂണിവേഴ്സിററിയിൽ പഠിക്കാൻചെന്ന ഒരു വിദ്യാത്ഥിക്കു് ഇപ്രകാരമൊരബദ്ധം പററി. തിരുവനന്തപുരം യൂണിവേഴ്സിററി കോളേജിൽനിന്നും സംസ്കൃതം എം.ഏ. ക്കു് ഫസ്റ്റ് ക്ളാസ്സിൽ റാങ്കോടുകൂടി പാസ്സായ ഈ വിദ്യാർത്ഥി ഉന്നത ബിരുദമെടുക്കുന്നതിനാണു് അമേരിക്കയിൽ പോയതു്. വിദ്യാത്ഥിയും ജർമ്മൻ പ്രൊഫസ്സറും (പ്രൊഫസ്സർ ഒരു വൈദികനാണു്) തമ്മിലൊരു തർക്കമുണ്ടായി. കാര്യം വെറും നിസ്സാരം. ഇൻഡ്യയാണോ ജർമ്മനിയാണോ സംസ്കൃതത്തിൻെറ മാതൃഭവനം എന്നതായിരുന്നു തർക്കവിഷയം. രണ്ടുപേരും വിട്ടില്ല. ഫലമോ? കേരള വിദ്യാർത്ഥി ബിരുദം ലഭിക്കാതെ അമേരിക്കയ്ക്കു വെളിയിലും ജർമ്മൻ പ്രൊഫസ്സർ സുരക്ഷിതനായി യൂണിവേഴ്സിററികളിലും നിലകൊണ്ടു.

## യാന്ത്രികജീവിതം

അമേരിക്കയിൽ മിക്കസംഗതികളും യാന്ത്രികമായിട്ടാണു് നടക്കുന്നതെന്നു എനിക്കു മനസ്സിലായി. മാതാപിതാക്കളും മക്കളും തമ്മിൽ പലപ്പോഴും യഥാത്ഥസ്നേഹമോ അതിനു ചേർന്ന പെരുമാററമോ ഇല്ലെന്നുള്ള വസ്തുത എൻെറ ഒന്നരമാസത്തെ താമസത്തിനിടയിൽ

ഗ്രഹിക്കാൻ കഴിഞ്ഞു. അതേപ്പററി മുമ്പൊരു സന്ദർഭത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. വ്യവസായങ്ങൾ യന്ത്രസഹായത്തോടെ ത്വരിതപ്പെടുത്തി വ്യക്തി, സമുദായം രാഷ്ട്രം എന്നിവയ്ക്കു സാമ്പത്തികാഭിവൃദ്ധി നേടിക്കൊടുക്കുകയെന്നതാണല്ലോ ആധുനികപരിഷ്ക്കാരത്തിൻെറ മൂലക്കല്ല്. ബാങ്ക്ളൂരിലും മററും തീവണ്ടി, കാർ, ഫാൻ മുതലായവ നിർമ്മിക്കപ്പെടുന്ന ഫാക്ടറികൾ നേരിട്ടു കണ്ടു ഞാൻ വിചാരിച്ചു വ്യവസായത്തിൽ ഇൻഡ്യ മുന്നേറിയിട്ടുണ്ടെന്നു്. ഓരോ സാധനത്തിൻേറയും നിർമ്മാണത്തിനു് പലതരത്തിലുള്ള യന്ത്രങ്ങൾ ഉപകരിക്കുന്നതായിത്തോന്നി. എന്നാൽ യന്ത്രത്തേക്കാൾ കൂടുതൽ മനുഷ്യപ്രയത്നത്തെയാണു പല കാര്യങ്ങളിലും നാം സമാശ്രയിക്കുന്നതു്. ഉദാഹരണമായി നെല്ലു് വിതയ്ക്കുക. കൊയ്യുക, കററകെട്ടുക, ഉണക്കുക, വണ്ടിയിൽ കയററുക, പാത്രങ്ങൾ കഴുകുക, ഭക്ഷണം പാകം ചെയ്യുക, വിളമ്പുക എന്നിവയൊക്കെ നാം നേരിട്ടുചെയ്യുകയാണു്.

അമേരിക്കയിൽ മേല്പറയപ്പെട്ട കാര്യങ്ങളെല്ലാം നടത്തുന്നതു് യന്ത്രങ്ങൾ മുഖേനയാണു് ചില ബട്ടണുകൾ അമർത്തിക്കൊണ്ടു് എല്ലാം സാധിച്ചെടുക്കാം. ആരെയും ആശ്രയിക്കണമെന്നില്ല. ഐസ്ക്രീം പാനീയപദാത്ഥങ്ങൾ ലഭിക്കുന്നതു കട്ടിയുള്ള കടലാസ്സ്കപ്പിലാണു്. പ്ലാസ്റ്റിക്കു് കൊണ്ടുള്ള ഫോർക്കും സ്പൂണും ആവശ്യം പോലെ എടുക്കാനുണ്ടു്. കൈയ്യും മുഖവും തുടയ്ക്കാൻ നനുനനുത്തകടലാസ്സു്നാപ്കിൻ ഹോട്ടലുകളിൽ വച്ചിട്ടുണ്ടു്. ഇവയെല്ലാം ഉപയോഗിച്ചശേഷം അതിൻെറ വില അവിടെ വച്ചിരിക്കുന്ന പെട്ടിയിൽ ഇട്ടാൽ മതി. കാപ്പിക്കു പഞ്ചസാരയും പാലും ക്രമപ്പെടുത്തുന്നതു് യന്ത്ര

മാണ്. പശുക്കളെ കറക്കുക, വെണ്ണയെടുക്കുക എന്നിവയെല്ലാം യന്ത്രം മുഖേനയാണ്.

ഏതു കാര്യങ്ങളും മററുള്ളവരുമായി ആലോചിച്ചു ശീലിച്ച എനിക്ക് അമേരിക്കൻചുററുപാടുകൾ വിചിത്രവും വിഷമകരവുമായി അനുഭവപ്പെട്ടു. ന്യൂയോർക്കിലെ റോഡിൽക്കൂടി ഞാൻ നടന്നുപോയപ്പോൾ ഒരാളോട് വഴിചോദിക്കണമെന്നു ആഗ്രഹിച്ചു. പക്ഷേ, സാധിച്ചില്ല. കാരണം എല്ലാവരും കാറിൽ പാഞ്ഞുപോകുകയാണ്. റോഡിൽ കൂടി നടന്നു പോകുന്നവരുടെ സംഖ്യ അംഗുലീപരിമിതമത്രെ. വ്യക്തമായ നിർദ്ദേശങ്ങൾ പരസ്യപ്പലകകളിലുണ്ട്. നിർദ്ദിഷ്ടനാണയമിട്ടു ഫോൺചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ എല്ലാവഴികളിലുമുണ്ട്. ഒന്നോ രണ്ടോ ആളുകൾ റോഡിൽ ഉണ്ടായേക്കാമെങ്കിലും അവരെ തടഞ്ഞു നിറുത്തി വിവരം ചോദിക്കുന്നതിനു എനിക്കു തോന്നിയില്ല. അമേരിക്കയിൽ യന്ത്രത്തിനു സ്ഥാനം കൂടുന്നതു് ജോലിക്ക് ആളുകളെ കിട്ടാത്തതുമൂലമാണെന്നു് എനിക്കു മനസ്സിലായി.

## വെള്ളപൂശിയ കുഴിമാടം

അമേരിക്കയുടെ ശാസ്ത്രീയനേട്ടങ്ങൾ,വ്യാവസായികപുരോഗതി, അദ്ധ്വാനശീലം, കണ്ടുപിടുത്തങ്ങൾ എന്നിവ മുൻപേജുകളിൽ വിവരിച്ചതു മാന്യവായനക്കാരെ അത്ഭുതപ്പെടുത്തിയിട്ടുണ്ടാവാം. എന്നാൽ അമേരിക്കരുടെ നല്ലവശങ്ങൾ മാത്രമേ ഞാൻ സൂചിപ്പിച്ചിട്ടുള്ളു.ഏതൊരുവ്യക്തിക്കും സമുദായത്തിനും രാഷ്ട്രത്തിനും അവരുടേതായ കുററങ്ങളും കുറവുകളുമുണ്ട് അതു് ഒരു വസ്തുതയാണ് . പക്ഷേ രൂക്ഷമായ ഒരു ധാർമ്മികാധഃപതനം അമേരിക്കയെ ഏറെക്കുറെ ബാധിച്ചിട്ടുണ്ടെ

ന്നു് ചുരുങ്ങിയ കാലത്തെ താമസത്തിനിടയിൽ ഞാൻ മനസ്സിലാക്കി.

ഏതാനും വർഷങ്ങൾക്കുമുമ്പു് അമേരിക്കയിൽ ഒരു മെത്രാൻ ഓക്കുവൃക്ഷങ്ങൾ നിറഞ്ഞ വനത്തിൽ കൂടി കാറിൽ യാത്രചെയ്യുകയായിരുന്നു. യാത്രോദ്ദേശ്യം പള്ളിസന്ദർശനം. വഴിമദ്ധ്യേ രാത്രിയിൽ ഒരു തസ്ക്കര സംഘം അദ്ദേഹത്തിൻെറ കാർ നിറുത്തി പണം ആവശ്യപ്പെട്ടു. താൻ ധരിച്ചിരിക്കുന്ന കുരിശും മാലയും മോതിരവും ചെമ്പിൽ ഉണ്ടാക്കിയതും സ്വർണ്ണം പൂശിയതുമാണെന്നും അവ വിൽക്കുന്നപക്ഷം യാതൊന്നും ലഭിക്കയില്ലെന്നും മെത്രാൻ പറഞ്ഞു. മഞ്ഞുകാലമായതിനാൽ ഭയങ്കര തണുപ്പ്. അതു കുറയ്ക്കുന്നതിനുവേണ്ടി തസ്കരസംഘനേതാവിനു ഒരു ചുരുട്ട് (സിഗാർ) കൊടുക്കാമെന്നു കരുതി മെത്രാൻ പോക്കററിൽ നിന്നു ഒരു ചുരുട്ടെടുത്തു നീട്ടി. തത്സമയം അയാൾ പറഞ്ഞു 'തിരുമേനി, ഇപ്പോൾ നോമ്പുകാലമായതിനാൽ ഞാൻ പുകവലിക്കയില്ല.' നോക്കുക. അയാളുടെ ഭക്തി! വെള്ള പൂശപ്പെട്ട കുഴിമാടം. നോമ്പുകാലത്തു മോഷണം നടത്താം. പക്ഷേ ചെറിയ ലഹരി പദാത്ഥംപോലും ഉപയോഗിക്കുകയില്ല!

ഒരു വെള്ളിയാഴ്ച ദിവസം, മദ്യപാനിയായ ഒരാൾ ഇറച്ചിക്കടയിൽ നിന്നു ഇറച്ചി വാങ്ങിക്കൊണ്ടു വരവേ മദ്യപിച്ചു് അദ്ധബോധാവസ്ഥയിലായ തൻെറ ഉററ സ്നേഹിതനെ കണ്ടുമുട്ടി. ഇറച്ചി സ്നേഹിതനിൽ നിന്നും കൈവശപ്പെടുത്തുന്നതിനുവേണ്ടി അയാൾ ആദ്യം തമാശരൂപത്തിൽ പിടിച്ചെങ്കിലും ഒടുവിൽ സംഗതി വഷളായി. ആ മത്സരം ഒരാളുടെ കൊലപാതകത്തിൽ പര്യവസാനിച്ചു. കൊലപാതകി ഇറച്ചിയുംകൊണ്ടു്

വീട്ടിലെത്തി. അതു പാചകംചെയ്യുന്നതിന്ന ഭാര്യയോടാവശ്യപ്പെട്ടു. അവരം ഭയാധിക്യം മൂലം പാകപ്പെടുത്തി. ഭാര്യ ഇറച്ചിക്കറി ഭർത്താവിൻെറ മുമ്പിൽ വിളമ്പിയപ്പോരം അയാരം പറഞ്ഞു: ''എൻെറ തെററതീ, ഇന്നു വെള്ളിയാഴ്ചയാണെന്നു നിനക്കറിഞ്ഞുകൂടേ? ഇന്നു് എനിക്കിറച്ചിക്കറി വേണ്ടാ.'' നോക്കുക, അയാളുടെ ഭക്തി. വെള്ളിയാഴ്ച കൊലപാതകം നടത്താം. ഇറച്ചി ഉപയോഗിക്കുകയില്ല!

ഇതു തന്നെയാണു് അമേരിക്കയിൽ ഇപ്പോരം ചിലരുടെ മന:സ്ഥിതി. കടലാസ്സുകഷണമോ സിഗററുകുററിയോ റോഡിലിടുന്നവർക്കു് അറസ്റ്റു്; റോഡിൽ തുപ്പുന്നവർക്കും റോഡരികിൽ മൂത്രമൊഴിക്കുന്നവക്കും കൈവിലങ്ങു്. ഉപയോഗിച്ച ടെലവിഷൻ മുതൽ വള്ളിച്ചെരുപ്പുവരെയുള്ള സാധനങ്ങരം റോഡിൽ കിടക്കുന്നതു് എടുക്കുവാൻ ആക്കും അനുവാദമില്ല. പണം കൊടുത്തു പത്രം വരുത്തിവായിച്ചതിനുശേഷം അതു് വില്ക്കാൻ പാടില്ല. കോർപ്പറേഷൻലോറിയിൽ കയററി ഹെഡ് ഓഫീസിലേയ്ക്കയച്ചു കൊള്ളണം. പ്രീസ്റ്റ്കോളർ ഷൂസ്, സ്റ്റോക്കിംഗ്സ് എന്നിവയില്ലാതെ വൈദികർക്കു് ഊൺമേശയിൽ സ്ഥാനമില്ലെങ്കിൽ കോട്ടു് ടൈ, ഷൂസ് എന്നിവയില്ലാതെ അല്മേയക്കു് പൊതുനിരത്തിൽ പ്രത്യക്ഷപ്പെടാൻ പാടില്ല. എന്നാൽ നിരപരാധിനികളായ പെൺകുട്ടികളെപ്പിടിച്ചു ബലാത്സംഗം ചെയ്തു നഗ്നകളാക്കി ന്യൂയോർക്കു് നഗരത്തിൽ വലിച്ചെറിയുന്നതു് തെററല്ലപോലും!

വ്യക്തിസ്വാതന്ത്ര്യം ഉച്ചകോടിയിലെത്തിയിരിക്കുന്ന രാജ്യമാണു് അമേരിക്ക. അവരുടെ രഹസ്യപരസ്യജീവിതത്തെ ഇതു് അങ്ങേയററം സ്വാധീനിച്ചിട്ടുണ്ടു്.

സാമാന്യരീതിയിൽ മതതീക്ഷ്ണത അവിടെ കുറഞ്ഞുവരുന്നു. എന്നാലും ക്രിസ്തുമതത്തിന്റെ പല അവാന്തരവിഭാഗങ്ങളും അവിടെയുണ്ട്. മതകാര്യങ്ങളിൽ താല്പര്യമുള്ള വൈദികർ, വിശ്വാസികൾ, മനോഹര ദേവാലയങ്ങൾ, വൈദികപരിശീലനകേന്ദ്രങ്ങൾ, കത്തോലിക്കാ വിദ്യാലയങ്ങൾ — എല്ലാം ധാരാളമുണ്ട്. രാവിലെ 6 മുതൽ രാത്രി 8 വരെ, ഞായറാഴ്ച 9 കുർബാനകൾ. എല്ലാ കുർബാനകൾക്കും പള്ളിനിറയെ ആളുകൾ. കുർബാനയുടെ ഇടയ്ക്കുള്ള പിരിവ് മൂവായിരം ഡോളർ. നല്ല മനുഷ്യർ ധാരാളമുണ്ടെങ്കിലും അവരുടെ സൽപ്രവൃത്തികളെ വെല്ലുന്ന വിധം മോഷണം, കൊലപാതകം, വ്യഭിചാരം, വിവാഹമോചനം ഭ്രൂണഹത്യ എന്നിവ പട്ടണത്തിന്റെ പല ഭാഗങ്ങളിലും നടമാടുന്നു. തെരുവുകളിൽ ഇവയ്ക്ക് ഇരയായ സ്ത്രീകളുടെ മൃതദേഹങ്ങൾ ധാരാളമായിക്കാണാം.

'അവരുടെ ശരീരങ്ങൾ സംസ്കരിക്കുവാൻ
ആരുമാരും ഉണ്ടായിരുന്നില്ല.
അങ്ങേ ദാസരുടെ മൃതശരീരങ്ങൾ
പക്ഷികൾക്ക് ഭക്ഷണമായി അവർ നൽകി'

(സങ്കീ. 79)

നാല്പതുവർഷം മുമ്പ് കേരളത്തിലെ ഒരു വൈദികൻ താൻ നടത്തുന്നബോയിസ് ടൗണിന്റെ നടത്തിപ്പി(Boys Town)ലേയ്ക്കു സംഭാവന സ്വീകരിക്കാൻവേണ്ടി അമേരിക്കയിലേയ്ക്കു് പോയി. ഷിക്കാഗോയിലുള്ള മൂന്നുനാലു പള്ളികളിൽ പ്രസംഗിച്ചു ലഭിച്ച പതിനയ്യായിരം ഡോളറുംകൊണ്ട് രാത്രിസമയം കാറിൽ സഞ്ചരിക്കവേ തസ്

ക്കരസംഘം അദ്ദേഹത്തെ ആക്രമിച്ചു, കൊലപ്പെടുത്തി പണം അപഹരിച്ചു.

> ''പകയും വഴക്കുമല്ലാതെ പട്ടണത്തിൽ മററൊന്നും ഞാൻ കണ്ടില്ല. അവർ കോട്ടമതിലിനു ചുററും രാവും പകലും പതുങ്ങിനടക്കുന്നു''.
>
> (സങ്കീ. 56)

മററുള്ളവരുടെ കാര്യങ്ങൾ പറയുന്നതെന്തിനു്? മൂന്നുവർഷംമുമ്പു് എനിക്കുള്ളതെല്ലാം വിററു് കിട്ടിയ തുകയും ഒരു ബന്ധു കടമായിത്തന്ന പണവും ചെലവാക്കി ഞാൻ ന്യൂയോർക്കിലെ ഒരു ഇടവകപ്പള്ളിയിൽ നാലുമാസം ജോലിചെയ്യുന്നതിനു പോയി. പലർക്കും തൃപ്തികരമായി ജോലിചെയ്തുവരവേ, അമ്പതിനായിരം രൂപാ കെട്ടിടത്തിൻെറ കോണിൽ വച്ചില്ലെങ്കിൽ എന്നെ കൊല്ലുമെന്നു് ഒരു തസ്ക്കരസംഘം ഭീഷണിപ്പെടുത്തി. പല പ്രാവശ്യം രക്ഷപ്പെട്ടുവെങ്കിലും തസ്ക്കരസംഘം പിൻമാറിയില്ല.

> ''കുററിക്കാട്ടിൽ ഒളിച്ചിരുന്നുകൊണ്ടു് എന്നെ അപായപ്പെടുത്താൻ ശ്രമിക്കുന്നു. എൻെറ കാൽപ്പാടുകളെ അവർ പിന്തുടർന്നു''
>
> (സങ്കീ. 56)

പണം നിക്ഷേപിക്കുന്നതിനു ഞാൻ ബാങ്കിൽ പോയപ്പോൾ തസ്കരസംഘം കാറിൽ വന്നിറങ്ങി. റിവോൾവർ ചൂണ്ടി പണം ആവശ്യപ്പെട്ടു. ഞാൻ അഭിവന്ദ്യ കാവുകാട്ടു പിതാവിനെ സ്മരിച്ചു. ഉടനെ ഒരു പോലീസു്വാൻ വന്നു. തസ്ക്കരന്മാർ ഓടിമറഞ്ഞു. ഇനിയും

അവിടെ താമസിക്കുന്നതു വിവേകമല്ലെന്നു മനസ്സിലാക്കി പിറേറദിവസംതന്നെ നാട്ടിലേയ്ക്കു തിരിച്ചുപോരുന്നതിനുള്ള ഒരുക്കങ്ങൾ ഞാൻ ചെയ്തു.

ഞാൻ ഏകനായി ലോസ് ആഞ്ചലോസ് എന്ന പട്ടണത്തിൽക്കൂടി വൈകുന്നേരം നടക്കുകയായിരുന്നു. ഫോൺ ഘടിപ്പിച്ചിട്ടുള്ളഒരു സ്ഥലത്തു സ്വല്പനേരം വിശ്രമിച്ചു. അപ്പോൾ ഫോൺബെല്ലിൻെറ ഒച്ച കേട്ടു. "അച്ചനെ ആയിരിക്കും വിളിക്കുന്നതു്" എന്നു് ഒരാൾ പറഞ്ഞതുകേട്ടു് ശുദ്ധഗതിക്കാരനായ ഞാൻ ഫോൺ അററൻഡുചെയ്തു തസ്ക്കരസംഘത്തിൻെറ ആക്രമണഭീഷണി! അതിപ്രകാരമായിരുന്നു. "എടോ, കത്തനാരേ, നിനക്കു ജീവൻവേണമെങ്കിൽ നിൻെറ കൈവശമുള്ള പണം മുഴുവൻ അവിടെ വച്ചിട്ടു സ്ഥലംവിട്ടുകൊള്ളുക". ഫോൺ താഴെവയക്കാതെ "പണം വച്ചേക്കാം, ഞാൻ വച്ചുകഴിഞ്ഞു. എന്നെ കൊല്ലാതിരുന്നാൽമതി" എന്നു പറഞ്ഞുകൊണ്ടു് ഫോൺ താഴെ വച്ചതിനുശേഷം ഏതാനും ഫർലോംഗ് അകലെയുള്ള എയർപോർട്ടിൽ ഓടിയെത്തി. ഞാൻ കിതച്ചുകൊണ്ടാണു് അവിടെ എത്തിയതു്. "വിമാനം വാഷിംഗ്ടണിലേയ്ക്കു് പുറപ്പെടാൻ ഇനിയും ഒരു മണിക്കൂർ കൂടിയുണ്ടു'. പിന്നെ 'എന്തിനാണു് ഫാദർ ഓടിവന്നതു്" എന്നു പൈലററു് ചോദിച്ചു. ഞാൻ ഒന്നും മിണ്ടിയില്ല. "ബെററിഡേവിസു്, ലാനാടർഡൻ, ഷെർലിടെമ്പിൾ എന്നിവരുടെ പാദസ്പർശമേററിട്ടുള്ള സിമൻറുതറ ഫാദർ കണ്ടോ"? എന്ന പൈലററിൻെറ ചോദ്യത്തിനു് ഉത്തരമായി "എൻെറ സാറേ, എൻെറ പാദസ്പർശമേററ സ്ഥലത്തു് എൻെറ പാദങ്ങൾ മായാത്ത മുദ്ര പതിപ്പിച്ചതുമാത്രം കണ്ടു" എന്നു പറഞ്ഞു. ഞാൻ പറഞ്ഞതിൻെറ അർത്ഥം അയാൾക്കു

മനസ്സിലായില്ല എന്നതുതന്നെ ആശ്വാസകരം. ഇതൊക്കെയാണെങ്കിലും 'പണം വച്ചേക്കാം, ഞാൻ വച്ചുകഴിഞ്ഞു' എന്നു പറഞ്ഞിട്ടു പണമല്ല, കുറെ കടലാസ്സുകൾ മാത്രമാണു് ഞാൻ മടക്കിവെച്ചതു്.

എനിക്കു ദാഹം തോന്നി. ഐസ്ക്രീം വില്ക്കുന്ന ഒരു കടയിൽക്കയറി. മുപ്പതിനം ഐസ്ക്രീമുകൾ അവിടെ വില്പനയ്ക്കുണ്ടു്. ഇതിൽ ഏതാണു് നല്ലതെന്നു നിശ്ചയിക്കാൻ എനിക്കു പ്രാപ്തിയില്ലായിരുന്നു. ഏതായാലും ഒന്നു വാങ്ങി രുചിച്ചപ്പോൾ ഉടമ പറഞ്ഞു. "ഫാദർ ഭയങ്കരനാണു്, ഏററവും മോശപ്പെട്ടതു തെരഞ്ഞെടുക്കാൻ എങ്ങനെ സാധിച്ചു?" അതൊരു ബിസിനസ്സ്ട്രിക്കാണെന്നു് എനിക്കു മനസ്സിലായി. ചിലപ്പോൾ അതു് ഏററവും മോശപ്പെട്ടതായിരിക്കാം. ഇൻഡ്യാക്കാരനെ പ്രത്യേകിച്ചു് കേരളീയനെ പററിക്കാൻ സാധിക്കയില്ലെന്നുള്ളതു് ഒരു വസ്തുതയാണു് അമേരിക്കർക്കു് അതു് അറിയാവുന്നതുമാണു്. ഞാൻ വേറെ നല്ലതു് വാങ്ങിയില്ലാ എന്നർത്ഥം.

## ന്യൂയോർക്കു്

"ധാരാളം ഗ്രന്ഥകാരന്മാർ വിദേശ രാജ്യങ്ങളിലെ പട്ടണങ്ങളുടെ പൂർണ്ണവിവരങ്ങൾ എഴുതിയിട്ടുള്ളമൂലം ഈ ഗ്രന്ഥത്തിൽ അതു ചേർക്കുന്നില്ല" എന്നു് ആമുഖത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ന്യൂയോർക്കു്, വാഷിംഗ്ടൺ എന്നീ രണ്ടുപട്ടണങ്ങളെപ്പററിയുള്ള ഒരു വിവരണം മാന്യവായനക്കാർക്കു നല്ലതാണെന്നു് പലരും നിർദ്ദേശിച്ചതിനാൽ അതു് ഇവിടെ ചേർക്കുന്നു.

മാൻഹാററൻ, ബ്രോൺസ്സു്, സ്റ്റാററൻ ഐലണ്ടു്, ബ്രൂക്ക്ലിൻ, ക്വീൻസ്സു്, റിച്ചുമോണ്ടു് എന്നീ ദ്വീപു

കരം ചേർന്നതാണു് ന്യൂയോർക്ക് സംസ്ഥാനം. സമുദ്ര തീരത്തു സ്ഥിതിചെയ്യുന്ന ന്യൂയോർക്കുപട്ടണത്തിന്റെ പരിധിയിൽ തുറമുഖങ്ങൾ, ഉൾക്കടലുകൾ, നദികൾ എന്നിവയെല്ലാമുൾപ്പെടുന്നു.

തന്മൂലം യാത്രാസൗകര്യത്തിനുവേണ്ടി വളരെയേറെ പാലങ്ങളും തുരങ്കങ്ങളും ഗവർമെൻറു് നിർമ്മിച്ചിട്ടുണ്ടു്. ന്യൂയോർക്കിൽനിന്നും ന്യൂജെഴ് സിയിലേയ്ക്കു് പോകുന്നതിനു ഹഡ്സൺനദിയുടെ അടിയിലൂടെ നിർമ്മിക്കപ്പെട്ടതും ഒന്നരമൈൽനീളമുള്ളതുമായ ഒരു തുരങ്കമുണ്ടു്. ഇതിൽക്കൂടി സഞ്ചരിച്ചപ്പോൾ എനിക്കുണ്ടായ അനുഭവം തണുപ്പുള്ള രാത്രിയിൽ റോഡിലൂടെ നടക്കുമ്പോഴുണ്ടാകുന്നതിനു തുല്യമാണു്. വിളക്കുകൾ എല്ലായിടങ്ങളിലുമുണ്ടു്. അംബരചുംബികളായ കെട്ടിടങ്ങളോടു് ചേർന്ന പൂന്തോട്ടങ്ങൾ, അങ്ങിങ്ങായി നിൽക്കുന്ന തണൽവൃക്ഷങ്ങൾ എന്നിവ പട്ടണത്തിന്റെ ഭംഗി വർദ്ധിപ്പിക്കുന്നു. കേരളത്തിലെപ്പോലെ ഇവിടെ കെട്ടിടങ്ങൾ പണിയുന്നതു് സ്ഥലം നിരപ്പാക്കിയല്ല. സ്ഥലത്തിന്റെ കിടപ്പനുസരിച്ചു് കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുന്നു. വേലിയും മതിലുമില്ലാതെ കെട്ടിടങ്ങൾ നിരനിരയായി കാണപ്പെടുന്നു. ഭൂമിക്കുമീതെ ഇരുനൂറു് നിലകൾവരെയുള്ള കെട്ടിടങ്ങൾ ഉള്ളപ്പോൾ ഭൂമിക്കടിയിൽ രണ്ടും മൂന്നും തട്ടുകളിലായി വാസസ്ഥലങ്ങളും വ്യാപാരകേന്ദ്രങ്ങളും ഉണ്ടു്. തീവണ്ടിപ്പാതകൾ 90 ശതമാനവും ഭൂമിക്കടിയിലാണു്.

ന്യൂയോർക്കുനഗരം ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തികകേന്ദ്രവും തുറമുഖവുമാണു്. ലോകത്തുള്ളതിലേയ്ക്കും വലിയ കടകളും, സ്റ്റോക്കു് എക്സ്ചേഞ്ചുകളും

ന്യൂയോർക്കിലാണുള്ളത്. വസ്ത്രനിർമ്മാണം, മുദ്രണം എന്നിവയിൽ വലിയ വ്യവസായങ്ങൾ ഇവിടെയുണ്ട്. ന്യൂയോർക്കിലും അമേരിക്കയിലെ ഇതര സംസ്ഥാനങ്ങളിലും ചെറിയ പട്ടണങ്ങൾ, തെരുവുകൾ, അങ്ങാടികൾ എന്നിവ അറിയപ്പെടുന്നത് street ൻെറ കൂടെ നമ്പർ ചേർത്താണ്. ന്യൂയോർക്കുനഗരത്തിലെ 34 th street ലെ Macy's shop ലോകത്തിലേറ്റും വലിയ കടയാണ്. അതുപോലെ വലിയ കടകളാണ് F. WOOLS WORTH, MACKOWITT എന്നിവയും. പല നിലകളുള്ള ആ കടകളുടെ ഓരോ നിലയിലും കയറിയിറങ്ങുന്നത് Ecelerator വഴിയാണ്. ഇത്തു നിലത്തുകൂടി ഉരുളുന്നതും കയറുപായ് പോലെ തെറുക്കപ്പെടുന്നതും നിവരുന്നതുമായ കമ്പിവലകളാണ്. അമ്പതും ആറും നിലകളുള്ള ഈ കടകളിൽ ഓരോ നിലയിലും ഓരോതരത്തിലുള്ള സാധനങ്ങൾ മാത്രം വില്ക്കപ്പെടുന്നു. ഉദാഹരണമായി ജവുളി, സ്റ്റേഷനറി, ഇംഗ്ലീഷ്മരുന്നുകൾ, പെട്ടികൾ, ഇരുമ്പുസാമാനങ്ങൾ, അച്ചാറുകൾ, ബേക്കറി എന്നിങ്ങനെ.

സാധനങ്ങളുടെ വില അവിടെയുമിവിടയും രേഖപ്പെടുത്തിയിട്ടുണ്ട്. നമുക്കാവശ്യമുള്ള സാധനങ്ങളെടുത്തു പ്ലാസ്റ്റിക്കുകൂട്ടകളിലാക്കി ചെറിയ ഉന്തുവണ്ടികളിൽ വച്ച് തള്ളിക്കൊണ്ടു പോകാവുന്നതാണ്. പ്രവേശദ്വാരത്തിലെത്തുമ്പോൾ സാധനങ്ങൾ പരീക്ഷിച്ചുനോക്കി, യന്ത്രങ്ങൾ മുഖേന വില തിട്ടപ്പെടുത്തി രേഖപ്പെടുത്തുന്നു. സാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നിടത്ത് ആരും തന്നെ നിൽപ്പില്ല. കടയിൽ പല ഭാഗങ്ങളിലും ഫോൺ ഘടിപ്പിച്ചിട്ടുണ്ട്. അതിലൂടെ ചോദിച്ചാൽ ഏതു സംശയവും തീർക്കാം. ഞാനും അനന്തരവനും കൂടി സാധനങ്ങൾ പ്ലാസ്റ്റിക്കുകൂടയിൽ നിറച്ച് വണ്ടി

യിൽക്കയെററി നടന്നു. അവൻ പണംകൊടുത്തുകാണുമെന്നു വിചാരിച്ചു് ഞാൻ വണ്ടിയുടെ പിറകേ നടന്നു. ഞാൻ വാതിൽക്കലെത്തിയപ്പോരം അവൻ പിറകിൽ നിന്നു് 'അച്ചോ, മുമ്പോട്ടു പോകരുതു്' എന്നു മലയാളത്തിൽ വിളിച്ചുപറഞ്ഞു. ഞാൻ നിന്നു. കാരണം ചോദിച്ചപ്പോരം അവൻ പറഞ്ഞു "ബിൽ ക്ലിയർ ചെയ്യാതെ വാതിൽകടക്കുന്നതിനു് ശ്രമിച്ചാൽ മുമ്പോട്ടു പോകുന്നതിനു സാധിക്കയില്ല. കാന്തപ്പൂണികൊണ്ടു വാതിൽക്കൽ ഉറച്ചുനിന്നുപോകും. ഉടനടി പോലീസ് വന്നു് അച്ചനെ അറസ്റ്റു് ചെയ്തുകൊണ്ടു പോകും"

നമ്മുടെ നാട്ടിലെപ്പോലെ മീൻചന്ത, ഇറച്ചിക്കട, പച്ചക്കറിച്ചന്ത എന്നിവ അമേരിക്കയിലുമുണ്ടു്. പക്ഷേ, ആ സ്ഥലങ്ങളിലെല്ലാം ശുചിത്വവും വെടിപ്പും കളിയാടുന്നു. വിവിധതരത്തിലുള്ള മത്സ്യങ്ങരം, കക്കാ, ഞണ്ടു് എന്നിവ ചന്തയിൽ സുലഭമായി ലഭിക്കും. എല്ലാം വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു. ഒരു ഫർലോംഗ് അകലെപ്പോലും ഈച്ചകളില്ല, അല്പംപോലും ദുർഗ്ഗന്ധവുമില്ല. എത്ര ഉയർന്ന നിലപാടിൽക്കഴിയുന്നവരും ചന്തയിൽവന്നു മേൽപ്പറഞ്ഞ സാമാനങ്ങരം വാങ്ങിക്കുന്നു. കോഴിമുട്ട, താറാവിൻമുട്ട എന്നിവ ധാരാളമായി ലഭിക്കുന്നു. പക്ഷേ ഒരു മുട്ടയ്ക്കു് ഏകദേശം 4 രൂപാ വിലവരും.

നമ്മുടെ നാട്ടിൽ ഓരോ വിധത്തിലുള്ള ജോലി ചെയ്യുന്നതു് ഓരോ ജാതിയിൻപ്പെട്ടവരാണല്ലോ. അമേരിക്കയിൽ ജാതിവ്യത്യാസമില്ല, ബാർബർ, കശാപ്പുകാരൻ, കൊല്ലൻ, ആശാരി, കല്ലാശാരി, എന്നിവരെല്ലാംതന്നെ ക്രിസ്ത്യാനികളാണു്. ഇവർ ജോലികഴിഞ്ഞു്

പാർക്കിൽ ഉല്ലസിക്കുന്നതിനു വരുമ്പോൾ ആകൃതിയിലും സൗന്ദര്യത്തിലും കോടീശ്വരന്മാരേപ്പോലെ തന്നെ കാണപ്പെടുന്നു. അവരെ തിരിച്ചറിയുന്നതിനു സാധിക്കയില്ല. എല്ലാവർക്കും സ്വന്തം കാറുകളുണ്ടു്. സ്പെയിൻ, ജർമ്മനി, റഷ്യ, ചൈന, ജപ്പാൻ എന്നീ സ്ഥലങ്ങളിൽനിന്നും വന്നു് ന്യൂയോർക്കിൽ താമസിച്ചു് ജോലിചെയ്യുന്നവർ ധാരാളമുണ്ടു്. ഇവർക്കു് ഇംഗ്ലീഷ് വശമില്ല. ബട്ട്ലർ ഇംഗ്ലീഷ് മാത്രമേ അറിയാവൂ. തലമുടിവെട്ടിക്കുന്നതിനു ഞാൻ ഒരു ബാർബർ ഷോപ്പിൽ കയറി. ബാർബർക്കു് ഇംഗ്ലീഷ് അറിഞ്ഞുകൂടെന്നു് എനിക്കു മനസ്സിലായി. എലക്ട്രിക്ക മെഷീൻകൊണ്ടാണു് അയാൾ തലമുടി വെട്ടുന്നതു്. രണ്ടു വശങ്ങളിലും പിറകിലുമുള്ള തലമുടി നല്ലതുപോലെ വെട്ടുകയും മുകളിൽനിന്നും സ്വല്പംമാത്രം വെട്ടി മാററുകയും ചെയ്താൽ മതിയെന്നുള്ള അർത്ഥത്തിൽ ബാർബർക്കു മനസ്സിലാകത്തക്കവിധത്തിൽ little (അല്പം) എന്നു ഞാൻ പറഞ്ഞു. അതിനു ചേർന്നവിധം ആംഗ്യവും കാണിച്ചു. പക്ഷേ അയാൾക്കു മനസ്സിലായതു് പറേറവെട്ടണമെന്നും തലയിൽ കുറച്ചുമാത്രമേ ശേഷിക്കാവൂ എന്നുമായിരുന്നു. തന്മൂലം കാലിഞ്ചു നീളമുള്ള തലമുടിയുമായി ഞാൻ തിരിച്ചുപോകേണ്ടി വന്നു. കൂലിയോ? 3 ഡോളർ. തലയിൽ കറുത്തതുണി ചുററിക്കെട്ടി ക്യാപ്പ് വച്ചു് രണ്ടാഴ്ച നടക്കേണ്ട ഗതികേടുണ്ടായെന്നു പറഞ്ഞാൽ മതിയല്ലോ.

ന്യൂയോർക്കിനെ ചുററിക്കിടക്കുന്ന ഹഡ്സൺ നദി കണ്ടപ്പോൾ അതു് ഉൾക്കടലാണോ എന്നു തോന്നി. അത്രയേറെ വീതിയുണ്ടു്. കേരളത്തിലെ പമ്പയും പെരിയാറും വടക്കേ ഇൻഡ്യയിലെ ഗോദാവരി, കാ

വേരി, ഗംഗ എന്നിവയും ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ഹഡ്സൺ നദി കണ്ടപ്പോൾ മേൽപ്പറഞ്ഞ നദികളെല്ലാം വെറും തോടുകളായി എനിക്കു തോന്നി. കാരണം, ഹഡ്സൺനദി സമുദ്രംപോലെ വിസ്തൃതവും അഗാധവുമാണ്. കേരളത്തിലെ രണ്ടുനിലക്കെട്ടിടങ്ങളും വടക്കേ ഇൻഡ്യയിലെ പത്തുനിലക്കെട്ടിടങ്ങളും ഭയങ്കരങ്ങളാണെന്നു നാം പറയാറുണ്ടല്ലോ. എന്നാൽ ന്യൂയോർക്കിൽ നൂറിൽപ്പരം നിലകളുള്ള കെട്ടിടങ്ങൾ അനവധിയാണ്. 102 നിലകളുള്ള സ്റ്റേററു് എമ്പയർ ബിൽഡിംഗിനേക്കാൾ ഉയരമുള്ള കെട്ടിടങ്ങൾ ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. അറുപതും എഴുപതും നിലകളിൽനിന്നു് ജനാലകൾ തുടയ്ക്കുകയും പെയിൻറു പണി നടത്തുകയും ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും ഈച്ചകളുടേയും ചെറിയ പാവകളുടേയും വലിപ്പത്തിലാണ് പ്രത്യക്ഷപ്പെടുന്നതു് താഴെനിന്നു നോക്കുമ്പോൾ,

## എമ്പയർസ്റ്റേററു് ബിൽഡിംഗ് (Empire State Building)

നൂററിരണ്ടുനിലകളുള്ള ഈ സൗധത്തിൻെറ ഉയരം 1472 അടിയാണ്. 5th Avenue വിൽ 34th street ൽ സ്ഥിതിചെയ്യുന്നു. സ്വീകരണമണ്ഡപത്തിൽ Eight wonders of the world എന്ന പേരിൽ ഒരു കലാസൃഷ്ടി പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. Roy Sparkia എന്ന ശില്പിയുംഭാര്യ Sophia യും ചേർന്നു നിർമ്മിച്ച ഈ സുന്ദരശില്പം ലോകത്തിലെ ഏഴ് അത്ഭുതങ്ങളേയും പകർത്തിയിരിക്കുന്നു. എട്ടാമത്തെ അത്ഭുതം എമ്പയർസ്റ്റേററു ബിൽഡിംഗ് തന്നെ. ഇതു തുറക്കപ്പെട്ടതു് 1963 ലാണ്. ഒരുകാലത്തു് ലോകത്തിലേയ്ക്കും പൊക്കം കൂടിയ സൗധമായിരുന്നെങ്കിലും ഇപ്പോൾ ന്യൂയോർക്കിലെ ഏററവും പൊക്കമുള്ള കെട്ടിടം 202 നിലകളുള്ള World Trading Centre building ആണ്. എമ്പയർ

സ്റ്റേററ് ബിൽഡിംഗിൻെറ ആദ്യത്തെ 80 നിലകറം വരെ എലവേററർവഴി കയറിച്ചെല്ലുന്നതിന് ഒരു മിനിട്ടുമതി. ഇപ്രകാരം 74 എലവേററുകളുണ്ട്. അതുകഴിഞ്ഞു് 86_ാം നിലവരെ എത്തേണ്ടതു് സബ് എലവേററർ ഉപയോഗിച്ചാണ്. അവിടെയാണ ലോകംമുഴവൻ പേരുകേട്ട ഒബ്സേർവേററി (observatory) സംഘടിപ്പിച്ചിരിക്കുന്നതു്. ഈ മഹാസൗധത്തിൻെറ അഗ്രഭാഗത്തു് എലക്ട്രിക്കലൈററു് ഘടിപ്പിച്ചിട്ടുണ്ട്. ഇതിൻെറ സഹായത്തോടെ വിമാനങ്ങറം ഇതിൻെറ അഗ്രഭാഗത്തെ സ്പർശിക്കാതെ ഒഴിഞ്ഞുമാറിപ്പോവുന്നു. ഇതിൽ 16000 ജോലിക്കാർ ദിവസേന പണിയെടുക്കുന്നു. ഇതു് ദിവസവും വൃത്തിയാക്കുന്നതിനു് 200 സ്ത്രീകറം നിയമിതരായിട്ടുണ്ട്. പ്രതിദിനം അമ്പതിനായിരം സന്ദർശകർ വന്നുപോകുന്നു. തന്മൂലം ഭീമമായ തുക ടിക്കററ് ഇനത്തിൽ ലഭിക്കുന്നു.

1472 അടി ഉയരമുള്ള ഈ സൗധത്തിൻെറ 102_ാമത്തെ നിലയുടെ പൊക്കം 1250 അടിയാണ്. 102_ാമത്തെ നിലകഴിഞ്ഞു് മുകളിലുള്ള സ്ഥലത്തേയ്ക്കു സന്ദർശകർക്കു പ്രവേശനമില്ല. 25 മൈൽ ചുററളവിലുള്ള സ്ഥലങ്ങറം ഇതിൻെറ ഉച്ചിയിൽ നിന്നു് നോക്കിയാൽ കാണാൻ കഴിയും.

താഴെനിന്നു് ഒരാറം ഈ സൗധത്തിൻെറ മുകളിലേയ്ക്കു നോക്കുമ്പോറം അഗ്രഭാഗം ആകാശത്തട്ടിൽ, സ്വർഗ്ഗവാതിൽക്കൽ മുട്ടിയിരിക്കുന്നതായും സർവ്വശക്തനായ ദൈവം കൈപൊക്കി ന്യൂയോർക്കിനെ അനുഗ്രഹിക്കുന്നതായും തോന്നും. കാത്തലിക്ക റിലീഫ് സൊസൈററി എന്ന സംഘടനയുടെ ആഫീസ് 64-ാം നില

യിലാണു്. ഈ സംഘടനയുടെ സഹായം ലോകത്തി ലെ എല്ലാ വികസ്വരരാജ്യങ്ങൾക്കും ലഭിക്കുന്നു. നമ്മു ടെ നാട്ടിലെത്തുന്ന ഗോതമ്പും പാൽപ്പൊടിയും മററു ഭക്ഷ്യവിഭവങ്ങളും ഈ സംഘടനയാണു് അയച്ചുതരുന്ന തു്. ഓരോരാജ്യത്തിനും വേണ്ടി ഓരോവിഭാഗം ജോലിചെയ്യുന്നു. കാഷ്മീർ സ്വദേശിനിയായ ഒരു സ്ത്രീ ആ ആഫീസിൽ ജോലിചെയ്യുന്നുണ്ടു്. അവരു മായി ഞാൻ സംസാരിച്ചു അമേരിക്കരുടെ ജീവകാ രുണ്യപരമായ സേവനം എത്ര മഹത്തരം! അവർ അ റിയുന്നില്ലായിരിക്കാം, ഒട്ടിയ വയറുകളും കുഴിഞ്ഞ ക ണ്ണുകളും അവരുടെ പരസ്നേഹപ്രവൎത്തനങ്ങളോടു് എത്ര മാത്രം നന്ദിയുള്ളവരാണെന്നു്. ഒരുപക്ഷേ, അവരുടെ സഹായം സ്വീകരിക്കുന്ന സാധുക്കൾ തങ്ങൾക്കുവേണ്ടി അഹോരാത്രം പണിയെടുക്കുന്ന ഈ മഹാത്മാക്കളെപ്പ ററി ഒന്നും അറിയുന്നില്ലായിരിക്കാം. പരസ്പരം അ റിയാതെ അവർ നിർവഹിക്കുന്ന ജോലിക്കു് ദൈവം അവരെ അനുഗ്രഹിക്കട്ടെ എന്നു നമുക്കു പ്രാൎത്ഥിക്കാം.

## വാഷിംഗ്ടൺ

ഇൻഡ്യാ സന്ദർശിക്കുന്ന ഒരു വിദേശി തലസ്ഥാ നമായ ഡൽഹി കാണാതെ പോകുമോ? ഒരിക്കലുമില്ല. കേരളം കാണാനെത്തുന്ന വിദേശി തിരുവനന്തപുരം സന്ദർശിക്കാതെ പോകുമോ? ഇതുപോലെ ഒന്നാമത്തെ അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജോർജ്ജ് വാഷിം ഗ്ടൺ പ്രതാപവാനായി ജീവിച്ച സ്ഥലം, പ്രസി ഡണ്ടു് നിക്സൺ ഇളിഭ്യനായി രാജിവച്ചിറങ്ങി പ്പോയസ്ഥലം, പ്രസിഡണ്ടു് ജോൺകെന്നഡി നിർഭ യനായി സുസ്മേരവദനനായി അന്ത്യവിശ്രമം കൊള്ളു ന്ന സ്ഥലം, ഇനിയത്തെ ഇലക്ഷനിൽ എഡ്വേഡ്

കെന്നഡിയും ഹംഫ്രിയും കയറിപ്പററുന്നതിനു ഉന്നം വച്ചിരിക്കുന്ന സ്ഥലം അതേ, വാഷിംഗ്ടൺ ഞാൻ കണ്ടു.

അമേരിക്കയുടെ പ്രതാപത്തിനു യോജിച്ച തല സ്ഥാനമാണ് വാഷിംഗ്ടൺ ന്യൂയോർക്കിലെപ്പോലെ അംബരചുംബികളായ കെട്ടിടങ്ങൾ ഇവിടെ ഇല്ല. വ്യവസായഫാക്ടറികളോ വാണിജ്യകേന്ദ്രങ്ങളോ അധികമായിട്ടില്ല. ഉള്ളസ്ഥലങ്ങളിൽ ബഹളമോ ജനബാഹുല്യമോ ഇല്ല. മററു വൻനഗരങ്ങൾ പണസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ തേടുന്നതിൽ വ്യാപൃതമാണെങ്കിൽ ശാന്തമായ അന്തരീക്ഷവും പ്രകൃതിസൗന്ദര്യവുമാണ് വാഷിംഗ്ടൺ ഇഷ്ടപ്പെടുന്നത്. ഈ വസ്തുത ഏതൊരു സന്ദർശകനും മനസ്സിലാക്കാൻ സാധിക്കും. ജലാശയങ്ങൾ, തടാകങ്ങൾ, അരുവികൾ, പൂന്തോട്ടങ്ങൾ എന്നിവ വാഷിംഗ്ടൻെറ ഭംഗി വർദ്ധിപ്പിക്കുന്നു.

അമേരിക്കൻപ്രസിഡണ്ടിൻെറ വസതിയായ വൈററ്ഹൗസ് (White House) പെൻസിൽവേനിയ അവന്യൂവിൽ സ്ഥിതിചെയ്യുന്നു. ഞായർ, തിങ്കൾ, പബ്ളിക്ക്അവധിദിവസങ്ങൾ എന്നിവയൊഴികെയുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ 12 വരെ സന്ദർശകർക്കു പ്രവേശനമുണ്ട്. പക്ഷേ 100 മുറികളുള്ളതിൽ പത്തുമുറികളിൽ പ്രവേശിക്കാനേ അനുവാദമുള്ളു. ഒരു രണ്ടുനിലക്കെട്ടിടമാണ് പ്രസിസണ്ടിൻെറ വസതി. ക്രിസ്തുവബ്ദം 1800 മുതൽ എല്ലാ അമേരിക്കൻ പ്രസിഡണ്ടുമാരും ഇവിടെയാണ് താമസിച്ചത്. ഇൻഡ്യൻ രാഷ്ടപതിയുടെ വസതിയുമായി അമേരിക്കൻപ്രസിഡണ്ടിൻെറ വസതിയെ താരതമ്യപ്പെടുത്തുമ്പോൾ അമേരിക്കൻപ്രസിഡണ്ടിൻെറ മന്ദിരം തുലോം ചെറുതാ

ണ്ട്. എന്നാൽ ഒരുകാര്യം നാം മനസ്സിലാക്കണം. ഇപ്പോഴത്തെ ഇൻഡ്യൻപ്രസിഡണ്ട് ഉപയോഗിക്കുന്ന മന്ദിരം മുൻകാലങ്ങളിൽ ബ്രിട്ടീഷ് വൈസ്രോയിമാരുടെ താമസത്തിനു പണിയിച്ചിട്ടുള്ളതാണല്ലോ. പ്രഥമ അമേരിക്കൻപ്രസിഡണ്ടായ ജോർജ്ജ് വാഷിംഗ്ടൺ മുതൽ ഇന്നുവരെയുള്ള പ്രസിഡണ്ടുമാരുടെ ചിത്രമോ പ്രതിമയോ ഈ മന്ദിരത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഗ്രാൻറിൻെറ മേശയും ലിങ്കൻെറ കിടക്കയും ഇവിടെയുണ്ട്. ലിങ്കൺ, റൂസ്‌വെൽററ്, ജോൺ കെന്നഡി എന്നിവരുടെ ചരമശ്ശുശ്രൂഷകൾ നടത്തപ്പെട്ടതു് ഈ മന്ദിരത്തിലാണ്.

വാഷിംഗ്ടണിലെ പ്രധാന സ്മാരകങ്ങൾ മൂന്നാണ്. വാഷിംഗ്ടൺ, ലിങ്കൺ, ജഫേഴ്സൺ എന്നീ പ്രസിഡണ്ടുമാരുടെ സ്മരണ നിലനിറുത്തുന്നതിനുള്ള ശില്പങ്ങൾ. കരിങ്കല്ലിലും മാർബിളിലും പണിചെയ്തിരിക്കുന്ന 555 അടി ഉയരമുള്ള സ്തൂപമാണ് വാഷിംഗ്ടൻെറ സ്മരണ നിലനിറുത്തുന്നതു്. 1884_ലിലാണ് ഇതിൻെറ പണിപൂർത്തിയായതു്.

പതിനാറാമത്തെ പ്രസിഡണ്ടായിരുന്ന എബ്രഹാം ലിങ്കൻെറ ഓർമ്മയ്ക്കായി അദ്ദേഹത്തിൻെറ 18 അടി ഉയരമുള്ള ഒരു പ്രതിമ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മൂന്നാമത്തെ അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജഫേഴ്സൻെറ ഓർമ്മയ്ക്കായി പണിയപ്പെട്ടിരിക്കുന്ന അർദ്ധവൃത്താകൃതിയിലുള്ള മന്ദിരത്തിൻെറ ഉദ്ഘാടനം 1943_ലാണ് നടന്നതു്. ലിങ്കൺമെമ്മോറിയലിനു പടിഞ്ഞാറുഭാഗത്തു് ആർലിംഗ്ടൺ നാഷണൽ സെമിത്തേരി നിലകൊള്ളുന്നു. വിസ്തൃതമായ ഈ ശ്മശാനം വളരെ ഭംഗി

യായി സൂക്ഷിച്ചിരിക്കുന്നു. ഇവിടെയാണ് പ്രസിഡണ്ട് ജോൺകെന്നഡി അന്ത്യവിശ്രമംകൊള്ളുന്നത്. ആ ശവകുടീരം സന്ദർശിച്ച് ഞാൻ പ്രാത്ഥന നടത്തി. അവിടെ ഒരു പന്തം കെടാതെ എരിഞ്ഞുകൊണ്ടിരിക്കുന്നു. അവിടെ എത്തുന്ന ആളുകളുടെ മുഖത്തുനോക്കിയാൽമതി, കെന്നഡി എത്ര ബഹുമാന്യനായിരുന്നു എന്നറിയാൻ.

## ഐക്യരാഷ്ട്രസഭ (U. N. O)

1945 ഒക്ടോബർ 24-ാം തീയതിയാണ് ഐക്യരാഷ്ട്രസഭ (യു. എൻ. ഒ) ഒരു യാഥാത്ഥ്യമായിത്തീർന്നതു്. ഐക്യരാഷ്ട്ര ചാർട്ടർ നടപ്പിൽ വന്ന ആ തീയതിതന്നെ ഐക്യരാഷ്ട്രദിനമായി എല്ലാക്കൊല്ലവും ആചരിച്ചുവരുന്നു. രണ്ടാംലോകമഹായുദ്ധത്തിന്റെ അന്തിമദിനങ്ങളിൽ സാൻഫ്രാൻസിസ്കോയിൽ വെച്ചാണ് ഈ ചാർട്ടറിനു രൂപം കൊടുത്തതു്. 'യുദ്ധവിപത്തുകളിൽനിന്നു് അനന്തരതലമുറകളെ രക്ഷിക്കുവാൻ കൃതപ്രതിജ്ഞരായിരിക്കുന്ന ഐക്യരാഷ്ട്രങ്ങളിലെ ജനങ്ങളായ ഞങ്ങൾ....' എന്നാണ് ആ ചാർട്ടർ തുടങ്ങുന്നതുതന്നെ. അങ്ങനെ ഐക്യരാഷ്ട്രങ്ങളിൽപ്പെട്ട ഗവർമെൻറുകൾ ഐക്യരാഷ്ട്രസഭ എന്ന പേരിൽ ഒരു അന്താരാഷ്ട്രസംഘടന സ്ഥാപിക്കാൻ തീരുമാനമെടുത്തു.

ഈ സംഘടനയുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളുമായി ചാർട്ടറിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും പുലർത്തുക, രാഷ്ട്രങ്ങൾ തമ്മിൽ സുഹൃദ്ബന്ധങ്ങൾ

വികസിപ്പിച്ചെടുക്കുക, സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവും മാനുഷികവുമായ അന്താരാഷ്ട്രപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സഹകരണം സമ്പാദിക്കുക, മനുഷ്യാവകാശങ്ങളോടും മൗലികസ്വാതന്ത്ര്യങ്ങളോടും ബഹുമാനം വർദ്ധിപ്പിക്കുക, ഈ പൊതുലക്ഷ്യങ്ങൾ സാധിക്കുന്നതിലേയ്ക്കു് രാഷ്ട്രങ്ങളുടെ പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനു് ഒരു കേന്ദ്രമായിരിക്കുക.

ഐക്യരാഷ്ട്രസഭ ഒരു പരമാധികാര രാഷ്ട്രമോ ലോകഗവർമെൻേറാ അല്ല. അംഗരാഷ്ട്രങ്ങൾ പരമാധികാരമുള്ളവയും സമനിലയിലുള്ളവയുമാണു്. അന്താരാഷ്ട്രീയ സമാധാനം പുലർത്തുന്നതിനോ പുന:സ്ഥാപിക്കുന്നതിനോ വേണ്ടി സെക്യൂരിററി കൗൺസിൽവഴി പ്രവർത്തിക്കുമ്പോഴല്ലാതെ, യാതൊരു രാഷ്ട്രത്തിൻേറയും ആഭ്യന്തരഭരണത്തിൽപ്പെട്ട കാര്യങ്ങളിൽ അതു് ഇടപെടുന്നതല്ല. എന്നാൽ അംഗരാഷ്ട്രങ്ങൾക്കു ചില കടമകളുണ്ടു്. അവ തമ്മിലുള്ള അന്താരാഷ്ട്രവിവാദങ്ങൾ സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പരിഹരിക്കാമെന്നും, മററു രാഷ്ട്രങ്ങൾക്കെതിരായി ശക്തിയോ ഭീഷണിയോ ഉപയോഗിക്കുകയില്ലെന്നും, ചാർട്ടർ അനുസരിച്ചു് ഐക്യരാഷ്ട്രസഭ സ്വീകരിക്കുന്ന ഏതു നടപടിയേയും സഹായിക്കാമെന്നും അവർ പ്രതിജ്ഞ ചെയ്തിരിക്കുന്നു.

ഐക്യരാഷ്ട്രസഭ യാതൊരു നിയമനിർമ്മാണവും നടത്തുന്നില്ല. സെക്യൂരിററികൗൺസിൽ എടുക്കുന്ന തീരുമാനങ്ങൾ പോലെയുള്ള ചിലതൊഴികെ, അതിൻെറ തീരുമാനങ്ങൾ ഗവർമെൻറുകളെ ബാധിക്കുന്നതുമല്ല. എന്നാൽ ചെറുതും വലുതും സമ്പന്നവും ദരിദ്രവും ശക്തവും അശക്തവുമായ— വിഭിന്നങ്ങളായ രാഷ്ട്രീയ സാമൂഹ്യ വ്യവസ്ഥിതികളോടും സംസ്കാരങ്ങളോടും കൂടിയ— ലോകത്തിലെ മിക്കവാറും എല്ലാരാജ്യങ്ങളുടേയും

പ്രതിനിധികരം ലോകപ്രശ്നങ്ങളെപ്പററി ചർച്ച ചെയ്യുകയും സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കുകയും ചെയ്യുന്ന ഏകസമ്മേളനമാണിതു്. ഈ സംഘടനയുടെ ശക്തിയും ഫലദായകത്വവും അതിനെ പിന്താങ്ങുന്ന ജനങ്ങളുടെയും ഗവർമെൻറുകളുടെയും സംഘാതമായ ഇച്ഛാശക്തിയെയാണ് ആശ്രയിച്ചിരിക്കുന്നതു്.

1945-നുശേഷം ലോകത്തിനു തന്നെ വലിയമാററം വന്നിട്ടുള്ളതുപോലെ ഐക്യരാഷ്ട്രസഭയ്ക്കും മാററം വന്നിട്ടുണ്ടു്. അംഗരാഷ്ട്രങ്ങളുടെ സംഖ്യ ആദ്യം 51 ആയിരുന്നതു 1971 അവസാനത്തിൽ 132 ആയി വർദ്ധിച്ചു. സംഘടനയുടെ പ്രാഥമിക ലക്ഷ്യം ഇപ്പോഴും നീതിപൂർവകമായ സമാധാനമാണു്. ഈ ലക്ഷ്യപ്രാപ്തിക്കു് അത്യന്താപേക്ഷിതമായിരിക്കുന്നതു് ലോകത്തിലെ വികസ്വരരാജ്യങ്ങളിലെ ജനങ്ങളുടെ സാമ്പത്തിക പുരോഗതിയും സാമൂഹ്യപുരോഗതിയുമാണു്. സാമ്പത്തികവും സാമൂഹ്യവുമായ വികസനം ത്വരിതപ്പെടുത്തുന്നതിൽ അന്താരാഷ്ട്രസഹകരണത്തിൻെറ ആവശ്യകതയെപ്പററി കഴിഞ്ഞകാലങ്ങളിലേതിനേക്കാരം കൂടുതലായ അവബോധമുണ്ടായിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക കഴിവുകളിൽ 85 ശതമാനവും ഈ സമാധാനനിർമ്മാണപ്രവർത്തനത്തിനായി ഉപയോഗിച്ചു വരുന്നു.

ഇതിനു പുറമേ 1945-ൽ ഇല്ലാതിരുന്ന പല പ്രവർത്തനങ്ങളിലും ഐക്യരാഷ്ട്രസഭ ഇന്നു വ്യാപൃതമായിരിക്കുന്നുണ്ടു്. ശൂന്യാകാശ ടെക്നോളജി, അണുശക്തിയുടെ സമാധാനപരമായ ഉപയോഗം, സമുദ്രാഗാധതയിലെ വിഭവങ്ങരം, അന്തരീക്ഷമലിനീകരണനിവാരണം മുതലായവ അത്തരം ചില വിഷയങ്ങളാകുന്നു. മനുഷ്യാവകാശങ്ങളെ സംബന്ധിച്ചിടത്തോളം അനേകം പ്രഖ്യാ

പനങ്ങളും ഉടമ്പടികളും കൺവെൻഷനുകളുംവഴി പുരുഷ ന്മാരുടെയും സ്ത്രീകളുടെയും അവകാശങ്ങൾ വിശദമായി നിർവ്വചിച്ചിട്ടുണ്ട്. 1948_ൽ ജനറൽ അസംബ്ളി പ്രഖ്യാപനം ചെയ്ത മനുഷ്യാവകാശസംബന്ധമായ സാർവ്വത്രിക പ്രഖ്യാപനമാണ് ഇവയിൽ ആദ്യത്തേതു്. കോളനിനിവാസികളെ സംബന്ധിച്ചിടത്തോളം പല ജനതകൾക്കും സ്വയംനിർണ്ണയാവകാശത്തിനും സ്വാത ന്ത്ര്യപ്രാപ്തികളുമുള്ള അവകാശങ്ങൾ പ്രാപിക്കുന്നതിനു് ഐക്യരാഷ്ട്രസഭ സഹായിച്ചിട്ടുണ്ട്. അനേകം ദശലക്ഷം ജനങ്ങൾക്കു ഈ അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്ന ദക്ഷിണാഫ്രിക്കയിൽ ഈ യത്നം ഈയിടെ കേന്ദ്രീ കരിച്ചിരിക്കുകയാണ്.

## ഐക്യരാഷ്ട്ര തലസ്ഥാനം

ന്യൂയോർക്കിലുള്ള ഐക്യരാഷ്ട്രതലസ്ഥാനം ലോ കത്തിലെ നയതന്ത്രപ്രവർത്തനങ്ങളുടെ സംഗമസ്ഥാന മാണ്. ലോകത്തിലെ മിക്ക രാഷ്ട്രങ്ങളുടേയും പ്രതി നിധികൾ സമാധാനവും എല്ലവർക്കും കൂടുതൽ മെച്ചമായ ജീവിതവും അന്വേഷിച്ച് ഇവിടെ സമ്മേളിക്കുന്നു. 1946_ൽ കൂടിയ ഒന്നാമത്തെ ജനറൽ അസംബ്ളിയാണ് തലസ്ഥാനം ന്യൂയോർക്കു നഗരത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചതു്. 1952_ൽ പ്രധാന കെട്ടിടങ്ങളുടെ പണിപൂർത്തിയായശേഷം അംഗരാഷ്ട്രങ്ങളുടെ പ്രതി നിധികൾ മാത്രമല്ല, ലോകത്തിൻെറ എല്ലാ ഭാഗങ്ങ ളിൽ നിന്നുമുള്ള രാജാക്കന്മാരും രാജ്ഞിമാരും പ്രസി ഡണ്ടുമാരും പ്രധാനമന്ത്രിമാരും ലക്ഷക്കണക്കിനു മററാളു കളും ഇവിടെ വന്നുകൊണ്ടിരിക്കുന്നു.

42_ാമത്തേയും 48_ാമത്തേയും തെരുവുകൾക്കിടയ്ക്കു് ഈസ്ററുനദിയെ അഭിമുഖീകരിച്ചുള്ള ഒരു 16 ഏക്കർ

സ്ഥലത്താണ്‌ ഈ തലസ്ഥാനം സ്ഥിതിചെയ്യുന്നതു്. മുമ്പു് ഇവിടം കശാപ്പുകടകളും മററു നിസ്സാര വ്യവസായങ്ങളും നിറഞ്ഞ ഒരു അഗണ്യപ്രദേശമായിരുന്നു.

ജനറൽ അസംബ്ലി, കോൺഫറൻസ്, സെക്രട്ടറിയേററ്, ലൈബ്രറി എന്നിങ്ങനെ പരസ്പര ബന്ധിതമായ നാലു സൗധങ്ങളോടുകൂടിയതാണു് തലസ്ഥാനം. 39 നിലകളിൽ മാർബിളും ഇഷ്ടികയും ഉപയോഗിച്ചു നിർമ്മിച്ചിട്ടുള്ള സെക്രട്ടറിയേററു് കെട്ടിടം, അനേകം വളവുകളോടുകൂടിയ ജനറൽ അസംബ്ലികെട്ടിടം എന്നിവ ചേർന്നാൽ ഐക്യരാഷ്ട്രസഭാപ്രതീകത്തിൻെറ പ്രതീതി തോന്നിക്കും. പ്രതിവർഷം ഇവിടെ എത്തുന്ന 4600_ൽപരം പ്രതിനിധികൾക്ക സമ്മേളിച്ചു പ്രവർത്തിക്കത്തക്ക ഒരു ശില്പശാലയായിരിക്കണമെന്നു കരുതി പണിയപ്പെട്ടിട്ടുള്ളതാണു് തലസ്ഥാനം. ഐക്യരാഷ്ട്രസഭയുടെ പതിനായിരത്തോളം സെക്രട്ടറിയേററു ജോലിക്കാരിൽ 4100 പേരും 350_ൽപ്പരം അംഗീകൃത പത്രപ്രതിനിധികളും ന്യൂയോർക്കിൽത്തന്നെ ജോലിചെയ്യത്തക്കവിധമാണു് സെക്രട്ടറിയേററുകെട്ടിടം സംവിധാനം ചെയ്തിരിക്കുന്നതു്. ജനറൽ അസംബ്ലി_ കോൺഫറൻസ്കെട്ടിടങ്ങളിൽ രാഷ്ട്രപ്രതിനിധികൾ ഔപചാരിക സമ്മേളനങ്ങളിലും അനൗപചാരിക സമ്മേനളങ്ങളിലും സംബന്ധിച്ചു് ചർച്ചനടത്തുന്നു. സെക്രട്ടറിയേററു കെട്ടിടത്തിൽ സ്റ്റാഫ് ഭരണം നടത്തുകയും വിവിധ ഐക്യരാഷ്ട്ര സമിതികളുടെ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നു. തെക്കുപടിഞ്ഞാറേ മൂലയിലാണു് മുൻപു സെക്രട്ടറിജനറലായിരുന്ന ഡാഗ്ഹാമർഷോൾഡിൻെറ സ്മാരകമായി 1961_ൽ പ്രതിഷ്ഠിച്ചിട്ടുള്ള ഐക്യരാഷ്ട്ര ലൈബ്രറി. ഭൂമിക്കടിയിൽ മൂന്നും ഭൂമിക്കുമീതെ മൂന്നും ആയി 6 നിലകളുള്ള ഈ കെട്ടിടം നാലു ലക്ഷം ഗ്രന്ഥങ്ങൾ

ശേഖരിച്ചുവരുന്നതിന്ന മതിയായതാണ്. ഐക്യ രാഷ്ട്രസഭയുടേയും പ്രത്യേക ഏജൻസികളുടേയും സവ് രാജ്യസഖ്യത്തിൻേറയും രേഖകളും റഫറൻസ്ഗ്രന്ഥ ങ്ങളും ഭൂപടങ്ങളും ഇവിടെയുണ്ട്.

## ജനറൽ അസംബ്ളി

ആരാമതുല്യമായ മുററം കടന്നു ചെല്ലുന്ന ഒരു സന്ദർശകൻ ആദ്യം പ്രവേശിക്കുന്നതു ജനറൽ അസംബ്ളി ക്കെട്ടിടത്തിലാണ്. താഴികക്കുടത്തോടുകൂടിയ ഈ സൗധത്തിന്ന 380 അടി നീളവും 160 അടി വീതിയുമുണ്ട്. പണിത്തരങ്ങളോടുകൂടിയ ഓട്ടുവാതിൽ കടന്നാൽ പബ്ലിക്ക ലോബിയിലാണ് എത്തുക. അതിൻെറ മച്ചിന്ന 75 അടി ഉയരമാണുള്ളതു്. ഒരു ഉരുക്കുകമാനത്തിൽ ഘടിപ്പിച്ചിട്ടുള്ള പടികറം കയറിച്ചെന്നാൽ ജനറൽ അസംബ്ളിഹോളായി. നീല, പച്ച, സൗവർണ്ണവർണ്ണങ്ങളോടുകൂടിയ ഈ ഹാളിന്ന 165 അടി നീളവും 115 അടി വീതിയുമുണ്ട്. മച്ചിൻെറ ഉയരം 75 അടിതന്നെ. നാലടിവ്യാസമുള്ള ഒരു വൃത്തത്തിൽക്കൂടി സൂര്യപ്രകാശത്തിന്ന ഹാളിൽ പ്രവേശിക്കാം.

അദ്ധ്യക്ഷവേദിയിൽ പ്രസിഡണ്ടിന്നും (നടുക്കു്) സെക്രട്ടറി ജനറലിന്നും (ഇടത്തു്) അണ്ടർ സെക്രട്ടറി ജനറലിന്നും (വലത്തു്) ആസനങ്ങറം ഒരുക്കിയിരിക്കുന്നു. വേദിക്കു പിന്നിലെ ഭിത്തിയിൽ ഐക്യരാഷ്ട്ര മുദ്ര ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ധ്യക്ഷവേദിയുടെ മുൻവശത്തു ഇടത്തുംവലത്തുമായി പ്രതിനിധികളുടെ ഇരിപ്പിടങ്ങളാണ്. വോട്ടു ചെയ്യേണ്ടിവരുമ്പോറം പ്രകാശം പരത്തുന്ന ഒരു ബട്ടൺ അവർ അമർത്തും. പ്രകാശം പച്ച നിറമാണെങ്കിൽ 'അതെ'യെന്നും ചുവപ്പെങ്കിൽ 'അല്ലാ'

യെന്നും മഞ്ഞയെങ്കിൽ ''നിഷ്പക്ഷ' മെന്നുമാണു് സൂചന. ഓരോ രാജ്യത്തിനും ആറു പ്രതിനിധികളാണുള്ളതു്. ആദ്യനിരയിലെ ആദ്യസീററിൽ ആരു് ഇരിക്കണമെന്നതു് ഓരോ സമ്മേളനത്തിൻേറയും ആരംഭത്തിൽ നറുക്കിട്ടു തീരുമാനിക്കുന്നു. മററു പ്രതിനിധി സംഘങ്ങൾക്കു് ഇംഗ്ലീഷ് അക്ഷരക്രമത്തിലാണു് ഇരിപ്പിടം. ഈ ഇരിപ്പിടങ്ങളുടെ ഇരുവശങ്ങളിലും പിന്നിലും ബാൽക്കണിയിലുമായിട്ടാണു് ഉപദേഷ്ടാക്കൾക്കും ഔദ്യോഗികാതിഥികൾക്കും പത്രപ്രതിനിധികൾക്കും സന്ദർശകക്കും സ്ഥാനം. ഇതിനുള്ളിലെ 2070 ഇരിപ്പിടങ്ങൾക്കും ഈയർഫോൺസജ്ജീകരണമുണ്ടു്. അതിലൂടെ പ്രസംഗങ്ങളോ അംഗീകൃതഭാഷയിലുള്ള പരിഭാഷകളോ സുഖമായിശ്രവിക്കാം.

അസംബ്ളി കൂടികൊണ്ടിരിക്കുന്ന കാലത്തു് ഒരു സന്ദർശകൻ ഐക്യരാഷ്ട്ര കാര്യാലയത്തിലെ മുറികളിലൂടെ കടന്നുപോയാൽ ഒരൊററദിവസംതന്നെ അനേകം കമ്മററികൾ സമ്മേളിച്ചു് ചർച്ച നടത്തുന്നതുകാണാം. അന്തരീക്ഷവും സമുദ്രവും മലിനീകരിക്കപ്പെടുന്നതിനെ നിരോധിക്കുന്നതിനുള്ള പദ്ധതികൾ, അന്താരാഷ്ട്ര വാണിജ്യപുരോഗതി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, പുതിയ നിരായുധീകരണ നിർദ്ദേശങ്ങൾ, വികസ്വര രാജ്യങ്ങളെ സാമ്പത്തികമായി വികസിപ്പിക്കുന്നതിനുള്ള സഹായോപാധികൾ, സർവരാജ്യനിയമസിദ്ധാന്തങ്ങൾ, വർണ്ണവിവേചനത്തിനും മനുഷ്യാവകാശധ്വംസനത്തിനുമെതിരായ നടപടികൾ, യുദ്ധവും സമാധാനവും സംബന്ധമായ പ്രശ്നങ്ങൾ മുതലായവ ചർച്ച ചെയ്യപ്പെടുന്നു. ജനറൽ അസംബ്ളിയുടെ ചർച്ചയ്ക്കു വളരെക്കുറച്ചു പ്രശ്നങ്ങളേ വരാറുള്ളൂ. 132 അംഗരാഷ്ട്രങ്ങൾക്കും ജനറൽ അസംബ്ളിയിലും അതിൻെറ ഏഴ

പ്രധാന കമ്മിററികളിലും പ്രതിനിധികളുണ്ടു്. ഓരോ അംഗരാഷ്ട്രത്തിനും ഓരോ വോട്ടാണുള്ളതു്. സാധാരണ പ്രശ്നങ്ങളിൽ ഹാജരായി വോട്ടുചെയ്യുന്നവരുടെ കേവല ഭൂരിപക്ഷമനുസരിച്ചാണു് തീരുമാനമെടുക്കുക. പ്രധാന പ്രശ്നങ്ങളിൽ മൂന്നിൽരണ്ടു ഭൂരിപക്ഷം ആവശ്യമാണു്. ഐക്യരാഷ്ട്രവാർഷികസമ്മേളനം സാധാരണമായി സെപ്റ്റംബർ മൂന്നാമത്തെ ചൊവ്വാഴ്ച തുടങ്ങി ഡിസംബർ മദ്ധ്യംവരെ നീണ്ടുനില്ക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ പ്രധാന ചർച്ചാ ജിഹ്വ അസംബ്ളിയാണു്. ഐക്യരാഷ്ട്ര ചാർട്ടറിന്റെ പരിധിക്കുള്ളിൽപ്പെടുന്ന എല്ലാക്കാര്യങ്ങളെപ്പററിയും ചർച്ചനടത്തുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും അതിനു് അധികാരമുണ്ടു്. എന്നാൽ ഏതെങ്കിലും ഗവർമെൻറിനെ നിർബന്ധിക്കുവാൻ അധികാരമില്ല. അസംബ്ളിയുടെ നിർദ്ദേശങ്ങൾക്കു ലോകാഭിപ്രായപ്രകടനമെന്നനിലയിൽ ധാർമ്മികമായ ഒരു ശക്തിയുണ്ടു്. അടിയന്തിരഘട്ടങ്ങളിൽ ത്വരിതമായി പ്രവർത്തിക്കുവാൻ അതിനു ചുമതലയുണ്ടു്. പലതവണകളിലും അങ്ങനെ ചെയ്തിട്ടുമുണ്ടു്. (ആദ്യത്തെ 25 വഷങ്ങൾക്കുള്ളിൽ പത്തു് അടിയന്തിരസമ്മേളനങ്ങൾ നടന്നിരിക്കുന്നു) സമാധാനത്തിനു ഭീഷണിയുണ്ടാകുന്ന അവസരങ്ങളിൽ സ്ഥിരാംഗങ്ങളുടെ ഇടയിൽ യോജിപ്പില്ലായ്കമൂലം സെക്യൂരിററി കൗൺസിലിനു പ്രവർത്തിക്കാൻ സാധിക്കാതെ വരുമ്പോൾ ആ പ്രശ്നം കൈകാര്യം ചെയ്യാം.

പുതിയ പുതിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അതു കൈകാര്യം ചെയ്യുന്നതിനു പ്രത്യേക സമിതികളും അസംബ്ളി തെരഞ്ഞെടുക്കുന്നു. ലോകമഹായുദ്ധത്തെത്തുടന്നു അനാഥരായ ശിശുക്കളുടെ പ്രശ്നം കൈകാര്യം ചെയ്യുവാൻ ഐക്യരാഷ്ട്ര ശിശുനിധി (യൂണിസെഫ്) ഏർ

പ്പെടുത്തിയതു് ഒരു ഉദാഹരണമാണു്. അഭയാർത്ഥി സംരക്ഷണത്തിനു്, സാമ്പത്തികപുരോഗതിക്കു്, വ്യവസായ വികസനത്തിനു്, അന്താരാഷ്ട്ര വാണിജ്യ തടസ്സങ്ങൾ തീർക്കുന്നതിനു്, ഇങ്ങനെ പല പല ഏജൻസികളും സ്ഥാപിതമായിട്ടുണ്ടു്.

ഐക്യരാഷ്ട്രസഭയുടെ ബഡ്ജററു് അംഗീകരിക്കുന്നതും അംഗരാഷ്ട്രങ്ങളുടെ ഇടയിൽ ചെലവു് വീതിക്കുന്നതും അസംബ്ളിയാണു്. സെക്യൂരിററി കൗൺസിലിൻെറ ശുപാർശയനുസരിച്ചു് സെക്രട്ടറി ജനറലിനെ തെരഞ്ഞെടുക്കുന്നതും പുതിയ രാഷ്ട്രങ്ങളെ അംഗങ്ങളായി സ്വീകരിക്കുന്നതും അസംബ്ളിയാണു്. ഐക്യരാഷ്ട്രസഭയുടെ കീഴിലെ വിവിധ പ്രവർത്തനങ്ങൾക്കായി സംഭാവന ശേഖരിക്കുന്നതിനും അതിനു് അവകാശമുണ്ടു്.

## സെക്യൂരിററി കൗൺസിൽ

ഇതിൻെറ ചേമ്പർ 135 അടി നീളവും 72 അടി വീതിയുമുള്ള ഒരു മുറിയാണു്. ഇതിൻെറ അകത്തെ ഉപകരണങ്ങളും അലങ്കാരങ്ങളുമെല്ലാം നോർവേയുടെ സംഭാവനയാണു്. ചാർട്ടർ പ്രകാരം സമാധാനവും സുരക്ഷിതത്വവും കാത്തുസൂക്ഷിക്കുന്നതിനുള്ള പ്രാഥമിക ചുമതല സെക്യൂരിററി കൗൺസിലിനാണു്. അംഗസംഖ്യ 15 ആകുന്നു. അതിൽ ചൈന, ഫ്രാൻസു്, സോവ്യററു യൂണിയൻ, യുണൈറഡു് സ്റ്റേററ്സു് (U. S. A) എന്നിവ സ്ഥിരാംഗങ്ങളത്രേ. ബാക്കി 10 പേരെ ഈരണ്ടു കൊല്ലത്തേയ്ക്കു് ജനറൽ അസംബ്ളി തെരഞ്ഞെടുക്കുന്നു.

സെക്യൂരിററി കൗൺസിൽ അംഗങ്ങൾക്കു് ഒററ വോട്ടു മാത്രമേയുള്ളു. നടപടി സംബന്ധിച്ച കാര്യങ്ങൾ 9 പേരുടെ അനുകൂല വോട്ടോടുകൂടി തീരുമാനിക്ക

പ്പെടുന്നു. മററുകാര്യങ്ങളിൽ ഈ 9 വോട്ടുകളിൽ 5 സ്ഥിരാംഗങ്ങളുടെ വോട്ടും ഉരംപ്പെട്ടിരിക്കണം. ഇതാണു വീറോ അവകാശമെന്നു പറയുന്നതു്. സ്ഥിരാംഗങ്ങളിൽ ഒരാരം എതിർത്താൽ അതിനാൽത്തന്നെ ആ പ്രമേയം തിരസ്കരിക്കപ്പെടുന്നു. (ഏതെങ്കിലും സ്ഥിരാംഗത്തിൻെറ അസാന്നിദ്ധ്യം വീറോ ആയി ഗണിക്കുകയില്ല).

സെക്യൂരിററികൗൺസിൽ ഏതുസമയത്തും കൂടുവാൻ സന്നദ്ധമായിരിക്കുന്നു. അതിനാൽ മെമ്പർരാഷ്ട്രങ്ങളുടെ ഓരോ സ്ഥിരപ്രതിനിധി എപ്പോഴും ഐക്യരാഷ്ട്ര തലസ്ഥാനത്തുണ്ടായിരിക്കണം. സമാധാനത്തിന ഭീഷണിയായ ഒരു പ്രശ്നം സെക്യൂരിററികൗൺസിലിൻെറ ശ്രദ്ധയ്ക്കു് വിഷയീഭവിച്ചാൽ സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ തക്ംതീക്കുവാൻ, തക്ത്തിലേപ്പെട്ടിരിക്കുന്ന കക്ഷികളോടു് കൗൺസിൽതന്നെ അന്വേഷണം നടത്തുകയോ മദ്ധ്യസ്ഥതവഹിക്കുകയോ, സമാധാനപരമായ തീരുമാനത്തിനുള്ള വ്യവസ്ഥകരം നിർദ്ദേശിക്കുകയോ ചെയ്യും. ഞാൻ ഐക്യരാഷ്ട്ര സംഘടനയുടെ ആസ്ഥാനം സന്ദർശിച്ചപ്പോരം സൈപ്രസ്സു് പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ പംകെടുക്കാൻ ആർച്ചുബിഷപ്പു് മക്കാരിയോസു് അവിടെ സന്നിഹിതനായിരുന്നു. അദ്ദേഹം ഐക്യരാഷ്ട്രസഭയിൽ നടത്തിയ പ്രസംഗം എനിക്കു കേരംക്കാൻ കഴിഞ്ഞു.

തക്ങ്ങരം യഥാത്ഥസംഘട്ടനങ്ങളിലേയ്ക്കു് നീങ്ങുമ്പോരം കൗൺസിൽ ഒരു യുദ്ധവിരാമസന്ധി ശുപാർശചെയ്യും. അന്താരാഷ്ട്രസമാധാനത്തിനു് ഹാനികരമെന്നു കാണുന്ന കേസുകളിൽ സാമ്പത്തികാനുശാസനം, കൂട്ടായസൈനികപ്രവത്തനം മുതലായ നടപടികരം സ്വീ

കരിക്കും. കൊറിയൻ യുദ്ധകാലത്തു് ഒരിക്കൽമാത്രമേ കൂട്ടായ സൈനികപ്രവർത്തനം സ്വീകരിച്ചിട്ടുള്ളു. സൈപ്രസ്, കാഷ്മീർ, കോംഗോ, മദ്ധ്യപൗരസ്ത്യദേശം മുതലായവയുടെ കാര്യത്തിൽ സമാധാനസ്ഥാപനത്തിനു സഹായകമായ സൈനികപ്രവർത്തനമാണു് നിർദ്ദേശിച്ചതു്. അവിടങ്ങളിൽ ഐക്യരാഷ്ട്രനിരീക്ഷണസേനയെ നിയോഗിക്കുകയായിരുന്നു. അവർ യുദ്ധവിരാമത്തിനു മേലന്വേഷണം വഹിക്കുകയും ലംഘനങ്ങൾ കണ്ടുപിടിക്കുകയും സമാധാനസ്ഥാപനത്തിനു യത്നിക്കുകയും ചെയ്യുന്നു. ദക്ഷിണാഫ്രിക്കയ്ക്കു് എതിരായി ആയുധക്കയറ്റുമതി നിരോധിക്കുകയും, ദക്ഷിണറൊഡേഷ്യയ്ക്കു് എതിരായി എല്ലാത്തരം കച്ചവടങ്ങളും തടയുകയും ചെയ്തിരുന്നു.

## ട്രസ്റ്റിഷിപ്പ് കൗൺസിൽ

സെക്യൂരിററികൗൺസിൽ ഹാളിനോളം വലിപ്പമുള്ള ട്രസ്റ്റിഷിപ്പു കൗൺസിൽഹാളിലെ സജ്ജീകരണങ്ങളും അലങ്കാരപ്പണികളും ഡെൻമാർക്കിന്റെ സംഭാവനയാണു്. ട്രസ്റ്റിഷിപ്പ്കൗൺസിലിന്റെ ജോലി ട്രസ്റ്റിഷിപ്പ് പ്രദേശങ്ങളുടെ വികസനത്തിൽ മേലന്വേഷണം വഹിക്കുകയും അവയെ സ്വാതന്ത്ര്യത്തിലേയ്ക്കു് നയിക്കുകയുമാകുന്നു. ട്രസ റ്റുപ്രദേശങ്ങൾക്കു സ്വയംഭരണം ലഭിക്കുന്നതനുസരിച്ചു് ഈ കൗൺസിലിന്റെ ജോലിയും കുറഞ്ഞുവരുന്നു. ഇനിയും ന്യൂഗിനിയാ, പെസഫിക്ക ദ്വീപുകൾ എന്ന രണ്ടു ട്രസ്റ്റുപ്രദേശങ്ങളേയുള്ളു. അവയ്ക്കും സ്വാതന്ത്ര്യം ലഭിക്കുന്നതോടുകൂടി ഈ കൗൺസിലിന്റെ പ്രവർത്തനം അവസാനിക്കും. ഈ കൗൺസിലിന്റെ അംഗസംഖ്യ ട്രസ്റ്റുപ്രദേശങ്ങളിലെ അം

ഗങ്ങറംക്കു് ആനുപാതികമായി ട്രസ്റ്റല്ലാത്ത പ്രദേശങ്ങളിലെ അംഗങ്ങറം എന്നതോതിലാണു്. 1971 മുതൽ ഈ കൗൺസിലിൽ 6 അംഗങ്ങളേയുള്ളു.

## സാമ്പത്തികസാമൂഹ്യകൗൺസിൽ

ഈ കൗൺസിൽ കൂടുന്ന ചേമ്പറിലെ സജ്ജീകരണങ്ങളും അലങ്കാരങ്ങളും സ്വീഡൻെറ സംഭാവനയാണു്. ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക സാമൂഹ്യ പ്രവത്തനങ്ങളെ ഏകീകരിക്കുന്ന ഒരു സംവിധാനമാണു് ഈ കൗൺസിൽ. കൂടുതൽ അഭിവൃദ്ധികരവും സുസ്ഥിരവും നീതിനിഷ്ഠവുമായ ഒരു ലോകം കെട്ടിപ്പടുക്കുവാനാണു് അതിൻെറ ശ്രമം. ഈ കൗൺസിലിൽ 27 അംഗങ്ങളാണുള്ളതു്. പ്രതിവർഷം രണ്ടുമാസം നീണ്ടു നില്ക്കുന്ന സമ്മേളനം ഇതു നടത്തുന്നു. പല രാജ്യങ്ങളുടേയും അടിയന്തരപ്രശ്നങ്ങറം തങ്ങളുടെ സാമ്പത്തിക കഴിവുകളെ എങ്ങനെ വികസിപ്പിക്കാം, തങ്ങളുടെ ജനങ്ങളെ എങ്ങനെ വിദ്യഅഭ്യസിപ്പിക്കാം, ഭവനനിമ്മാണപദ്ധതികളും ആരോഗ്യ സർവീസുകളും എങ്ങനെ പുരോഗമിപ്പിക്കാം, ഗതാഗതസർവീസ് എങ്ങനെ അധുനാതനമാക്കാം, ആധുനികശാസ്ത്രത്തിൻേറയും ടെക്നോളജിയുടേയും പ്രയോജനങ്ങറം എങ്ങനെ നേടാം, എന്നിങ്ങനെയുള്ളവയാണു്. ഈ പ്രശ്നങ്ങറംക്കു പരിഹാരം കണ്ടെത്താൻ ഗവർമെൻറുകളെ സഹായിക്കുകയാണു് കൗൺസിലിൻെറ ലക്ഷ്യം. ഇതിനൊരു മാർഗ്ഗമായി വികസ്വരരാജ്യങ്ങറംക്കു സാങ്കേതികസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. 150_ൽപ്പരം രാഷ്ട്രങ്ങളും പ്രദേശങ്ങളും ഈ പദ്ധതിയുടെ പ്രയോജനം അനുഭവിച്ചുപോരുന്നു.

ലോകവാണിജ്യം, വ്യവസായവൽരക്കണം, പ്രകൃതിവിഭവങ്ങരം, ഗതാഗതം, മനുഷ്യാവകാശങ്ങരം, സ്ത്രീകളുടെ പദവി, സാമൂഹ്യക്ഷേമം, ഭവനനിർമ്മാണപദ്ധതി, സാമൂഹ്യവികസനം, വാർത്താസ്വാതന്ത്ര്യം മുതലായ സാമ്പത്തികവും സാമൂഹ്യവുമായ പ്രവർത്തനങ്ങളിൽ കൗൺസിൽ ശ്രദ്ധചെലുത്തുന്നു. ഇതിലേയ്ക്കു് ലോകത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ സെമിനാറുകളും കോൺഫ്രൻസുകളും കൺവെൻഷനുകളും നടത്തിവരുന്നു.

## സർവരാജ്യകോടതി

ഐക്യരാഷ്ട്ര തലസ്ഥാനത്തെ ആസ്ഥാനമാക്കിയിട്ടില്ലാത്ത ഐക്യരാഷ്ട്രസഭയുടെ ഒരു പ്രധാനപ്പെട്ട ഘടകം സർവരാജ്യകോടതിയാണു്. അതു നെതർലൻറിലെ ഹേഗു് പട്ടണത്തിലാണു് കൂടുന്നതു്. സെക്യൂരിററി കൗൺസിലും ജനറൽ അസംബ്ളിയുംകൂടി തെരഞ്ഞെടുക്കുന്ന 13 ജഡ്ജിമാരാണു് ഈ കോടതിയിലുള്ളതു്. വ്യക്തിപരമായ നിലയിലാണു് അവർ സേവനമനുഷ്ഠിക്കുന്നതു്. സർവരാജ്യകോടതിയുടെ നിയമാവലി ഐക്യരാഷ്ട്രചാർട്ടറിൻെറ ഒരു ഭാഗമാണു്. അംഗരാഷ്ട്രങ്ങരംക്കെല്ലാം കോടതിയെ നേരിട്ടു സമീപിക്കാം. നിയമാവലി അംഗീകരിച്ചിട്ടുള്ള രാഷ്ട്രങ്ങരംക്കു് എപ്പോരം വേണമെങ്കിലും കോടതിയുടെ അധികാരം നിർബന്ധമായി സ്വീകരിക്കാം. എന്നാൽ അംഗരാഷ്ട്രങ്ങളിൽഭൂരിപക്ഷവും ഇതേവരെ അങ്ങനെ അംഗീകരിച്ചിട്ടില്ല. രാഷ്ട്രങ്ങരം സമർപ്പിക്കുന്ന നൈയ്യമികവിവാദങ്ങരംകേട്ടു തീരുമാനിക്കുന്നതിനുപുറമേ, ജനറൽ അസംബ്ളിയോ സെക്യൂരിററി കൗൺസിലോ മററു സമിതികളോ പ്രത്യേക ഏജൻസികളോ അഭിപ്രായമാരായുന്ന നിയമപ്രശ്നങ്ങളിൽ അതു് ഉപദേശം നൽകുകയും ചെയ്യുന്നു.

## സിക്രട്ടറിയേററു്

550 അടി ഉയരമുള്ള സിക്രട്ടറിയേററു്കെട്ടിടത്തിൻെറ കിഴക്കും പടിഞ്ഞാറും വശങ്ങരം പച്ചടിൻറു കൊണ്ടുള്ള കണ്ണാടിഫലകങ്ങരംകൊണ്ടും ജനലില്ലാത്ത വടക്കും തെക്കും വശങ്ങരം രണ്ടായിരംടൺ മാർബിരംകൊമാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. ഭൂമിക്കു് മുകളിലുള്ള 33 നിലകരംക്കുപുറമേ ഭൂമിക്കടിയിൽ മൂന്നു നിലകളുമുണ്ടു്. ഇതിനുള്ളിൽ ഉപയോഗമില്ലാത്ത ഒരു സ്ഥലവുമില്ല. വൈദ്യുതസംവിധാനങ്ങരംവഴി റിക്കാർഡുകളും തപാൽ ഉരുപ്പടികളും അതിവേഗം ഓരോ മുറികളിലേക്കും എത്തിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ വിവിധ ഘടകസമിതികരം തീരുമാനിക്കുന്ന നയങ്ങളും പരിപാടികളും നടപ്പാക്കുകയാണു് സിക്രട്ടറിയേററിൻെറ ചുമതല. ഇതിൻെറ തലവനായ സിക്രട്ടറിജനറലിൻെറ ഓഫീസ് 38–ാം നിലയിലാണു്. സെക്യൂരിററികൗൺസിലിൻെറ ശുപാർശയനുസരിച്ചു് ജനറൽ അസംബ്ളിയാണു് സിക്രട്ടറിജനറലിനെ നിയമിക്കുന്നതു്. അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും ഭീക്ഷണിപ്പെടുത്തുന്നതെന്നു തനിക്കുതോന്നുന്നകാര്യങ്ങരം സെക്യൂരിററികൗൺസിലിൻെറ ശ്രദ്ധയിൽ കൊണ്ടുവരികയാണു് സിക്രട്ടറി ജനറലിൻെറ പ്രധാന ചുമതലകളിൽ ഒന്നു്.

ഐക്യരാഷ്ട്രസഭയുടെ ആദ്യത്തെ സിക്രട്ടറിജനറൽ നോർവേക്കാരനായ ട്രൈഗ്രീവ്ലീയായിരുന്നു. 1953 വരെ അദ്ദേഹം ആ ജോലി നിർവ്വഹിച്ചു. സ്വീഡനിലെ ഡാഗ്ഗ്ഹാമർഷോരംഡ് 1953 മുതൽ 1961 ൽ മരിക്കുന്നതുവരെ സിക്രട്ടറിജനറലായിരുന്നു. അദ്ദേഹ

ത്തെത്തുടന്നു ബർമ്മാക്കാരനായ യൂതാൻറ് സിക്രട്ടറിജനറലായി. 1971_ൽ ആസ്ത്രീയക്കാരനായ കർട്ട്‌വാരംഡ്ഹയിം ആ സ്ഥാനത്തേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടു. ലോകത്തിലെ നൂറിൽപ്പരം രാജ്യങ്ങളിൽനിന്നു നിയമിക്കപ്പെട്ടിട്ടുള്ള സിക്രട്ടറിയേററുസ്റ്റാഫാണ് ഐക്യരാഷ്ട്രസഭയുടെ ദൈനംദിന ജോലികാം നിർവ്വഹിക്കുന്നതു്. ഈ ജോലിയിൽ പ്രവേശിക്കുമ്പോാം ഏതെങ്കിലും ഗവർമെൻറിൽനിന്നോ ബാഹ്യഏജൻസികളിൽനിന്നോ നിർദ്ദേശങ്ങാം സ്വീകരിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുകയില്ലെന്നു് സത്യപ്രതിജ്ഞ ചെയ്യണം.

സമാധാനം പുലത്തുക, ചിലപ്പോാം മദ്ധ്യസ്ഥത വഹിക്കുക, അന്താരാഷ്ട്രതക്കങ്ങാം പരിഹരിക്കുക, സമാധാനപ്രസ്ഥാനങ്ങാം ഏപ്പെടുത്തുകയും ഭരിക്കുകയും ചെയ്യുക, ഗവർമെൻറു പ്രതിനിധികളുമായി ചർച്ചനടത്തുക, ലോകസാമ്പത്തികപ്രവണതകളേയും പ്രശ്നങ്ങളേയുംപററി സർവേ നടത്തുക, മനുഷ്യാവകാശങ്ങാം, പ്രകൃതിവിഭവങ്ങാം മുതലായവയെപ്പററി പഠനം നടത്തുക, അന്താരാഷ്ട്രകോൺഫ്രൻസുകാം നടത്തുക, സ്ഥിതിവിവരക്കണക്കുകാം തയാറാക്കുക, സെക്യൂരിററി കൗൺസിൽ മുതലായ ഏജൻസികാംക്കു് തീരുമാനമെടുക്കാൻ സഹായിക്കുന്ന വിവരങ്ങാം ശേഖരിക്കുക, പ്രസംഗങ്ങാം, രേഖകാം മുതലായവ തർജ്ജമചെയ്തുകൊടുക്കുക, സന്ദർശകരെ നയിക്കുക, സുരക്ഷിതത്വം പുലർത്തുക, ആശയവിനിമയരംഗത്തു് സഹായിക്കുക, സാങ്കേതികോപദേശം നൽകുക തുടങ്ങി അനേകങ്ങളാകുന്നു അവരുടെ പ്രവർത്തനമേഖലകാം.

## മടക്കയാത്ര

ന്യൂയോർക്കു്, ലോസ്ആഞ്ചലോസ് എന്നീ സ്ഥലങ്ങളിൽ വച്ച് തസ്ക്കരസംഘത്തിൻെറ ആക്രമണം പലപ്രാവശ്യമുണ്ടായതിനാൽ ഇനിയും അമേരിക്കയിൽ തങ്ങുന്നതു് വിവേകമല്ലെന്നു ഞാൻ മനസ്സിലാക്കി. അതനുസരിച്ച് ഞാൻ വാഷിംഗ്ടണിൽ നിന്നും ന്യൂയോർക്കിൽ തിരിച്ചെത്തിയ ഉടനെ മടക്കയാത്രയ്ക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. ഞാൻ ഇൻഡ്യയിൽനിന്നും ന്യൂയോർക്കിലെത്തിയ അവസരത്തിൽ എന്നെ സ്വീകരിക്കാൻ 1970 ജൂൺ മദ്ധ്യത്തിൽ ആരെല്ലാം ന്യൂയോർക്കു പട്ടണത്തിലും അനന്തരവരുടെ വസതിയിലും ഉണ്ടായിരുന്നുവോ അവരെല്ലാവരുംതന്നെ വന്നു എന്നെ യാത്ര അയയ്ക്കുന്നതിനും. സുസ്മേരവദനനായി ഒന്നരമാസം മുമ്പു് ന്യൂയോർക്കിൽ ഞാൻ കാലുകുത്തിയെങ്കിൽ മ്ലാനവദനനായിട്ടാണു് സുഹൃത്തുക്കളോടു് യാത്രപറഞ്ഞു് ബോംബെയിലേയ്ക്കുതിരിച്ചതു്.

ബോംബെയിൽ സാന്താക്രൂസ് വിമാനത്താവളത്തിൽ എന്നെ പ്രതീക്ഷിച്ച് അനന്തരവൻ അപ്പച്ചനും ഭാര്യ ലിസിയമ്മയും നില്പുണ്ടായിരുന്നു. യാത്രാക്ഷീണവും മനഃക്ലേശവും മാററുന്നതിനു് രണ്ടുദിവസം അവരുടെ വസതിയിൽ ചെലവഴിച്ചതിനുശേഷമാണു് കൊച്ചിയിലേയ്ക്കു് വിമാനം കയറിയതു്. വിദഗ്ദ്ധന്മാരായ ഡോക്ടറന്മാരുടെ പരിശോധനയിൽ രണ്ടുവർഷം പൂർണ്ണവിശ്രമമെടുക്കണമെന്ന നിർദ്ദേശമുണ്ടായി. അതനുസരിച്ച് സ്വന്തം ഇടവകയായ നെടുങ്കുന്നത്തു താമസം തുടങ്ങി.

## നെടുങ്കുന്നത്തു വിശ്രമം

നെടുങ്കുന്നത്തെ വിശ്രമവേളയിൽ വെരി. റവ. ഫാ. ജയിക്കബ് ഏറത്തേലും പറമ്പിൽ ബ ഇട്ടിരാച്ചനുമായുള്ള സഹവാസം എന്റെ സകല രോഗങ്ങളും ഇല്ലാതാക്കി. വെരി.റവ. ഫാദർ സെബാസ്റ്റ്യൻ മണലിവികാരിയായി ചാർജ്ജെടുത്തതോടുകൂടി എന്റെ താമസത്തിനു കൂടുതൽ സൗകര്യങ്ങൾ അദ്ദേഹം ഉണ്ടാക്കിത്തന്നു. അമ്മയുടെ സ്ഥാനംവഹിക്കുന്ന ജ്യേഷ്ഠത്തി ഭക്ഷണം കൊടുത്തയക്കാമെന്നു പറഞ്ഞെങ്കിലും ഭാരിച്ച ഗൃഹജോലികൾ നിമിത്തം വളരെയേറെ ബുദ്ധിമുട്ടുന്ന അവരെ കൂടുതൽ വിഷമിപ്പിക്കരുതെന്നു കരുതി നന്ദിപൂർവ്വം ഉപേക്ഷിച്ചു. നെടുങ്കുന്നം കർമ്മലീത്താമഠത്തിൽനിന്നു ഭക്ഷണം വരുത്തി. അതിനു ഞാൻ മഠാധിപയോട് എന്നും നന്ദിയുള്ളവനാണ്. ഈ സാഹചര്യത്തിൽ ഒന്നിന്റെ കുറവ് മാത്രമേയുണ്ടായിരുന്നുള്ളു: പണം. നിത്യച്ചെലവു വഹിക്കുന്നതിനുള്ള സാമ്പത്തികകഴിവ് ഇല്ലാതെയായി. ആ ഭാരം എന്റെ സഹോദരിയും മക്കളും ഏറ്റെടുത്തു. ഇനിയും മരണംവരെ നെടുങ്കുന്നത്തു താമസിക്കാമെന്നു നിശ്ചയിച്ചു. പക്ഷേ, മനുഷ്യൻ പ്ലാൻ ചെയ്യുന്നു. ദൈവം അതു മാററിമറിക്കുന്നു.

വൈദികരുടെ വിരളതമൂലം മുണ്ടത്താനം പള്ളിയിൽ രണ്ടാംപ്രാവശ്യം വികാരിയായി പോകണമെന്നു മെത്രാപ്പോലീത്താ തിരുമേനി കല്പിച്ചു. അനുസരണമായിരിക്കണമല്ലോ ഒരു കത്തോലിക്കാവൈദികന്റെ സന്തതസഹചാരി. കല്പനപ്രകാരം രണ്ടാം പ്രാവശ്യം 1977 ജനുവരി 9-ാം തീയതി മുണ്ടത്താനം വികാരിയായി ചാർജ്ജെടുത്തു. ഒരു വൈദികൻ രണ്ടാംപ്രാവശ്യം ഒരു സ്ഥ

ലത്തു വികാരിയായി ചാർജ്ജെടുക്കുന്നപക്ഷം വിജയി ക്കുക അത്ര എളുപ്പമല്ല. പക്ഷേ, മുണ്ടത്താനത്തെ അനു ഭവം അപ്രകാരമല്ല. ദൈവത്തിനു സ്തുതി.

## മുണ്ടത്താനം പള്ളിയിൽ

1956_58ൽ കഴിഞ്ഞുകൂടിയതിനേക്കാൾ സഹകര ണത്തിലും സ്നേഹത്തിലും കഴിഞ്ഞുകൂടി. പള്ളിയുടെ അററകുററപ്പണികൾ തീർക്കുന്നതിനു തുടങ്ങിയെങ്കിലും പണക്കുറവ്, ജലദൗർല്ലഭ്യം എന്നിവമൂലം സാധിച്ചില്ല. എന്നാൽ ഇടവകക്കാർ എന്നോടു കാണിച്ച സ്നേഹ ത്തിനു നന്ദിയായി മനോഹരമായ ഒരു ചാപ്പൽ എന്റെ ചെലവിൽ പള്ളിക്കുമുമ്പിൽ ഞാൻ പണിയിച്ചു. 1977 ഡിസമ്പറിലെ ക്രിസ്മസ്സ് പ്രമാണിച്ചുള്ള ജോലി ത്തിരക്കുമൂലം ഹെറണിയ അസുഖം വർദ്ധിച്ച് കോട്ടയം മെഡിക്കൽ സെൻററിൽ അഡ്മിററ് ചെയ്യപ്പെട്ടു. ആ രോഗ്യം ഓരോ ദിവസം ചെല്ലുന്തോറും മോശമായി വന്നതുമൂലം 1978 ജനുവരി 9_ാം തീയതി വിശ്രമാർത്ഥം നെടുങ്കുന്നത്തേയ്ക്കു പോയി.

# നെടുംകുന്നം പള്ളി

മാർ യോഹന്നാൻമാംദാനയുടെ നാമത്തിലുള്ള നെടുങ്കുന്നം പള്ളി ഒരു നേർച്ചയുടെ ഫലമാണെന്നാണു് പുരാവൃത്തം. നടുക്കടലിൽ സഞ്ചരിച്ചിരുന്ന ഒരു പോർത്തുഗീസു് കപ്പൽ കൊടുങ്കാററിൽപ്പെട്ടു മുങ്ങുമെന്നായപ്പോഠം, പള്ളിയില്ലാത്ത കിഴക്കൻപ്രദേശങ്ങളിൽ എവിടെയെങ്കിലും, യോഹന്നാൻമാംദാനയുടെ നാമത്തിൽ ഒരു പള്ളി പണിയിച്ചുകൊള്ളാമെന്നു് കപ്പൽക്കാർ നേർച്ച നേരുന്നു, അങ്ങനെ അവർ കപ്പലപകടത്തിൽനിന്നു മുക്തരായെന്നുമാണു് ഐതിഹ്യം. ഇതിൽ കൃതജ്ഞതാബദ്ധരായ കപ്പൽക്കാർ പള്ളിവെയ്ക്കുന്നതിനു വേണ്ട പണവും യോഹന്നാൻമാംദാനയുടെ ഒരു സ്വരൂപവും പുറക്കാട്ടുപള്ളിക്കാരെ ഏല്പിച്ചു. കാലങ്ങഠം കഴിയവേ അവർ അതു ആലപ്പുഴപ്പള്ളിക്കാർക്കും അവിടെനിന്നും ചങ്ങനാശ്ശേരിപ്പള്ളിക്കാർക്കും കൈമാറി. ഇതിനിടയിൽ പണം ചോർന്നുപോയെങ്കിലും തിരുസ്വരൂപം ചങ്ങനാശ്ശേരിയിൽ എത്തിച്ചേർന്നു.

അക്കാലത്തു നെടുങ്കുന്നം ഒരു കുടിയേററപ്രദേശം മാത്രമായിരുന്നു. അവിടെ കുടിയേറിപ്പാർത്തിരുന്ന കത്തോലിക്കർക്കു മതപരമായ ആവശ്യങ്ങഠം നിർവഹിക്കുന്നതിനു് അന്നു പന്ത്രണ്ടു മൈൽ അകലെയുള്ള ചങ്ങനാശ്ശേരി പള്ളിയിൽ പോകേണ്ടിയിരുന്നു. സിംഹവ്യാഘ്രശല്യാദി മൃഗഗണ കീർണ്ണിത'മായ വനാന്തരങ്ങളാൽ വലയം ചെയ്യപ്പെട്ടു്, സഞ്ചാരയോഗ്യങ്ങളായ വഴികളില്ലാതെ, ക്ലേശിച്ചിരുന്ന അവർക്കു ചങ്ങനാശ്ശേരി യാത്ര അത്ര എളുപ്പവുമല്ലായിരുന്നു. ചങ്ങനാശ്ശേരിയിൽ ചെല്ലുമ്പോഴൊക്കെ തങ്ങളുടെ ക്ലേശങ്ങഠം അവർ പള്ളിഅധികാരികളെ മനസ്സിലാക്കിയിരുന്നു.

അങ്ങനെ ഒരിക്കൽ ചങ്ങനാശ്ശേരിക്കാർ ഈ നേർച്ചപ്പള്ളിയുടെ കാര്യം അവരെ ധരിപ്പിക്കുകയും, പോർത്തുഗീസുകാരിൽനിന്നു കിട്ടിയിരുന്ന തിരുസ്വരൂപം അവരെ ഏല്പിക്കുകയും ചെയ്തു. പള്ളിയില്ലെങ്കിലും ഒരു സ്വർഗ്ഗീയമദ്ധ്യസ്ഥനെ ലഭിച്ചതിൽ അവർ ചരിതാൎത്ഥരായി ആ തിരുസ്വരൂപം നെടുങ്കുന്നത്തു കൊണ്ടുവന്നു ഒരു വെട്ടിക്കെട്ടുണ്ടാക്കി അതിൽ സ്ഥാപിച്ചു. ആദ്ധ്യാത്മികകാര്യങ്ങൾ സാധിച്ചുകിട്ടുന്നതിനുപററിയ ഒരു ദേവാലയം സ്ഥാപിതമാകുവാൻ അവർ തങ്ങളുടെ മദ്ധ്യസ്ഥനോടു നിരന്തരം അപേക്ഷിച്ചുകൊണ്ടിരുന്നു. അത്ഭുതകരമായവിധം അവൎക്കതു സാധിച്ചുകിട്ടുകയും ചെയ്തു.

ആയിടയ്ക്കു പ്രാകൃതവേഷനായ ഒരു സന്യാസി ചങ്ങനാശ്ശേരിപ്പള്ളിപ്പരിസരത്തു വന്നു താമസിച്ചിരുന്നു. ആരോടും സംസാരിക്കാത്ത ഇദ്ദേഹം ആരെന്നോ എവിടെനിന്നു വന്നെന്നോ ആൎക്കും അറിഞ്ഞുകൂടായിരുന്നു. ദിവസവും പള്ളിയിൽവന്നു കുർബാന കാണുകയും അനന്തരം ഭിക്ഷാടനംകൊണ്ടു് ഉപജീവിക്കുകയും രാത്രിയിൽ പള്ളിപ്പരിസരത്തുവന്നു കിടന്നുറങ്ങുകയും ചെയ്തിരുന്നു. ഒരുദിവസം അദ്ദേഹം കുർബാന കണ്ടുകൊണ്ടിരുന്നപ്പോൾ, കുർബ്ബാനയുടെ കാഴ്ചവെപ്പുഭാഗത്തു് കാർമ്മികനായ വൈദികൻ തക്സായുടെ രണ്ടു താളുകൾ ഒന്നിച്ചുമറിച്ചു ചൊല്ലിത്തുടങ്ങി. ഉടനെ സന്യാസി ആ തെററു ചൂണ്ടിക്കാണിച്ചു തിരുത്തിക്കൊടുത്തു.

സുറിയാനിപണ്ഡിതനായ ഈ സന്യാസി നിസ്സാരനല്ലെന്നു മനസ്സിലാക്കിയ സ്ഥലത്തെ വികാരി അദ്ദേഹത്തെ മുൻപിൽവരുത്തി അദ്ദേഹം ആരെന്നു പറയു

വാൻ ദൈവനാമത്തിൽ ആവശ്യപ്പെട്ടു. ദൈവനാമത്തിലുള്ള ഈ ചോദ്യത്തിനു മറുപടി പറയാതിരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. താൻ ഇലഞ്ഞിഇടവകക്കാരൻ കളത്തുക്കളങ്ങര അബ്രഹാം കത്തനാരാണെന്നും, കുടുംബപരമായ ചില ഭിന്നതകളാൽ കുറേക്കാലമായി നാടുവിട്ടു സഞ്ചരിക്കയാണെന്നും അദ്ദേഹം പറഞ്ഞു. അന്നത്തെ വൈദികമേലദ്ധ്യക്ഷനായിരുന്ന വരാപ്പുഴ വികാരിഅപ്പസ്തോലിക്കയെ വികാരി ഈ വിവരങ്ങൾ ധരിപ്പിച്ചു. ഇലഞ്ഞിപ്പള്ളി വികാരിയായിരുന്ന അബ്രാഹം കത്തനാർ ഏതാനുംകാലം മുൻപ് സ്ഥലംവിട്ടുപോയി എന്നല്ലാതെ വൈദികമായി യാതൊരു മുടക്കും അദ്ദേഹത്തിനില്ലെന്നു മേലധികാരിയിൽനിന്നും വിവരം ലഭിച്ചപ്പോൾ വൈദികവൃത്തി തുടരുവാൻ വികാരി അദ്ദേഹത്തെ പ്രേരിപ്പിച്ചു.

അങ്ങനെ പുതിയ വൈദികനെക്കൂടെ ചങ്ങനാശ്ശേരിയിൽ ലഭിച്ചപ്പോൾ, ആദ്ധ്യാത്മികശുശ്രൂഷയ്ക്ക് ഒരു വൈദികനെ ലഭിക്കുവാൻ മുറവിളികൂട്ടിക്കൊണ്ടിരുന്ന നെടുംകുന്നത്തുകാരെ ചങ്ങനാശ്ശേരി വികാരി ഓർക്കുകയും, അബ്രഹാം കത്തനാരോടു നെടുംകുന്നത്തുചെന്നു മതകർമ്മങ്ങൾ അനുഷ്ഠിക്കാമോയെന്നു ചോദിക്കുകയും ചെയ്തു. അദ്ദേഹം സസന്തോഷം ആ ആജ്ഞ സ്വീകരിച്ചു നെടുംകുന്നത്തെത്തി. ഇദ്ദേഹമാണ് പ്രസിദ്ധനായ 'നെടുങ്ങോത്തച്ചൻ.'

നെടുംകുന്നത്തു വന്നതിനുശേഷവും അദ്ദേഹം ഒരു സന്യാസിയായിട്ടാണ് ജീവിച്ചത്. കായ്കളും കിഴങ്ങുവർഗ്ഗങ്ങളും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഭക്ഷണം. അദ്ദേഹംതന്നെയാണ് നെടുംകുന്നത്തെ പുഴുക്കുനേർച്ചയുടെ ഉപജ്ഞാതാവെന്നു കരുതപ്പെടുന്നു. കായ്

കളും കിഴങ്ങുവർഗ്ഗങ്ങളുംകൊണ്ടുള്ള ആ പുഴക്കനേർച്ച വിപുലമായതോതിൽ പ്രധാനതിരുനാം ദിവസമായ വൃശ്ചികം 13–ാംതീയതി ഇന്നും തുടന്നുപോരുന്നു.

ഭക്തനും താപസോത്തനുമായ നെടുങ്ങോത്തച്ചൻ പ്രാത്ഥിച്ചാശീർവദിച്ച തേങ്ങാക്കൊത്തുകൊടുത്തു പലർക്കും രോഗശാന്തി വരുത്തിയിട്ടുണ്ട്. അങ്ങനെയാണു നെടുങ്ങോത്തച്ചൻെറ തേങ്ങാക്കൊത്തു പ്രസിദ്ധമായതു്. അദ്ദേഹം നടപ്പാക്കിയ മറെറാരു ഭക്താചാരമാണു പന്ത്രണ്ടുപേരുടെ നേർച്ച. ചിലദിവസങ്ങളിൽ നൂറും അതിലധികവും ഇത്തരം നേർച്ചകളുണ്ടായിരുന്നത്രേ. ഇവ ഉണ്ണുവാൻവേണ്ടത്ര ആളുകൾ സ്ഥലത്തില്ലാതിരുന്നതിനാൽ പുറമേനിന്നു ആളുകൾ നേർച്ചയിൽ സംബന്ധിക്കുവാൻതന്നെ വന്നിരുന്നു. ഉള്ളവർതന്നെ ചോറുവാങ്ങി വീട്ടിൽകൊണ്ടുപോയി വെള്ളത്തിലിട്ടു് സൂക്ഷിച്ച പിന്നീടുള്ള ദിവസങ്ങളിൽ ഉപയോഗിച്ചിരുന്നു.

ഇപ്പോഴത്തെ വലിയപള്ളിയുടെ സ്ഥാനത്തു കാട്ടുങ്ങും പനയോലക്കെട്ടുമായി ഉണ്ടായിരുന്ന ഒരു നെടുംപുരയായിരുന്നു ആദ്യത്തെപ്പള്ളി. ചെറിയപള്ളിയുടെ തൊട്ടു പടിഞ്ഞാട്ടു പുളിനിൽക്കുന്നതിനടുത്തു നെടുങ്ങോത്തച്ചൻ ഒരു പള്ളിയുംമുറിയും പണികഴിപ്പിച്ചു. അവിടെയായിരുന്നു അദ്ദേഹത്തിൻെറ താമസം. എന്നാൽ മേലധികാരികളുടെ അനുവാദം വാങ്ങാതെ നിർമ്മിച്ച ഈ പള്ളി പൊളിച്ചുകളയണമെന്നായിരുന്നു അധികാരസ്ഥാനത്തുനിന്നുള്ള കല്പന. അതു പൊളിച്ചുമാററി അനുവാദത്തോടുകൂടി ചെറിയപള്ളിയുടെ കിഴക്കു ഒരു പള്ളി പണിയുകയുണ്ടായി. അതോടുകൂടി വരാപ്പുഴ മെത്രാപ്പോലീത്താ 1865–ൽ നെടുംകുന്നം ഒരു ഇടവകയായി ഉയത്തുകയുണ്ടായി.

മൂന്നാമത്തു പണിത പള്ളിക്കും വേണ്ടത്ര സ്ഥലസൗകര്യം ഇല്ലെന്നു ബോദ്ധ്യമായപ്പോൾ അതു പൊളിച്ചു മാററി പണിതതാണ് ഇപ്പോഴത്തെ ചെറിയപള്ളി. ഈ പള്ളിയും പോരാതെവരികയാൽ 1940_ൽ പുതുക്കിപ്പണിതതാണ് ഇപ്പോഴത്തെ വലിയപള്ളി. ആദ്യപള്ളി ഉണ്ടായിരുന്ന സ്ഥാനത്തുതന്നെയാണ് അതു സ്ഥാപിതമായിരിക്കുന്നതു്. ചമ്പക്കര, കുത്രപ്പള്ളി, മുണ്ടത്താനം, നെടുമണ്ണി, പുന്നവേലി എന്നീ ഇടവകകൾ പൂർണ്ണമായും, പുളിക്കക്കവല, മല്ലപ്പള്ളി, കടയിനിക്കാട്ട് എന്നീ ഇടവകകൾ ഭാഗികമായും നെടുംകുന്നത്തുനിന്നു പിരിഞ്ഞുപോയതാണ്.

പുണ്യശ്ലോകനായ നെടുങ്ങോത്തച്ചൻ ദീർഘകാലം നെടുംകുന്നംപള്ളിയുടെ ആത്മീയപാലകനായിരുന്നു. അദ്ദേഹത്തിൻെറ കാലത്തെ നേർച്ചകളുടെ ഫലമായി വളരെയേറെപ്പണം പള്ളിക്കു വരുമാനമുണ്ടായിരുന്നു. നാടുവിട്ടുപോന്ന അബ്രഹാം കത്തനാർ നെടുംകുന്നത്തു വന്നു വലിയ പണക്കാരനായിരിക്കുന്നുവെന്നുകേട്ട് അദ്ദേഹത്തിൻെറ കുടുംബത്തിലെ ചില അംഗങ്ങൾ ഇവിടെ വരികയും അദ്ദേഹത്തെ പള്ളിക്കടുത്തുള്ള പുളിമരത്തിൽ പിടിച്ചുകെട്ടി പണം അപഹരിച്ചുകൊണ്ടുപോകുകയും ചെയ്തു എന്നാണു പുരാവൃത്തം. അന്നത്തെ ആ പുളിമരം ഇന്നും പള്ളിമുററത്ത് ഒരു കൂററൻവൃക്ഷമായി നില്പുണ്ട്.

ഈ സംഭവത്തിനുശേഷം നെടുങ്ങോത്തച്ചൻ ഏറെക്കാലം ജീവിച്ചിരുന്നില്ല. 1837 മെയ് 31_ാം തീയതി അദ്ദേഹം ദിവംഗതനായി. അദ്ദേഹത്തിൻെറ മൃതദേഹം നെടുംകുന്നംപള്ളിയിൽ സംസ്ക്കരിച്ചിരിക്കുന്നു. 1973

ഏപ്രിൽ 1_ാം തീയതി അദ്ദേഹത്തിൻെറ ഇടവകയായ എലഞ്ഞിയിൽ ഒരു സ്മാരകശില സ്ഥാപിക്കുകയു ണ്ടായി. തദവസരത്തിൽ ഇവിടെനിന്നും ബ. വികാരിയുടെ നേതൃത്വത്തിൽ ഇടവകപ്രതിനിധികളുടെ ഒരു സംഘം ചെന്നു സംബന്ധിച്ചിരുന്നു. അദ്ദേഹത്തിൻെറ ആത്മാനുകൂലാത്ഥം നെടുംകുന്നം പള്ളിച്ചെലവിൽ ഒരു കുർബാന പ്രതിവർഷം നടത്തിവരുന്നു.*

*(നെടുംകുന്നം സെൻറു് ജോൺ ബാപ്ററിസ്റ്റ് പാരീഷ് ബുള്ളററിനിൽ പരേതനായ ശ്രീ എം.ഒ. ജോസഫ് പ്രസിദ്ധീകരിച്ച ലേഖനം.)

ബ. അബ്രഹാം കത്തനാർ നെടുംകുന്നത്തുവന്നു് വലിയ ധനികനായിരിക്കുന്നുവെന്നു് കേട്ടു് അദ്ദേഹത്തിൻെറ കുടുംബത്തിലെ ചില അംഗങ്ങരം നെടുംകുന്നത്തു വരികയും അദ്ദേഹത്തെ പള്ളിക്കു് അടുത്തുനില്ക്കുന്ന പുളിമരത്തിന്മേൽ പിടിച്ചുകെട്ടി പണം അപഹരിച്ചുകൊണ്ടുപോകുകയും ചെയ്തുവെന്ന പുരാവൃത്തം ശരിയല്ലെന്നു, വാസ്തവമല്ലെന്നു് ഭാവിതലമുറകരം തെളിയിച്ചിരിക്കുന്നു. കാരണം, അപ്രകാരം ഒരു സംഭവമുണ്ടായെങ്കിൽ അദ്ദേഹത്തിൻെറ ശാപമാകുന്ന ഇടിവാരം ആ കുടുംബത്തിന്മേൽ പതിക്കുകയും തദ്വാരാ ആ കുടുംബം സാമ്പത്തികമായും ആത്മീയമായും നശിക്കുകയും ചെയ്യേണ്ടതായിരുന്നു. കൂടാതെ ഒരൊററ വൈദികൻ പോലും ആ കുടുംബത്തിൽ ഉണ്ടാകാതിരിക്കേണ്ടതുമാണു്. എന്നാൽ ഇന്നു് ആ കുടുംബത്തിൻെറ ശാഖോപശാഖകരം പോലും സാമ്പത്തികമായും ആത്മീയമായും വിദ്യാഭ്യാസപരമായുംഅഭിവൃദ്ധി പ്രാപിച്ചിരിക്കുന്നു. കൂടാതെ കോതമംഗലം രൂപതയാകുന്ന മാതാവിനു് അഭിമാനിക്ക

ത്തക്ക ധാരാളം വൈദികരും കന്യാസ്ത്രീകളും ഈ കുടുംബങ്ങളിലുണ്ട്. അവരിൽ ചിലരുടെ പേരു് താഴെ ചേർത്തുകൊള്ളട്ടെ.

ഫാ. ജോസഫ് പാറയിൽ M.A.
,, ജോൺ ,,
,, മാത്യു കുന്നത്തു്
,, ജോർജ്ജ് സീനിയർ
,, ജോർജ്ജ് ജൂണിയർ
,, സക്കറിയാസ് എളയിടം
,, ജോർജ്ജ് ഊരാളിക്കുന്നേൽ M.A.
,, ജോസഫ് നെല്ലിക്കുന്നേൽ B.A.,L.Ph ,L.D
,, ജോസഫ് എളയിടം S.J.
,, അലക്സ് പോറം (മിഷനറി)
,, മാത്യു തറയിൽ
,, ജോർജ്ജ് മേമന
,, ജോർജ്ജ് കല്ലറക്കൽ C.M.I.,M.Sc

നൂറു കണക്കിനു ബ. കന്യാസ്ത്രീകരം ഈ കുടുംബത്തിൽനിന്നും ഭാരതത്തിൻെറ വിവിധസ്ഥലങ്ങളിൽ പ്രേഷിതവേല നടത്തുന്നുണ്ടു്.

ഈ കുടുംബത്തിൽപ്പെട്ട കരിമണ്ണൂർസ്വദേശികളായ നാറാണത്തു ജോൺചേട്ടനും ലൂക്കായും, കുടുംബാംഗങ്ങളിൽനിന്നും കുർബാനസ്സുവേണ്ട പണം ശേഖരിച്ചു് മാസം തോറും നെടുംകുന്നം പള്ളിയിൽവന്നു് ബ. വികാരിയച്ചനെ ഏല്പിക്കുന്നുണ്ടു്. കൂടാതെ ബ. അച്ചൻെറ ചരമവാർഷികദിനമായ മെയ് 31-ാം തീയതി അഞ്ചു വൈദികർ നെടുംകുന്നത്തുവന്നു് സമൂഹബലിയും ഒപ്പീസും നടത്തുന്നുണ്ടു്. 1978ലും അപ്രകാരം നടത്തി.

## നെടുംകുന്നം കർമ്മലീത്താമഠം

നെടുംകുന്നം ഇടവകക്കാരുടെ താല്പര്യവും ചങ്ങനാശ്ശേരി അതിരൂപതയിലെ കർമ്മലീത്താസന്യാസിനികളുടെ പ്രേഷിതചൈതന്യവും ഒന്നുചേർന്ന് 1920 ജനുവരി 6-ാംതീയതി ജന്മമെടുത്തതാണ് ഇവിടത്തെ കർമ്മലീത്താമഠം. തോപ്പിൽ ബ. ത്രേസ്യാ കത്രീനാമ്മയാണ മഠത്തിന്റെ സ്ഥാപക. വളരെ പരിമിതമായ തോതിൽ ആരംഭിച്ച ഈ സ്ഥാപനം ബ അമ്മയുടേയും സഹപ്രവർത്തകരുടേയും പ്രാർത്ഥനയുടേയും നിസ്തന്ദ്രപരിശ്രമത്തിന്റേയും ഫലമായി വളർന്നുവന്നു, വളർച്ചയുടെ ഓരോ ഘട്ടത്തിലും ഇവിടത്തെ പള്ളിയുടേയും ഇടവകക്കാരുടേയും നിർല്ലോഭമായ സഹായവും സഹകരണവും ഈ സ്ഥാപനത്തിനു ലഭിച്ചുകൊണ്ടിരുന്നു. 1945-ൽ രജതജൂബിലിയും, 1970-ൽ കനകജൂബിലിയും ആഘോഷിച്ച ഈ സ്ഥാപനത്തിൽ ഇപ്പോൾ 43 അംഗങ്ങളുണ്ട്. ചങ്ങനാശ്ശേരി അതിരൂപതയിലെ, വിശിഷ്യ നെടുംകുന്നം ഇടവകയിലെ പെൺകുട്ടികളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്കും സംസ്കാരത്തിനും ഈ സ്ഥാപനം വളരെയേറെ സഹായിച്ചിരിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ അധിപ ബ. മദർ വെട്ടിക്കാട്ട്.

സഭാസ്ഥാപകനായ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ആദർശമനുസരിച്ചുള്ള ഭക്തികർമ്മയോഗമാണ് ഇതിന്റെ ലക്ഷ്യം. തദനുസരണം പ്രാർത്ഥനയ്ക്കു പുറമേ വിവിധ പ്രേഷിതപ്രവർത്തനങ്ങളിലും അംഗങ്ങൾ ഏർപ്പെട്ടുവരുന്നു.

## നെടുംകുന്നത്തെ പൂവർക്ലയേഴ്സ് നിത്യാരാധനമഠം

നെടുംകുന്നം പള്ളിക്കാര്യത്തിൽനിന്നും ദാനമായി കൊടുത്ത 4 ഏക്കർസ്ഥലത്തു് 'പൂവർ ക്ലയേഴ്സ് ഓഫ് പെർപ്പച്ച്വൽ അഡറേഷൻ'' എന്ന സന്യാസിനീ സമൂഹത്തിൻെറ ഒരു ഭവനം സ്ഥാപിതമായിരിക്കുന്നു. ഇതിൻെറ അനൗപചാരിക ഉദ്ഘാടനം 1973 ഒക്ടോബർ 15-ാം തീയതി ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മോസ്റ്റ് റവ: ഡോ. ആൻറണി പടിയറ നിർവ്വഹിക്കുകയുണ്ടായി. ഇപ്പോഠം ഈ മഠത്തിൻെറ പണി പൂർത്തിയായി. ഔപചാരിക ഉദ്ഘാടനം കഴിഞ്ഞിട്ടു് ഒരു വർഷമായി.

## ഇടവകക്കാരായ വൈദികർ

ചെറുകരമുട്ടത്തു് ബ. ജോൺകത്തനാർ R.I.P
റവ. ഫാ. ഫ്രാൻസിസ് സാലസ് C.M.I. R.I.P
എടത്തിനകത്തു് തോമ്മാ കത്തനാർ R.I.P.
റവ. ഫാ: മാത്യു ആലുങ്കൽ B.A.B.T.,L.Ph.
റവ. ഫാ: ജോസഫ് പുതിയാപറമ്പിൽ B.A.
റവ. ഫാ: കാട്ടൂർ ജയിക്കബ്ബ്
റവ. ഫാ: തോമസ് പീലിയാനി
റവ. ഫാ: ചാക്കോ പുതിയാപറമ്പിൽ ബി.ഏ.
റവ. ഫാ: ജോസഫ് പതാലിൽ
റവ. ഫാ: ജോസഫ് പതാലിൽ (രാജസ്ഥാൻ)
റവ. ഫാ: അലോഷ്യസ് C.M.I.,M.Sc.
റവ. ഫാ: ഡൊനാത്തൂസ് കമ്പിറംവയലിൽ C.M.I.
റവ. ഫാ: ഏലിയാസ് അറയ്ക്കൽ C.M.I.
റവ. ഫാ: അബ്രഹാം ആഞ്ഞിലിത്തോപ്പിൽ (റയിപ്പൂർ)
റവ. ജോസ് പുതിയാപറമ്പിൽ B.Sc.

## നെടുംകുന്നംപള്ളിയിൽ വികാരിമാരായി ജോലിചെയ്ത വൈദികർ

| | | വന്ന കാലം | പോയ കാലം |
|---|---|---|---|
| നെടുങ്ങോത്തു് അച്ചൻ (കുളത്തൂർ–കുളങ്ങര ബ. അബ്രാഹം അച്ചൻ) | | 1805 | 1837 |
| അമ്പതുവർഷം ആരാണു് നടത്തിയതെന്ന തിനു തെളിവില്ല. | | | |
| കടന്തോട്ടു് ബ. ഗർവാസീസ് അച്ചൻ | | 1887 | 1889 |
| പടവുപുരയ്ക്കൽ മത്തായി | ,, | 1889 | 1892 |
| മണ്ണനാൽ കുറിയാക്കോസു് | ,, | 1892 | 1896 |
| ഐക്കരേട്ടു് ജോബു് | ,, | 1896 | 1897 |
| താഴത്തുവീട്ടിൽ തൊമ്മി | ,, | 1897 | 1898 |
| കടന്തോട്ടു് ഗർവാസീസു് | ,, | 1898 | 1900 |
| കടവിൽ യൗസേപ്പു് | ,, | 1900 | 1901 |
| പുത്തൻപുരക്കൽ അന്തോനി | ,, | 1901 | 1903 |
| മുള്ളങ്കുഴിയിൽ ഫ്റാൻസീസു് | ,, | 1903 | 1906 |
| ചോതിരക്കുന്നേൽ യൗസേപ്പു് | ,, | 1906 | 1907 |
| ഒററക്കൊടിശ്ശേരിൽ ശൗര്യാർ | ,, | 1907 | 1908 |
| വെട്ടിക്കാട്ടു് അന്തോനീസു് | ,, | 1908 | 1909 |
| പടവുപുരയ്ക്കൽ യൗസേപ്പു് | ,, | 1909 | 1910 |
| നേര്യംപറമ്പിൽ തോമ്മാ | ,, | 1910 | 1912 |
| പയ്യനാട്ടു് യൗസേപ്പു് | ,, | 1912 | 1913 |
| കമ്മാത്തുരുത്തേൽ വർക്കി | ,, | 1913 | 1916 |
| കുരിശുംമൂട്ടിൽ ചാണ്ടി | ,, | 1916 | 1917 |
| കടവിൽ യൗസേപ്പു് | ,, | 1917 | 1917 |
| | | ജൂൺ– | സെപ്<br>്. |
| കയ്പൻപ്ലാക്കൽ അബ്രാഹം | ,, | 1917 | 1918 |
| വെട്ടിത്തുരുത്തേൽ തോമ്മാ | ,, | 1918 | 1919 |

| | | | |
|---|---|---|---|
| കണ്ടങ്കരി യാക്കോബ്ബ് | ,, | 1919 | 1920 |
| ഉലക്കപ്പാടിൽ തോമ്മാ | ,, | 1920 | 1920 |
| | | (രണ്ടു മാസം മാത്രം) | |
| മേച്ചേരിക്കുന്നേൽ എമ്മാനുവേൽ | ,, | 1920 | 1928 |
| കൈനകരി കാളാശ്ശേരി യൗസേപ്പ് അച്ചൻ | | 1928 | |
| | | (രണ്ടുമാസം മാത്രം) | |
| ആലഞ്ചേരിൽ ഗീവറുഗീസ് | ,, | 1928 | 1929 |
| ചാലങ്ങാടിൽ തോമ്മാ | ,, | 1929 | 1931 |
| ചക്കാലയിൽ യൗസേപ്പ് | ,, | 1931 | 1933 |
| വെള്ളാപ്പള്ളിൽ ഗീവറുഗീസ് | ,, | 1933 | 1934 |
| പുളിക്കപ്പറമ്പിൽ മത്തായി | ,, | 1934 | 1938 |
| മുക്കാട്ടുകുന്നേൽ ഗീവറുഗീസ് (സീനിയർ) | ,, | 1938 | 1940 |
| തച്ചങ്കരി ഗീവറുഗീസ് | ,, | 1940 | 1943 |
| പടിഞ്ഞാറേക്കര മത്തായി | ,, | 1943 | 1945 |
| ആലഞ്ചേരി യൗസേപ്പ് | ,, | 1945 | 1952 |
| തച്ചങ്കരി ഗീവറുഗീസ് | ,, | 1952 | 1954 |
| ഇത്തിപ്പറമ്പിൽ യൗസേപ്പ് | ,, | 1954 | 1958 |
| കുറുങ്കാട്ടുമൂലയിൽ യൗസേപ്പ് | ,, | 1958 | 1963 |
| മുള്ളങ്കുഴിയിൽ ജോൺ | ,, | 1963 | 1969 |
| ഏറത്തയിൽ യാക്കോബ്ബ് | ,, | 1969 | 1976 |
| മണലിൽ സെബാസ്ത്യൻ | ,, | 1976 | |
| | | ഏപ്രിൽ 27 | |

# കരിസ്മാററിക്ക് സംഭാഷണം

**ഈശോപറയുന്നു:–**

മകനേ, നിൻെറ മാതാപിതാക്കന്മാർ ജീവിച്ചിരുന്നപ്പോഴും ഞാൻ നിൻെറ സഹായത്തിനുണ്ടായിരുന്നു. എങ്കിലും അവരെ കൂടുതലായി നീ ആശ്രയിച്ചതുമൂലം എൻെറ സാന്നിദ്ധ്യം നീ മനസ്സിലാക്കിയിരുന്നില്ല. നിൻെറ അമ്മയുടെ സ്നേഹലാളനയോ സ്നേഹമോ നിനക്കു മനസ്സിലാക്കുന്നതിനു കഴിവില്ലാതിരുന്ന സമയത്ത് നിനക്കു വെറും 40 ദിവസം പ്രായമുണ്ടായിരുന്നപ്പോൾ നിൻെറ അമ്മ മരിച്ചു. ആ വേർപാട്, മനസ്സിലാക്കുന്നതിനു നിനക്കു കഴിവില്ലായിരുന്നു. അമ്മയുടെ മരണം മുതൽ നിൻെറ അമ്മയായിട്ട് എൻെറ സ്വർഗ്ഗീയ മാതാവിനെ നിനക്കു ഞാൻ തന്നു.

''എൻെറ കാലുകൾ വഴുതിപ്പോകുവാൻ
അങ്ങ് അനുവദിക്കുകയില്ല'' (സങ്കീ 56)

**മകനായ യൗസേപ്പച്ചൻ പറയുന്നു:–**

എൻെറ ഈശോയേ, നീ പറഞ്ഞതെല്ലാം ശരിയാണ്. നിൻെറ അമ്മയെ എനിക്ക് അമ്മയായിത്തന്നതുകൊണ്ടല്ലേ ഞാൻ സൊഡാലിററിയിലും 'വ്യാകുലമാതാവിൻെറ ദർശനസഭ'യിലും അംഗമായി, പെററിസെമ്മിനാരിയിൽ ചേരുന്നതുവരെ, പെരുമാറിയത്! എല്ലാ ദിവസവും മുഴുവൻ കൊന്തചൊല്ലുന്നത്. സ്വർഗ്ഗീയ മാതാവിനോടുള്ള സ്നേഹം മൂലമല്ലേ ലൂർദ്ദ്, ഫാത്തിമാ, വെള്ളാംകണ്ണി എന്നീ വിശുദ്ധ സ്ഥലങ്ങൾ സന്ദർശിച്ചതും മാതാവിൻെറ തിരുസ്വരൂപം കൊണ്ടുവന്ന്, മുണ്ടത്താനത്തു സ്വന്ത ചെലവിൽ പണിയിച്ച കപ്പേളയിൽ സ്ഥാപിച്ചതും.

**ഈശോപറയുന്നു:—**

മകനേ, നിൻെറ അപ്പൻ ജീവിച്ചിരിക്കവേ, പിതാവായ എൻെറ ആവശ്യം നീ അറിഞ്ഞിരുന്നില്ല. എന്നാൽ അപ്പൻ മരിച്ചതുമുതൽ നിൻെറ അപ്പനായി ഞാൻ പെരുമാറി. നിനക്കു സ്വത്തായി ധാരാളം പുരയിടവും നിലവും പണവും ഉണ്ടായിരുന്നപ്പോഠം നീ എന്നോടു ഒന്നും ചോദിച്ചിരുന്നില്ല. എന്നാൽ നിൻെറ വസ്തുവും പണവും നഷ്ടപ്പെട്ടകാലത്തു്, എല്ലാം ഉള്ളതായി നിനക്കനുഭവപ്പെടുന്നതിൻെറ കാരണം, ഞാൻ നിനക്കുതരുന്നതുകൊണ്ടാണെന്നു മനസ്സിലാക്കണം. നിനക്കു് ഒന്നുമില്ലെങ്കിലും എല്ലാം ഉള്ളവരേക്കാഠം സംതൃപ്തനായി, സന്തോഷവാനായി നീ കാണപ്പെടുന്നതു്, എൻെറ കൂടെ നടക്കുന്നതിനും എൻെറ സവിധത്തിൽ ഇരിക്കുന്നതിനും ഞാൻ അനുവദിച്ചതുമൂലമാണു്. ഞാൻ നിൻെറകൂടെ ഉണ്ടായിരുന്നതുമൂലമാണു് അമേരിക്കയിൽ വച്ചു് നീ കൊലപാതകത്തിനിരയാകാതിരുന്നതു്.

> ''എൻെറ അഭിഷിക്തരെ തൊട്ടുപോകരുതെന്നു് അവിടുന്നു അവരോടു കല്പിച്ചു. തൻെറ പ്രവാചകരെ ഉപദ്രവിക്കരുതെന്നു് അവക്ക് കല്പന നല്കി'' (സങ്കീ. 105)

**മകൻപറയുന്നു:—**

എൻെറ ഈശോയേ, നീ പറഞ്ഞതു ശരിയാണു്. എന്നെ നീ ഇത്രയധികം സ്നേഹിക്കുന്നതുകൊണ്ടാണു് നീ നടന്ന ആ വിശുദ്ധവഴി, ഗെദസേമൻ മുതൽ ഗാഗുൽത്താവരെയുള്ള വഴി, മറ്റുള്ളവർക്കു മനസ്സിലാക്കിക്കൊടുക്കുന്നതിനു് ആ പേരിൽ ഒരു പുസ്തകം ഞാൻ എഴുതിയതു്. വൈദികനായി 30 കൊല്ലങ്ങളായി (വിവിധ ഓപ്പറേഷനു വിധേയനായിട്ടും) ഇന്നുവരെ ദുഃഖവെള്ളി

യാഴ്ച വിവിധ സ്ഥലങ്ങളിൽ ഞാൻ പ്രസംഗിക്കുന്നതു്. കൂടാതെ തനിച്ചും വിശ്വാസികളോടു ചേർന്നും എല്ലാ ദിവസവും ദിവ്യബലിയ്ക്കുമുമ്പ് വിയാസാക്രാ നടത്തുന്നതു്. സക്രാരിയിൽ പള്ളികൊള്ളുന്ന നിന്നെ പല പ്രാവശ്യം ഞാൻ സന്ദർശിക്കുന്നതു്. എല്ലാ വെള്ളിയാഴ്ചയും ഒരു മണിക്കൂർ ആരാധന ഞാൻ നടത്തുന്നതു്. ഈ ഭക്തകൃത്യങ്ങൾ മൂലമാണു് എൻെറ ക്ലേശഭാരം ഞാൻ അറിയാതിരിക്കുന്നതു്.

''എൻെറ സങ്കടം അങ്ങു സന്തോഷമായി
പകർത്തി
എൻെറ വിലാപവസ്ത്രങ്ങൾ മാററി അങ്ങ്
എന്നെ ആനന്ദമണിയിച്ചു.
(സങ്കീ 30)

## ഈശോ പറയുന്നു:—

മകനേ, നിൻെറ ഏക സഹോദരൻ നിനക്കുണ്ടായിരിക്കവേ, സഹോദരനായ എൻെറ വില നീ മനസ്സിലാക്കിയില്ല. എന്നാൽ നിൻെറ സഹോദരൻ ദേവസ്യാച്ചൻ മരിച്ചിട്ടും നിനക്കെല്ലാവരും സഹോദരന്മാരായി അനുഭവപ്പെട്ടതു്, അനുഭവപ്പെടുന്നതു് നീ അറിയാതെ, നീ കാണാതെ, ഞാൻ നിൻെറ സഹോദരനായി പെരുമാറുന്നതു മൂലമാണു്. വത്സലമകനേ, നീ സഭയ്ക്കും സമുദായത്തിനും നാടിനും നാട്ടാർക്കും നീ ജോലി ചെയ്ത ഇടവകകൾക്കു എല്ലാം തന്നെയും വളരെ സഹായങ്ങൾ ചെയ്തിട്ടുണ്ടെന്നു് എനിക്കറിയാം. പക്ഷേ, അവർ മിക്കവരും അതിനു നിന്നോടു് നന്ദിയുള്ളവരല്ലായെന്നു് എനിക്കും നിനക്കും അറിയാവുന്നതാണു്.

'കർത്താവേ, അങ്ങേയ്ക്കു നന്ദിപറയുവാനും
അങ്ങേ നാമത്തെപ്പുകഴ്ത്തുവാനും
ഞാൻ കടപ്പെട്ടവനാകുന്നു.
(സങ്കീ. 92)

**മകൻ പറയുന്നു:—**

ലോകം എന്നെ മറന്നെങ്കിലും അങ്ങ് എന്നെ മറന്നിട്ടില്ല. അഞ്ചു മേജർ ഓപ്പറേഷനു വിധേയനായി വിദേശസ്ഥലത്ത് ഞാൻ കിടന്ന സമയം എൻെറ സഹോദര സഹോദരികളുടെ മക്കളെ സഹായത്തിനയച്ചതു കൂടാതെ വൈദികരായ കുഴപ്പിൽ, മാവുങ്കൽ, മാമ്പുഴയ്ക്കൽ, ഫ്രാൻസിസ് സാലസ് എന്നിവരെ അയച്ചുതന്നു. സാമ്പത്തികമായി സഹായഹസ്തങ്ങൾ അവർ നീട്ടിത്തന്നു.

**ഈശോ പറയുന്നു:—**

വിഷമസന്ധികളിൽ അദൃശ്യനായി നിൻെറ അടുത്തു ഞാൻ ഉണ്ടായിരുന്നതുമൂലം ആയിരക്കണക്കിനു കൃപാ നിനക്കു ലഭിച്ചു. തന്മൂലം അഞ്ചുമേജർ ഓപ്പറേഷനേത്തുടർന്നുള്ള വിശ്രമഘട്ടവും നിഷ്പ്രയാസം തരണം ചെയ്യാൻ നിനക്കു സാധിച്ചു. ഇതിൽ നീ എന്നോടു നന്ദിയുള്ളവനാണെന്നു് എനിക്കറിയാം. എൻെറ സഹായം നീ മറ്റുള്ളവരെ അറിയിച്ചതായും തദ്വാരാ അവർ എന്നിലേയ്ക്കു് കൂടുതൽ അടുത്തതായും എനിക്കറിയാം.

ആകയാൽ വിജാതീയരുടെ മുമ്പിൽ
അങ്ങേയ്ക്കു് ഞാൻ നന്ദിപറയുന്നു.
അങ്ങേ നാമം ഞാൻ പാടിപ്പുകഴ്ത്തും
(സങ്കീ: 18)

**മകൻ:—**

എൻെറ കർത്താവേ, Not on my merits
but on Thy Grace എല്ലാം നടക്കുന്നു.

LIBRA
16432

# ശുദ്ധിപത്രം

| അബദ്ധം | സുബദ്ധം | പേജ് |
|---|---|---|
| പ്രതികാരം ചെയ്യു മെന്നതിനു | ചോദിക്കുമെന്നതിനു | iv |
| റവ. ഫാ. ഫ്രാൻസീ സ്സ് സാലസ് | പരേതനായ റവ. ഫാ. ഫ്രാൻസീസ് | 3 |
| ചാക്കോ. ചാക്കോയ്ക്കു് | ചാക്കോ ചാക്കോയ്ക്കു് | 3 |
| ചാക്കോയുടെ | ചാക്കോ ചാക്കോയുടെ | 4 |
| പമ്പടി | പാമ്പാടി | 10 |
| കമ്മാത്തുരുത്തേൽ ബ. യൗസേപ്പച്ചൻ | ബ. വക്കിച്ചൻ | 20 |
| സങ്കീ 135 | സങ്കീ. 125 | 23 |
| സങ്കീ. 49 | സങ്കീ. 149 | 24 |
| പതിമ്മൂന്നു | പന്ത്രണ്ടു് | 41 |
| അക്കാലത്തു് | ഇക്കാലത്തു് | 63 |
| 1970 | 1974 | 90 |
| 1955 | 1950 | 90 |
| 1975ൽ | 1974ൽ | 102 |
| സംബധമായി | സംസിദ്ധമായി | 116 |
| ഫാ. മാത്യ | ഫാ. സക്കറിയാസ്സ് | 125 |
| കുർബ്ബാനയുടെ | കുർബാനകളുടെ | 169 |
| 1970 | 1974 | 197 |

*

''കുരുവികളെങ്ങനെ ജീവിക്കുന്നു?
വിതയും കൊയ്ത്തുമവയ്ക്കില്ലല്ലോ:
ധാന്യപ്പുരകളുമില്ലെന്നാലും
ചിട്ടയിലവയെപ്പോററുന്നീശൻ:
ഭാവിനിനച്ചു മനസ്സു കലങ്ങി
ഞാൻ പുനരെന്തിനു വിലപിക്കേണം?''

സുരഭിലമാധുരി തൂകിത്തൂകി
വിരിയും മലരുകളെത്ര മനോജ്ഞം!
നൂൽക്കുന്നില്ലവ, നെയ്യുന്നില്ല;
ഭംഗിയവയ്ക്കിന്നാരുപകർന്നു?
നാഥനെമാത്രം തേടുകിലെല്ലാം
മംഗളകരമായ്ത്തീരും നൂനം.

* കാനോനാ നമസ്കാരം

## ഗ്രന്ഥകർത്താവിന്റെ കൃതികൾ

തിരുമുമ്പിൽ
മക്കൾ നല്ലവരാകണമെങ്കിൽ
കുഞ്ഞുമക്കൾ അറിയേണ്ടും
നല്ലകാര്യങ്ങൾ
വളർന്നുവരുന്ന തലമുറയ്ക്കു്
കുട്ടികൾ പ്രസംഗകരാകണമെങ്കിൽ
പള്ളികളിൽ
ഗദ്സേമൻ മുതൽ ഗാഗുൽത്താവരെ
അമ്മയും മക്കളും
അമ്മയെ കാണണമോ?
കുഞ്ഞുമക്കളോടു്
ഇനിയും പറയാനുള്ളതു്
പരാതികളില്ലാത്ത ജീവിതം
വിജ്ഞാനവീഥി (അച്ചടിയിൽ)

928

# പരാതികളില്ലാത്ത ജീവിതം

/209.22
PUT

ഫാ: ജോസഫ്
പുതിയാപറമ്പിൽ. B.A

Indic Digital Archive Foundation
gpura.org